I do experience exuberant pleasure and pride in presenting hereby, the report of the activities of the Women's Hockey Team during the academic year 1968–'69. Its activities started immediately after the opening of the college. We were lucky to have the efficient coaching under the state coach Mr. T. P. Balakrishnan.

Since we had to form the team out of new hands in this field, we managed to practise every morning and evening in the college grounds. Due to the lack of experience of our players, I believe, we could not exhibit an efficient game in the State Championship Tournaments which was held at C. M. S. College (Kottayam) ground and also we met with defeat at the hands of the players of the Women's College, Trivandrum. About five of us were selected to attend the coaching camp for the selection of state players. None of us could attend it due to some inconveniences. Mr. Cherian, a great friend of our college was kind enough to give us coaching for more than two months. We are highly indebted to him, for he was the person who taught us how to play Hockey. Under his dexterous coaching the team members showed keen and sharp interest in improving their standard of the game.

We had had many achievements too. The Trivandrum Women's College Team had to eat up defeat in our hands in the inter-collegiate match which was held in our own college ground. In the finals we were to meet the C. M. S. College, Kottayam who won the game by sheer luck. We have our own satisfaction and consolation that we made grander performance in the game, despite the tragic fact of our defeat.

It is a matter of pride that Miss Shyla Mathai, Susan Jacob, Susamma K. C. Ambujam K. and Mariamma M. C. got the opportunity to represent the Kerala University Team in the match held at Kurukshethra.

In the Intra-mural Tournament the East Hostel met the West Hostel in the College ground. The match was drawn and on tossing the luck favoured the E. H.

I do express my heart-felt gratitude to our principal, Mr. C. T. Benjamin and the physical instructors, Mr. C. G. Varghese and Miss Aleyamma Itty for their valuable helps and encouragements rendered to us. The report may not be complete, I feel, if I end up without thanking all the members of the team for their unparalleled co-operation.

MARIAMMA M. C.
*Captain*

## SHUTTLE CLUB

*President*: Ittoop Mathew M. Sc.
*Captain*: Regy Alexander

The shuttle club started functioning in the month of August. The club has been very active this year. The members took part very enthusiastically in the activities of the club.

Our team played several practice matches. They were quite useful. We participated in District and Inter-collegiate Tournaments.

Let me conclude this report by recording here our gratitude and indebtedness to our Principal, our President for the efficient and invaluable help they rendered for the successful working of the club.

REGY ALEXANDER
(Captain)

## BALL-BADMINTON CLUB

Our club was active right from the beginning of the academic year. The fancy the students have for this game can clearly be visualised in the fact that even towards the end of the year, when most other courts were void of players, our courts were full of beaming faces, each ready with a bat.

We had quite a number of players proficient with the bat and ball, but we are really sorry there was not a tournament on an Inter-collegiate level to show our worth. Nevertheless, the matches we played were enough to depict the skill of our players.

Signing off, I would like to express my sincere gratitude to the Principal Prof. C. T. Benjamin, the president of our club Dr. O. M. Mathen and our Physical Director. Mr. C. G. Verghis for all the timely help and guidance rendered to us. I wish the next year's club everything *a la bonne heure.*

DR. O. M. MATHEN,
*President.*

MR. A. C. KURUVILLA.
*Captain.*

## BADMINTON CLUB

Due to unavoidable reasons, we could start our activities only late in the second term. Though all the members were active in the short time we had, lack of practice let us down in the quarter-finals of the Inter-collegiate matches. I wish better luck to our juniors.

I take this opportunity to express our heart-felt gratitude to our Principal, Miss Aleyamma Itty and Mr. C. G. Verghese for their efficient guidance and help.

REBECCA THOMAS,
*Captain.*

## TENNIS CLUB (Women)

It is with great pleasure that I submit the report of the activities of the women's Tennis Club for the academic year.

I am happy to report that we became the University Champions both in singles and doubles. Since this is the third time in succession that we have won it, the University has sanctioned us two replica trophies worth Rs. 1000 each. Moreover, both our team members, Miss. Roshni John and Miss Krishna Ranganathan have been given University selection.

May I take this opportunity to express our sincere gratitude to our Principal, Mr. C. G. Varghese, Miss Aleyamma Itty, Dr. A. K. Baby, Mr. Simon and all the others who gave us so much guidance and encouragement.

KRISHNA RANGANATHAN
(Captain)

## VOLLEY BALL CLUB (Women)

The club started functioning right from the beginning of this academic year. This year we had the great privilege of arranging a coaching camp by the expert N. I. S. coach Mr. V. J. Varghese. The members of the club, most of whom were merely beginners, learned all the techniques of Volley-ball. But due to the approaching terminal exams we had to cut short the length of the camp.

In the District and Inter-collegiate tournaments, we had to face St. Peter's College, Kolencherry, and in spite of our hard labour the wheel of fortune turned in favour of them.

We are greatly thankful to the Principal, Mr. Joyce Mathew M. Sc. the President of the club, and the Lecturer in Physical Education—Mr. C. G. Varghese B. Sc. M. P. E. and Miss Aleyamma Itty B. Sc. B. P. Ed. for all the helps rendered to us. I should express my sincere gratitude towards the members of the club for their whole-hearted support and co-operation. With all my best wishes to the younger members.

ROSHNI JOHN,
(Captain)

## SHUTTLE BADMINTON CLUB

I have great pleasure to present the glorious report of the club. The club started its activities early in this year. The District Inter-collegiate matches were conducted at St. Peter's college, Kolencherry and we came out as the winners.

The Trichur Zonal Tournaments were held at Sri Keralavarma College, Trichur



and there also we were able to secure the Trophy without much difficulty. We reached the zenith of our victory at Trivandrum, in the inter-zonal matches. We became the University champions of the year 1968-'69. Two members of our team—Miss Sherley Abraham and Miss Meera K. John were selected to the Kerala University team. Congratulations to Miss Meera who was the Captain of the Kerala team which was sent to Nagpur to take part in the Inte University Tournaments.

I express our hearty thanks to the Principal and Lecturers in Physical Education for all their help and guidance.

SHERLEY ABRAHAM,
(Captain)



# മലയാള വിഭാഗം

# സ്മരണാഞ്ജലി

എം. പി. ശാലിനി (Senior Pre -Degree, Group-I)

I

പുത്രവത്സലേ ! തായേ ! താവകമുഖാംബുജ-
മെത്രയും പ്രസന്നമായ് കാണുവാൻ കൊതിയോടെ,
അത്രകാത്തിരിക്കുമിപ്പുത്രിതൻ ഹതഭാഗ്യ-
നേത്രങ്ങൾ ദർശിച്ചതോ !... ശേഷമെന്തുരപ്പൂ ഞാൻ !
ധാത്രീപുത്രിയേ ! നിന്റെ നിർദ്ദയ[illegible]
ശ്രുതരങ്ങാക്കാനെന്റെ മാതൃവക്ഷസ്സോ കണ്ടു ?

ഒപ്പുപോൽ [illegible] പാദങ്ങളി-
ലർപ്പിയ്ക്കാനോ കണ്ണേ ! മുത്തുകൾ കൊരുത്തു നീ?
അമ്മുത്തുമണികളെൻ ദുർഭാഗ്യ മൂർത്തിക്കുള്ള
ദുർമ്മുഖ പ്രതിബിംബമമ്മയെക്കാണിച്ചാലോ !
അമ്മുത്തു മണികളെൻ ഭവിഷ്യൽക്കഥയിലെ-
ക്കാർമുകിൽ വള്ളങ്ങളായെന്നമ്മ വായിച്ചാലോ !

അമ്മ—തൻ വിശോഭാന്തരവൈഖരി ചൈതന്യമാ-
ണമ്മിത്തെക്കളിർപാലായെന്നിലുൾക്കൊൾവു നിത്യം
അമ്മയാണെൻ സപ്നം, മമ്മയിൽ കവിതൊന്ന-
മിമ്മകൾക്കില്ലെപ്പോഴമമ്മയ്ക്കായ് നമസ്കാരം.

II

മാതൃലാളനമറിയാറായേയുള്ളൂ,
മാതൃപൂജനം ചെയ്യാൻ കാലമായതേയുള്ളൂ ;
തൻപുറം പ്രാണങ്ങളാംമക്കളെച്ചിറകിൽവ-
ച്ചൻപുറവു താലോലിയ്ക്കും കുക്കുട കുടുംബിനി,
കാലമാം പരുന്തിന്റെ കാലിനങ്ങിരയായി,
മാലെഴും കിടാങ്ങൾ തൻ ജീവിതം മരുവായി !

ഇത്രയും തിടുക്കമായ് ഞങ്ങളെക്കൈവിട്ടമ്മ
യാത്രയായിട്ടുമെന്നതേതുമേ ധരിച്ചീലാ.
ദൈവമേ ! നിരാലംബമീക്കൊച്ചു പൈതങ്ങളെ-
ക്കൈവെടിഞ്ഞിടാൻ ഞങ്ങളെന്തപരാധം ചെയ്തു ?

അഥവാ, തെറ്റൊന്നും മക്കൾ ചെയ്യുന്നാകിലും
കഥയാക്കീടാറില്ലയമ്മമാർ ദയാർദ്രമാർ
"സാരജം ജനയിത്രീമാനസം, പാറക്കല്ലിൻ
സാരമാം പുത്രക്കുള്ളഹൃത്തട.''മെന്നാരാണോ
ചൊന്നതായ്ക്കേട്ടിട്ടുണ്ട്, വാസ്തവം മറിച്ചാണെ-
ന്നിന്നഹോ! തന്മക്കളെയമ്മതാൻ പഠിപ്പിച്ചു.

III

അയ്യയ്യോ! പറഞ്ഞുപോയവിവേകമമ്മേ ഞാന-
മ്പിനാലിയുള്ളോൾ തൻ സ്ഖലിതം പൊറുത്താലും!
മറ്റുമക്കളെക്കാളുമെന്നിലാണെന്നമ്മേക്കു-
ള്ളൊറ്റ വാത്സല്യം മുറ്റിനിന്നതറിഞ്ഞു ഞാൻ.
ഊണിലുമുറക്കത്തിൽപ്പോലുമിയിളം കണ്ണിൽ-
ക്കാണിച്ചോരവ്യാജമാം വാത്സല്യപ്രഭാവങ്ങൾ,
കഷ്ടമേ! എട്ടാണ്ടേക്കു മാത്രമായിരുന്നെന്നാ-
തൊട്ടുമേ ധരിച്ചീലീബ്ഭാഗ്യഹീനയാം പുത്രി!
എത്രയോ കാലംകൊണ്ടു തീർക്കേണ്ട തൻകൃത്യങ്ങൾ
മാത്രകൊണ്ടവിടുന്നു തീർത്തു യാത്രയായല്ലോ!
യാതൊന്നുമമ്മേയ്ക്കായിച്ചെയ്യുവാനൊക്കാത്തൊരീ-
പ്പൈതലിൻ കടപ്പാടു ബാക്കിയായെന്നെന്നേക്കും.

ഭൗതികം ശരീരത്തെ മാത്രമേ മരണത്തിൻ
ഭീതിബാധിയ്ക്കുന്നുള്ളൂ, ദേഹിചൈതന്യം നിത്യം.
അതിനാൽ മരിച്ചിട്ടില്ലെന്നമ്മയെന്നാത്മാവി-
ന്നതിചൈതന്യം ചേർത്തു ജീവിതം നയിക്കുന്നു.
ജയിച്ചാലും മാതാവേ! ജയിച്ചാലുമങ്ങെന്നിൽ
ലയിക്കും സച്ചിന്മയചൈതന്യ പ്രഭാവമേ!
സ്ഫുരിപ്പൂ ഭവദ്രൂപമെപ്പോഴും, തൽക്കാരുണ്യം
സ്ഫുരിച്ചീടേണമെന്നിലെങ്കിൽ ഞാൻ കൃതാർത്ഥയായ്.
എപ്പോഴുമെൻ കൃത്യങ്ങളേതുമെന്നമ്മേ! വാഴ്കും
തൽപ്പൊരുൾ പ്രകാശത്താൽ വിജയം വരിയ്ക്കാവൂ!
പൊന്മണിപ്രഭപൂണ്ടെന്നമ്മയാം ഉനക്ഷത്രം
മന്മനോനഭസ്സിങ്കലെപ്പോഴും വിളങ്ങാവൂ!!



# ചിരി ഒരു കലയാണോ?

പുളിക്കൽ പീതാംബരൻ, I M. A. History

ചിരി ഒരു കലയാണോ? എങ്കിൽ, സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്, അഭിനയം, ശില്പകല എന്നീ ലളിതകലകളെപ്പോലെ സുന്ദരമായ ചിരിയിലൂടെ കലാപ്രകടനം നടത്തുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ജനസംഖ്യ വർദ്ധിക്കയും ജീവിതത്തിന് ക്ലേശം കൂടുകയും ചെയ്ത ഈ കാലത്ത്, ലോകത്തിൽ ആകെ അസ്വാസ്ഥ്യവും അസമാധാനവും നിറഞ്ഞ ഈ കാലത്ത് കലകൾക്ക് പൊതുവേ അധഃപതനം സംഭവിച്ചിരിക്കുന്നതായി കാണാം. പരിഷ്കാരത്തിന്റെ പേരിൽ ശരീരത്തിന്റെ മാത്രം സൗന്ദര്യം നോക്കുക എന്ന ഇന്നത്തെ മനോഭാവം ആയിരിക്കാം അതിനു കാരണം. എന്നാൽ ഏതു തിരക്കിട്ട കാലത്തും യാതൊരു മുതലിറക്കമില്ലാതെ നമ്മുടെ ആനന്ദത്തിന്റെ ചെറിയൊരു വ്യായാമംകൊണ്ടു ചിരിയെന്ന നവീന കലയെ വളർത്തിയെടുക്കാം. സുന്ദരമായി ചിരിക്കുന്ന വളരെപ്പേരെ ഈ അടുത്ത കാലത്ത് പരിചയപ്പെടുവാൻ അവസരം ലഭിച്ചതാണ് ഈ ലേഖനം എഴുതുവാൻ പ്രചോദനം നല്കിയത്.

ഏകാകിയായി, കായ്കനികൾ തിന്ന്, ശൂന്യമനസ്കനായി കാട്ടിൽ വേട്ടയാടി നടന്നിരുന്ന മനുഷ്യനെ ചരിത്രം നമുക്കു കാണിച്ചുതന്നു. കൊടുംകാട്ടിൽ പച്ചയിറച്ചിയും തിന്നു ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികന്മാർ വിശപ്പ് മുതലായ ശാരീരികാവശ്യങ്ങൾ സാധിച്ചതിനുശേഷം മനസ്സിന് ആഹ്ലാദമുണ്ടാകുവാൻവേണ്ടി പല ലളിതകലാപ്രകടനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. വിശപ്പു മാറിക്കഴിഞ്ഞാൽ ആ സന്തോഷം ശബ്ദത്തിൽക്കൂടിയോ ശരീരചലനങ്ങളിൽക്കൂടിയോ പുറത്തു വന്നെന്നു വരും. അമ്പിൽ ചായം പുരട്ടലും പാറക്കല്ലുകൾ ഉരസി മിനുക്കലും അവന്റെ ഹൃദയത്തിൽ ഉടലെടുത്ത പുതിയ വികാരങ്ങളുടെ ആവിഷ്കരണങ്ങളാണ്. ആന്തരികമായ ആനന്ദത്തിൽനിന്നാണ് ഇത്തരം കലാമാതൃകകൾ രൂപംകൊണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആന്തരികമായ ആനന്ദത്തിന്റെ ബാഹ്യകലാപ്രകടനമാണ് ചിരി. ആഹ്ലാദത്തിന്റെയും ആനന്ദത്തിന്റെയും ബഹിർപ്രകടനമാണ് മനുഷ്യരുടെ മുഖാരവിന്ദത്തിൽ മൊട്ടിട്ടു വിടർന്നു വിലസുന്ന കറയറ്റ സാക്ഷാൽ ചിരി.

ജീവിതം സുഖദുഃഖങ്ങളുടെ സമാഹാരമാണ്. ദുഃഖത്തിൽ നീറിത്തെളിഞ്ഞ ജീവിതം ആനന്ദകരമാണെന്നാണ് കവിവാക്യം. അപ്പോൾ ദുഃഖത്തിനാണ് ജീവിതത്തിൽ പ്രാധാന്യം. എന്നാൽ, സ്വന്തം കരച്ചിലോടുകൂടി ലോകത്തിലേക്ക് സ്വാഗതം ചെയ്യപ്പെട്ട നാം അന്യരെ കരയിച്ചുകൊണ്ട് ലോകത്തോടു വിട വാങ്ങുന്നു. അപ്പോൾ ഈ രണ്ടു കരച്ചിലുകളുടെയും മദ്ധ്യത്തിലുള്ളതാണ് മനുഷ്യജീവിതമെങ്കിൽ എന്തിനു വീണ്ടും കരയണം. എല്ലാവരുടേയും ജീവിതം കരച്ചിൽ മാത്രമായിരിക്കാൻ വഴിയില്ല. ജീവിതത്തിൽ ഒരിക്കലും ചിരിക്കാനുള്ള അവസരം ആർക്കെങ്കിലും ലഭിക്കാതിരിക്കുമോ? ചിരിച്ചു ചിരിച്ചു ജീവിതം തന്നെ ഒരു ചിരിയായി കഴിഞ്ഞുകൂടിയിട്ടുള്ളവരോ, കഴിഞ്ഞുകൂടുന്നവരോ ആയ അനുഗൃഹീതരെ ആരെങ്കിലും വഴിത്തിരിവിൽ കണ്ടുമുട്ടിയിട്ടുണ്ടോ ?

ഒരു സുഹൃത്തിനെ കണ്ടുമുട്ടുമ്പോൾ നാം അഭിവാദ്യം ചെയ്യുന്നത്, നമുക്ക യാതൊരു മുതലിറക്കമില്ലാത്ത നമ്മുടെ ആനന്ദത്തിന്റെ ചെറിയൊരു വ്യായാമംകൊണ്ട്, അധരാഗ്രങ്ങൾ ഒന്നു വികസിപ്പിച്ച് ദന്തനിരകളെ പുറത്തു പ്രദർശിപ്പിച്ച് ഒന്നു മന്ദഹസിച്ചാണ്. ആ മന്ദഹാസ സമർപ്പണാനന്തരമാണ്, രണ്ടാംഘട്ടമായ സംഭാഷണച്ചടങ്ങിലേക്ക് നാം രംഗപ്രവേശം ചെയ്യുന്നത്.

ചിരി, പുഞ്ചിരി, പച്ചച്ചിരി, കള്ളച്ചിരി, പൊട്ടിച്ചിരി, ഹാസ്യച്ചിരി, മന്ദഹാ

സംഭ്രമന്ദഹാസം ഇവയെല്ലാം ചിരിയുടെ വിവിധ രൂപങ്ങളാണ്. ഇവയിൽ ചിലത് നിസ്സർഗ്ഗസുന്ദരവും, കളങ്കമററതുമാണ്. മററു ചിലത് ചിരിയുടെ വ്യഭിചരിച്ച പതിപ്പുകളത്രെ.

മാതാവിന്റെ കുളിർ വക്ഷസ്സിൽ ചാരിയിരുന്ന് സ്തന്യപാനം ചെയ്യുന്ന പൈതലിന്റെ നിസ്സർഗ്ഗസുന്ദരമായ പുഞ്ചിരി നിഷ്കപടതയുടെ നിറവാണ്. കളങ്കമററ ആ പുഞ്ചിരി മൊട്ടിടുന്ന അധരപല്ലവങ്ങൾ പവിത്രതമങ്ങളാണ്. കവികൾ കവിതകണ്ടെത്തുന്ന കവിതാരാമമാണ് ആ പുഞ്ചിരി. ആ പുഞ്ചിരിപ്പൂനിലാവിൽ ആനന്ദോല്ലാസത്തിൽ പുളകമണിയാത്തതാരാണ് ?

ചിലരുടെ ചിരി ഒരു ചിരിതന്നെയായിരിക്കും. ചിരിയുമായി നിതാന്തസഖ്യം ചെയ്ത ചില ചിരിക്കുടുക്കകളുമുണ്ട്. വളരെ വിരളമായി മാത്രം അധരപുടങ്ങൾ വികസിപ്പിക്കുന്ന ചില കള്ളച്ചിരിക്കാരുമുണ്ട്. സൗഹാർദ്ദത്തിന്റേയോ ആനന്ദത്തിന്റേയോ കണികപോലും തൊട്ടുതെറിച്ചിട്ടില്ലാത്ത കാപട്യം നിറഞ്ഞ കള്ളച്ചിരിയാൽ നമ്മെ ആകർഷിച്ചടുക്കുന്ന കപടവേഷധാരികളാണവർ. അവരിൽനിന്ന് എത്രയും വേഗം ഓടിരക്ഷപ്പെടുക.

ഒരിക്കലും ചിരിക്കാത്ത നിർവികാരമായ മുഖഭാവത്തോടുകൂടിയ ചില ദുർമുഖങ്ങളും ദുർല്ലഭമല്ല. സമത്വസുന്ദരമായ ഒരു സാമുദായിക സ്ഥിതി പടുത്തുയർത്തുവാൻ വെമ്പൽ കൊള്ളുന്ന ഇക്കാലത്ത് ഈ ദുർമുഖങ്ങൾക്കൊരറുതി വരുത്തുവാൻ നാം ശ്രമിക്കേണ്ടതാണ്.

ചില കാമിനിമാരുടെ ചിരിയും ശ്രദ്ധേയമാണ്. വക്രതയും, വഞ്ചനയും, ദുരയും മുഴുത്ത ലോകത്തിൽ ജീവിതം സഫലമാക്കുന്നതിനും, കൂടുതൽ ആസ്വാദ്യമാക്കുന്നതിനും, അല്ലയോ കാമിനിമാരേ, നിങ്ങളുടെ കിളികൊഞ്ചലുകൾക്കുള്ള വൈഭവം അസാധാരണം തന്നെ. ആത്മാർത്ഥതയുടെ പര്യായമായ ആ മന്ദഹാസം എന്റെ ഹൃദയത്തെ അതിയായി ആകർഷിക്കുന്നു—നിഷ്കളങ്ക സൗന്ദര്യം ആരെയാണാകർഷിക്കാത്തതു്. ആ കിളികൊഞ്ചലിൽ, മന്ദഹാസപ്പൂനിലാവിൽ ആരുടെ ഹൃദയകൈരവമാണ് വികസിക്കാത്തതു്. ചിന്തയ്ക്കു മാധുര്യം നൽകുന്ന, ജീവിതത്തിനു പൂർണ്ണതയുണ്ടാക്കുന്ന ആ കിളികൊഞ്ചലുകൾ എത്ര കൗതുകകരമായിരിക്കുന്നു.

ചില മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥനെ നോക്കി ചിരിക്കാൻ വിഷമിക്കുന്നു. അങ്ങനെ ചിരിക്കാൻ പാടില്ലെന്നാണ് ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ പാരമ്പര്യ നിയമാവലി അനുശാസിക്കുന്നതു്. എന്നാൽ മന്ദഹാസത്തിന്റെ അപരിമേയമായ ഈ മാന്ത്രികശക്തി പഠിച്ചറിഞ്ഞ ചില ഉദ്യോഗസ്ഥമേധാവികളെ കണ്ടിട്ടുള്ളവർ ഉണ്ടാകാതിരിക്കയില്ല. മന്ദഹാസത്തിന്റെ മനംമയക്കുന്ന മനോഹാരിതയിൽ ആകൃഷ്ടനായി ആ സേവകൻ തന്റെ മേധാവിയുടെ തൃച്ചേവടികളിൽ തന്റെ സേവനത്തിന്റെ അങ്ങേയററത്തെ കഴിവുകൾ അർപ്പിക്കും.

'വെറും ചിരി ഭോഷലക്ഷണം' എന്ന ആഭാഷണം പുരോഗമനോന്മുഖമായ ആധുനികകാലത്തും അതിർവരമ്പുപോലെ നീണ്ടുനിവർന്നു നിശ്ചേഷ്ടമായി നമ്മുടെ ചിരിയുടെ അതിർത്തിയിൽ നിലനില്ക്കുന്നിടത്തോളം കാലം ഹൃദയം തുറന്ന സന്ദർഭം കിട്ടിയാൽപോലും ഒന്നു പൊട്ടിച്ചിരിക്കുവാൻ പലരും സന്ദേഹിച്ചേക്കും. അതായിരിക്കാം വളരെ വിരളമായിമാത്രം ചുണ്ടുകൾ കോട്ടിക്കാട്ടുന്ന ചിലരുടെ ആശയഗതി. താൻ ഭോഷനോ, വട്ടനോ ആണെന്ന് മററുള്ളവരെ ധരിപ്പിക്കുന്നതു് ഒരു ഭോഷനും ഇഷ്ടമല്ലല്ലോ. അപ്പോൾ ഭോഷനും വട്ടനും ഈ ചിരിക്കു വശംവദനാകാൻ ന്യായമില്ല

" Laugh and grow fat "എന്ന് ഇംഗ്ലീഷിൽ പറയുന്നതു് കേട്ടിട്ടുണ്ട്. ചിരിച്ചാൽ തടിവെക്കുമെന്നു പറഞ്ഞാൽത്തന്നെ നമുക്ക് ചിരി വരും. ചിരിയിൽനിന്നും ഉൽഭൂതമാകുന്ന ആനന്ദമോ, ആനന്ദത്തിൽനിന്നു ഉൽഭൂതമാകുന്ന ചിരിയോ ഏതാണ് ഈ ശരീരം തടിക്കലിന് കാരണമായി നിലകൊള്ളുന്നതെന്ന് ശാസ്ത്രവിദ്യാർത്ഥികൾ ചിന്തിക്കട്ടെ. ''ചിരിച്ചു ചിരിച്ചു തടി വെയ്ക്കൽ''പോലെതന്നെ ''ചിരിച്ചു ചിരിച്ചു മരിക്കലും'' നമുക്ക് ഒരു പുതുമയായിരിക്കും.



ചിരിയെപ്പററി എന്തെല്ലാം പരിമിതികൾ ഉണ്ടായാലും ശരി, ചിരിക്കുവാനും ചിരിയിലൂടെ ആനന്ദിക്കുവാനും എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. പലർക്കും പല പ്രകാരത്തിലാണ് ചിരിക്കുവാനുള്ള ഉപാധികൾ. ചിലർ മററു ചിലരുടെ അംഗസൗഷ്ഠവത്തിൽ ലയിച്ച് ചിരിക്കുന്നു. ചിലരുടെ അഷ്ടാവക്രശരീരം, ചിലരുടെ കൃശാംഗത്വം, ചിലരുടെ ഭീമാകാരം, ചിലരുടെ ഗോളാകൃതി എന്നിവ മററു ചിലരെ ചിരിപ്പിക്കുന്നു. അനുകരണപ്രേമികളായ ഇന്നത്തെ യുവതീയുവാക്കന്മാരുടെ വികൃതവേഷവിധാനമോടികളും പ്രവൃത്തികളും കണ്ട് മററു ചിലർ ചിരിക്കുന്നു. എന്നാൽ ബാല്യകാല കുസൃതികൾ പൂർവ്വകാലസ്മരണകളായി വൃദ്ധജനങ്ങൾ അയവിറക്കി ഊറിയൂറി ചിരിക്കുന്നതും സ്മരണീയമത്രെ.

ചിലർക്ക് ചിരിക്കാനും മററു ചിലരെ ചിരിപ്പിക്കാനുമുള്ള കഴിവ് അന്യാദൃശമാണ്. മനുഷ്യമഹത്വത്തിന്റെ കനകചിഹ്നമായ ഹാസ്യ സാഹിത്യത്തിലൂടെ നമ്മുടെ നീണ്ട നീണ്ട പൊട്ടിച്ചിരിക്ക് സന്ദർഭം നല്കിയ സാഹിത്യകാരന്മാരെ അനുസ്മരിക്കുമ്പോൾ തന്നെ നാം ചിരിച്ചുപോകുന്നു. ചാറൽസ് ഡിക്കൻസും, ഗോൾഡ് സ്മിത്തും ചിരിക്കു പ്രാധാന്യം നല്കിയവരാണ്. ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ, ഈ. വി. കൃഷ്ണപിള്ള, സീതാരാമൻ തുടങ്ങിയവർ നമ്മെ ചിരിപ്പിച്ച് മണ്ണു കപ്പിച്ചിരുന്ന കൈരളിയുടെ കൺമണികളാണ്. മലയാള സാഹിത്യക്ഷേത്രത്തിലെ അനുഗൃഹീത ഹാസ്യസാഹിതീവരന്മാരായ ഈ കവികൾ തങ്ങളുടെ നിസ്തുലമായ തൂലികാവിലാസത്താൽ നമ്മെ ആനന്ദക്കോൾമയിർ കൊള്ളിച്ചിട്ടുണ്ട്.

ആംഗ്ലേയ ചലച്ചിത്രത്തിലെ സുപ്രസിദ്ധ ഹാസ്യ രസികന്മാരായ ചാർളിചാപ്ളിനും, ഹാർഡിയും ലോകത്തിലുള്ള ലക്ഷോപലക്ഷം സിനിമാപ്രേമികൾക്ക് നീണ്ടുനിന്ന പൊട്ടിച്ചിരികൾക്ക് വക നൽകുന്ന അനുഗൃഹീത രസികശിരോമണികളാണ്. മലയാള ചലച്ചിത്രത്തിലെ ബഹദൂറും എസ്. പി. യും അടൂർഭാസിയും രംഗപ്രവേശം ചെയ്യുന്നതോടെ നാമറിയാതെതന്നെ ചിരിച്ചുപോകുകയും, ആഹ്ളാദത്തിൽനിന്നും ഉടലെടുത്ത കൂക്കുവിളികളുടേയും അപശബ്ദങ്ങളുടേയും കർണ്ണകഠോരമായ മാറെറാലിയാൽ ചിത്രശാല മുഖരിതമാകുകയും ചെയ്യുന്നു.

ഇങ്ങനെ ചിരിക്കുവാനും ചിരിപ്പിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്ന നിരവധി കാരണങ്ങളും സന്ദർഭങ്ങളും എവിടെത്തിരിഞ്ഞാലും ധാരാളമുണ്ട്. ഈ സന്ദർഭങ്ങൾ പാഴാക്കരുതു്. ഒരുപക്ഷെ ഈ സന്ദർഭങ്ങൾ ഇനി ഒരിക്കലും ലഭിച്ചില്ലെന്നു വരാം. ഇവയൊന്നും ചിരിക്കാൻ വക നല്കുന്നില്ലെങ്കിൽ, സ്വന്തം അഹന്തയേയും, അല്പത്വങ്ങളേയും, വിഡ്ഢിത്തങ്ങളേയും ഓർത്ത് ചിരിക്കണം. ഇപ്രകാരം അവനവനെ നോക്കി ആത്മാർത്ഥമായി ചിരിക്കുവാൻ കഴിവുള്ളവർ ചുരുക്കമായിരിക്കും. ജീവിതം സുന്ദരമാണ്, പക്ഷെ ഹ്രസ്വവും. കരച്ചിലും ചിരിയും ഇടകലർന്ന ഈ ഹ്രസ്വജീവിതത്തിൽ ആവുന്നിടത്തോളം ഊറിയൂറിച്ചിരിക്കുക. ആനന്ദത്തോടും ആഹ്ളാദത്തോടുംകൂടി പൊട്ടിപ്പൊട്ടി ചിരിക്കുക. ചിരിയിലൂടെ അപൂർണ്ണതകളെ പരിഹരിച്ച്, ജീവിതം പൂർണ്ണവും സനാതനവുമായിത്തീരട്ടെ.

# ഒരേട്ടന്റെ ചാരിതാർത്ഥ്യം

എൻ. എച്ച്. കുമാർ, IInd B. A–History and Economics·

### ദ്രുതകാകളി

ഓമനേ, പറിച്ചീടുകിയക്ഷരം
പോലും, മെല്ലാം നിനക്കുള്ളതല്ലയോ!
സ്നിഗ്ദ്ധസുന്ദരമിക്കുന്നിണയിലി
വിശ്രമാകെ നിഴലിക്കവോളവും
നിന്നെ ലാളിച്ചിടാൻ വിടർന്നിടുന്ന
മന്നിലെന്നും പുതുപൂക്കൾ സസ്മിതം
ആരതിൻനേർക്കഖഡ്ഗമുയർത്തുവാൻ
നീരജോപമ മാമുഖം കാണവേ?

* * *

എത്തി, ത്തുരയിലേകനായന്ന ഞാൻ
പുസ്തകം നിവർത്തീടുന്ന വേളയിൽ
കൊച്ചുകാല്യകളൊന്നിന്ന പിന്നൊന്ന
വച്ചു പൊട്ടിച്ചിരിച്ചനുജത്തിയാൾ
കാൽച്ചിലങ്കതൻ 'കിങ്ങിണി' യൊച്ചയാൽ
കാതുകൾക്കാത്മനിർവൃതിയേകിയും,
പുഞ്ചിരിപ്പൂള പൂക്കളാൽക്കണ്ണിലെ
മഞ്ജരിയെവികലമാക്കിയും,
എന്നനുജത്തിയോതിനാ, "ഏട്ടന്റെ
മുല്ലയിൽപ്പൂവിരിഞ്ഞതാർ കൊണ്ടുപോയ്?"!

ജാലകപ്പഴുതൂടെ ഞാൻ നോക്കിനേൻ
ലോലവായുവിലാടുമാവല്ലിയെ
(മാൽനിറഞ്ഞു മനസ്സി), ലഭൗമിക
മാധുരിപകർന്നേകമക്കോരകം
ആരടർത്തി? ചിരകാല സങ്കല്പ—
ചാരുതയെയപഹരിച്ചെങ്ങുപോയ്?

'ആരതു ചൊല്ലിയടർത്തുവാൻ മൊട്ടുകൾ'
ആരതു ചൊല്ലാ, നയന്നില്ല വാക്കുകൾ!!
' ആരനിയത്തു ചൊല്ലുവാൻ?', ചോദിപ്പി—
താലതയുമിപ്രമാണമാകെയും!
മന്ദമാരുതലോലിതയായ്മാടി—
മാടിവല്ലി വിളിക്കുന്നു ബാലയെ!!



ഏട്ടനെന്നോവിരസനെന്നോർത്തവൾ
ഗോഷ്ഠികാട്ടിത്തിരിച്ചുപോയീടിനാൾ.
എന്തിനോക്കി ഞാൻവീണ്ടും, ലതികതൻ
പത്രമെല്ലാം കൊഴിക്കയാണോമലാൾ
(ഏട്ടനോടുള്ള വൈരാഗ്യമാവണം
കാട്ടിടുന്നതാ മുററത്തു കണ്മണി)

കോപമല്ലാത്മസന്തുഷ്ടിയാണതെൻ
പാപപുഷ്ടമാം ഹൃത്തിൽ നിറച്ചതോ.
പല്ലവാഞ്ചിതമാക്കുന്ന ചുണ്ടുകൾ
പുഞ്ചിരിയറിയാതിന്നിടവേ
എന്തിനായ് വിരിയുന്നിതിപ്പൂവുക,—
ളെന്തിനാടുന്ന കാററിലീവല്ലികൾ?

ഇന്നവാരിപ്പുണരട്ടെ നിന്നെ ഞാൻ
പൊന്നനുജത്തി, യിപ്പുണ്യമെന്നിമേൽ
നാളെയർപ്പിച്ചിടാൻ സാദ്ധ്യമല്ലെനി—
ക്കായിരുമ്മ, ലോകം സഹിക്കുമോ??
എന്റെകൈപിടിച്ചല്ലയോമലേ
പിച്ച വക്കാൻ പഠിച്ചുനീ, യിപ്പോഴും
'ഏട്ടനൊത്തേയുറങ്ങൂ ഞാ' നെന്നുനീ
ശാഠ്യമേറെപ്പിടിക്കുന്നു നിത്യവും!!

പോയ്പ്പറിക്കനീയെന്നോതു പൂവുമ—
ക്കുളുകാണാൻ കഴിവതേഭാഗ്യമാം.
പൂവുകളിന്നുകൂട്ടുകാ, രമ്പിളി—
മാമനാനന്ദസങ്കേത, മീനല്ല—
നാളുമായും കരിമുകിൽച്ചാർത്തിനാൽ
കോളിയല്യമിയന്നതിക്കാത്തവും.
വിത്തവും ഹാ! പ്രതാപവും തുച്ഛമു
മെത്തിടും നിന്നെയമ്പെഴുവിളുവാൻ.

ജീവിതത്തിന്റെ നീർച്ചുഴിയിൽപ്പെട്ടു
ഭാവിയെന്തെന്നറിയാതെ കേഴവേ
ഇല്ലകൈവരില്ലീനഷ്ടഭാഗ്യ, മി—
ന്നല്ലലെന്തെന്നറിയാത്തജന്മമേ.
നിഷ്കപടാർദ്രചേതസ്സേ, മേൽക്കുമേ—
ലാസ്വദിച്ചീടുകിത്തുച്ഛജീവിതം;
ആരതിനെയെതിർക്കാൻ പരിപൂത—
ചാരുതയിതു വീണമീട്ടിടവേ?

അന്തരാത്മാവിലീയപുഷ്പസാരം
മന്ദമന്ദം ലയിക്കവേ സോദരി,
ഭാവനയെന്തെന്നിക്കേകുവാൻ ശാശ്വത—
ചാരിതാർത്ഥ്യമിക്കുന്നിതെന്നിയേ?

# ഇന്ത്യ ശാസ്ത്രജ്ഞന്മാരെ തഴയുന്നോ ?

M. A. KURIAN, *Class II Physics*

ശാസ്ത്രഗവേഷണരംഗത്തു് അത്രയേറെയൊന്നും സ്ഥാനമില്ലാത്ത ഇന്ത്യ: ഇന്ത്യൻവംശജനായ ഡോ. ഖൊറാണയുടെ നോബൽ സമ്മാനലബ്ധിയോടുകൂടി അപഹാസ്യയായി. ജന്മദേശമായ ഇന്ത്യക്കു ആ പ്രതിഭാശാലിയുടെ വികസ്വരങ്ങളായ കഴിവുകൾ കണ്ടെത്താനോ വിലയിരുത്താനോ കഴിഞ്ഞില്ല. ഒരു "ലക്ചറർ" ജോലിപോലും ഡോ. ഖൊറാണക്കു ഇന്ത്യയിൽ ലഭ്യമായില്ല. ഹതാശനായി അമേരിക്കയിലഭയം തേടുകയും, തുടർന്നങ്ങോട്ടു അമേരിക്കൻ പൗരനായി മാറുകയും ചെയ്ത ഖൊറാണ ശാസ്ത്രജ്ഞന്മാരുടെ മുൻപന്തിയിലെത്തുകയാണ്. ഈ വളർച്ചയിൽ ഇന്ത്യക്കു വല്ല പങ്കുമുണ്ടോ? ഇന്ത്യയിലിന്നുള്ള മൗലികമായ ഒരു തകരാറിന്റെ ബലിയാടു് മാത്രമായിരുന്നു ഡോ. ഖൊറാണ.

ശാസ്ത്രജ്ഞരെയും ഗവേഷകരെയും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഇന്ത്യ ഒരിക്കലും ശ്ളാഘാർഹയായിരുന്നിട്ടില്ല. പ്രതിഭാശാലികളെ വളർത്തുന്ന കാര്യത്തിൽ ഏറെ സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ടു്. ഇംഗ്ലീഷിലുള്ള അസ്വാധീനതകൊണ്ടു് മഹാഗണിതജ്ഞനായ രാമാനുജത്തിനു ഇന്റർമീഡിയററു് പാസ്സാകുവാനുള്ള യോഗ്യതപോലും ഇന്ത്യയിലുണ്ടായില്ല. "വയററു പിഴപ്പിനു" ഗുമസ്ഥപ്പണിയേററ രാമാനുജനെ വിശ്വവിഖ്യാതനാക്കാൻ ചില "സായിപ്പന്മാർ" തന്നെ സഹായിക്കേണ്ടി വന്നു. ജീവിതനൈരാശ്യംകൊണ്ടു ശ്രീ രാമാനുജം ആത്മഹത്യക്കു് ഒരു വിഫലശ്രമം തന്നെ നടത്തി. എന്നിട്ടും പ്രസിദ്ധനായതിന്റെ പേരിൽ ശ്രീ രാമാനുജം ഇന്ത്യക്കാരനെന്നു നാം അഭിമാനിക്കുന്നു. "നാട്ടിൽ ഗതി കിട്ടാത്ത ശാസ്ത്രജ്ഞന്മാരുടെ" പട്ടികയിലെ അവസാനത്തെ ആളായിരിക്കുമോ ഡോ. ഖൊറാണ? ന്യൂട്ടന്റെ സിദ്ധാന്തത്തെ എതിർക്കാൻ ശ്രമിച്ച ഒരു പ്രഭാകരൻ ഇന്ത്യയിൽ കോളിളക്കം സൃഷ്ടിച്ചതു ഈയിടെയാണു്. ന്യൂട്ടനെ എതിർക്കാൻ ശ്രമിച്ച "മഹാ പാതകത്തിനു" ശ്രീ പ്രഭാകരൻ സ്വന്തം നാട്ടുകാരാൽതന്നെ തേജോവധം ചെയ്യപ്പെടുകയാണുണ്ടായതു്. ഇതാണു് ഇന്ത്യയിലെ പ്രോത്സാഹനത്തിന്റെ സാമ്പിൾ. കൂട്ടത്തിൽ, പ്രഭാകരനോ ന്യൂട്ടനോ ശരിയെന്നു് പഠിക്കാൻ ഇന്ത്യയിലാരും തന്നെ തുനിഞ്ഞതായി കാണുന്നില്ല.

അന്താരാഷ്ട്രപ്രശസ്തരായ ശാസ്ത്രജ്ഞന്മാരുടെയും ഗവേഷകരുടെയും പട്ടികയിൽ ധാരാളം ഇന്ത്യൻ വംശജരെ കാണാം. അവരിൽ മിക്കവരെയും വളർത്തിയതു് അവരുടെ മാതൃരാജ്യമല്ല, പ്രത്യുത ആതിഥേയ രാജ്യമാണെന്നു് കാണാൻ പ്രയാസമില്ല. വിദേശപൗരത്വം സ്വീകരിച്ച ആദ്യത്തെ ഇന്ത്യൻ ശാസ്ത്രജ്ഞൻ ഡോ. ഖൊറാണയല്ല, ഡോ. ഖൊറാണക്കു മുമ്പു ഡോ. ചന്ദ്രശേഖർ തുടങ്ങിയ ഒട്ടേറെ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ ഇന്ത്യാക്കാരല്ലാതാവാൻ നിർബന്ധിതരായിട്ടുണ്ടു്. ഡോ. വിഷ്ണുഉപ്പനാർലിക്കർ; ഡോ. ജോർജ്ജ് സുദർശൻ തുടങ്ങിയവർ വിദേശങ്ങളിലഭയം തേടിയ ഇന്ത്യൻ ശാസ്ത്രജ്ഞന്മാരിൽപെടുന്നു. വിവിധതലത്തിലുള്ള ഗവേഷകർക്കു് ഇഷ്ടമുള്ളോളം പ്രവർത്തിക്കാൻ സൗകര്യപ്പെടുത്തുന്ന ഗവേഷണശാലകളാണു് വിദേശശാസ്ത്രജ്ഞരെ തട്ടിയെടുക്കാൻ അമേരിക്കയെയും മററും സഹായിക്കുന്നതു്. വിദേശങ്ങളിൽ ഉന്നതസ്ഥാനീയരായ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ ധാരാളമുണ്ടെന്നതു് ഇന്ത്യാക്കാർക്കു അഭിമാനാർഹം തന്നെ.

എന്നാൽ അവരിൽ മിക്കവരെയും ഇന്ത്യ മടുപ്പിച്ചിരിക്കണം. ഇന്ത്യയെന്നു് കേൾക്കുമ്പോൾ വിറളി പിടിക്കാൻ മാത്രം തിക്താനുഭവങ്ങൾ ഡോ. ഖൊറാണക്കും മററും



ഉണ്ടായിട്ടുണ്ടു്. ഡോക്ടർ സി. വി. രാമനും ഡോക്ടർ ഭാഭയുമെല്ലാം ഇക്കാരണത്താൽ "മഹാഭാഗ്യവാന്മാരെ"ന്നു് കരുതേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി, ഉന്നതവിദ്യാഭ്യാസം നേടിയ ഇന്ത്യാക്കാരുടെ ഒരു പ്രവാഹം തന്നെ അമേരിക്ക, ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളിലേക്കും വികസ്വരങ്ങളായ ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ഉണ്ടായിട്ടുണ്ടു്. എഞ്ചിനിയർമാർ, ഡോക്ടർമാർ, അദ്ധ്യാപകർ, ഗവേഷകർ എന്നിങ്ങനെ ഇന്ത്യക്കു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ബുദ്ധിജീവികളുടേതായ ആ പട്ടിക നീളുന്നു. മേൽ പറഞ്ഞവരിൽ ഭൂരിപക്ഷത്തിനും സ്വന്തം നാട്ടിൽ ഭാവന ചെയ്യാൻപോലും കഴിയാത്ത നിലവാരത്തിലുള്ള ജീവിതരീതി സാദ്ധ്യമാണു്. ആ സുഖജീവിതവും അന്തസ്സും (Social Status) നാട്ടിൽ കിട്ടില്ല എന്നു കാണുന്ന അവർ ഇന്ത്യയിലേക്കു തിരിച്ചു വരാൻ ആഗ്രഹിച്ചില്ലെന്നു വരാം. ഇന്നത്തെ സാഹചര്യങ്ങളിൽ അദ്ധ്യാപകരും എഞ്ചിനിയർമാരുമൊക്കെ ആവശ്യം കഴിഞ്ഞു മിച്ചമുള്ള ഒരു കയററുമതിയാണെന്നു വരാം. എന്നാൽ ഗവേഷകരോ? ഗവേഷകരെ ഗവേഷകരായിത്തന്നെ ഉൾക്കൊള്ളിക്കാൻ ഇന്ത്യൻ സാഹചര്യങ്ങൾക്കു ഇന്നത്തെ പരിതഃസ്ഥിതിയിൽ സാദ്ധ്യമല്ല.

ദേശീയ സാക്ഷരതാനുപാതത്തിലും വിദ്യാഭ്യാസത്തിലും ഉന്നതസ്ഥാനമുള്ള ഇന്ത്യ വിദ്യാഭ്യാസത്തോടൊത്തു വളരേണ്ട ഗവേഷണത്തിലും മററും ഇലോം പുറകിലാണെന്നതു് ഒരു ദയനീയ സത്യമാണു്. ഗവേഷണമെന്നപേരിൽ ഇന്ത്യയിൽ നടക്കുന്ന പ്രക്രിയയിൽ ഒററ ശതമാനംപോലും പ്രയോജനമുള്ളതല്ലെന്നും ഗവേഷണം "ഡോക്ടറൽ" ബിരുദത്തിനു മാത്രമായി തരം താഴ്ത്തപ്പെട്ടിരിക്കുന്നുവെന്നും ഒരു പ്രമുഖവ്യക്തി എഴുതിയിട്ടു ഏറെക്കാലമൊന്നും ആയിട്ടില്ല. കഴിഞ്ഞവർഷം ശാസ്ത്രഗവേഷണങ്ങൾക്കായി ഇന്ത്യയിൽ 25 കോടി ഉറുപ്പികയിലധികം ചെലവഴിക്കപ്പെട്ടു. ഏതാനും ലക്ഷം ഉറുപ്പികയുടെ മൂല്യമുള്ള ഏതാനും "പേററന്റു"കളേ വെളിച്ചം കണ്ടുള്ളു. വികസനപ്രവർത്തനങ്ങൾക്കു ഫണ്ടുകളില്ലാതെ നട്ടം തിരിയുന്ന ഒരു രാജ്യത്താണു് കോടിക്കണക്കിനു രൂപ അനേകരുടെ പ്രതിഭാവിലാസത്തോടൊപ്പം ധൂർത്തടിക്കപ്പെട്ടതു്. മൗലികമായ തകരാറുകളുള്ള ഈ രംഗത്തുനിന്നു ആത്മാർത്ഥതയുള്ളവർ ഓടിപ്പോവാത്തതിലേ അത്ഭുതത്തിനു വകയുള്ളൂ. തകരാറു മൗലികമാണു്. ജീവിതബന്ധിയായ ഗവേഷണം ഇന്ത്യയിൽ ഇനിയും വേരൂന്നിയിട്ടില്ല. വ്യാവസായിക സാങ്കേതിക രംഗങ്ങളിൽ ഉണ്ടായ പുരോഗതിയിൽ നമ്മുടെ ഗവേഷണങ്ങൾക്കു കാര്യമായ പങ്കു് വഹിക്കാനില്ലായിരുന്നു. സാങ്കേതിക സഹായം എന്ന സുന്ദരസംജ്ഞകൊണ്ടു മിക്കപ്പോഴും സാധിക്കുന്ന വൈദേശിക പ്രതിഭയുടെ കടം വാങ്ങൽ ഇടതടവില്ലാതെ തുടരുന്നു. വ്യാവസായിക സാങ്കേതിക പുരോഗതിയും ഗവേഷണവും അമേരിക്കയിലും മററും പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. ഗവേഷകന്മാരൊരിക്കലും അങ്ങനെയുള്ള രാജ്യങ്ങളിൽ അധികപ്പററാവില്ല. ഇന്ത്യയിലെ സ്ഥിതി മറിച്ചാണു്. ഗവേഷണ ബിരുദമുള്ളവർക്കു മിക്കപ്പോഴും അവലംബം അദ്ധ്യാപകവൃത്തി മാത്രമായിരിക്കും. ഗവേഷണബിരുദമുള്ളവരുടെ സ്ഥിതി ഒട്ടാകെ എടുത്തു നോക്കിയാൽ താഴ്ന്ന ശമ്പളക്കാരാണു് അവരെന്നു കാണാം. മതിയായ പ്രോത്സാഹനമില്ലാത്ത ഒരു രംഗത്തും പുരോഗതിക്കവകാശമില്ലല്ലോ! ഈ ദുഃസ്ഥിതി മാറേണ്ടിയിരിക്കുന്നു. പ്രതിഭാശാലികൾക്കു മതിയായ വരുമാനവും അന്തസ്സുള്ള ജീവിതരീതിയും പ്രദാനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

വിശ്വവിഖ്യാതിയാർജ്ജിച്ച (അതോ കുപ്രസിദ്ധിയോ) "ചുവപ്പുനാട" നിരവധി ഗവേഷകരെ ഇന്ത്യ വിടുവാൻ നിർബന്ധിതരാക്കിയിട്ടുണ്ടു്. ഗവേഷകർക്കും ഗവേഷണ ബിരുദമുള്ളവർക്കുമെല്ലാം അവരുടെ പഠിപ്പുമായി ബന്ധമില്ലാത്ത ജോലിയുമായി പ്രതിഭാസമ്പന്നരല്ലാത്ത I. A. S. കാരുടെയും മററും കീഴിൽ കഴിയേണ്ടി വരുന്നതു് നമുക്കു അസാധാരണമായ കാഴ്ചയല്ല. 'ഒപ്പിടൽ യന്ത്രങ്ങളായ' മേലുദ്യോഗസ്ഥരുടെ കീഴിൽ പ്രത്യേകിച്ചും ആ മേലുദ്യോഗസ്ഥനു കീഴ് സിൽബന്ധികളുടെ പ്രവൃത്തികളെപ്പററി ഗ്രാഹ്യമൊന്നു

മില്ലെന്നിരിക്കെ ഗവേഷകർ അസ്വസ്ഥരാകാത്തതിലേ അത്ഭുതത്തിനു വകയുള്ളൂ. നമ്മുടെ ഗവേഷണ വിദ്യാർത്ഥികൾക്കനുവദിച്ചിരിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ കിട്ടാൻ അവർ 'ബാലികേറാ മലകൾ' പലതും താണ്ടേണ്ടതായി വരുന്നുണ്ട്. മൗലികത്വം (originality) ഇന്ത്യൻ വിദ്യാഭ്യാസരീതിയിൽ തന്നെ കുറവാണെന്ന് പരക്കെ ആക്ഷേപമുണ്ട്. മൗലികമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥിക്ക പലപ്പോഴും അദ്ധ്യാപകനിൽനിന്നും കിട്ടുന്ന പ്രതികരണം തണുപ്പനായിരിക്കും. "രാമാനുജപ്രഭൃതികൾ" അദ്ധ്യാപകർക്ക് തലവേദനയായിരുന്നു താനും. അദ്ധ്യാപകരു മനസ്സിലാക്കാൻ കഴിയാത്ത കഴിവുകളുള്ള ഇന്ത്യൻ വിദ്യാർത്ഥി പലപ്പോഴും മന്ദബുദ്ധിയോ, "മുടനോ" ആയി വ്യാഖ്യാനിക്കപ്പെടുന്നു. ഇടനിലങ്ങളോട്ട തേജോവധം നടത്താൻ സഹപാഠികളും ഉണ്ടാകും.

ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ ഇന്ത്യവിട്ടോടുന്നതിന്റെ കാരണങ്ങൾ ഇനിയും വ്യക്തമല്ലേ? ഡോ. ഖൊറോണയെ മാനിക്കാനൊരുമ്പെടുന്ന ഇന്ത്യ സ്വന്തം തെറ്റു തിരുത്തുവാൻ കൂടി ഒരുമ്പെട്ടിരുന്നെങ്കിൽ !



# സ്വപ്നങ്ങൾ

ഒ.കെ. ഉണ്ണികൃഷ്ണൻ

'ജീവിതം മുഴുവൻ ഒരു സുന്ദരമായ സ്വപ്നമായിരുന്നെങ്കിൽ'— എന്നാഗ്രഹിക്കുന്ന എത്രയോ സാഹിത്യകാരന്മാർ നമുക്കുണ്ട്. ചവിട്ടി മെതിക്കപ്പെട്ട സ്വപ്നങ്ങളെച്ചൊല്ലി വിലപിക്കുന്നവരും കുറവല്ല. സാധാരണ സംഭാഷണങ്ങളിൽ "ഞാൻ സ്വപ്നത്തിൽക്കൂടി അങ്ങനെ നിനച്ചിരുന്നില്ല" എന്നൊക്കെ നാം എത്രയോ തവണ പറയാറുണ്ട്. അങ്ങനെ സാധാരണ ജീവിതത്തിൽ മിക്കപ്പോഴും അനുഭവപ്പെടുന്ന ഒരത്ഭുത പ്രതിഭാസമാണ് സ്വപ്നങ്ങൾ. പക്ഷെ അവയെപ്പറ്റി നാം ഗാഢമായി ചിന്തിക്കാൻ ശ്രമിക്കാറില്ല എന്നതാണ് പരമാർത്ഥം.

എന്താണ് സ്വപ്നങ്ങൾ? അവയ്ക്ക് എത്രമാത്രം പ്രാധാന്യമുണ്ട്? ഒരു മനുഷ്യന്റെ മാനസിക ഘടനയുമായി അവ എത്രമാത്രം ബന്ധപ്പെട്ടു കിടക്കുന്നു? ആധുനിക മനശ്ശാസ്ത്രത്തിനു ഇന്നും തലവേദനയായിട്ടുള്ള പ്രശ്നങ്ങളാണിവ. പ്രാചീന കാലം മുതല്ക്കുതന്നെ ചിന്തകന്മാർ സ്വപ്നങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ആലോചിച്ചിരുന്നു. പക്ഷെ അവർക്ക സ്വപ്നങ്ങളുമായി മനസ്സിനുള്ള ബന്ധത്തെക്കുറിച്ച് ശരിക്ക മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടു തന്നെ വളരെയധികം അന്ധവിശ്വാസങ്ങൾ സ്വപ്നവുമായി കൂട്ടു പിണഞ്ഞു കിടക്കുകയും ചെയ്തു. സ്വപ്നങ്ങൾക്ക് ദൈവികത്വവും പ്രവാചകത്വവുമൊക്കെ കല്പിച്ചുകൊടുത്തു, പ്രാചീന കാലത്തെ തത്വചിന്തകന്മാർ.

അരിസ്റ്റോട്ടിൽ, സ്വപ്നങ്ങൾ പിശാചുക്കളുടെ പ്രവർത്തനഫലമായിട്ടാണ് ഉണ്ടാകുന്നതെന്ന് വിശ്വസിച്ചിരുന്നു. അവരുടെ പ്രേരണയ്ക്ക് വശംവദരായിക്കഴിയുന്ന മനുഷ്യരിലായിരിക്കും കൂടുതൽ സ്വപ്നങ്ങൾ എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. പക്ഷെ സ്വപ്നങ്ങൾക്ക് അഗാധമായ ഒരർത്ഥമുണ്ടെന്നും, വിവേചനാശക്തിയുപയോഗിച്ച് അവ വ്യാഖ്യാനിക്കുകയാണെങ്കിൽ ഗുണകരമായിരിക്കുമെന്നും അരിസ്റ്റോട്ടിൽ വിശ്വസിച്ചിരുന്നു. ദൈവവുമായോ, ദൈവത്തിന്റെ പ്രവർത്തനങ്ങളുമായോ സ്വപ്നങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടെന്ന് സമ്മതിക്കാൻ അരിസ്റ്റോട്ടിൽ തയ്യാറായിരുന്നില്ല.

സോക്രട്ടീസും പ്ലേറ്റോയും സ്വപ്നങ്ങൾക്ക ദൈവവും ആത്മാവുമായി വളരെയടുത്ത ബന്ധമുണ്ടെന്നു വിശ്വസിച്ചിരുന്നു. അവർ ഒരുപടി കൂടി കടന്ന് സ്വപ്നങ്ങൾ, ആത്മാവിന്റെ മറ്റു ലോകങ്ങളിലേക്കുള്ള യാത്രയാണെന്നു വരെ പറഞ്ഞു വെക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ സ്വപ്നങ്ങൾക്ക് പ്രവാചകത്വവും ദൈവികത്വവുമൊക്കെ കല്പിച്ചുകൊടുത്തു ഈ പ്രാചീനാചാര്യന്മാർ. ഇപ്പോഴും ഈ വിശ്വാസത്തിൽ കഴിയുന്നവർ ചുരുക്കമൊന്നുമല്ല; അതുകൊണ്ടു തന്നെയാണ് അവർ ചില പ്രത്യേകതരം സ്വപ്നവ്യാഖ്യാനപട്ടികകളുപയോഗിച്ചു സ്വപ്നങ്ങളെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതും. അന്ധവിശ്വാസങ്ങളുമായി വളരെയധികം കെട്ടുപിണഞ്ഞു കിടക്കുന്നവയാണ് ഇത്തരക്കാരുടെ വാദമുഖങ്ങളിലധികവും.

സ്വപ്നങ്ങളെക്കുറിച്ചുള്ള മറ്റൊരു വിശ്വാസം കുറെക്കൂടി രസാവഹമാണ്. സ്വപ്നങ്ങൾ ദൈവം അയക്കുന്നതാണെന്നും രണ്ടുതരത്തിൽപെട്ട സ്വപ്നങ്ങളുണ്ടെന്നും ഈ കൂട്ടർ വിശ്വസിച്ചിരുന്നു. ആദ്യത്തെ ഇനത്തിൽപെട്ട സ്വപ്നങ്ങൾ മനുഷ്യന്റെ നന്മയ്ക്കും ശ്രേയസ്സിനും വേണ്ടി ദൈവം അയക്കുന്നതാണെന്നും. രണ്ടാമത്തെ ഇനത്തിൽപ്പെട്ടവ മനുഷ്യന്റെ നാശത്തിനുപകരിക്കുന്നവയാണെന്നുമാണ് ഇവർ വിശ്വസിച്ചിരുന്നത്. പെട്ടെന്നുത്തരം കിട്ടാത്തവയൊക്കെ ദൈവത്തിന് വിട്ടുകൊടുക്കുക മനുഷ്യന്റെ ജന്മസിദ്ധമായ ഒരു വാസനയാണ്

ല്ലോ. വളരെക്കാലം സ്വപ്നങ്ങൾ മനുഷ്യന് ഉത്തരം കിട്ടാത്ത ഒരു ചോദ്യമായിത്തന്നെ നിലകൊണ്ടു. പക്ഷെ അന്ധകാരനിമഗ്നമായ ഈ ലോകത്തിലേക്ക് ആദ്യമായി വെളിച്ചത്തിന്റെ കൈത്തിരിയുമായി കടന്നുവന്നത് ഇരുപതാം നൂറ്റാണ്ടിൽ മനഃശാസ്ത്രരംഗത്ത് കോളിളക്കം സൃഷ്ടിച്ച പ്രൊഫസർ സിഗ്മണ്ട് ഫ്രോയിഡ് എന്നൊരു ജർമ്മൻകാരനായ മനഃശാസ്ത്രവിചക്ഷണനായിരുന്നു. ഫ്രോയ്ഡ് സ്വപ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും ചില വിപ്ലവകരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇന്നും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽ ഒരു പരിധിവരെ വിശ്വസിക്കുന്നവരാണ് മനഃശാസ്ത്രജ്ഞന്മാരധികഭാഗവും.

ഫ്രോയിഡിനു ശേഷവും സ്വപ്നങ്ങളെക്കുറിച്ച് വളരെയധികം ശാസ്ത്രീയ പഠനങ്ങൾ നടന്നു; പക്ഷെ അവയിലധികവും ഫ്രോയ്ഡ് വെട്ടിത്തെളിച്ച പാതയിലൂടെയായിരുന്നു. പുതുമ അവകാശപ്പെടാൻ കഴിയുന്നത് പാവ്ലോവ്, ഷെഷ്നോവ് എന്നീ റഷ്യൻ ശാസ്ത്രജ്ഞന്മാർക്ക് മാത്രമാണ്. കാരണം അവർ പരീക്ഷണങ്ങൾ നടത്തി സ്വപ്നങ്ങൾ എങ്ങിനെയാണുണ്ടാകുന്നതെന്നും, അവയ്ക്ക് മാനസിക പ്രവർത്തനങ്ങളുമായി എത്രമാത്രം ബന്ധമുണ്ടെന്നും തെളിയിക്കാൻ ശ്രമം നടത്തി.

## സ്വപ്നങ്ങൾ എങ്ങനെയുണ്ടാകുന്നു?

മസ്തിഷ്കകോശങ്ങളുടെ ഉത്തേജനഫലമായിട്ടാണ് സ്വപ്നങ്ങളുണ്ടാകുന്നതെന്ന് വ്യക്തമായും ശാസ്ത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഉറക്കത്തിൽ പോലും നമ്മുടെ ഇന്ദ്രിയങ്ങൾ തികച്ചും പ്രവർത്തനരഹിതമാകുന്നില്ല. ചുറ്റുപാടും സംഭവിക്കുന്ന ചലനങ്ങൾ സൂക്ഷിച്ചുകൊണ്ടിരിക്കയായിരിക്കും അവ. ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ അകത്തോ പുറത്തോ സംഭവിക്കുമ്പോൾ ഇന്ദ്രിയങ്ങൾ മസ്തിഷ്കത്തിലെ ചില ഭാഗങ്ങൾക്ക് അവയെപ്പറ്റി അറിവു കൊടുക്കുന്നു. മസ്തിഷ്ക്കമാകട്ടെ ഉറക്കത്തിനു ഭംഗം വരാത്ത വിധത്തിൽ വളരെ ബുദ്ധിപൂർവ്വം അവയെ കൈകാര്യം ചെയ്യുന്നു. അങ്ങനെയാണ് സ്വപ്നങ്ങൾ ഉണ്ടാകുന്നത്. ഒഴിച്ചുകൂടാൻ വയ്യാത്തത്ര വലുതായ അപകടങ്ങൾ വല്ലതും ഉണ്ടാവുകയാണെങ്കിൽ സ്വപ്നം വഴി ഉറങ്ങുന്ന ആളെ ഞെട്ടിയുണർത്തുന്നു. നമ്മിൽ പലർക്കും അനുഭവമുള്ള കാര്യങ്ങളാണല്ലോ ഇവ.

സ്വപ്നകാരണങ്ങളെക്കുറിച്ചു പഠനം നടത്തിയവരിൽ ഹിൽബ്രാൻഡ്, മൗറി, ഫ്രോയ്ഡ്, യുങ്ങ്, ഷെഷ്നർ, പാവ്ലോവ് എന്നിവർ മുൻപന്തിയിൽ നിൽക്കുന്നു. ഇവരുടെ അഭിപ്രായമനുസരിച്ച് സ്വപ്നകാരണങ്ങളെ നാലായി തരംതിരിക്കാം. 1. ബാഹ്യചോദന (External Stimuli) 2. ആന്തരചോദന (Internal Organic Stimuli) 3. ആന്തരചോദനയിൽ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടവ (Internal Subjective Sensory Stimuli) 4. തികച്ചും മാനസികമായ ചോദന (Purely Psychical exciting sources) ഇവയിൽ ഏതെങ്കിലുമൊന്നിന്റെ പ്രവർത്തനഫലമായിട്ടായിരിക്കാം സ്വപ്നങ്ങളുണ്ടാകുന്നത്. ചിലപ്പോൾ രണ്ടോ, മൂന്നോ ചോദനകളുടെ പ്രവർത്തനം കൊണ്ടും സ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്.

ഉദാഹരണമായി മയക്കത്തിൽ അലാറം ബെല്ലടിക്കുമ്പോൾ പള്ളിമണിയടിക്കുന്നതായും, സൈറൺ ശബ്ദിക്കുന്നതുമൊക്കെയായി നാം സാധാരണ സ്വപ്നം കാണാറുള്ളതാണ്. ഉറക്കത്തിനു പെട്ടെന്ന് വിഘ്നം വരാതെ മെല്ലെ നമ്മെ ഉണർത്തുകയാണ് ഇത്തരം സ്വപ്നങ്ങൾ ചെയ്യുന്നത്. മറ്റേതെങ്കിലും സംഭവങ്ങളുമായി കൂട്ടിയിണക്കിയായിരിക്കും ഇത്തരം സ്വപ്നങ്ങൾ കാണുക. പള്ളിയിൽ പ്രാർത്ഥിക്കാൻ പോകുന്നതായിട്ടോ മറ്റോ ആയിരിക്കും സ്വപ്നത്തിന്റെ തുടക്കം. പെട്ടെന്ന് പള്ളിമണിയടിക്കുന്നതായി കേൾക്കുകയും അതിന്റെ അവസാനത്തിൽ ഞെട്ടിയുണരുകയും ചെയ്യും. യഥാർത്ഥത്തിൽ 'അലാറംബെൽ' എന്ന ബാഹ്യ ചോദനയെ മസ്തിഷ്കം മാറ്റിമറിച്ചതാണ് ഈ സ്വപ്നം. ഇങ്ങനെ ബാഹ്യ ചോദനകൾകൊണ്ടുണ്ടാകുന്ന സ്വപ്നങ്ങൾ നിരവധിയാണ്. സ്വപ്നങ്ങൾ



എന്നൊരുപാധിയില്ലായിരുന്നെങ്കിൽ നമ്മുടെ ഉറക്കത്തിന് എത്രമാത്രം തടസ്സങ്ങളുണ്ടാകുമെന്ന് ചിന്തിക്കാൻ പോലും കഴിയുകയില്ല. അതുകൊണ്ടുതന്നെയാണ് ഫ്രോയ്ഡ് സ്വപ്നങ്ങളെ "നിദ്രാരക്ഷകൻ" എന്നു വിളിച്ചിട്ടുള്ളതും.

ശാരീരിക കാരണങ്ങൾകൊണ്ടുണ്ടായേക്കാവുന്ന സ്വപ്നങ്ങൾ കൂടി നമുക്കൊന്നു നോക്കാം. വിശന്നു തളർന്നുറങ്ങുന്ന ഒരു മനുഷ്യൻ വിഭവസമൃദ്ധമായ ഒരു സദ്യയിൽ പങ്കുകൊള്ളുന്നതായി സ്വപ്നം കാണുക സാധാരണമാണ്. 'വിശപ്പ്' എന്ന ആന്തരചോദന (Internal Organic Stimuli) യിൽ നിന്നാണ് ആ സ്വപ്നത്തിന്റെ ഉത്ഭവം. സാധാരണയായി ഇത്തരം സ്വപ്നങ്ങൾ മാനസിക പ്രവർത്തനങ്ങളുമായി വളരെയേറെ കൂടിക്കുഴഞ്ഞിരിക്കും. അതുപോലെ ദേഹത്തിലെ ഏതെങ്കിലും അവയവങ്ങളുടെ പ്രചോദനങ്ങളും സ്വപ്നങ്ങൾക്കു കാരണമാകാറുണ്ട്. ലൈംഗികാവയവങ്ങളുടെ പ്രചോദനം അടക്കിപ്പിടിച്ച ലൈംഗികവികാരങ്ങളുമായി കൂട്ടിപ്പിണഞ്ഞ സ്വപ്നങ്ങളായിരിക്കും ഉളവാക്കുക. ഹൃദയത്തിനോ മറ്റും രോഗമുള്ളവർ വളരെ ചെറുതാ പേടിപ്പെടുത്തുന്നവയുമായ സ്വപ്നങ്ങളായിരിക്കും കാണുക. സ്വപ്നത്തിന്റെ അവസാനത്തോടെ അവർ ഞെട്ടിയുണരുകയും ചെയ്യും.

സ്വപ്നസൃഷ്ടിക്കടിസ്ഥാനമായി വർത്തിക്കുന്ന സുപ്രധാനമായ ഒരു ഉറവിടമാണ് മനസ്സ്. അവിടെ നമ്മുടെ ആഗ്രഹങ്ങളും, അഭിലാഷങ്ങളും, കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ചുള്ള ഓർമ്മകളും, ഭയവും, ഇഷ്ടവും, അനിഷ്ടവുമൊക്കെ കാത്തു സൂക്ഷിച്ചിരിക്കുകയാണ്. പക്ഷെ പലപ്പോഴും ബോധമനസ്സ് അവയെ പുറത്തു കൊണ്ടുവരാൻ അനുവദിക്കാറില്ല. കാരണം ബോധമനസ്സിന് വിമ്മിഷ്ടമുണ്ടാക്കുന്നതും കുറ്റബോധമുണ്ടാക്കുന്നതുമായ പല സംഗതികളും അബോധമനസ്സിന്റെ ഉള്ളറകളിൽ കാണുമായിരിക്കും. പക്ഷെ അവ എപ്പോഴും അങ്ങനെ അടിഞ്ഞുകൂടിയിരിക്കാൻ ഇഷ്ടപ്പെടാറില്ല. സ്വപ്നങ്ങളാണ് ഇത്തരം അടക്കിപ്പിടിച്ച വികാരങ്ങൾക്ക് പുറത്തു വരാനുള്ള ഏക മാർഗ്ഗം. ഇന്നും മനഃശാസ്ത്രത്തിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത അത്രമാത്രം കൂടിക്കുഴഞ്ഞ ഒരു പ്രശ്നമാണ് മനസ്സ്. സ്വപ്നങ്ങളുമായി അബോധമനസ്സിനുള്ള ബന്ധത്തെപ്പറ്റി ഇന്നും പഠനങ്ങൾ നടന്നുകൊണ്ടിരിക്കയാണ്.

## എന്താണ് സ്വപ്നങ്ങൾ ?

ആധുനിക ശാസ്ത്രജ്ഞന്മാർ തന്നെ സ്വപ്നങ്ങൾ എന്താണെന്നുള്ള കാര്യത്തിൽ ഭിന്നാഭിപ്രായക്കാരാണ്. ഫാഫ്നർ എന്ന മനഃശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ സ്വപ്നം ഉണർന്നിരിക്കുന്ന ലോകത്തിന്റെ ഒരു തുടർച്ച മാത്രമാണ്. ജെസ്സൻ എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നത് സ്വപ്നങ്ങളുടെ ഉള്ളടക്കത്തെ നിയന്ത്രിക്കുന്നത് ഒരു മനുഷ്യന്റെ വ്യക്തിത്വം, വയസ്സ്, പക്വത, വിദ്യാഭ്യാസം, ജീവിതലക്ഷ്യം സ്വഭാവം എന്നിവയൊക്കെയാണ്. ഹിൽഡ് ബ്രാൻഡ് എന്ന മനഃശാസ്ത്രജ്ഞനാകട്ടെ സ്വപ്നങ്ങളുടെ ഉള്ളടക്കത്തിനു വലിയ പ്രാധാന്യമൊന്നും കല്പിക്കുന്നില്ല. സ്വപ്നങ്ങൾ അവയുടെ വിഷയങ്ങൾ ജീവിതത്തിലെ വളരെ നിസ്സാരവും അവഗണിക്കപ്പെട്ടതുമായ സംഭവങ്ങളിൽ നിന്നാണെടുക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇത്തരം അഭിപ്രായങ്ങൾക്കുള്ള ഒരു ന്യൂനത അവ വേണ്ടത്ര ശാസ്ത്രീയ പഠനത്തിനു ശേഷം നടത്തിയ അഭിപ്രായപ്രകടനങ്ങൾ അല്ല എന്നുള്ളതാണ്. മാത്രമല്ല, പിന്നീട് തികച്ചും ശാസ്ത്രീയമായ ചില പഠനങ്ങൾ നടത്തിയപ്പോൾ ഇത്തരം അഭിപ്രായങ്ങൾ വഴിമാറിക്കൊടുക്കേണ്ടിവരികയും ചെയ്തു.

സിഗ്മണ്ട് ഫ്രോയിഡായിരുന്നു ആദ്യമായി സ്വപ്നങ്ങളെപ്പറ്റി ശരിക്കും ശാസ്ത്രീയമായി പഠിക്കാനൊരുമ്പെട്ടത്. ഒരു ഡോക്ടറും കൂടിയായിരുന്ന അദ്ദേഹം തന്റെ മനോരോഗികളുടെ സ്വപ്നം വിശകലനം ചെയ്തപ്പോൾ അവയ്ക്ക് വലിയ പ്രാധാന്യം കണ്ടു. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ ഇരുളടഞ്ഞ ഭാഗങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ സ്വപ്നങ്ങളുടെ വിശകലനം വളു

ധേയമെ സഹായിക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. വളരെയേറെ പഠനങ്ങൾക്കു ശേഷം ഫ്രോയിഡ് ഒരു സിദ്ധാന്തം രൂപവൽക്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്വപ്നങ്ങളെപ്പററിയുള്ള അഭിപ്രായം അബോധമനസ്സിനെപ്പററിയുള്ള സിദ്ധാന്തങ്ങളുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. ശാരീരിക കാരണങ്ങൾകൊണ്ടുണ്ടാകുന്ന സ്വപ്നങ്ങളൊഴിച്ച് ബാക്കിയെല്ലാം അബോധ മനസ്സുമായി ബന്ധപ്പെട്ടവയാണെന്ന് ഫ്രോയ്ഡ് വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ അവയെല്ലാം ആഗ്രഹസാക്ഷാത്ക്കാരങ്ങളാണെന്നും ഫ്രോയ്ഡ് വാദിച്ചു. മാത്രമല്ല, അവയുടെ മൂലകാരണം ചെറുപ്പത്തിലെ ലൈംഗികവികാരവുമായി ബന്ധപ്പെട്ടു കിടക്കുകയാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ലൈംഗികവികാരം (Sex) എന്ന പദം കൊണ്ട് ഫ്രോയ്ഡ് വിവക്ഷിക്കുന്നത് ദേഹത്തിന് സുഖം നൽകുന്ന എല്ലാററിനെയുമാണ്. ഫ്രോയ്ഡ് സ്വപ്നങ്ങളെ രണ്ടു ഭാഗമാക്കി തിരിച്ചിരിക്കുന്നു. 1. പ്രകടനരൂപം (Manifest Content) 2 ആന്തരികരൂപം (Latent Content) പ്രകടനരൂപം എന്നു പറയുന്നത് നാം കാണുന്നതും ഓർമ്മിക്കുന്നതുമായ സ്വപ്നഭാഗങ്ങളെയാണ്. യഥാർത്ഥത്തിൽ സ്വപ്നത്തിന്റെ ശരിയായ അർത്ഥം ഇതിലല്ല അടങ്ങിയിരിക്കുന്നത്. ആന്തരികരൂപത്തിലാണ് യഥാർത്ഥ അർത്ഥം കുടികൊള്ളുന്നത്. വളരെ ബുദ്ധിപൂർവ്വമായ വിശകലനം കൊണ്ടു മാത്രമേ മാനിഫസ്റ്റ് കണ്ടന്റിൽ നിന്നും ലേററന്റ് കണ്ടന്റ് മനസ്സിലാക്കാൻ സാധിക്കുയുള്ളൂ. കാരണം മാനിഫസ്റ്റ് കണ്ടന്റ് (പ്രകടനരൂപം) വളരെയധികം മാററങ്ങൾക്കു വിധേയമാകുന്നുണ്ട്: അവ 1. പ്രതീകപ്രവർത്തനം (Symbolisation) 2. സംക്ഷിപ്തവൽക്കരണം (Condensation) 3. മാനസികാദേശം (Displacement) 4. സെക്കണ്ടറി ഇലാബറേഷൻ (Secondary Elaboration) എന്നിവയാണ്. ഒരുദാഹരണംകൊണ്ട് ഇവ വെളിവാക്കാം. ഒരു ചെറിയ കുട്ടിയെ സ്കൂളിൽവെച്ച് അദ്ധ്യാപകൻ കഠിനമായി ശകാരിക്കുകയും തല്ലുകയുമൊക്കെ ചെയ്യുന്നു വെയ്ക്കുക. കുട്ടിക്ക് വളരെയേറെ അപമാനവും നിരാശയുമൊക്കെയുണ്ടായെങ്കിലും തല്ലാലത്തെ നിസ്സഹായാവസ്ഥയിൽ ഒന്നും ചെയ്യാൻ പററിയില്ല. വളരെ വേദനയോടെ ഈ സംഭവം കഴിവതും കുട്ടി അടിമനസ്സിലേക്ക് അമർത്തുന്നു: ചിലപ്പോൾ അന്നു രാത്രിയോ, അല്ലെങ്കിൽ ഒന്നോ രണ്ടോ മാസങ്ങൾക്കു ശേഷമോ കുട്ടി താഴെ കാണുന്ന തരത്തിൽ ഒരു സ്വപ്നം കാണുകയാണെന്നു വെയ്ക്കുക. ഒരു പൂച്ചയും എലിയും തമ്മിൽ ഒരു യുദ്ധം നടക്കുന്നുവെന്നും അവസാനം എലി പൂച്ചയെ കൊല്ലുന്നുവെന്നാണ് സ്വപ്നം. ഫ്രോയിഡിയൻ സിദ്ധാന്തമനുസരിച്ച് ഈ സ്വപ്നത്തെ വ്യാഖ്യാനിക്കുകയാണെങ്കിൽ ആദ്യം പറഞ്ഞ എല്ലാ മാററങ്ങൾക്കും ഈ സ്വപ്നം വിധേയമായിട്ടുണ്ടെന്ന് കാണാവുന്നതാണ്. സ്വപ്നത്തിന്റെ മാനിഫസ്റ്റ് കണ്ടന്റ് (Manifest Content) പൂച്ചയും എലിയും തമ്മിലുള്ള യുദ്ധവും അവസാനം പൂച്ച കൊല്ലപ്പെടുന്നതുമാണല്ലോ. പക്ഷെ ഈ വീക്ഷണകോണിൽക്കൂടി നോക്കുകയാണെങ്കിൽ തികച്ചും അസംബന്ധമാണ് സ്വപ്നം: ഇതിന്റെ ലേററന്റ് കണ്ടന്റ് (Latent Content) നമുക്കറിയാം. കുട്ടിയുടെ അബോധമനസ്സിലെ ഒരു ആഗ്രഹം സ്വപ്നത്തിലൂടെ നിറവേറുകയാണുണ്ടായത്. അദ്ധ്യാപകനോട് പകരം ചോദിക്കുക എന്നുള്ള ആഗ്രഹമുണ്ടല്ലോ; അതു ബോധമനസ്സിലേക്ക് കയറി വരാതെ അബോധമനസ്സിന്റെ സഹായത്തോടുകൂടെ സ്വപ്നത്തിൽ സാക്ഷാത്ക്കരിച്ചിരിക്കയാണ്. കുട്ടി എലിയുടെയും പൂച്ച അദ്ധ്യാപകന്റെയും പ്രതിനിധികളാണ് (Symbolic Representation) സിംബോളിസം ബോധമനസ്സിന്റെ കുററബോധം ഒഴിവാക്കാൻ സഹായിക്കുന്നു. വളരെ ചെറുതും കാര്യപ്രസക്തവുമാണീ സ്വപ്നം. ഈ പദ്ധതിയെയാണ് കണ്ടൻസേഷൻ (Condensation) എന്നു പറയുന്നത്. സംഗതികൾ പലതും മാററിയും പ്രാധാന്യം മററു ചിലതിനു നൽകിയുമാണ് സ്വപ്നം കാണപ്പെടുന്നത് (ഡിസ്പ്ളേസ്മെന്റ്). ഉറക്കത്തിനു ശേഷം സ്വപ്നം ഓർമ്മിച്ച് വിശദീകരിക്കുന്നതിനാണ് സെക്കണ്ടറി ഇലാബറേഷൻ എന്നു പറയുന്നത്: ഈ കാര്യങ്ങളൊക്കെ കണക്കിലെടുത്തു, സ്വപ്നം കണ്ടയാളുമായി കൈമാററസംഭാഷണം നടത്തിയ ശേഷം സ്വപ്നം വ്യാഖ്യാനിക്കാൻ ശ്രമിക്കുകയാണെങ്കിൽ നമുക്കതു ശരിക്കു മനസ്സിലാക്കാനും സാധിക്കും. ബോധമനസ്സിനു കുററം തോന്നാത്ത വിധത്തിൽ ആഗ്രഹസാക്ഷാത്ക്കരണം നടന്നതാണിവിടെ സ്വപ്നത്തിൽക്കൂടി. തികച്ചും മാനസികമായ കാരണങ്ങൾ കൊണ്ടാണ് ഈ സ്വപ്നം ഉണ്ടായത്. ഇതിന്റെ സ്വപ്ന വ്യാഖ്യാനസൂത്രങ്ങളുപയോഗിച്ചായിരുന്നു ഫ്രോയിഡ് രോഗികളുടെ മനസ്സിന്റെ ഉള്ളറകൾ കണ്ടെത്തിയിരുന്നത്. തന്മൂലം അവരുടെ രോഗകാരണം ശരിക്കു മനസ്സിലാക്കുവാനും, അവരുടെ രോഗത്തിനു നല്ല ചികിത്സ കണ്ടെത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

ഫ്രോയിഡ് വിശ്വസിച്ചിരുന്ന ചില പ്രതീകങ്ങളി (Symbols) ലേക്കു എത്തിനോക്കുന്നതു് രസാവഹമായിരിക്കും: അവ ഉപയോഗിച്ചു നമ്മുടെ ചില സ്വപ്നങ്ങൾ ഏകദേശം എന്താണ് അർത്ഥമാക്കുന്നതെന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ വീട് കുടുംബത്തിന്റെ സിംബലാണ്. രാജാക്കന്മാർ, രാജ്ഞിമാർ ഇടങ്ങിയവർ മാതാപിതാക്കളെ സൂചിപ്പിക്കുന്നു. സൂര്യൻ, ചന്ദ്രൻ ഇടങ്ങിയവയും മാതാപിതാക്കന്മാരുടെ പ്രതിനിധികളാണ്. അമ്പലങ്ങൾ, പള്ളികൾ ഇടങ്ങിയവ കോളേജുകളുടേയോ, സ്കൂളുകളുടേയോ സിംബലുകളായിരിക്കും: നീണ്ടതായ ഏതു സാധനവും പുരുഷലിംഗത്തിന്റെ സിംബലാണ്. ഉദാഹരണമായി പേന, ചോക്ക്, പിസ്റ്റൽ, വടി ഇടങ്ങിയവ ഏതും സന്ദർഭത്തിനനുസരിച്ചു പുരുഷലിംഗത്തെ സൂചിപ്പിക്കുന്നവയായിരിക്കും. അതുപോലെ ഉള്ള പൊള്ളയായതും, പരന്നതുമായ ഏതു് സാധനങ്ങളും സ്ത്രീലിംഗത്തെ സൂചിപ്പിക്കുന്നു. സിംബലുകൾ വിദ്യാഭ്യാസം, സംസ്കാരം എന്നിവയനുസരിച്ചു മാറിക്കൊണ്ടിരിക്കും. സാധാരണ പ്രതികപ്രവർത്തനങ്ങൾ നടന്നിട്ടുള്ള യുവതീയുവാക്കന്മാർ കാണാറുള്ള ചില സ്വപ്നങ്ങൾക്ക് ഫ്രോയിഡിയൻ സിദ്ധാന്തമനുസരിച്ചുള്ള വ്യാഖ്യാനം താഴെപ്പറയുന്ന രീതിയിലായിരിക്കും. യുവാക്കൾ ആനയുമായി ബന്ധപ്പെട്ട സ്വപ്നങ്ങളാണ് സാധാരണ കാണാറു്. ഇവിടെ ആന ലൈംഗിക ശക്തിയുടെ ഒരു പ്രതിനിധിയാണ് (Symbol of wild sexual energy). പെൺകുട്ടികൾ സാധാരണയായി പാമ്പുമായി ബന്ധപ്പെട്ടവയാണ് കാണാറു്. പാമ്പ് പുരുഷത്വത്തിന്റെ പ്രതിനിധിയാണ് (Musculine nature). സിംബലുകൾ സ്വപ്നത്തിലുപയോഗിക്കുന്നതിന്റെ പ്രധാന കാരണം കുററബോധം ഒഴിവാക്കുവാനും, ബോധമനസ്സിനു ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ഒഴിവാക്കുവാനുമാണ്. ഫ്രോയിഡിന്റെ സ്വപ്നസിദ്ധാന്തത്തിന് അദ്ദേഹത്തിന്റെ അബോധമനസ്സിനെപ്പററിയുള്ള സിദ്ധാന്തവുമായി വളരെ അടുത്ത ബന്ധമുണ്ടെന്നു പറഞ്ഞുവല്ലോ. യഥാർത്ഥത്തിൽ സ്വപ്നങ്ങൾ അബോധമനസ്സിൽ അടിഞ്ഞുകിടക്കുന്നവയെയൊക്കെ പുറത്തു കൊണ്ടുവരികയാണ്. അതുകൊണ്ടുതന്നെയാണ് ഫ്രോയിഡ് സ്വപ്നങ്ങളെ "അബോധമനസ്സിലേക്കുള്ള രാജപാത"യെന്നു വിശേഷിപ്പിച്ചിട്ടുള്ളതും.

## മററു സിദ്ധാന്തങ്ങൾ:—

സ്വപ്നങ്ങളെപ്പററി ആധികാരികമായി മററു ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളവർ ഫ്രോയിഡിന്റെ സഹപ്രവർത്തകരായ കാൾയുങ്ങും ആൽഫ്രഡ് അഡ്ലറുമാണ്. ഇവർ ഫ്രോയിഡിന്റെ അഭിപ്രായങ്ങളെ ഒരു പരിധിവരെ മാനിക്കുന്നുണ്ടെങ്കിലും സ്വപ്നങ്ങളുടെ ലക്ഷ്യത്തെപ്പററി ഭിന്നമായ അഭിപ്രായമുള്ളവരാണ്. യുങ്ങിന്റെ അഭിപ്രായത്തിൽ സ്വപ്നങ്ങൾ അടക്കിപ്പിടിച്ച എല്ലാ തരം വികാരങ്ങളുടേയും ബഹിർപ്രകടനമാണ്. ആഗ്രഹങ്ങളും, ഭയവും, കോപവും സ്നേഹവുമെല്ലാം സ്വപ്നങ്ങളിൽക്കൂടി വെളിയിൽ ചാടുന്നു. ഇവയെല്ലാം അബോധമനസ്സിന്റെ ആസൂത്രണത്തിന്റെ ഫലമായിട്ടാണെന്നും യുങ്ങ് വിശ്വസിക്കുന്നു. അബോധമനസ്സിന് വളരെക്കൂടുതൽ കാര്യങ്ങളറിയാവുന്നതുകൊണ്ട് സ്വപ്നങ്ങൾക്ക് ഒരു പ്രവാചകത്വവും കല്പിക്കുന്നുണ്ട് യുങ്ങ്. സ്വപ്നങ്ങൾ മനുഷ്യന് ഏതായാലും

സഹായകരമാണ് എന്ന വിശ്വാസമാണ് യുങ്ങിനുള്ളത്.

അഡ്‌ലറുടെ അഭിപ്രായത്തിൽ സ്വപ്നങ്ങൾക്ക് ആഗ്രഹസാക്ഷാത്ക്കാരവുമായി വലിയ ബന്ധമൊന്നുമില്ല. അഡ്‌ലർ സ്വപ്നങ്ങളെ കാട്ടുതീയോടാണ് ഉപമിക്കുന്നത്. എന്തെങ്കിലും കത്തുകയാണെങ്കിൽ മാത്രമല്ലേ തീയുണ്ടാകൂ. മനസ്സിന്നടിയിൽ കിടക്കുന്ന എന്തെങ്കിലും ചില സംഭവങ്ങൾക്കുണ്ടാകാവുന്ന മാറ്റങ്ങളായിരിക്കാം സ്വപ്നഹേതുക്കൾ. സ്വപ്നങ്ങൾ ജീവിതത്തെപ്പറ്റി ഒരാൾക്കുള്ള വീക്ഷണത്തെയാണ് പ്രതിഫലിപ്പിക്കുന്നത് എന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. മാത്രമല്ല, സ്വപ്നം, ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യം—നേതൃത്വം—അതിലേക്കുള്ള വഴി തെളിയിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

ഏറ്റവും ആധുനികമായ ഒരു സിദ്ധാന്തം സ്വപ്നങ്ങൾ ചോദന (Stimuli) കൊണ്ടുണ്ടാകുന്നു എന്നും, മസ്തിഷ്കത്തിന്റെ പ്രവർത്തനഫലമായിട്ടാണ് സ്വപ്നങ്ങൾ ഉണ്ടാകുന്നതെന്നുമാണ്. മാത്രമല്ല സ്വപ്നം കാണുമ്പോൾ ഒരു മനുഷ്യന്റെ EEG (Electro Encephalograph) ഉറങ്ങുമ്പോഴുണ്ടാകുന്നതിനെക്കാൾ വ്യത്യസ്തമാണെന്നും ശാസ്ത്രീയമായി തെളിയിച്ചിരിക്കുന്നു.

ഏതായാലും ശാസ്ത്രത്തിന് ഇപ്പോഴും മനസ്സിലാക്കാൻ കഴിയാത്ത പല സംഗതികളും സ്വപ്നങ്ങളെക്കുറിച്ചുണ്ട്. അവയുടെ പല പ്രതലങ്ങളും ഇന്നും ഇരുട്ടിലാണ്ടു കിടക്കുകയാണ്. ഏതായാലും ഒന്നു നമുക്കുറപ്പുവിശ്വസിക്കാം. പ്രവാചകത്വവും ദൈവികത്വവുമൊന്നുമില്ലെങ്കിലും, സ്വപ്നങ്ങൾ ഉപദ്രവകാരികളല്ല. ഒരു പരിധി വരെ സഹായികളുമാണുതാനും. അതുകൊണ്ടുതന്നെയായിരിക്കാം കവികൾ അവയെ 'സ്വർഗ്ഗകുമാരികൾ' എന്നു വിശേഷിപ്പിച്ചിരിക്കുന്നതും. തീർച്ചയായും സ്വപ്നങ്ങളില്ലാത്ത ലോകം വിരസമാണ്, ശൂന്യമാണ്.



## SPORTS DAY



Staff and Guests too competed



The Meet Closes



M. S. Girija
Women Champion of the year
1968-'69



Mr. Ninan Zachariah
Represented the University in Hockey
Year 1968-'69



Padma Raj M. I.
Champion of the year 1968-'69



Mr. T. L. Kuriakose
Represented the University in Hockey
Year 1968-'69



Koshy Mathew
Champion of the year 1958-'69

# ജോണിക്കു പററിയ അമളി

പ്രൊഫ. കെ. ജേക്കബ് എം. എ.

ചിത്രീകരണം:—

ജോൺ മാത്യു എം. എസ്‌സി. പരീക്ഷക്കിരിക്കുകയാണ്. അയാൾക്കു വയസ്സ് 26 ആയി. കുറെയധികം താമസിച്ചാണ് അയാൾ പഠനം ആരംഭിച്ചത് അല്ല സമാരംഭിച്ചത്. (ഇപ്പോൾ ആരംഭിച്ചു എന്നാരും പറയുകയില്ല. സമാരംഭിച്ചു എന്നു വേണം പറയുവാൻ).

തിയറിയെല്ലാം അയാൾ നന്നായി ചെയ്തു. ഇനിയും പ്രാക്ടിക്കൽ മാത്രമേയുള്ളു. പ്രാക്ടിക്കലിനു നഗരത്തിൽ ചെന്നു വേണം കൂടേണ്ടത്. അയാൾ റയിൽവേ സ്റ്റേഷനിൽ ചെന്നു. തീവണ്ടികയറി. നന്നേ ചെറിയ ഒരു മുറിയിലാണ് അയാൾ സ്ഥലം പിടിച്ചത്. അപ്പോഴേക്കും ഒരു യുവസുന്ദരി. ഒരു ഇരുപത്തിയൊന്നു വയസ്സു തോന്നിക്കും. അതിൽ കയറി സ്ഥലം പിടിച്ചു. അവളുടെ കൈയിലും ഫിസിക്സ് പ്രാക്ടിക്കലിനു വേണ്ട ചില പുസ്തകങ്ങൾ എം. എസ്‌സി. കാതടേത് കണ്ടു. അതെല്ലാം അവൾ ധൃതിയിൽ മറിച്ചു നോക്കുകയാണ്.

ചെറുപ്പക്കാരൻ യുവാവും സുന്ദരിയായ യുവതിയും ഫിസിക്സ് എന്ന വിഷയം അവർക്കു തമ്മിൽ ഒരു ബന്ധവും—അവർ തമ്മിൽ സംഭാഷണം സമാരംഭിക്കുമെന്നു സ്പഷ്ടമാണല്ലോ. (ഓ തെററിപ്പോയി പ്രസ്പഷ്ടം എന്നേ ഇക്കാലത്തു പറയാവൂ) ജോണി ചോദിച്ചു. "എന്താ ഫിസിക്സ് പ്രാക്ടിക്കലിനു പോകുകയാണെന്നു തോന്നുന്നല്ലോ."

"അതേ !" എന്നവളുടെ മറുപടി. "ഏതു കോളജിൽ നിന്നാ വരുന്നത് ?"

"ഞാൻ തിരുവനന്തപുരത്തായിരുന്നു" എന്നവൾ ഉത്തരം പറഞ്ഞു.

"അവിടെ ഇരിക്കുകയല്ലേ സൌകര്യം."

"ഓ ഞാനിങ്ങുപോന്നു" എന്നായി അവൾ.

ജോണിക്കു കുറെ ഉത്സാഹം തോന്നി. ആ ദിവസത്തെ പരീക്ഷയ്ക്കു വരാവുന്ന എക്സ്പെരിമെൻറിനെപ്പററിയൊക്കെ അയാൾ സംഭാഷണം സമാരംഭിച്ചു. ആ യുവതി വളരെ ശ്രദ്ധയോടെ അയാൾ പറയുന്നതൊക്കെ കേൾക്കുകയാണ്. ഇടയ്ക്കിടയ്ക്ക് അവൾ ചില സംശയങ്ങൾ ചോദിക്കുകയുമുണ്ടായി. അതിനെപ്പററിയൊക്കെ അവളെ പറഞ്ഞു മനസ്സിലാക്കുന്നതിനു ജോണിക്കു വളരെ രസം തോന്നി

"ഞാൻ ഒരു നല്ല പ്രവൃത്തിയാണ് ചെയ്യുന്നതു" എന്നു അവനു തോന്നാതിരുന്നില്ല. കാരണം ഒരു എക്സ്പെരിമെൻറിൻെറ കാര്യം പറയുമ്പോഴും അവളുടെ വിരണ്ടുള്ള നോട്ടം കണ്ടു ഇവൾ ഇത്തവണ കടന്നുകൂടുന്നതു അല്പം സംശയമാണ്" എന്നവനു തോന്നാതിരുന്നില്ല

* * *

ലാബൊറട്ടറിയിൽ ചെന്നു ജോണി സ്ഥലം പിടിച്ചു. പെൺകുട്ടികൾ ഇരിക്കുന്ന സ്ഥലത്തു നോക്കിട്ടു തീവണ്ടിയിൽ കണ്ട യുവതിയെ കണ്ടില്ല. പേരു ചോദിക്കാനും വിട്ടുപോയി.

കുറച്ചു നേരം കഴിഞ്ഞപ്പോൾ പ്രിൻസിപ്പൽ സാറും ആ യുവതിയുമൊന്നിച്ചു മുറിയിൽ വന്നു. അവളുടെ സ്ഥലം കാണിച്ചു കൊടുക്കാൻ അദ്ദേഹം വന്നതായിരിക്കും. എന്നാൽ പ്രിൻസിപ്പൽ സാർ ഒരു കസേര അവൾക്കു നീക്കിയിട്ടശേഷം "ഡോ. മിസ്സ് ജോസഫ്! ഞാനിനി പോകട്ടെ" എന്നവളോടു പറഞ്ഞു.

ആ യുവതി തിരുവനന്തപുരത്തുനിന്നും വന്ന എക്സാമിനറാണ്. ഇവിടുത്തെ എം. എസ്‌സി പ്രാക്ടിക്കൽ പരീക്ഷ അവളാ

ണു് നടത്തേണ്ടതു്. ദൈവമേ, എന്തെല്ലാം ബുദ്ധിമോശമാണു് എനിക്കു ഇന്നു പററിയതു. എന്നു ജോണിയോർത്തു. കള്ളി! എന്നെ ഇങ്ങനെയിവൾ കളിപ്പിച്ചല്ലോ. ഞാൻ പറയുന്നതൊക്കെ വളരെ ശ്രദ്ധിച്ചു കേട്ടു പഠിക്കുന്ന ഭാവമായിരുന്നു.

അവൾ ജോണിയെ കണ്ടു. അറിഞ്ഞ ഭാവമേ ഇല്ല. അവളുടെ കല്പനയനുസരിച്ചു ഒരു എക്സ്പെരിമെൻറു അവർ ചെയ്യാൻ തുടങ്ങി. എന്നാൽ കഷ്ടകാലമെന്നേ പറയേണ്ടൂ! ജോണി എത്ര ചെയ്തിട്ടും പററുന്നില്ല.

ഓരോരുത്തരുടെയും അടുക്കൽ ചെന്നു അവൾ മാർക്കിടുകയാണു്. ജോണിയുടെ അടുക്കലും ചെന്നു. അവൻ വിഷമിച്ചു വിയർക്കുകയാണു്. അവളടുക്കൽ നില്ക്കുമ്പോൾ ഒന്നുകൂടി ആ എക്സ്പെരിമെൻറു അവൻ ചെയ്തു. അത്തവണ ശരിയായി പററി. സന്തോഷത്തോടെ അവൻ അവളുടെ മുഖത്തുനോക്കി. അവൾ പുഞ്ചിരിച്ചിട്ടു മാർക്കും ഇട്ടു.

വെളിയിലിറങ്ങിയപ്പോൾ അവൻ അവളെപ്പററി അന്വേഷിച്ചു. പ്രൊഫസർ അന്നു ജോസഫ് പി. എച്ച്. ഡി ആണു് അവൾ എന്നവനു മനസ്സിലായി.

കോളേജിൽനിന്നും അവൻ പോകുന്നതിനു മുമ്പു അററൻഡർ കുമാരൻ വന്നു. കോളേജ് വിട്ടുപോകുന്നവർ അയാൾക്കു വല്ലതും കൊടുക്കാറുണ്ടു്. അവനു കുറച്ചു ഇംഗ്ലീഷൊക്കെയറിയാം.

"സാറിനു കൊൺഗ്രാറ്റുലേഷ്യൻസ്" എന്നയാൾ പറഞ്ഞു

"എന്തിനു്?"

"സാറാ എക്സ്പെരിമെൻറു തെററിച്ചു പലതവണ ചെയ്തു. ആ അപ്പാററസിൻെറ വലതുവശത്തുള്ള ദ്വാരം കോർക്കിട്ടടക്കണമായിരുന്നു. സാറതു ചെയ്തില്ല. ആ തിരുവനന്തപുരത്തുകാരി പ്രൊഫസർ പതുക്കെ കൈകൊണ്ടു ആ ദ്വാരം അടച്ചു പിടിച്ചു. അപ്പഴാ ഒത്തതു് അതു ഞാൻ കണ്ടു.

ഹെയ്! ഞാൻ ആ ദ്വാരം കോർക്കിട്ടു അടച്ചിരുന്നു.

"ഇല്ലെന്നു്! കോർക്ക് മേശമേൽ കിടക്കുന്നതു ഞാൻ കണ്ടു. ആ കക്ഷി ആ ദ്വാരത്തിങ്കൽ കൈവച്ചതും ഞാൻ കണ്ടു"

ജോണി ഓർത്തപ്പോൾ അതു സത്യമാണു്. ആ ദ്വാരം അടയ്ക്കാൻ മറന്നുപോയി. ആ ഡോക്ടർ അന്നമ്മ എത്ര നല്ലവളാണു്. അവളുടെ മുഖംപോലെ സൗന്ദര്യമുള്ളതാണു് അവളുടെ ഹൃദയവും എന്നവനു തോന്നി.

നല്ല വാക്കു പറഞ്ഞു ഒരു രൂപയും കൊടുത്തു അയാൾ കുമാരനെ യാത്രയാക്കി.

കുറെനാൾ കഴിഞ്ഞു ജോണി ഒരു യാത്ര പോകയാണു്. ഒന്നാം ക്ലാസിൽ ഒരു ചെറിയ മുറിയിൽ അവൻ കയറി. അപ്പോഴതാ പഴയ പ്രൊഫസർ അന്ന ജോസഫും അതിലിരിക്കുന്നു.

ജോണി സംഭാഷണം സമാരംഭിച്ചു. "എന്നെ നല്ലപോലെ ഒന്നു കളിപ്പിച്ചല്ലോ? ഒരു വിദ്യാർത്ഥിനിയാണെന്നു് അന്നു ഭാവിച്ചില്ലേ."

"എന്നു്?" അവൾ ചോദിച്ചു.

"ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷാദിവസത്തിൽ."

അന്നമ്മ ചിരിച്ചു. ഞാൻ കള്ളമൊന്നും പറഞ്ഞില്ല. ഞാനും പരീക്ഷയ്ക്കു പോകുന്നെന്നേ പറഞ്ഞുള്ളൂ.

"അതു ശരി. ഞാൻ എക്സ്പെരിമെൻറിൻെറ കാര്യമൊക്കെ പറഞ്ഞപ്പോഴും ശ്രദ്ധിച്ചു കേട്ടല്ലോ."

"അതിനെന്താ?"

"ഒന്നുമില്ല. ഞാനൊരു പരീക്ഷയ്ക്കു കൂടാൻ പോകുന്ന ഒരു സ്റ്റുഡൻറാണെന്നു്."

"അതു ശരി."

"ഞാനന്നു ചെയ്ത എക്സ്പെരിമെൻറ് ഓർക്കുന്നുണ്ടോ?"

"ഉണ്ടു്."

"ഞാനതു മൂന്നു തവണ ചെയ്തു. ഒത്തില്ല. നാലാമത്താണു് ഒത്തതു്."

"അതും ഞാൻ കണ്ടു."

"അതെന്താണു് ആദ്യം ഒക്കാഞ്ഞതു്?"

"എന്തോ പിശകുണ്ടായിരുന്നു." അന്നമ്മ സംശയം പറഞ്ഞു.



"എനിക്കറിയാം. നിങ്ങളെന്നെ സഹായിച്ചു" എന്നു ജോണി.

"ഞാനെന്തു സഹായിച്ചു."

കൈകൊണ്ടു ആ ദ്വാരം അടച്ചു പിടിച്ചു.

അന്നമ്മ ഞെട്ടി "ഇതാര പറഞ്ഞു" എന്നവൾ ചോദിച്ചു.

"ആ അററൻഡർ കുമാരൻ പറഞ്ഞു."

"ഓ! ആപത്തായി. എല്ലാവരും അറിഞ്ഞായിരിക്കും."

"ഇല്ലെന്നു്! ആരും അറിയുകേല. കോളേജ് അടച്ചു എല്ലാവരും വീട്ടിൽ പോയല്ലോ?"

"എന്നാലും അയാൾ വല്ലവരോടുമൊക്കെ പറഞ്ഞു കാണും. ആപത്തായി."

"ഒന്നുമില്ലെന്നു്. നന്മചെയ്തിട്ടൊരാപത്തു വന്നാലതു സാരമില്ല."

"എനിക്കു സാരമുണ്ടു്. ചീത്തപ്പേരുമാകും."

"ഒന്നും വരികയില്ല. ഒരു സാധു വിദ്യാർത്ഥിയെ സഹായിച്ചാലെന്തു വരാൻ പോകുന്നു."

ഏതായാലും ആപത്തൊന്നും വന്നില്ല. നാലു വർഷം കഴിഞ്ഞപ്പോൾ ബോംബെയിൽ ഒരു വലിയ സ്ഥാപനത്തിൽ ജോൺ മാത്യുവിനു ജോലി കിട്ടി. അവനും പി എച്ച്. ഡിയാണു്. അന്നമ്മയും അവിടെത്തന്നെയാണു്. അവർ രണ്ടുപേർക്കും ഓമനയായ ഒരു പൈതൽ, ഒരാൺ കുട്ടി ഉണ്ടു്. അവർ ഭാര്യാഭർത്താക്കന്മാരായിട്ടു രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു.

---

# ഇന്നത്തെ വിദ്യാഭ്യാസം

Abraham Thariyan— Sr. P.D.C Group II

"ഇൻഡ്യൻ വിദ്യാഭ്യാസം തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക്" എന്നെല്ലാം വലിയ നേതാക്കൾ പ്രസംഗിക്കുന്നത് കേൾക്കാം. പക്ഷെ, അതു പരിഹരിക്കുവാനുള്ള നടപടി ആരും സ്വീകരിക്കുന്നില്ല എന്നത് നിരാശാജനകമാണ്.

ഇന്ന് വിദ്യാർത്ഥികൾക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടതായിട്ടുണ്ട്. അനേക പ്രശ്നങ്ങൾ ഗവണ്മെൻറുതന്നെ സൃഷ്ടിക്കുന്നു എന്നത് പരിതാപകരം തന്നെ. പകലും രാത്രിയുംപോലെ മാറിമറിയുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങൾ തികച്ചും സ്വാഗതാർഹമല്ല. ഒരു തരത്തിലുള്ള അദ്ധ്യയനരീതി മനസ്സിലാക്കുന്നതിനു മുൻപുതന്നെ ഉടനെയായി അടുത്ത പരിഷ്കരണം. ഒന്നുകിൽ അദ്ധ്യാപനരീതിയിലായി, അല്ലെങ്കിൽ അദ്ധ്യയന മാദ്ധ്യമത്തിലായി, ഒന്നുമില്ലെങ്കിൽ പരീക്ഷാരീതിയിലായി. കഴിഞ്ഞ പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ നടന്നിരിക്കുന്ന പരിഷ്കാരങ്ങൾ കുറച്ചൊന്നുമല്ല. ഇതുകൊണ്ട് സിദ്ധിച്ചിരിക്കുന്നതോ, കാര്യമായിട്ടൊന്നുമില്ലതാനും.

ആദ്യമായി ഭാഷാപഠനം എടുക്കാം. ഭാഷാപോഷണത്തിനുവേണ്ടി രാജ്യത്തിലെ എല്ലാ ഭാഷയും പഠിക്കണമെന്നു പറഞ്ഞാൽ കുറച്ചു പ്രയാസമാണ്. എസ്.എസ്.എൽ. സി. വരെ പഠിക്കുമ്പോൾ ഒരു വിദ്യാർത്ഥിയ്ക്ക് മാതൃഭാഷയായി മലയാളവും, രാഷ്ട്രഭാഷയായി ഹിന്ദിയും "ലോകഭാഷ" യായി ഇംഗ്ലീഷും പഠിക്കണം. ഇതിനു പുറമെ അവികസിത ഭാഷാപോഷണത്തിനുവേണ്ടി കൊങ്ങിണികൂടെ പഠിപ്പിക്കുവാൻ തീരുമാനിക്കാതിരിക്കുന്നത് നമ്മുടെ ഭാഗ്യം. ഇത്രയും പഠിപ്പിച്ചു കഴിയുമ്പോൾ, ഏററവും പ്രധാനമായ സയൻസും ഇതരവിഷയങ്ങളും പഠിപ്പിക്കുവാൻ സമയം ഉലോം കുറവാണ്. അങ്ങനെ സയൻസിലുംമററും അടിസ്ഥാനം ഉറയ്ക്കാതെ വരുന്ന വിദ്യാർത്ഥി കോളജിൽ വരുന്നതോടെ, ആകെ മാറി, പഠനമാദ്ധ്യമം മാറി, പരീക്ഷാരീതിയും മാറി( യൂണിററ് ടെസ്ററ് പോയി എസ്സെ ടൈപ്പ് ആയി) ഭാഷാവിഷയങ്ങൾ കുറഞ്ഞു. ഇരു വിഷയങ്ങളെയുള്ളു. അതും വളരെ ഉയർന്ന തോതിലും. അങ്ങനെ ആകെപ്പാടെ ഒരു മാററം. പണിയാനുള്ള പാലവും അപ്രോച്ച് റോഡും, 2 കോൺട്രാക്ടേഴ്സിന് കൊടുത്തു. പണിതു കഴിയുമ്പോൾ അവ രണ്ടും രണ്ടു ദിക്കിലേക്ക് പരസ്പരബന്ധമില്ലാതെ നിൽക്കുന്നതുപോലെയാണ് സെക്കണ്ടറി വിദ്യാഭ്യാസവും കോളജ് വിദ്യാഭ്യാസവും.

ഇനിയും കോളജിലെ അദ്ധ്യയനമാദ്ധ്യമം അതതു സ്ഥലങ്ങളിലെ മാതൃഭാഷയാകണം എന്ന് ഒരു നിർദ്ദേശം ഈയിടെ പൊന്തിവന്നിട്ടുണ്ട്. ഇത്തരം പ്രാദേശിക മനഃസ്ഥിതിയോടെ ദീർഘവീക്ഷണമില്ലാത്ത നിർദ്ദേശങ്ങൾ കേവലം സങ്കുചിത ദേശഭക്തിയിൽനിന്നുമാത്രം ഉടലെടുത്തിരിക്കുന്നതാണ്. അത് ദേശീയത്വത്തെ തകർക്കുന്നു, മററു രാജ്യങ്ങളുമായ അടുപ്പത്തെ ബാധിക്കുന്നു. വിദേശവിദ്യാഭ്യാസത്തിനുള്ള അവസരങ്ങളെ ഇല്ലാതാക്കുന്നു.

"ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരെന്നു" തെരുവ് പ്രസംഗം നടത്തുന്ന വിദ്യാഭ്യാസതത്ത്വജ്ഞരെന്ന് നടിക്കുന്ന ഈ രാഷ്ട്രീയനേതാക്കൾ, 'നാളത്തെ പൗരന്മാർ' ബാഹ്യലോകവുമായി ഒരടുപ്പവുമില്ലാതെ കേവലം കൂപമണ്ഡൂകങ്ങളായി കഴിയണമെന്നാണോ ആഗ്രഹിക്കുന്നത്?

അനേക വർഷങ്ങളിലെ നിരന്തരസാംസ്കാരിക വിപ്ലവങ്ങളിലൂടെ ഉയർന്നിരി



ക്കുന്ന ഇംഗ്ലീഷിനോട് ഒത്തുനിൽക്കുവാൻ ഹിന്ദിക്കോ മലയാളത്തിനോ, രണ്ടു നൂററാണ്ടുകൾക്ക ശേഷമെങ്കിലും സാധിക്കുമോ എന്ന് സംശയമാണ്. ഈ "പരിഷ്കാരം" നടത്തപ്പെടുന്നപക്ഷം ഉപരിപഠനത്തിന്റെ പരിധി നിർണ്ണയിക്കപ്പെടും. പുറം സ്റ്റേററുകളിലെ ജോലികൾ നമുക്ക് ലഭിക്കയില്ല. ഇതൊന്നും ചിന്തിക്കാതെ പരിഷ്കരണം നടത്തുന്നവർ സമർത്ഥർ തന്നെ! ഈ വക കാര്യങ്ങളിൽ വിദ്യാർത്ഥിക്ക തന്റെ അഭിപ്രായം രേഖപ്പെടുത്തണം എന്ന ഉദ്ദേശ്യത്തിലായിരിക്കണം സെനററിൽ വിദ്യാർത്ഥി പ്രതിനിധികൾക്ക് സ്ഥാനം കൊടുക്കണം എന്ന നിർദ്ദേശമുണ്ടായത്. എന്നാൽ അതു സംഭവിച്ചാൽ തന്നെയും, അവർ തനി വിദ്യാർത്ഥിപ്രതിനിധികളോ അതോ രാഷ്ട്രീയ പ്രതിനിധികളോ എന്ന് നാം തന്നെ ചിന്തിക്കണം.

ഇനിയും വിദ്യാർത്ഥികളോട് രണ്ടു വാക്ക്! ഇന്ന് രാഷ്ട്രീയക്കാർ വിദ്യാർത്ഥികളെ തങ്ങളുടെ കാര്യസിദ്ധിക്കുള്ള കരുവായി മാററിയിരിക്കുകയാണ്. പഠിക്കാൻ കഴിവില്ലാത്ത വിദ്യാർത്ഥിയുടെ മററു കഴിവുകളെ കാണിക്കുന്നതിനുള്ള ഒരു ശക്തിപ്രകടനമാണ് സമരം. അങ്ങനെ ശക്തിപ്രകടനം കാണിക്കുന്ന വിദ്യാർത്ഥിയെ നേതാവാക്കി സമരം തൊഴിലാക്കുന്ന കഴിവുള്ള വിദ്യാർത്ഥികളോ, ഇക്കാര്യം മനസ്സിലാക്കുന്നതുമില്ല. രാഷ്ട്രീയാഭിരുചി, വിദ്യാർത്ഥിയുടെ പഠനത്തെ ബാധിക്കുന്നു, ഭാവിയെ നശിപ്പിക്കുന്നു. ഇത്തരം സമരങ്ങൾ ഇന്ന് ഭാരതത്തിൽ മാത്രമല്ല, എല്ലാ രാജ്യങ്ങളിലും സാധാരണമാണ്. ഇത് നമ്മുടെ സാംസ്കാരികവും ധാർമ്മികവുമായ അധഃപതനമാണ്. ഇതെല്ലാം മനസ്സിലാക്കിയിട്ടും, തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാതെ, രാഷ്ട്രീയകക്ഷികളുടെ കളിപ്പാവകളാകുന്ന വിദ്യാർത്ഥിനേതാക്കന്മാരുടെയും, അവരുടെ പിറകിൽക്കൂടി കൂലിക്ക് സമരം ചെയ്യുന്ന വിദ്യാർത്ഥികളുടെയും നിലയും മനോഭാവവും ആശങ്കാജനകം തന്നെ.

# പ്രതീക്ഷകൾ തകർന്നപ്പോൾ

എബ്രഹാം പീറ്റർ, വാഴൂർ (പൂർവ്വവിദ്യാർത്ഥി)

എന്തിനാണ് എല്ലാവരും പൊട്ടിച്ചിരിക്കുന്നത്? കളിയാക്കുകയാണോ? ചിലർ എന്തൊക്കെയോ പൊറുപൊറുക്കുന്നു. കുററം പറയുകയാണോ? ഞാനെന്തു കുററമാണ് ചെയ്തത്? ആരെയെങ്കിലും എന്തെങ്കിലും വിധത്തിൽ ദ്രോഹിച്ചിട്ടുണ്ടോ? ഉണ്ടായിരിക്കാം. അപ്പോൾ കുററക്കാരനായിരിക്കാം. പിന്നെന്താണ് ചിലർ സഹതാപത്തോടെ നോക്കുന്നത്? ഞാൻ പാവമായതുകൊണ്ടാണോ? പാവമാണെങ്കിൽ തെരുവുകുട്ടികൾ ഭ്രാന്തൻ എന്നു വിളിക്കുമോ? അവർക്കായിരിക്കും ഭ്രാന്ത്. എല്ലാവർക്കും ഒരുമിച്ചു ഭ്രാന്തു വരുമോ? ഇല്ല. പിന്നെ?...

എന്തിനുവേണ്ടിയാണ് അച്ഛൻ എന്നെ കോളേജിൽ വിട്ടത്? പഠിക്കാനോ? പണക്കാരുടെ മക്കളുടെ കൂടെ പാവപ്പെട്ട അച്ഛനും അവന്റെ മകനെ കോളേജിൽ വിട്ടു. പാടുപെട്ട് കാശുണ്ടാക്കി. തഴമ്പിച്ച കൈകൾ കൂപ്പി അയാൾ എന്നും പ്രാർത്ഥിക്കുമായിരുന്നു. എന്തായിരുന്നു ആ പ്രാർത്ഥനകൾ? ഞാനൊരു വലിയ ആളായിത്തീരണമെന്നായിരുന്നോ? എന്നിട്ട് വലിയ ആളായോ? അമ്മയ്ക്ക് എന്നെ എന്തിഷ്ടമായിരുന്നു! ഞാനും അമ്മയെ സ്നേഹിച്ചിരുന്നു. പിന്നെന്താണ് അമ്മ ഓടി ഒളിച്ചത്? പഠിക്കുവാൻ പോയിട്ട് പഠിക്കുകയായിരുന്നോ? പ്രേമത്തിനു പുറകെ ഓടി നടന്നില്ലേ? എന്തിനാണ് ഗീതയെ സ്നേഹിച്ചത്? അവൾ പണക്കാരിയല്ലായിരുന്നോ? ഗീതയെ സ്നേഹിച്ചതിൽ ഞാൻ തെററുകാരനല്ല. അവളാണ് ആദ്യം പ്രേമാഭ്യർത്ഥന നടത്തിയത്. അപ്പോൾ എന്തുകൊണ്ട് അതു നിരസിച്ചില്ല? അതൊരു തെററല്ലേ? എന്നിട്ടും അവൾ വഞ്ചിച്ചില്ലേ? ഗീത കാണിച്ചത് കൊടുംചതിവല്ലായിരുന്നോ? പഠിക്കാതെ നടക്കാൻ കാരണക്കാരി അവളല്ലായിരുന്നോ? ആദ്യമായി തോൽവിയെ നേരിട്ടപ്പോൾ ഹൃദയം തകർന്നുപോയി; മനസ്സു നുറുങ്ങിപ്പോയി. അച്ഛന്റെ പ്രതീക്ഷകൾ തകർന്നു. രോഗിയായ അച്ഛൻ മൂർച്ഛിച്ചു വീണു. എനിക്കുവേണ്ടി കഷ്ടത അനുഭവിച്ചതിന്റെ ശിക്ഷയായിരുന്നോ അത്? ആയിരുന്നിരിക്കും. അനുഭവിക്കട്ടെ. എങ്കിലും അച്ഛന്റെ പ്രതീക്ഷകളെ തകർത്തു ഞാനല്ലേ? അച്ഛൻ ഇന്നെവിടെയാണ്? മരിച്ചവരുടെ നാട്ടിലോ? അമ്മയുടെ അടുത്താണോ അച്ഛനും? അമ്മ മരിച്ചു. അച്ഛനും മരിക്കുകയായിരുന്നോ? അതോ കൊല്ലുകയായിരുന്നോ? അതേ അച്ഛനെ കൊന്നു. എന്റെ തോൽവിയാണ് അച്ഛനെ കൊന്നത്. ഞാനാണ് ഘാതകൻ. പോലീസുകാർ എന്നെ പിടിക്കുമോ? ഞാനാണ് അച്ഛനെ കൊന്നതെന്ന് ആരും പറഞ്ഞു കൊടുക്കരുതേ......ഞാനൊരു പാവമാണേ. അച്ഛാ...എന്നോടു ക്ഷമിക്കില്ലേ? ഗീത ഇന്നെവിടെയാണ്? അവൾ മരിച്ചോ? ഇല്ല. വഞ്ചകി മാത്രം മരിച്ചില്ല. മാപ്പിരന്നുകൊണ്ട് അവളെന്തിനു കത്തെഴുതി? വഞ്ചനയ്ക്കു പകരം മാപ്പോ? ഇല്ല...മാപ്പു തരില്ല. അവളും മരിക്കണം. അവൾ ഭർത്താവിന്റെ കൂടെ ജീവിച്ചുകൂടാ. ഗീതേ...നിന്റെ രക്തത്തിൽ ഞാനെന്റെ കൈകൾ കഴുകി പാപമോചനം നേടും. നീ സൂക്ഷിച്ചുകൊൾക. എനിക്കു ജീവിക്കുവാൻ വലിയ ആഗ്രഹമൊന്നുമില്ല. എന്തിനായി ജീവിക്കണം? ആർക്കുവേണ്ടി ജീവിക്കണം? മരിച്ചാലോ? അവിടെ മരിച്ചവരുടെ നാട്ടിൽ പോകാം. അവിടെ അച്ഛനും അമ്മയും ഉണ്ട്. അവരോടൊപ്പം സുഖമായി ജീവിക്കാം. എങ്ങനെ മരിക്കാം? ആരെങ്കിലും കൊന്നിരുന്നെങ്കിൽ...കൊലയാളി ആകുവാൻ ആരും ഇഷ്ടപ്പെടില്ലായിരിക്കാം. തെരുവിലേക്കു പോകാം. തെരുവുകുട്ടികൾ കൂകിവിളിക്കും. വിളിക്കട്ടെ. കളിയാക്കട്ടെ. ഭ്രാന്തൻ, ഭ്രാന്തൻ എന്ന് ആർത്തു വിളിക്കട്ടെ. കരിങ്കല്ലുകൊണ്ടു തലയിൽ എറിയട്ടെ. അങ്ങനെ മരിക്കും. മരിക്കട്ടെ.

കൂരിരുട്ട്. ആരെങ്കിലും ഈ ഇരുട്ടിൽ പതിയിരിപ്പുണ്ടോ? തെരുവുകുട്ടികൾ കല്ലുമായി നില്പുണ്ടോ? ആരൊക്കെയോ വരുന്നുണ്ടോ? വടിയും കല്ലും കൈയിൽ ഉണ്ടോ? എന്നെ പിടിക്കാനായിരിക്കാം. ഓടിയാലോ? പുറകോട്ടു തിരിഞ്ഞു. അതാ വരുന്നു അവൾ. ഗീത! യക്ഷിയാണവൾ. എന്നെ അവൾ ഇഞ്ചിഞ്ചായി കീറും. എന്റെ ചോര ഊററിക്കുടിക്കും. ആ കണ്ണുകൾ എത്ര ഭീകരം! തല ഒരു വശത്തേക്കു തിരിച്ചു. അതാ അച്ഛനും അമ്മയും ഇരിക്കുന്നു. എന്നെ വിളിക്കുന്നു. അവരുടെ അടുത്തേക്കു വിളിക്കുന്നു. അവരുടെ അടുത്തേക്ക് ഓടിപ്പോയാലോ? അതാ തെരുവുകുട്ടികൾ വരുന്നു. അവർ അടുത്തടുത്തു വരുന്നു. നിന്നാൽ രക്ഷയില്ല. ഇറങ്ങി ഓടിയാലോ?

ഓടി. കൂരിരുട്ടിൽ കുണ്ടും കുഴിയും ചാടി ഓടി. എങ്ങോട്ടെന്നില്ലാതെ ഓടി. ജീവിതത്തിലെ സകല പ്രതീക്ഷകളും തകർന്ന ഒരു മനുഷ്യാത്മാവ് ഒരു അഭയസ്ഥാനം തേടി ഓടുന്നു. അവസാന ഓട്ടം! അതെവിടെ അവസാനിച്ചു? അടുത്ത പ്രഭാതത്തിൽ റെയിൽപ്പാളത്തിൽ തലയററു കിടക്കുന്ന ഒരു മൃതദേഹം ആളുകൾ കണ്ടു.

# "ഇന്ദുലേഖയും ഒയ്യാരത്തു ചന്തുമേനോനും"

ലേഖനം. എം. ടി. എസ്സ്. മേനോൻ, ബാംപ്പൂർ.

സഹൃദയന്മാർക്കെല്ലാം സുപരിചിതനായ ഒരു നോവലിസ്റ്റാണ് ഒയ്യാരത്തു ചന്തുമേനോൻ. നിരൂപകന്മാരുടെ പുകഴ്ചയോ കൃതികളുടെ എണ്ണക്കൂടുതലോ അല്ല അദ്ദേഹത്തെ പ്രസിദ്ധനായ ഒരു നോവലിസ്റ്റാക്കിയതു്. "ഇന്ദുലേഖ'' എന്ന ഒറ്റ നോവലിലൂടെയാണ് അദ്ദേഹം പ്രസിദ്ധനായിത്തീർന്നതു്. മലയാളത്തിലെ നോവൽസാഹിത്യത്തിൽ മൂപ്പുകൊണ്ടും നല്പുകൊണ്ടും പ്രഥമഗണനീയമായ ഒന്നാണ് 'ഇന്ദുലേഖ.' ചന്തുമേനോൻ "ശാരദ'' എന്ന ഒരു അപൂർണ്ണകൃതിയുടെ കൂടി കർത്താവാണ്. അങ്ങനെ വെറും രണ്ടു കൃതിയുടെ കർത്താവായ ചന്തുമേനോൻ ഇന്ന് ഭാഷാപ്രേമികളുടെ ആസ്വാദകമനസ്സിൽ ഒരു പ്രത്യേക സ്ഥാനത്തിന് അർഹനായിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ കൃതികൾ വായിച്ചു രസിക്കുവാനുള്ള ആസ്വാദകമണ്ഡലം വളരെയേറെ വികസിച്ചിരിക്കുകയാണ്.

ഇതിലെ പ്രതിപാദ്യവിഷയം നോവൽസാഹിത്യത്തോടു വളരെ കടപ്പെട്ടിരിക്കുന്നതിനാൽ ആയതിനെക്കുറിച്ചുകൂടി സ്വല്പം ഇവിടെ പ്രസംഗിക്കേണ്ടിയിരിക്കുന്നു. 'മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭവ്യവുമായ ഒരു ഇതിവൃത്തത്തെ ആഖ്യാനം ചെയ്തു് കാവ്യാനുഭൂതി ഉളവാക്കുന്ന ഒരു ഗദ്യഗ്രന്ഥമാണ് നോവൽ' എന്നാണ് പ്രസിദ്ധ നിരൂപകനായ ശ്രീ എം. പി. പോൾ പ്രസ്താവിച്ചിട്ടുള്ളതു്. ആഖ്യായികകളിൽ തന്നെ സാമുദായികനോവൽ, ചരിത്രനോവൽ, രാഷ്ട്രീയനോവൽ, മനശ്ശാസ്ത്രനോവൽ, കുറ്റാന്വേഷണനോവൽ എന്നിങ്ങനെ വളരെയധികം വിഭാഗങ്ങളുള്ളതിൽ 'ഇന്ദുലേഖയും' 'ശാരദ'യും ആദ്യവിഭാഗത്തിൽ പെടുന്നവയാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. 1740-ൽ ആണ് ഇംഗ്ലീഷിലെ ആദ്യത്തെ നോവൽ പ്രസിദ്ധീകൃതമായതു്. (റിച്ചാർഡ്സൻ രചിച്ച 'പമില'). മലയാളത്തിൽ 1857 ൽ അപ്പു നെടുങ്ങാടി 'കുന്ദലത' എന്ന ഒരു നോവൽ എഴുതിയുണ്ടാക്കിയെങ്കിലും അതിനെ ഒരു നോവലായി കണക്കാക്കുവാൻ ആസ്വാദകമണ്ഡലം ഒരുങ്ങിയിട്ടില്ല എന്നതാണു വാസ്തവം. പിന്നീട് 1889-ൽ ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ'യാണ് മലയാളനോവൽ സാഹിത്യത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലായി അംഗീകരിച്ചിട്ടുള്ളതു്.

പാത്രസൃഷ്ടിയിലാണ് കഥാകൃത്തിന്റെ കഴിവു പ്രകടമാകുന്നതു്. അങ്ങനെയാകുമ്പോൾ ആ കഥ കഥാപാത്രങ്ങളെപ്പോലെ തന്നെ പ്രചുരപ്രചാരമാർന്നതായിരിക്കണം. നിരീക്ഷണപടുവായ അദ്ദേഹം നായികയായ ഇന്ദുലേഖയുടെ ചിത്രീകരണത്തോടെ താൻ കണ്ട കുലീനസ്ത്രീസ്വഭാവത്തെ വിദഗ്ദ്ധമായി ആവിഷ്കരിക്കുകയാണ് ചെയ്തതു്. കാളിദാസമഹാകവി പറഞ്ഞിട്ടുള്ളതുപോലെ ശൃംഗാരജീവിതങ്ങളായ സകലവസ്തുക്കളുടെയും ഏകോപിച്ചുള്ള സഹായത്താൽ ധാതാവു് തന്റെ സകല സൃഷ്ടികളിൽ നിന്നും അപാരമായി അതിവിശിഷ്ടമായിരിക്കുന്ന ഒരു സ്ത്രീ രൂപത്തെ മനസ്സിൽ സങ്കല്പിച്ചു് ആയതിനു് ജീവൻ കൊടുത്തതോ എന്നു തോന്നത്തക്ക തേജസ്വിനിയായ ഒരു കന്യകാരത്നമാണ് ചന്തുമേനോന്റെ മനോദർപ്പണത്തിൽ വിളങ്ങിനിന്ന ഇന്ദുലേഖയും. അതുപോലെതന്നെ വാർദ്ധക്യാതിരേകത്താൽ ഏറെക്കുറെ നഗ്നങ്ങളായ കൊമ്പുകളുടെയും അതുകളിൽ അവിടവിടെയായി നില്ക്കുന്ന ഇലകളുടെയും നിഴലുകളും വെൺനിലാവുംകൂടി ഇടകലർന്നു് യോജിച്ചിട്ടുള്ളതിനാൽ അവ്യക്തമായ ഒരു പട്ടുറാൻ വൃക്ഷമോ എന്നു് തോന്നിപ്പിക്കത്തക്ക നിലയിലുള്ള സൂരിനമ്പൂതിരിപ്പാടും രംഗത്തുതന്നെ



യുണ്ടു്. പക്ഷെ അനാവശ്യമായ കൃത്രിമമോടികൊണ്ടു് സ്ത്രീസൃഷ്ടിയുടെ അത്ഭുതപൂർവമായ ഈ മാതൃകയുടെ വിശിഷ്ടതയെ ദുഷിപ്പിക്കുവാൻ ചന്തുമേനോൻ ഒട്ടുംതന്നെ ഉദ്യമിച്ചില്ലെന്നു പറയേണ്ടിയിരിക്കുന്നു.

സ്രഷ്ടാവിന്റെ ഗുണം സൃഷ്ടിയിലും ഉണ്ടായിരിക്കുമെന്ന സാമാന്യതത്വം നമുക്ക് ഇവിടെയും ദർശിക്കാവുന്നതാണ്. കോടതിയിൽ ചെണ്ടകൊട്ടിച്ച സരസനായ ചന്തുമേനോനെയാണ് ഇന്ദുലേഖയിലൂടെ നാം കാണുന്നതു്. 'എനിക്ക് നല്ല ഭ്രാന്താണ്—കലശലായ ഭ്രാന്തു്'— (സംഗീതത്തിൽ) എന്നു പറഞ്ഞതിനു് 'ശരിതന്നെ, സംശയമില്ല' എന്ന മറുപടിയോടെ സൂരിനമ്പൂതിരിപ്പാടിനെ ഭ്രാന്തനായി ചിത്രീകരിച്ച ഇന്ദുലേഖ ശരിയ്ക്കും ചന്തുമേനോന്റെ തനിപ്പതിപ്പാണ്. സമുദായത്തെ പരിഷ്കരിച്ചെടുക്കുവാൻ വേണ്ടിയല്ലേ കുഞ്ചൻനമ്പ്യാരെപ്പോലെ അദ്ദേഹവും സൂരിനമ്പൂതിരിപ്പാടിനെപ്പോലെയുള്ള പട്ടവിഡ്ഢികളെ തന്റെ പേനത്തുമ്പിനാൽ വരച്ചിട്ടതു് എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്ദുലേഖയുടെ മുമ്പിൽവച്ചു് സമയം നോക്കുവാൻ മടിയിൽനിന്നും പൊൻഗഡിയാൾ എടുത്തുനോക്കുന്ന നമ്പൂതിരിപ്പാടിനെ നാം നേരിൽ ദർശിക്കുന്നപോലെ തോന്നിപ്പോകും. അയാളുടെ പ്രേമചേഷ്ടകൾ 'ഇത്രയും വേണ്ടായിരുന്നു' എന്നു് വായനക്കാർക്ക് തോന്നത്തക്കവിധമാണ് മേനോൻ ചിത്രീകരിച്ചിരിക്കുന്നതു്. ഒരേസമയം തന്നെ 'ഇന്ദുലേഖ' യെയും, തോഴി 'അമ്മു'വിനെയും, 'ശിമാതാവു്' 'ലക്ഷ്മിക്കുട്ടിയമ്മ' യെയും, കല്യാണപട്ടരുടെ മകൾ 'കല്യാണി'യെയും കല്യാണംകഴിച്ചു് ദാമ്പത്യജീവിതം നയിക്കാൻ വെമ്പുന്ന സൂരിനമ്പൂതിരിപ്പാടിന്റെ സ്വഭാവം വിചിത്രംതന്നെ. സൂരിനമ്പൂതിരിപ്പാടിനെ കാണുന്ന മാത്രയിൽ തന്നെ അയാൾ ഒരു പട്ടവിഡ്ഢിയും സ്ത്രീസുഖത്തെ മാത്രം കാംക്ഷിക്കുന്നവനും ആണെന്നു് മനസ്സിലാക്കാം.

"വിശപ്പിന്നു വെറുപ്പോളം വിഭവങ്ങളശിച്ചാലും,
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാക്കും''–

എന്നു പറയുന്ന വാസവദത്തയെക്കാൾ ദുർബലനാണ് സൂരിനമ്പൂതിരിപ്പാട്.

സൂരിനമ്പൂതിരിപ്പാടിനെ ആക്ഷേപിക്കുകയും ചെറുശ്ശേരിനമ്പൂതിരിയെ ബഹുമാനിക്കുകയും ചെയ്യുന്ന ഇന്ദുലേഖയുടെ സ്വഭാവം പ്രശംസാർഹമാണ്. നന്മയെ സ്വീകരിക്കുവാനും തിന്മയെ കൈവെടിയുവാനുമുള്ള ഇന്ദുലേഖയുടെ കഴിവു് അസാമാന്യം തന്നെ.

"പൊതുവഴിപോകുന്നേരമിതുവഴി
കാണുന്നാകിൽ
ഒരുവഴി നേർവഴിക്കു തിരിയുവാനറി
വുവേണം
സത്യവുമസത്യവും കൃത്യവുമകൃത്യവും
നിത്യവുമോർത്തിടുന്നോർക്കതിലില്ലാരി
ക്കലും."

എന്ന കവിതാവാക്യം ഇന്ദുലേഖയെ സംബന്ധിച്ചിടത്തോളം വളരെ പരമാർത്ഥമാണ്. അവൾ ശുദ്ധമനസ്കയാണെങ്കിലും കാമചാപല്യങ്ങൾക്ക് ഒരിക്കൽ അടിമപ്പെടുന്നുണ്ട്. മാധവന്റെ കത്തു വന്നപ്പോൾ അവൾ കാട്ടിയ ചേഷ്ടകൾ ഇതിനൊരു തെളിവാണ്. സദ്ഗുണസമ്പൂർണ്ണയായ ഒരു മനുഷ്യജീവിതം ഉണ്ടാവുക സാദ്ധ്യമല്ല. അതിനാൽ യഥാർത്ഥ ലോകത്തെ ചിത്രീകരിക്കുന്ന ഒരു നോവലിൽ കഥാപാത്രങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും പാകത്തിൽ സമന്വയിപ്പിച്ചാവിഷ്കരിക്കുകയെന്ന ആവശ്യം ചന്തുമേനോൻ ഇന്ദുലേഖയിൽ പൂർണ്ണമായും ദീക്ഷിച്ചിട്ടുണ്ട്. നായകനായ മാധവനെ നായികയായ ഇന്ദുലേഖ 'ശപ്പൻ' എന്നുപോലും വിളിക്കുവാൻ ധൈര്യപ്പെടുന്നു. മറ്റൊരു നോവലിലും നായകനോ നായികയോ ഇത്രയും സ്വാതന്ത്ര്യത്തോടെ പെരുമാറിയിട്ടില്ല. കാമപരവശനായ മാധവനിൽ അനുരക്തയായിരുന്നിട്ടും അവൾ അതു് പുറത്തു പ്രകടമാക്കുന്നതു വളരെ കാലങ്ങൾക്കു ശേഷമാണ്. ഇതിലാണ് ഇന്ദുലേഖയുടെ ആത്മസംയമനം എത്രത്തോളമുണ്ടെന്നു് മനസ്സിലാവുന്നതു്.

ഇംഗ്ലീഷ് വിദ്യാഭ്യാസം അനാവശ്യമാണെന്നും അതു കുട്ടികളെ വഴിതെറ്റിക്കുവാൻ മാത്രമേ പ്രയോജനപ്പെടുകയുള്ളുവെന്നും കരുതിയിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. ആ വക വിചാരങ്ങൾ അസ്ഥാ

നതാണെന്ന് മേനോൻ വ്യക്തമാക്കി. "ഇന്ദുലേഖ ഇങ്കിരിയസ്സ് പഠിച്ചില്ലെങ്കിൽ ഇതിൽ എത്രയധികം നല്ല കുട്ടിയാകുമായിരുന്നു" എന്ന പഞ്ചുമേനോനെക്കൊണ്ടും "അതിസുന്ദരിയാണത്രെ! ദമയന്തി തന്നെ! ആ പെണ്ണിന് ഞാൻ സംബന്ധം തുടങ്ങാൻ പോണു. ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരികയും ചെയ്യുന്നു" എന്ന നമ്പൂതിരിയെക്കൊണ്ടും പറയിച്ചതു് ഇന്ദുലേഖയുടെ ഇംഗ്ലീഷ് വിദ്യാഭ്യാസമാണ്. പള്ളിയറവാട്ടുകാരണവരും ഉഗ്രകോപിഷ്ഠനുമായ പഞ്ചുമേനോൻ പോലും ഇന്ദുലേഖയുടെ വ്യക്തിത്വത്തെ ആദരിക്കുന്നുണ്ട്.

പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിനർഹരാണെന്നും അവരും ഇംഗ്ലീഷ് പഠിച്ച് ഒരു ആധുനിക സംസ്കാരത്തെ കെട്ടിപ്പടുക്കണം. കൂടാതെ നായർസമുദായത്തിൽ അന്നുണ്ടായിരുന്ന 'നമ്പൂതിരിപ്രിയം'— നായർഭവനങ്ങളിൽനിന്നു നമ്പൂതിരിമാർ വേളികഴിക്കുന്നതു് ആ ഭവനത്തിന് ഒരു ബഹുമാനമായിരുന്നു— അകറ്റുന്നതിനും വേണ്ടിയാണ് "ഇന്ദുലേഖ" ജന്മംകൊണ്ടതു്.



# മംഗളം ഭവിക്കട്ടെ !

By P. Balakrishnan

മാമകാത്മാവിൽ നിത്യം നിർവൃതി മാല്യം ചാർത്തും
കോമളകലാകേന്ദ്രശാലിനി സങ്കല്പമേ
ഗദ്ഗദകണ്ഠത്തോടെ കൂപ്പുകയ്യുമായ് നില്പൂ
മംഗളാംബികേ മുന്നിൽ യാത്ര ചോദിച്ചുംകൊണ്ടേ

കണ്ടു ഞാനാറേഴ് സംവത്സരക്കാലം മുമ്പു
മിണ്ടുവാൻ നാണിക്കുന്ന കൗമാരപ്രായത്തിങ്കൽ
കാനനങ്ങളിൽ നൃത്തമാടി നൽപ്രേമമോട്ടിപ്പൂ
ഗാനമാലപിച്ചെത്തും പെരിയാറിനെപ്പുൽകി
പട്ടണപ്രഘോഷത്തിൽ മുങ്ങിയും ഗ്രാമത്തിന്റെ
പട്ടിണിത്തീർന്മാറുമഴകിൻ താഴ്‌വാരത്തിൽ,
മുമ്പിലാമുറ്റത്തുള്ള മന്ദിരങ്ങളിൽ സാക്ഷാൽ
അമ്പിനായ് വർത്തിക്കുന്ന ക്രിസ്തുവിൻ നികേതത്തിൽ,
ച്ചുററിലും ജ്ഞാനത്തിന്റെ മന്ദഹാസവും പൊഴി-
ച്ചുററുന്നിലും മഹാവിജ്ഞാനസങ്കേതത്തിൽ
രാഗസാഗരത്തിന്റെ തിരമായ് വി. എച്ചിന്റെ
രംഗമണ്ഡപം തിക്കും കാൽച്ചിലമ്പൊലികളിൽ,
സുന്ദരങ്ങളാം മുഗ്ദ്ധസങ്കല്പ ചിന്താശത
ചന്ദനക്കുറിചാർത്തും കലതൻകന്യാരൂപം

കാലചക്രത്തിൽ തിരിഞ്ഞൊട്ടേറെ മാററംവന്ന
ലോലഗാത്രിയായ്, കലാദേവിയായ്ത്തീർന്നു നീയും
കനിവുറെറാരാ നിന്റെ ലാളനം വാത്സല്യത്തിൻ
പനിനീർ പൊഴിക്കുന്നെന്നന്തരംഗത്തിൽ സദാ
ആരാധിക്കുന്നു ദേവി, ഓർമ്മകൾ കിനാവിലും
ചാരുവാം തവരൂപം മായാത്ത ചിത്രങ്ങളായ്

അൻപതാം പിറന്നാളിൽ സാദ്ധ്യമു മുന്നോടിയായ്
അൻപിനോടർപ്പിക്കട്ടെയിക്കലാനൈവേദ്യം ഞാൻ
'മംഗളം ഭവിക്കട്ടെ' മൽക്കലാശാലേ വിണ്ണിൻ
മംഗല്യസത്താം നിനക്കാചന്ദ്രതാരം ഭുവിൽ.

# മുള്ളുവേലികൾ

പി. രാധാകൃഷ്ണൻ

ഉറക്കം വരുന്നില്ല. എന്റെ സുഹൃത്ത്, ഫിനോർബാബിറോൺ ഒന്നുപോലും ബാക്കിയില്ല. സിഗററ്റുണ്ടാകണം. ഒന്നെടുത്ത് കത്തിച്ചു. ഡോക്ടർ ബാനർജി പറയാറുള്ളതോർമ്മ വരുന്നു. "നിങ്ങളൊരു പ്ലൂറിസി പേഷ്യന്റാണ്.... നിങ്ങൾ സ്മോക്കിംഗ് തുടർന്നാൽ അതാത്മഹത്യാപരമാണ്. പക്ഷെ-എന്റെ ആത്മാവിന് പുക വേണം. അല്ലെങ്കിലേ അതിന് ശാന്തിയുള്ളൂ......പുകയെ ചുരുളുകളായി വിട്ടുകൊണ്ട് അവ്യക്തമായ കുറെ ചിന്തകളുടെ ചുരുൾ നിവർത്തിക്കൊണ്ട് കിടന്നു. റൂം നമ്പർ 17-ൽനിന്ന് ഗിറ്റാറിന്റെ സ്വരം. രാജ് ഒരു ശോകഗാനം വായിക്കുന്നു. അതു കേൾക്കുമ്പോൾ എന്തോ ഒരു വല്ലായ്മ. എന്റേതെന്ന് എനിക്കവകാശപ്പെടാവുന്ന കുറെ തകർന്ന സ്വപ്നങ്ങളുടെ പ്രതീകമായ തകർന്ന തമ്പുരുവിന്റെ സ്വരം പോലെ... തകർന്ന തമ്പുരുവിന്റെ സ്വരം ആരാണിഷ്ടപ്പെടുക...ഞാൻ ആർത്തിയോടെ പുകയെ അകത്താക്കി. "നിങ്ങൾ ഒരു പ്ലൂറിസി പേഷ്യന്റാണ്"— ഓ... പോയ് നശിക്കട്ടെ. പ്ലൂറിസിയെ എന്റെ യജമാനനായി കണക്കാക്കാൻ എനിക്ക് സൗകര്യമില്ല. ഗിറ്റാറിന്റെ ശോകസ്വരം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. രാജിനോട് പോയി അപേക്ഷിച്ചാലോ? ഓ-അവൻ അവന്റെ ജീവിതത്തിന്റെ അനർഘ നിമിഷങ്ങളിൽ ആത്മനിർവൃതി നേടുകയാകാം.

എന്തൊരു കുത്തഴിഞ്ഞ ജീവിതം— എന്നാലും അവനിലെ ജീനിയസ്സ് ഇളകാതെ നിൽക്കുന്നു. ഗിറ്റാറും, പുസ്തകങ്ങളും മദ്യത്തിന്റെയും, ഞരമ്പു വലിവിന്റെയും ഒപ്പം നിൽക്കുന്നു. രാജ്! നീ ഓമർഖയാമിന്റെ പരിഷ്കരിച്ച പതിപ്പാണോ? റോസാദളങ്ങളുടെ നടുവിൽ ("ചുവന്ന റോസാ ദളങ്ങൾ"...)പാനപാത്രത്തിൽ നിറഞ്ഞു തുളുമ്പുന്ന മുന്തിരിച്ചാറും മുത്തി മുത്തി പാടിപ്പാടിയിരിക്കുന്ന അതുല്യനായ ആ ദാർശനികനെ ഞാൻ നിനവിലൂടെ കാണുന്നു. നീ പാടിക്കൊള്ളൂ— ശോകഗാനങ്ങൾ മാത്രം പാടൂ!

അടക്കാനാവാത്ത ചുമ— അതിനെ തുടർന്നുള്ള നെഞ്ചുവേദന—പ്ലൂറിസി, ടി. ബി. യായി മാറാം. ലംഗ്സ് ദ്രവിച്ച് ദ്രവിച്ച്......ഹോ— നശിച്ച ചിന്തകൾ......

ആഡംസ്മിത്തും, മാർഷലും, റിക്കാർഡോയുമെല്ലാം എന്നെ കാത്തിരിക്കുന്നു. തടിച്ചു ദ്രവിച്ച ആ ലൈബ്രറിപുസ്തകങ്ങളെ കാർന്നു തിന്നണം. എന്നിട്ട് മാർച്ചിൽ അവയെ ഛർദ്ദിക്കണം.

"ഐ. എ. എസ്സാകാൻ പോവുകയാണല്ലേ" ജയയുടെ ആ ചോദ്യം എന്റെ മനസ്സിൽ ഇപ്പോഴും നിൽക്കുന്നു. "കുട്ടീ, നീ എത്ര വിഡ്ഢിയാണ്. നിനക്കറിയാമോ സുന്ദരമായ ടെറികോട്ടൺ ഷർട്ടുകൾക്കകത്ത് എനിക്കുള്ളത് ദ്രവിച്ചു തീരാറായ ശ്വാസകോശങ്ങളും, പഴുത്തുറഞ്ഞ ശ്വാസനാളങ്ങളുമാണെന്ന്. എത്ര സിഗററ്റുകളാണ് ഈ വലിച്ചുകൂട്ടുന്നത്. ലംഗ് കാൻസർ വരും"—അതും ഞാനോർക്കുന്നു— പക്ഷെ എന്റെ ആത്മാവിനു പുക വേണം. പ്ലൂറിസിയോ, ലംഗ് കാൻസറോ, ടി. ബി. യോ—എന്തുതന്നെയാകട്ടെ!

ചുമയും നെഞ്ചുവേദനയും എന്റെ ആജീവനാന്ത സുഹൃത്തുക്കളായി മാറിക്കഴിഞ്ഞു. നിദ്രാവിഹീനങ്ങളായ രാവുകൾ ശൂന്യതയിലേക്ക് നോക്കി കിടക്കുമ്പോൾ തോന്നാറുണ്ട്—എഴുതണം— കഴമ്പുള്ളതെന്തെങ്കിലുമെഴുതണം.—പക്ഷെ എനിക്കെഴുതുവാൻ അനുഭവങ്ങളില്ല. അനുഭൂതികളില്ല. ഭാവനയില്ല—ഉള്ളത് പുകഞ്ഞു പൊട്ടുന്ന നെഞ്ചുവേദന, ഒടുങ്ങാത്ത ചുമ, ഒരു പഴയ പാർക്കർ പേന, കുറെ തുണ്ടു കടലാസുകൾ. ഇതുകൊണ്ടെന്തെഴുതുവാനാണ്. അല്ലെങ്കിൽ എഴുതുന്നത് ആർക്കുവേണ്ടിയാണ്. എഴുതുന്നവൻ ആത്മാർത്ഥതയുള്ളവനെങ്കിൽ (എനിക്കതല്പം ഉണ്ട്)സ്വന്തം വ്യക്തിത്വത്തിന്റെ ആത്മാംശം തീർച്ചയായും അതിലുണ്ടാകും. ഡോസ്റ്റോയ് വിസ്കിയുടെ നോവലുകളിൽ വികലമാനസരായ കഥാപാത്രങ്ങളുണ്ട്. ആ വൈകല്യങ്ങൾ, ദൗർബ്ബല്യങ്ങൾ, തന്റെ ആത്മാനുഭവങ്ങളാണെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. എന്റെ വൈകല്യങ്ങൾ, എന്റെ വൈരുദ്ധ്യങ്ങൾ തുറന്നു കാട്ടാൻ എന്തോ മനസ്സനുവദിക്കുന്നില്ല - ഈ കാലഘട്ടത്തിന്റെ മതവും മനസ്സാക്ഷിയുമായ ഹിപ്പോക്രസി തന്നെയായിരിക്കാം—

പകൽ മുഴുവൻ ആർത്തുല്ലസിക്കാം. ടെറെറ്റ് പാന്റും, സ്ളാക്കുമിട്ട് കോളജ് മുഴുവൻ ഓടി നടക്കാം. വേദനകളെ അയവിറക്കിക്കൊണ്ട്, അവയെ ഒതുക്കിപ്പിടിച്ചുകൊണ്ട്. പക്ഷെ സൂര്യനസ്തമിക്കുമ്പോൾ ഞാൻ തളരുന്നു. ചുമയും നെഞ്ചുവേദനയും വീണ്ടും മുള്ളുവേലികൾ കെട്ടുന്നു......

എന്റെ ആജീവനാന്ത സഖാവ്, എന്റെ യജമാനനെ വകവയ്ക്കുന്നില്ല. അവൻ അകത്തേക്കു ചെല്ലുമ്പോൾ നൈമിഷികമായ ഒരനുഭൂതി. പെട്ടെന്നത് വഴി മാറുന്നു. ഒടുങ്ങാത്ത വേദന. പക്ഷെ എനിക്കവനെ പിരിയാൻ വയ്യ.

(പ്ലൂറിസി, ടി. ബി. യായേക്കാം.......)

ജൂനിയർ പ്രിയ്യൂ പഠിക്കുമ്പോഴാണ് എന്നു തോന്നുന്നു, ന്യുമോണിയാ ആക്രമിച്ചത്. സിഗററ്റ് അന്നുതന്നെ എന്റെ ജീവിതത്തിൽ സ്ഥാനം പിടിച്ചിരുന്നു. രണ്ടും തമ്മിൽ ചേരില്ല. ന്യുമോണിയ, പ്ലൂറിസിയ്ക്ക് വഴി മാറിക്കൊടുത്തു. പ്ലൂറിസി, ടി. ബി.യാകാം.......ദ്രവിച്ചുതീരാറായ ശ്വാസകോശങ്ങൾ... പഴുത്തുറഞ്ഞ ശ്വാസനാളങ്ങൾ.

എല്ലാമെല്ലാം സഹിക്കാം. എന്നെ കാത്തിരിക്കുന്നവൾക്കറിയാമോ എന്റെയുള്ളിൽ ഉറഞ്ഞുകൂടിയ പഴുപ്പും, ദ്രവിച്ചു തീരാറായ ലംഗ്സുമാണുള്ളതെന്ന്. "അവളെ"ന്ന ദേവതയെക്കുറിച്ചുള്ള ചിന്തയിൽ എന്റെ മനസ്സിന്റെ സമനില നഷ്ടപ്പെടുന്നു. (പലപ്പോഴും അതു് നഷ്ടപ്പെടാറില്ലേ? ഗീതാ എസ്സ്. നായരെപ്പോലെ എത്രയെത്ര പേർ എന്നെ ഒരു 'വട്ട'നായി കണക്കാക്കുന്നു) തകരാൻ പോകുന്ന ആ പ്രതീക്ഷകളെ ഞാനെന്തിന് വളർത്തുന്നു. തെറ്റാണെന്നറിഞ്ഞിട്ടും അതിലൂടെ നടക്കുന്നതിൽ അവാച്യമായ ഒരനുഭൂതി.

എന്നിലെ പ്രസരിപ്പ് നൈമിഷികമാണ്. എന്തിനവൾ എന്നിലേക്ക് കടന്നുവന്നു? പ്രതീക്ഷകൾ എനിക്കുണ്ടായിരുന്നില്ല; വികാരങ്ങൾ എനിക്കുമുണ്ട്, സ്നേഹം എനിക്കുമവകാശപ്പെട്ടതാണ്. പക്ഷെ ഞാൻ ജീവിക്കുന്ന ലോകം പഴുപ്പിന്റെയും കപടത്തിന്റെയുമാണ്. അവിടത്തെ നായകന്മാർ മനുഷ്യനെ കാർന്നുതിന്നുന്ന വൈറസുകളും മറ്റുമാണ്. സ്നേഹമെന്നത് എനിക്കൊരു വിദൂരസങ്കല്പമാണ്. പ്ലൂറിസി ഭേദമാകും—പക്ഷെ കർശനമായി സ്മോക്കിംഗ് നിയന്ത്രിക്കണം"— ഡോക്ടർ പറഞ്ഞതോർക്കുമ്പോൾ ചിരിവരുന്നു. അസംഭവ്യം.

വീണ്ടും ചാർമിനാറിന്റെ കൂട്ടിൽനിന്ന് ഒന്നുകൂടി തപ്പിപ്പിടിച്ചെടുത്ത് കത്തിച്ചു. നെഞ്ചിനുള്ളിൽ വേദന— അസഹനീയമായ ചുമ. ഞാൻ കിടക്കയിലേക്കു മറിഞ്ഞു. അത്രയേ ഓർമ്മയുള്ളൂ...

ഇന്നിതാ ചാർമിനാറില്ലാത്ത, ഫിനോർബാബിറോണില്ലാത്ത, ടി. ബി. സാനറ്റോറിയത്തിന്റെ മുള്ളുവേലികൾക്കുള്ളിലാണ് ഞാൻ. ഇവിടെ മാർഷലും, റിക്കാർഡോയുമില്ല. ഒന്നുമില്ലെങ്കിൽ അസഹ്യമെന്നെനിക്കു തോന്നിയിരുന്ന രാജിന്റെ ഗിറ്റാറിലെ ശോകഗാനങ്ങളെങ്കിലും കേട്ടിരുന്നെങ്കിൽ......

# ദുഃഖത്തിന്റെ തേങ്ങലുകൾ

GEORGE PUTHURAN Class II Botany

അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന കാറു പെട്ടെന്നു നിറുത്തുക എന്നു വെച്ചാൽ കുറച്ചു പ്രയാസമുള്ള കാര്യമാണ്. ഈ ഓവർബ്രിഡ്ജിന്റെ അടുത്തു ഇത്രയധികം ആൾക്കൂട്ടം വരാൻ എന്താണ് കാരണം? സോമൻ കാർ നിർത്തി.

"വല്ല ആത്മഹത്യയോ വല്ലതുമായിരിക്കും. ഇവിടം അതിനു പറ്റിയ സ്ഥലമാണ്. ''

'ഏയ് എന്താ സംഗതി' സോമൻ ഒരാളെ വിളിച്ചു ചോദിച്ചു.

'ഒരു സ്ത്രീ ടെയിനിനു മുമ്പിൽ ചാടി കഷണം കഷണമായിപ്പോയി' അയാൾ വിവരിച്ചു.

എൻജിൻ ഓഫ് ചെയ്ത് സോമൻ കാറിൽ നിന്നിറങ്ങി. ഒറ്റ പ്രാവശ്യമേ നോക്കിയുള്ളു. ശരീരം കഷണംകഷണമായി നുറുങ്ങിക്കിടക്കുന്നു. തല ഒരിടത്തെങ്കിൽ ഉടൽ ഒരു ഫർലോംഗ് അപ്പുറത്ത്. തലച്ചോറു വെളിയിൽ വന്നിട്ടുണ്ട്. രക്തം കട്ടപിടിച്ചു അവിടവിടെയായി കിടപ്പുണ്ട്.

"വളരെ ദയനീയമാണ് അവരുടെ കാര്യം. ജീവിതനൈരാശ്യമാണ് അവരെ ഈ കടുംകൈക്ക് പ്രേരിപ്പിച്ചത്".

* * *

വിവാഹത്തെക്കുറിച്ചു വളരെയധികം മധുരക്കിനാവുകൾ ഒന്നും കണ്ടിരുന്നില്ല സൂസി. തന്നെ സ്നേഹിക്കുന്നവനായിരിക്കണം. സാമാന്യം പഠിത്തവും ഒരു നല്ല ജോലിയും ഉണ്ടായിരിക്കണം. ഇത്രയൊക്കെയേ അവൾ ആഗ്രഹിച്ചുള്ളു.

പഠിത്തം കഴിഞ്ഞു ഏതാണ്ടു ഒരു വർഷമായപ്പോഴേക്ക് സൂസിക്കു ഒരു വിവാഹാലോചന വന്നു. പക്ഷേ അസൂയാലുക്കളായ നാട്ടുകാർ അതു മുടക്കിക്കളഞ്ഞു.

ഒരു മാസം കഴിഞ്ഞപ്പോഴേക്കും വേറൊരാലോചന വന്നു. ചെറുക്കനു ബോംബെയിലാണ് ജോലി. തരക്കേടില്ലാത്ത ഉദ്യോഗമാണ്. പക്ഷെ ഒരു കണ്ണിനു ശരിക്കു കാഴ്ചയില്ല.

ജയിംസ്—അതായിരുന്നു ചെറുക്കന്റെ പേര്. പെണ്ണിനെ കണ്ടപ്പോൾ തന്നെ ജയിംസിന്റെ ആശ കെട്ടു. സൂസിയെ സ്വപ്നത്തിൽപോലും തനിക്കു ലഭിക്കാൻ പോകുന്നില്ലെന്നു ജയിംസിനു തോന്നി.

പക്ഷെ പ്രതീക്ഷക്കു വിപരീതമായി കാര്യങ്ങൾ സംഭവിച്ചു. സൂസിക്കു ജയിംസിനെ ഇഷ്ടമായി.

ഒരു ബുധനാഴ്ച അടുത്തുള്ള ദേവാലയത്തിലെ പുരോഹിതന്റെ മുമ്പിൽവെച്ചു "മരണം വേർപെടുത്തുംവരെ" എന്നു അവർ പ്രതിജ്ഞ എടുത്തു.

വിവാഹം കഴിഞ്ഞു് രണ്ടാഴ്ച കഴിഞ്ഞപ്പോഴേക്കും ജയിംസിനു ബോംബെയിലേക്കു തിരിക്കേണ്ട സമയമായി. ജയിംസും സൂസിയും ബോംബെയ്ക്കു് ടെയിൻ കയറി. ടെയിനിൽവച്ചു ആ യുവദമ്പതികൾ അവരുടെ പ്രതിജ്ഞ ഒരിക്കൽക്കൂടി ആവർത്തിച്ചു.

ബോംബെയിലെ ജീവിതം സൂസിക്കു വളരെ സന്തോഷപ്രദമായിത്തോന്നി. ജയിംസിനു അടുത്തുള്ള ഒരു കമ്പനിയിലാണ് ജോലി. സാമാന്യം നല്ല ശമ്പളമുണ്ട്. ഒരു ചെറിയ വീട് വാടകയ്ക്കെടുത്തു അവർ താമസമാക്കി.

എല്ലാ ദിവസവും വൈകുന്നേരം ആ യുവമിഥുനങ്ങൾ നടക്കാനിറങ്ങും. കടൽപ്പുറത്തും മറ്റുമായി അവർ സമയം ചിലവഴിക്കും. ബോംബെയിലെ തെരുവിൽക്കൂടി അവർ കൈകോർത്തങ്ങനെ പിടിച്ചു നടക്കും.



അവരുടെ ദാമ്പത്യജീവിതം ഒരിക്കൽ പുഷ്പിച്ചു. ജിജിമോൻ ഒരു കൊച്ചു മിടുക്കനായിരുന്നു. അമ്മയുടെ തനിസ്വരൂപം. ആരോമനത്വമുള്ള മുഖംകൊണ്ടു അവൻ ആ ഗൃഹാന്തരീക്ഷത്തെ ആകെ ആനന്ദമയമാക്കി.

അങ്ങനെയിരിക്കുമ്പോൾ ജയിംസിന്റെ കണ്ണിനു ഭയങ്കര വേദന. വേദനകൊണ്ടു ജയിംസ് കിടന്നു പുളഞ്ഞു. സൂസി പേടിച്ചുപോയി. പിറ്റേദിവസം ഡോക്ടറെ കണ്ടു. നേത്രവിദഗ്ദ്ധൻ പറഞ്ഞു: 'ഒന്നുകിൽ ജോലി വേണ്ടെന്നുവയ്ക്കണം. ഒരു കണ്ണ് തന്നെയായതുകൊണ്ടുള്ള ശല്യമാണ്. അല്ലെങ്കിൽ വേറെ ആരുടെയെങ്കിലും കണ്ണ് വയ്ക്കണം.'

'ആരുടെ കണ്ണാണ് അതിനു എനിക്കു ശരിയാവുന്നതു'' ജയിംസ് ചോദിച്ചു.

ഡോക്ടർ സൂസിയുടെ കണ്ണുകൾ പരിശോധിച്ചു. സൂസിയുടെ കണ്ണുകൾ ശരിയായിട്ടു യോജിക്കും എന്നു ഡോക്ടർ പറഞ്ഞു.

സൂസി ആദ്യം ഒന്നു പേടിച്ചെങ്കിലും പിന്നീടു കണ്ണു കൊടുക്കാൻ തയ്യാറായി. പക്ഷെ ജയിംസ് സമ്മതിച്ചില്ല. ജോലി ഉപേക്ഷിക്കാം എന്നു വെച്ചാൽ ഈ ബോംബെയിൽ ഒരു കുടുംബം എങ്ങനെ കഴിയും? ഈ വിധ പ്രശ്നങ്ങൾ അവരെ അലട്ടി.

പ്രശ്നത്തിനു ഒരു തീരുമാനമെടുക്കുവാൻ ആഴ്ചകൾ തന്നെ വേണ്ടിവന്നു. അവസാനം സൂസിയുടെ നിർബന്ധത്തിനു ജയിംസ് വഴങ്ങി.

ഒരു ദിവസം ഡോക്ടർ സൂസിയുടെ ഒരു കണ്ണു പറിച്ചെടുത്തു ജയിംസിനുവെച്ചുകൊടുത്തു. സൂസിയുടെ മനോഹരത്വം തുളുമ്പുന്ന മുഖം ഇപ്പോൾ യാതൊരു സൗന്ദര്യവുമില്ലാത്തതായിത്തീർന്നു. എന്നാലും അവൾ പ്രിയപ്പെട്ട ഭർത്താവിനുവേണ്ടി എല്ലാം സഹിച്ചു.

ഒരാഴ്ചകൊണ്ടു മുറിവുകളെല്ലാം സൗഖ്യമായി. സൂസിയെ വീട്ടുകാര്യത്തിൽ സഹായിക്കാൻ ഒരു വേലക്കാരത്തിയെയും കൊണ്ടുവന്നു ജയിംസ്.

ജയിംസ് വളരെ സന്തോഷവാനായിത്തീർന്നു. അവന്റെ മുഖം കുറേക്കൂടി ശോഭയുള്ളതായിത്തീർന്നു. അയാൾ ജോലിക്കു പോയിത്തുടങ്ങി.

ജയിംസ് സൂസിയോടു കടപ്പെട്ടിരിക്കുന്നു. അതു ജയിംസിനു അറിയാമായിരുന്നു. അയാൾ സൂസിയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിച്ചിരുന്നു.

ഉറങ്ങുവാൻ കിടക്കുമ്പോൾ ജയിംസ് സൂസിയുടെ കണ്ണുകളിൽ ഒരായിരം ചുംബനങ്ങൾ അർപ്പിക്കും. സന്തോഷത്തിന്റെയും നന്ദിയുടെയും അശ്രുക്കൾകൊണ്ടു അവളെ അയാൾ കുളിപ്പിക്കും.

ഇലകൾ കൊഴിഞ്ഞു. പുതിയ ഇലകൾ നാമ്പെടുത്തു. കാലചക്രം തിരിഞ്ഞുകൊണ്ടേയിരുന്നു. ജയിംസിനു സൂസിയോടു പണ്ടത്തെപ്പോലെയുള്ള സ്നേഹമില്ല. ഇപ്പോൾ സൂസിക്കുവേണ്ടി അയാൾ കാത്തിരിക്കാറില്ല. അവളിൽ നിന്നും ജയിംസ് കുറേശ്ശ അകലാൻ തുടങ്ങി.

ദിവസവും ഏഴു മണിക്കു വരാറുള്ള ജയിംസിനെ അന്ന് ഒൻപതു മണിയായിട്ടും കാണാതായപ്പോൾ സൂസി പരിഭ്രമിച്ചു. ഒൻപതരയോടുകൂടി അയാൾ വീട്ടിലെത്തി. ജയിംസിനെ കണ്ടമാത്രയിൽ സൂസി ഓടി കട്ടിലിൽ കിടന്നു ഏങ്ങലടിക്കാൻ തുടങ്ങി. ജയിംസ് വന്നു അവളെ ആശ്വസിപ്പിച്ചു. ക്ലബ്ബിൽ മെമ്പറാകാൻ പോയതുകൊണ്ടാണ് താമസിച്ചതെന്നും ഇനി അങ്ങനെ സംഭവിക്കയില്ലെന്നും ജയിംസ് അവൾക്കു വാക്ക് കൊടുത്തു.

സൂസിക്കു സമാധാനമായി.

പിന്നെ ഒരാഴ്ചത്തേക്കു ജയിംസ് കൃത്യസമയത്തിനു തന്നെ വീട്ടിൽ വന്നു. അയാൾ സൂസിയെ വേദനിപ്പിച്ചില്ല. അവളുടെ ഇംഗിതത്തിനു അയാൾ കീഴടങ്ങി.

ഒരു ദിവസം ജയിംസ് വീട്ടിൽ വന്നപ്പോൾ നേരം നന്നാ രാത്രിയായിരുന്നു. വന്നപാടെ അയാൾ കട്ടിലിലേക്കു വീണു. സൂസി പുറകെ ചെന്നിട്ടുണ്ടായിരുന്നു. പ്രത്യേക ഒരു മണം സൂസിക്കനുഭവപ്പെട്ടു. അവൾക്കു കാര്യം മനസ്സിലായി. അവൾ കരയുവാൻ തുടങ്ങി. ജയിംസ് ഒരുപാടു ഛർദ്ദിച്ചു. മദ്യത്തിന്റെ മണം ആ മുറിയിൽത്തങ്ങിനിന്നു. അന്നു രാത്രി ആ വീട്ടിൽ ആരും ഭക്ഷണം കഴിച്ചില്ല. ഒരു ശ്മശാനമൂകത അവിടെ തളംകെട്ടിനിന്നു.

നേരം വെളുത്തപ്പോൾ സൂസി ജയിംസിന്റെ കാൽപിടിച്ചു കരഞ്ഞുകൊണ്ടു പറഞ്ഞു. "ദയവായി അതു കുടിക്കരുത്". എന്നെയും ജിജിമോനെയും ഓർത്തു അതു കുടിക്കരുത്"."

"ഇല്ല ഇനി ഞാൻ കുടിക്കുകയില്ല. ഇന്നലെ അബദ്ധവശാൽ അല്പം കുടിച്ചുപോയതാണ്". ഇനി കുടിക്കുകയില്ല" ജയിംസ് സത്യം പറഞ്ഞു.

പിറ്റേ ദിവസവും ജയിംസ് കുടിച്ചു ലക്കില്ലാതെയാണ് വന്നത്. വാതിൽക്കൽ കാത്തിരുന്ന സൂസിയെ കണ്ടപ്പോൾ അയാൾ പുലമ്പാൻ തുടങ്ങി.

"എന്താടീ, നിനക്ക്". ഉറങ്ങാറായില്ലേ : ആരെ നോക്കിയിരിക്കാടീ. ഞാൻ കഴിക്കും. ഞാൻ കഴിക്കും. നീയാരാ ചോദിക്കാൻ. ആണുങ്ങൾ കഴിക്കും."

സൂസി മിണ്ടിയില്ല. അവൾ അവിടെ ഇരുന്നു കരഞ്ഞു. കണ്ണീർ വറ്റുന്നതുവരെ കരഞ്ഞു.

ജയിംസിന്റെ സ്വഭാവം അടിക്കടി വഷളായിക്കൊണ്ടിരുന്നു. ദിവസവും പാതിരാത്രിയാകും അയാൾ വരുമ്പോൾ. വന്നപാടെ കട്ടിലിൽ കയറി കിടന്ന് ഉറക്കമാകും.

സൂസിക്ക് ഊണില്ല, ഉറക്കമില്ല. അവൾ ക്ഷീണിച്ച് ക്ഷീണിച്ച് എല്ലും തൊലിയുമായി. അവളെ ശ്രദ്ധിക്കാൻ ആരുമില്ലായിരുന്നു. പാവം വേലക്കാരത്തി മാത്രം സൂസിയെ ആശ്വസിപ്പിക്കാൻ ശ്രമിക്കുമായിരുന്നു. പക്ഷെ അവൾ ആശ്വാസം കണ്ടെത്തിയില്ല.

ഒരു ദിവസം ലക്കില്ലാതെ വന്ന ജയിംസു സൂസിയെ മുടിക്കു കയറിപ്പിടിച്ചു. "എഴി പൊട്ടക്കണ്ണി, നീയെന്റെ ആരുമല്ല. നിന്നെയെനിക്കു വേണ്ട" എന്നിങ്ങനെ പറഞ്ഞു. സൂസി ഉച്ചത്തിൽ കരഞ്ഞുപോയി. അവൾ കരഞ്ഞു കരഞ്ഞു തളർന്ന് തറയിൽ കിടന്ന് ഉറങ്ങിപ്പോയി. ഉറക്കത്തിലും നെടുവീർപ്പുകൾ അവളിൽനിന്നും ഉയരുമായിരുന്നു.

ആ സംഭവം സൂസിയെ വല്ലാതെ ഉലച്ചുകളഞ്ഞു. അവൾ കണ്ണാടിയിൽ നോക്കി.

"എന്തു" സൗന്ദര്യമായിരുന്നു തനിക്ക്". ഇന്നു ഒരു വയസ്സിയുടെ മാതിരിയായി. ഒരു കണ്ണുമില്ല. എല്ലാം നല്കി സ്നേഹിച്ച ഭർത്താവുമില്ല." തന്റെ കണ്ണുകളിലേക്കു നോക്കുമ്പോൾ അവളുടെ ദുഃഖം ചിറപൊട്ടിയൊഴുകും.

ഒരു ദിവസം ജയിംസ് വേലക്കാരത്തിയോട് അടുക്കളയുടെ അടുത്തുള്ള ഉപയോഗമില്ലാതിരിക്കുന്ന മുറി അടിച്ചു വൃത്തിയാക്കാൻ പറഞ്ഞു. സൂസിയുടെ കട്ടിലും അങ്ങോട്ടു മാററിയിടാൻ പറഞ്ഞു.

"ദൈവമേ. എന്തെല്ലാം പരീക്ഷകളാണാവോ" സൂസിക്കു ഭയവും സങ്കടവുമായി.

അന്നു വൈകുന്നേരം ജയിംസു നേരത്തെ എത്തി. സൂസിയെ വിളിച്ചുകൊണ്ടു ആ മുറിയിലേക്കു പോയി.

"ഇന്നു മുതൽ നീ ഇവിടെ കിടന്നാൽ മതി. എന്റെ മുറിയുടെ അടുത്തെങ്ങും കാണുകപോലും അരുതു."

ഇത്രയും പറഞ്ഞിട്ടു അയാൾ മുറി പുറത്തുനിന്നും അടച്ചു തഴുതിട്ടശേഷം ഇറങ്ങിപ്പോയി.

രാത്രി കുറെ കഴിഞ്ഞപ്പോൾ ഒരു കാർ ജയിംസിന്റെ വീട്ടുമുററത്തു വന്നു നിന്നു. അതിൽനിന്നും ജയിംസും ഒരു പഞ്ചാബി പെണ്ണും ഇറങ്ങി ജയിംസിന്റെ മുറിയിലേക്കു പോയി. സൂസി ഇതൊന്നും കണ്ടില്ലെങ്കിലും വേലക്കാരത്തി അവളെ ഇതെല്ലാം അറിയിച്ചു.

സൂസിയുടെ ഇരുട്ടുമുറിയിൽ അവൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജിജിമോനെ ചിലപ്പോഴൊക്കെ കാണാറുണ്ടായിരുന്നു. ജിജിക്കു ആ മുറിയിൽ കടക്കണമെങ്കിൽ പപ്പായുടെ അനുവാദം വേണം. എന്നാലും അനുവാദമില്ലാതെ അവൻ മമ്മിയുടെ മുറിയിൽ കടക്കും. സൂസി അവനെ വാരിയെടുത്തു ഉമ്മവെയ്ക്കും.

മിക്കവാറും എല്ലാ സമയവും സൂസിയുടെ മുറിയിൽനിന്നും തേങ്ങലുകൾ ഉയരുമായിരുന്നു. ദുഃഖത്തിന്റെ തേങ്ങലുകൾ. അവൾ സകല ദൈവങ്ങളെയും വിളിച്ചപേക്ഷിച്ചു. പക്ഷെ ഒരു ദൈവവും അവളുടെ പ്രാർത്ഥന ചെവിക്കൊണ്ടില്ല.





Abdul Kareem T. A.
Class I Economics
Selected as Mr. U. C.
Represented College in Weight Lifting



P. A. Wimson
C. P. Andrews gold medallist
Best Sportsman of the year
1968–'69



Ambujam K.
Women Champion
C. P. Andrews gold medallist for
Best sports woman for the year 1968–69



K. J. Raphael
Represented the Kerala
University in Volley ball
year 1968–'69

CAPTAINS OF WOMEN'S TEAMS 1968-'69



CAPTAINS OF TEAMS 1968-'69



CAPTAINS OF WOMEN'S TEAMS 1968-'69

*Sitting* :—Miss Roshni John (Volley Ball), Miss Sherly Abraham (Shuttle Badminton), Miss M. C. Mariamma (Hockey).

*Standing* : Miss Ambujam K. (Basket Ball), Miss Rebecca Thomas (Ball Badminton), Miss Krishna Ranganath (Tennis), Miss K. C. Susamma (Athletics).

CAPTAINS OF TEAMS 1968-'69

*Sitting (1st row L to R)*: M. P. Alexander (Basket Ball), A. C. Kuruvilla (Ball Badminton), Regy Alexander (Shuttle Badminton), K. I. Musthafa (Foot Ball).

*Standing* : A. A. Paulose (Hockey), P. A. Wimson (Athletics), P. J. Eapen (Tennis), S. Ramasubramonian (Cricket).

ജയിംസിന്റെ കൈത്തണ്ടയിൽനിന്നും മാറുകയില്ല ആ പരിഷ്കാരി പഞ്ചാബിപ്പെണ്ണ്. അവൾക്കുവേണ്ടി ഒരു പുതിയ പാചകക്കാരനെയും നിയമിച്ചിട്ടുണ്ട്.

താൻ ഒരു മരുഭൂമിയിൽ നില്ക്കുന്നതുപോലെ തോന്നി സൂസിക്ക്. തന്റെ സർവ്വസ്വവുമായിരുന്നവൻ തനിക്ക് നഷ്ടപ്പെട്ടു. ഉഷ്ണക്കാറ്റാണ് ഇവിടം മുഴുവൻ ചീറിയടിക്കുന്നത്. ഇതിനുള്ളിൽ ജീവിതം അസാദ്ധ്യം. തന്റെ ഒരു കുഞ്ഞുകൂടെ പറിച്ചുകൊടുത്തു സ്നേഹസ്മാരകമായിട്ട്. എന്നിട്ട്, തനിക്ക് ഒരു തണൽ ലഭിക്കുന്നില്ല. ഹോ, ഇതെന്തൊരു ജീവിതം ദൈവമേ.

ആ ഇരുട്ടുമുറിയിൽ കിടന്ന് അവൾ വിമ്മിട്ടി. ഒരു നല്ല നാളെയുണ്ടാകും എന്നുള്ള പ്രതീക്ഷയിൽ ഇത്രയും നാൾ തള്ളി നീക്കി. എന്നാൽ ആ പ്രകാശസൂര്യൻ ഒരിക്കലും ഉദിക്കുന്നില്ലെന്നോ? ഈ അന്ധകാരം മുഴുവൻ ഇടച്ചു മാറ്റപ്പെടുകയില്ലെന്നോ?

പ്രകാശത്തിന്റെ യാതൊരു കിരണവും കാണാതായപ്പോൾ സൂസി പിന്നെ ഒന്നും ആലോചിച്ചില്ല. അവൾ ഒരു കാര്യം തീരുമാനിച്ചുറച്ചു.

നേരം പരപരാ വെളുക്കുന്നതേയുള്ളൂ. അവൾ മുറിവിട്ടിറങ്ങി. ജിജിമോൻ സുഖമായിട്ടുറങ്ങുന്നു. അപ്പുറത്തെ മുറിയിൽ ജയിംസ് ആ പഞ്ചാബിപ്പെണ്ണിന്റെ കൂടെ കിടന്നുറങ്ങുന്നുണ്ട്. അങ്ങോട്ട് ഒരു പ്രാവശ്യമേ നോക്കിയുള്ളൂ. ഹൃദയം പൊട്ടിപ്പോകുമോ എന്നു തോന്നിപ്പോയി. തന്റെ ജീവന്റെ ജീവനായ ജിജിമോനെ എടുത്ത് കൊതി തീരുവോളം ഉമ്മവച്ചു.

പതുക്കെ പടികളിറങ്ങി. റോഡിൽ കയറിയപ്പോൾ അവസാനമായി ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി.

സൂസി ഓവർബ്രിഡ്ജിനെ ലക്ഷ്യമാക്കി നടന്നു. സാരിത്തുമ്പുകൊണ്ട് മുഖം മറച്ചുകൊണ്ട് അവൾ നടന്നു.

ഓവർബ്രിഡ്ജിന്റെ മുകളിലെത്തിയപ്പോൾ അതാ ഹൗറാ എക്സ്പ്രസ്സ് കൊലവിളിയുമായി പാഞ്ഞുവരുന്നു.

ഒന്നും ആലോചിക്കാൻ ഇടകൊടുത്തില്ല.

ഒരു നിമിഷം!!

മുഖം പൊത്തിക്കൊണ്ട് അവൾ ആ ട്രെയിനിന്റെ മുമ്പിലേക്ക് ചാടി. എക്സ്പ്രസ്സ് അവളെ തട്ടിത്തെറിപ്പിച്ചുകൊണ്ട് മുന്നോട്ട് നീങ്ങി. വണ്ടിയുടെ ചക്രങ്ങൾ ശരീരത്തിലൂടെ പലപ്രാവശ്യം കയറിയിറങ്ങി. ശരീരം ഛിന്നഭിന്നമായിപ്പോയി.

ദുഃഖത്തിന്റെ തേങ്ങലുകൾ ഇനി ഒരിക്കലും ഉയരാതവണ്ണം ആ കണ്ണുകൾ അടഞ്ഞുപോയി. അവ ഇനി ഒരിക്കലും ഉണരുകയില്ല.

# പ്രേമലേഖനം

എൻ. കെ. ദേശം (പൂർവ്വവിദ്യാർത്ഥി)

(കല്യാണി കളവാണി......)

കാമിനീമണിയ്ക്കായൊരു പ്രേമലേഖനം തീർക്കാൻ
കാലം ഞാനെത്രമാത്രം കളഞ്ഞു പാഴിൽ !
നൂറെണ്ണമെഴുതി ഞാൻ : കീറിപ്പറത്തി കാററി-
ലോരോന്നു—മതിനൊന്നുമഴകുപോരാ.
ആവതും വടിവിൽ ഞാൻ നൂതനമൊരുപത്ര-
മാരചിയ്ക്കുവൻ മമ പ്രിയതമയ്ക്കായ്.

ഇമ കലർന്ന കിളിത്തൂവൽപോൽ മിനുസമായ്,
താമരത്തണ്ടിൽ നീളം തെളിയ വേണം ;
വർത്തുളരൂപമൊത്തു വക്കത്തു കുളിർമഞ്ഞിൻ-
മുത്തുകൾ മിന്നുമിളം തളിരുവേണം.
താമരക്കുളമേ, നീയിമട്ടിലുള്ളൊരില-
ത്താളുതരാമോ ? തരാം പകരമെന്തും.
വ്യോമമേ, മരതകത്താമരത്തളിർത്താളായ്
നീ മന്നിലിറങ്ങി വന്നിരുന്നിടാമോ ?

മാമക മൃദുനഖലാളനം പൊറുക്കാറി-
ല്ലോമലാ ; എഴുതുവാൻ വിരലുപോരാ.
പഞ്ചമിനാളിൽ നീളുമമ്പിളിനാള ; മന്ന-
പ്പൊഞ്ചിറകിലെത്തൂവൽ ; മയിലിൻ പിഞ്ഛം ;
പേടിയൊതുക്കി, പ്രേമപേശലഭാഷപേശും
പേടമാൻ മിഴി :—പേനയിവയിലേതോ ?

മഞ്ഞിൽക്കുളിച്ചുതോർത്തി, മഞ്ഞവെയ്‌ലാടചാർത്തി,
കണ്ണിതൾ മിഴിചിമ്മും നറുമലരിൻ
ഉള്ളിൽത്തുളുമ്പും പൂന്തേൻ ഉള്ളിയും, തുമ്പികൾ തൻ
പുള്ളിപ്പൂഞ്ചിറകിലെപ്പൊടിയു,മൊപ്പം
എൻകരൾക്കനംമാവു, മെൻചുടു മിഴിനീരും,
തങ്കക്കിനാവിൻകനി പിഴിഞ്ഞ ചാറും



ചാലിച്ചു ചാതവല്ലിച്ഛായമൊരുക്കി,യതിൽ
തൂലികത്തുമ്പു മുക്കിയെഴുതിടും ഞാൻ.

മഞ്ജുമർമ്മരം മന്ദം മന്ത്രിയ്ക്കുമിലകളേ,
പഞ്ചമം കൊഞ്ചുമിളം കുയിലുകളേ,
എന്നെയും പഠിപ്പിയ്ക്കു നിങ്ങൾ തൻ മൊഴി;യവൾ-
ക്കെങ്ങനെയിണങ്ങുമെൻ പരുഷഭാഷ ?
മിന്നിത്തെളിഞ്ഞു പിന്നെ മങ്ങിയൊളിഞ്ഞു കതിർ
ചിന്നിത്തിളങ്ങും മിന്നാമിനുങ്ങുകളേ,
അക്ഷയപ്രഭാമയ നക്ഷത്ര കന്യമാരേ,
അക്ഷരനിരകളായ് വരുമോ നിങ്ങൾ ?

ആവോളം ചതുരമായ്, ആപാത മധുരമായ്,
ആരോമലറിയുവാനെഴുതുവൻ ഞാൻ.
ഞാനിതിൽപ്പകരുമെൻ തേങ്ങും നിനവുകൾ ;
ദീനഗദ്ഗദദുഃഖ പരിഭവങ്ങൾ ;
ഗതസ്മൃതികൾ ; ഹതചേതസ്സിൽ വിതുമ്പുമെൻ
പൂതാനുരാഗരമ്യ പരിമളങ്ങൾ ;
(വേണിയഴികെ,പ്പാണിവേപിതമാകെ, വെറും
വേൽ മിഴിയിണയിതിലുഴറിടുമ്പോൾ,
വേവുമെൻ വിപ്രയോഗവേദന സഹിയാതെൻ-
ദേവതേ, കരൾ വിങ്ങിക്കരയുമോ നീ ?)

ആരുണ്ടു കൊണ്ടുപോവാൻ ദൂരത്തു മരുവുമെ-
ന്നാരോമൽത്തരുണിക്കെൻ പ്രണയലേഖം ?
രാമഗിരിയിൽ മുന്നു പ്രേമദൂതനായ് വന്ന
കാർമുകിൽസ്സഖേ,യൊരുതവണ കൂടി
രാഗസന്ദേശമേന്തിപ്പോകുമോ മമ യക്ഷ-
രാഗിണി വാണരുളുമളക തേടി ?

# പ്രാർത്ഥന

എം. കൃഷ്ണപ്രസാദ്, ക്ലാസ്സ് I ഇക്കണോമിക്സ്

ഞാൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന സമയം. ഒരു ദിവസം രാവിലെ അടുത്ത വീട്ടിലേയ്ക്ക് ഒരു ലോറി സാമാനങ്ങൾ കൊണ്ടുവന്ന് ഇറക്കുന്നതു കണ്ടു. അന്വേഷിച്ചപ്പോൾ അച്ഛന്റെ കുടുംബത്തിൽപെട്ട ഒരു അമ്മായിയും അവരുടെ മക്കളും അടുത്ത ദിവസംമുതൽ അവിടെ താമസം തുടങ്ങുകയാണെന്നും അമ്മാവന്റെ ജോലിസ്ഥലത്ത് കുട്ടികൾക്ക് പഠിപ്പിന് അസൌകര്യമാണെന്നും മറ്റും അമ്മയിൽനിന്നും അറിഞ്ഞു. അടുത്ത ദിവസം, പറഞ്ഞതുപോലെ അവർ വന്നു. രാധ അന്ന് മൂന്നാംക്ലാസ്സിലും രാധയുടെ ചേച്ചി ഏഴിലും ചേട്ടൻ നാലിലും ആയിരുന്നു. അന്നു മുതൽ അവരും എന്റെ അനുജനും, അനുജത്തിയും, അടുത്ത വീട്ടിലുള്ള പപ്പിയും ഞാനും ഒന്നിച്ചാണ് സ്കൂളിൽ പോവുക. ലോകത്തിന്റെ ചതിയും വഞ്ചനയും മനസ്സിലായിക്കഴിഞ്ഞിട്ടില്ലാത്ത നിഷ്കളങ്കരായ ഏഴുപേർ.

കാലമാകുന്ന തേന്മാവിലെ ദിവസങ്ങളാകുന്ന പഴുത്ത ഇലകൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. ജീവിത മണിമേടയിലുള്ള വിദ്യാഭ്യാസമാകുന്ന ഏണിയിലെ ക്ലാസ്സുകളാകുന്ന പടികൾ ഓരോന്നായി ഞങ്ങൾ കയറിക്കൊണ്ടിരിക്കുകയാണ്. ഫ്രോക്കിന്റെയും നിക്കറിന്റെയും യുഗത്തിൽനിന്നും ഞങ്ങൾ പാവാടയുടെയും, ദാവണിയുടെയും മുണ്ടിന്റെയും യുഗത്തിലേയ്ക്കു പ്രവേശിച്ചു. ഞങ്ങൾ സാധാരണ സ്കൂൾവിട്ടു വന്നാൽ എന്റെ വീട്ടിലുള്ള പൂന്തോട്ടത്തിൽ സമ്മേളിക്കുക പതിവാണ്. അവിടെവച്ചാണ് ഞങ്ങളുടെ സ്കൂൾവർത്തമാനങ്ങളും ചേച്ചിയുടെ (രാധയുടെ ചേച്ചിയെ ഞങ്ങളും ചേച്ചി എന്നാണു വിളിയ്ക്കാറ്) കോളേജ്‌വർത്തമാനങ്ങളും അമ്മയോടും അമ്മായിയോടും പറയുക. ഞാൻ പത്താംക്ലാസ്സ് പരീക്ഷയാകുന്ന രാക്ഷസനെ നേരിടുവാൻ കച്ചകെട്ടി അഭ്യസിക്കുന്ന കാലം. ഒരു ദിവസം തോട്ടത്തിൽ കൂടിയപ്പോൾ രാധ ചോദിച്ചു:—

"ഒരു കാര്യം പറഞ്ഞാൽ ചേട്ടൻ പിണങ്ങുമോ ?

"ഇല്ല"

"എന്നാൽ ഏട്ടന്റെയും പപ്പിയുടെയും പേര് സ്കൂൾ ലീഡറിന്റെയും ഡെപ്യൂട്ടി ലീഡറിന്റെയും സ്ഥാനത്തേക്ക കൊടുത്തിട്ടുണ്ട്. ഞാനും സുഗുണയും നല്ല പ്രചരണം നടത്താം. എന്റെ അനുജത്തിയുടെ പേര് സുഗുണ എന്നാണ് എന്നതു ആദ്യമേ പറയാതിരുന്നതിന് വായനക്കാർ എന്നോട് ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഏതായാലും ഞങ്ങളുടെ ഭാഗ്യംകൊണ്ടോ അവരുടെ പ്രചരണംകൊണ്ടോ വാശിയേറിയ ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചു. അന്നു വൈകുന്നേരം തോട്ടത്തിൽ ഒന്നിച്ചു കൂടിയപ്പോൾ രാധ എന്റെ കയ്യിൽ ഒരു പൊതി തന്നു. അതിനുള്ളിൽ 'അഭിനന്ദനങ്ങൾ' എന്ന് എഴുതിയിട്ടുള്ള ഒരു പെട്ടി. അതിൽ എനിയ്ക്ക് ഏററവും ഇഷ്ടപ്പെട്ട പരിപ്പുവട. ഞാൻ ജയിച്ചതിന് സമ്മാനമായി അടുത്ത പോററിഹോട്ടലിൽനിന്നും വാങ്ങിച്ചതായിരുന്നത്രെ അത്.

വീണ്ടും സന്തോഷകരമായ ദിവസങ്ങൾ കഴിഞ്ഞു. പത്താം ക്ലാസ്സിൽ പാസ്സായവരുടെ നമ്പറുകൾ പേപ്പറിൽ വന്നപ്പോൾ എന്റെ നമ്പറും ഉണ്ടായിരുന്നു. "ഓ, വലിയ പത്രാസൊന്നും വേണ്ട ഞാൻ ദിവസവും ക്ഷേത്രത്തിൽ ചെന്ന് പ്രാർത്ഥിച്ചതിനാലാണ് പാസ്സായത്."

"പ്രസാദ് കഷ്ടപ്പെട്ടു പഠിച്ചിട്ടാണ്"

"ഈ ചേച്ചി എപ്പോഴും ചേട്ടന്റെ ഭാഗമേ പറയൂ"

"രാധയുടെ പ്രാർത്ഥനകൊണ്ടുതന്നെയാണ് അവൻ പാസ്സായത്. ലീഡറെന്നും പറഞ്ഞ് പുറത്തിറങ്ങുന്നതു കണ്ടപ്പോൾ ഈ പ്രാവശ്യം പാസ്സാകുമെന്നു ഞാൻ കരുതിയില്ല"

"അമ്മ എന്തു പറഞ്ഞാലും രാധയുടെ ഭാഗമേ നിൽക്കൂ. ഞാൻ രാത്രി ഉറക്കമൊഴിച്ചു പഠിച്ചതിനു വിലയില്ല"

"ഓ, സമ്മതിച്ചു. ചേട്ടൻ പഠിച്ചിട്ടും, ഞാൻ പ്രാർത്ഥിച്ചിട്ടും ഏതായാലും പാസ്സായില്ലേ അതുമതി" അങ്ങനെ സന്തോഷകരമായ തർക്കം അവസാനിച്ചു.

എനിക്കു തിരുവനന്തപുരത്ത് ഒരു കോളേജിൽ പ്രവേശനം കിട്ടി. കോളേജിലേയ്ക്കു പോകുമ്പോൾ പെട്ടി പായ്ക്കുചെയ്യുന്നതിനും കിടക്ക കെട്ടുന്നതിനും എല്ലാം മുൻകൈ എടുത്തത് രാധ തന്നെ. ഞാൻ ആദ്യമായി പാന്റ്സ് ധരിച്ചു കോളേജിലേയ്ക്കു പോകുന്ന ദിവസമാണ്. രാധ എഴുതിയനുസരിച്ച് രാധയുടെ അച്ഛൻ ഞാൻ പാസ്സായതിന് അയച്ചുതന്ന സമ്മാനം.

"ഞാൻ ഒരു കാര്യം പറഞ്ഞാൽ രാധ കേൾക്കുമോ ?

"ചേട്ടൻ പറഞ്ഞതു ഞാൻ കേൾക്കാതിരുന്നിട്ടുണ്ടോ? "

"ഇല്ല"

"പിന്നെ ഇപ്പോൾ പ്രത്യേകിച്ചു ചോദിക്കാൻ കാരണം!"

"ഇത് ഒരു പ്രത്യേക കാര്യമായതിനാൽ. അതെല്ലാം പോട്ടെ. ചോദിച്ചതിന് ഉത്തരം പറയൂ"

"കേൾക്കാം"

"തീർച്ച"

"തീർച്ച"

"എന്നാൽ എന്നെ ഇനിമുതൽ ദയവുചെയ്ത് ഏട്ടാ എന്നു വിളിക്കേണ്ടാ. പ്രസാദ് എന്നു വിളിച്ചാൽ മതി"

"അയ്യോ, അമ്മയോ ചേച്ചിയോ കേട്ടാൽ വഴക്കുപറഞ്ഞു കൊന്നുകളയും"

"അവരുടെ സമ്മതം ഞാൻ വാങ്ങിത്തരാം എന്നാലോ."

"എന്നാലും എന്റെ ഇഷ്ടപ്രകാരം വിളിക്കില്ല. പിന്നെ ചേട്ടൻ നിർബന്ധിച്ചാൽ വിളിയ്ക്കാം."

"ആവു, ഞാൻ പറഞ്ഞതു കേട്ടതിന് കോളേജിൽനിന്നും അവധിക്കു വരുമ്പോൾ എന്താണു കൊണ്ടുവരേണ്ടത്."

"ഒന്നും കൊണ്ടുവരേണ്ട. കത്തിനു മറുപടി അയച്ചാൽതന്നെ വലിയ ഉപകാരം." അങ്ങനെ ഒരു കരാറോടുകൂടിയാണ് ഞാൻ കോളേജിലേയ്ക്കു പോയത്. കോളേജ് മേൽവിലാസത്തിൽ എനിക്കു ആദ്യം വന്ന എഴുത്ത് രാധയുടേതായിരുന്നു. അതിലെ രണ്ടുവരി ഇങ്ങനെയാണ്.

"......പ്രിയപ്പെട്ട പ്രസാദ്, നല്ലവണ്ണം പഠിക്കണമെന്ന് എഴുതുവാൻ അമ്മ പറയുന്നു. ഞങ്ങൾ ദിവസേന ക്ഷേത്രത്തിൽ പോകുന്നുണ്ട്. എന്നോടു പിണങ്ങുകയൊന്നും വേണ്ട. ഞാൻ പ്രസാദിനു വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്." ഈ വരികളാണ് പഠിക്കുവാനും നല്ല സ്വഭാവത്തോടുകൂടി നടക്കുവാനും എന്നെ ഇന്നും സഹായിക്കുന്നത്.

ആ വർഷത്തെ ഓണം വളരെ സന്തോഷകരമായിരുന്നു. കോളേജിലെ പുതിയ ജീവിതവും കൂട്ടുകാരും, ഹോസ്റ്റലിലെ ഭക്ഷണവും അദ്ധ്യാപകർക്കും സഹപാഠികൾക്കും ഇട്ടിട്ടുള്ള പേരുകളും എല്ലാം പറഞ്ഞ് വളരെ രസകരമായി അവധി തള്ളിനീക്കി. അവസാനം കോളേജിലേയ്ക്കു തിരിച്ചുപോകുമ്പോൾ ഒരു കള്ളച്ചിരിയോടുകൂടി രാധ കാണിച്ച 'ടാററാ' ഞാൻ ഇന്നും കൺമുമ്പിൽ കാണുന്നു. അണയാൻപോകുന്ന തിരിയുടെ അവസാനത്തെ ആളിക്കത്തൽപോലെ ന

ശിക്കാൻ പോകുന്ന സന്തോഷത്തിന്റെ അവസാന പ്രകടനമായിരുന്നു അവധിക്കു ഞങ്ങൾ അനുഭവിച്ചതു് എന്നുള്ള സത്യം കോളേജിലേയ്ക്കു പോകുമ്പോൾ ഞാൻ മനസ്സിലാക്കിയിരുന്നില്ല.

ഓണമവധി കഴിഞ്ഞു് രണ്ടുമാസത്തോളമായി. ഇതിനിടയിൽ രാധയുടെ മൂന്നുനാലു കത്തുകൾ വന്നു. അവസാനം വന്നതിൽ ഡിസ്ട്രിക്റ്റ് സ്കൂൾ കായികമത്സരങ്ങളിൽ പങ്കെടുക്കുവാൻ സ്കൂളിൽനിന്നും അവളേയും തെരഞ്ഞെടുത്തിട്ടുണ്ടെന്നും പാലക്കാട്ടുവെച്ചു നടക്കുന്ന ആ മത്സരങ്ങൾ കഴിഞ്ഞശേഷം എല്ലാ വിവരത്തിനും എഴുതാം എന്നും മററും എഴുതിയിരുന്നു. എഴുത്തുവന്നു രണ്ടാഴ്ചയോളമായി. ഒരു ദിവസം ഞാൻ ക്ലാസ്സിൽ ഇരിക്കുകയായിരുന്നു. അതു ഫിസിക്സ് ക്ലാസ്സായിരുന്നു. ഒരു പ്രിസത്തിലൂടെ രശ്മികടക്കുമ്പോൾ അതിനുണ്ടാകുന്ന വ്യതിചലനത്തെക്കുറിച്ചു് പ്രൊഫസ്സർ വളരെ രസകരമായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണു്. പെട്ടെന്നു പ്യൂൺ കടന്നുവന്നു് ഒരു കുറിപ്പു് പ്രൊഫസ്സറുടെ കയ്യിൽ കൊടുത്തു.

"Krishna Prasad. M., No. 315, Please go and meet the Principal"

ഇതുവരെ ചെയ്ത ഓരോ പ്രവൃത്തികളെക്കുറിച്ചും ഞാൻ നല്ലവണ്ണം ആലോചിച്ചു നോക്കി. 'മനസാവാചാകർമ്മണാ' പ്രിൻസിപ്പൽ വിളിക്കത്തക്ക നിലയിൽ ഒന്നും ചെയ്തതായി ഓർമ്മ തോന്നുന്നില്ല. റൂമിൽ കടന്നപ്പോൾ ഞാൻ ഞെട്ടിപ്പോയി. പ്രിൻസിപ്പാളിന്റെ അടുത്തു് അച്ഛനിരിക്കുന്നു.

"പ്രസാദ്", രാധയ്ക്കു നല്ല സുഖമില്ല" എ. എന്റെ കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നി. ഞാൻ ഭൂമിയിലേക്കു താഴ്ന്നുപോവുകയാണോ!

"Prasad, please take your books and go soon" എന്നു് പ്രിൻസിപ്പൽ പറഞ്ഞപ്പോഴാണു ഞാൻ എന്റെ മയക്കത്തിൽനിന്നും ഉണർന്നതു്.

"രാധയ്ക്കു് നൂറു മീററർ ഓട്ടത്തിൽ ഒന്നാം സ്ഥാനവും ഇരുനൂറു മീററർ ഓട്ടത്തിൽ രണ്ടാം സ്ഥാനവും ഉണ്ടു്. സ്പോർട്സിനു് കുറച്ചു മഴ ഉണ്ടായിരുന്നു. അതുകൊണ്ടു് എന്നാണു് പറയുന്നതു് വരുമ്പോൾ തന്നെ പനിയുണ്ടായിരുന്നു. രണ്ടു ദിവസമായി ഇടയ്ക്കിടെ ഓർമ്മയില്ലാതെ ആകുന്നുണ്ടു്. നിന്നെ കാണണമെന്നു വെറുതെ പറയുന്നതു കേട്ടു് ഡോക്ടർ നിന്നെ കൊണ്ടുവരാൻ പറഞ്ഞു. അതാണു് ധൃതിയായി ഞാൻ ഇങ്ങോട്ടു വന്നതു്." അച്ഛൻ ഒരു യന്ത്രം കണക്കെ പറഞ്ഞ ആ വാക്കുകൾ ഒരു ജീവച്ഛവമെന്നോണം ഞാൻ കേട്ടുകൊണ്ടിരുന്നു.

മനസ്സുനിറയെ ഉൽക്കണ്ഠയും കണ്ണിൽ വേദനയുടെ സാക്ഷിയായ ചുടുകണ്ണീരുമായി ഞാൻ രാധ കിടന്നിരുന്ന മുറിയിൽ പ്രവേശിച്ചു. "കൂടുതൽ സംസാരിച്ചാൽ എനിക്കു കിതപ്പുണ്ടാകും. അതിനാൽ ഞാൻ ഒന്നും ചോദിക്കുന്നില്ല. എല്ലാ കോളേജുവർത്തമാനങ്ങളും പ്രസാദ് പറഞ്ഞാൽ മതി."

രണ്ടു മാസങ്ങൾക്കു മുൻപു് അതേ മുറിയിൽവച്ചു്. സന്തോഷത്തോടുകൂടി ഞാൻ പറഞ്ഞ കോളേജുവർത്തമാനങ്ങൾ! ഇന്നു് ഹൃദയം നിറയെ ദുഃഖവും രാധയ്ക്കു വിഷമം തോന്നാതിരിക്കാൻ പുറമെ സന്തോഷവും നടിച്ചുകൊണ്ടു് ഞാൻ പറഞ്ഞു.

രണ്ടുദിവസം കഴിഞ്ഞു ഞാൻ കോളേജിലേയ്ക്കു മടങ്ങി. കോളേജിൽ വന്നശേഷം ഞാൻ രാധയുടെ വിവരത്തിനു് എല്ലാ ആഴ്ചയും എഴുതിച്ചോദിക്കും. രാധയ്ക്കു് എല്ലാം സുഖപ്പെട്ടു് എന്നും വിശ്രമം എടുക്കാൻ ഡോക്ടർ പറഞ്ഞിരിക്കുന്നതിനാലാണു് എഴുതാത്തതു് എന്നും മററും അമ്മയുടെ എഴുത്തു മുഖേന ഞാൻ അറിഞ്ഞു.

ക്രിസ്തുമസ്സ് അവധിക്കു സുഖക്കേടു മാറി ഓടിനടക്കുന്ന രാധയെ കാണുവാനായി ഞാൻ ബസ്സു് ഇറങ്ങി വീട്ടിലേയ്ക്കു് നടക്കുകയല്ല ഓടുകയാണു ചെയ്തതു്. ഞാൻ വരുന്നതെന്നറിഞ്ഞാൽ സാധാരണ രാധ എന്റെ വീട്ടിൽവന്നു് ഇരിക്കുക പതിവാണു്. അന്നു് ആ പതിവിനു് വിപരീതമായി രാധ വീട്ടിൽ വന്നിട്ടില്ല. ഓ, ക്ഷീണം മാറി അധികം നടക്കുവാൻ തുടങ്ങിയിരിക്കയില്ല എന്നു കരുതി രാധയുടെ വീട്ടിലേയ്ക്കു പോകുവാൻ ഞാൻ പുറപ്പെട്ടു.



"നീയവിടെ പോകേണ്ട" എന്നു് അമ്മ പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. അമ്മയുടെ കണ്ണുകൾ നിറയുകയാണു്.

"നീ പോയ മൂന്നാം ദിവസം രാധ മരിച്ചു. നിന്നെ പെട്ടെന്നു് എഴുതി അറിയിക്കേണ്ട എന്നു കരുതിയാണു് എഴുതാതിരുന്നതു്."

എല്ലാ സമയവും ഓടിനടക്കുന്ന കുസൃതിക്കാരിയായ രാധ മരിക്കുക—അതെനിക്കു് ആദ്യം വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവസാനമായി ക്ഷീണിച്ച കൈകൾ പൊക്കി എന്നോടു 'ടാററാ' പറഞ്ഞ രാധയുടെ ആ ശബ്ദം ഈ ജീവിതം മുഴുവനും ഞാൻ മറക്കില്ല.

മരിക്കുന്നതിനു് കുറച്ചു മുമ്പു് ഞാൻ എന്നാണു വരിക എന്നു ചോദിച്ചെന്നും, "ഇടയ്ക്കിടെ ഇങ്ങോട്ടു വന്നാൽ അവനു് പഠിക്കുവാൻ ബുദ്ധിമുട്ടാവില്ലേ? മോളെ" എന്നു് അമ്മ ചോദിച്ചപ്പോൾ "എന്നാ വേണ്ട എഴുതുമ്പോൾ ഞാൻ ചോദിച്ചതായി എഴുതിയാൽ മതി!" എന്നും പറഞ്ഞെന്നു പിന്നീടു് സുഗുണയിൽനിന്നും ഞാൻ അറിഞ്ഞു.

ക്ലാസ്സിൽ നല്ലവണ്ണം പഠിക്കുന്ന ഒരു കുട്ടി, സ്കൂളിനു് ഒരു നല്ല അത്‌ലററു്, എന്റെ അനുജത്തിക്കു് ഒരു കൂട്ടുകാരി, വീട്ടിൽ എല്ലാ സമയവും സംസാരവും ചിരിയും വഴി സന്തോഷകരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചിരുന്ന ഒരംഗം നഷ്ടപ്പെട്ടപ്പോൾ എനിക്കു് എന്റെ ജീവിതസർവ്വസ്വവും ആയിരുന്നു നഷ്ടപ്പെട്ടതു്.

ഞാൻ ഒരിക്കലും ക്ഷേത്രത്തിൽ പോയിട്ടില്ല. ആർക്കുവേണ്ടിയും ഒന്നിനു വേണ്ടിയും പ്രാർത്ഥിച്ചിട്ടുമില്ല. ഒരു പക്ഷെ സർവ്വശക്തനായ ഈശ്വരനോടു ഞാൻ പ്രാർത്ഥിക്കാതിരുന്നതിനു് അദ്ദേഹം എനിക്കു നല്കിയ ഏററവും കഠിനമായ ഒരു ശിക്ഷയായിരിക്കാം എന്റെ അനുജത്തിയും, കൂട്ടുകാരിയും എല്ലാം ആയിരുന്ന രാധയെ അദ്ദേഹത്തിന്റെ തിരുസന്നിധിയിലേയ്ക്കു തിരിച്ചുവിളിച്ചതു്.

ഞാൻ ഇതു് എഴുതിക്കൊണ്ടിരിക്കുമ്പോഴും, ഒരു പക്ഷേ, എന്റെ പ്രിയപ്പെട്ട രാധ സ്വർഗ്ഗത്തിലെ മാലാഖമാരുടെ നടുവിൽ നിന്നുകൊണ്ടു് അവളുടെ പ്രിയപ്പെട്ട പ്രസാദിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടാവാം. രാധേ, നിനക്കുവേണ്ടി പ്രാർത്ഥിക്കാതിരുന്ന എനിക്കു് മാപ്പുതരൂ.

# ഉദ്യോഗം

സുരേഷ്, അമ്പാട്ട് *Class I Lit*

അവൻ ഭാഗ്യഹീനനാണ്. അവൻ പരിക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു കുടുംബം നശിക്കുന്നു. അതിനു കാരണക്കാരൻ അവനാണോ? ചെറ്റക്കുടിൽ മാളികയാക്കാൻ ശ്രമിച്ചതു് നിഷ്ഫലമായില്ലേ ? അവൻ ആർക്കുവേണ്ടി ജീവിക്കണം......... !

രാജൻ പാവപ്പെട്ടവനാണ്. അച്ഛൻ പരമു തന്റെ രക്തം വിയർപ്പാക്കി. മകൻ പഠിച്ചു. അവൻ ബി. എ. പാസ്സായി. അമ്മയും, പെങ്ങളും അച്ഛനും സന്തോഷിച്ചു. എന്റെ മകൻ ബി. എ. ക്കാരൻ, എന്റെ ജ്യേഷ്ഠൻ ബി. എ. ക്കാരൻ, ആരു് വീട്ടിൽ വന്നാലും അമ്മയും, അച്ഛനും പെങ്ങളും പറഞ്ഞു.

കോളേജും അതിന്റെ പരിസരവും വിട്ടാൽ അവനു പരിചയമുള്ള സ്ഥലം അവന്റെ ഗ്രാമം മാത്രമായിരുന്നു. പട്ടണത്തിലെ ശബ്ദങ്ങളും മുഖങ്ങളുമായി പരിചയമില്ല. താനൊരു ബിരുദധാരിയാണ്. തനിക്കൊരു ജോലി വേണം. നല്ല ശമ്പളം. കിട്ടണമെങ്കിൽ പട്ടണത്തിൽ പോകണം. നല്ല ശമ്പളം കിട്ടിയാലേ വീടു മോടിയാക്കാനൊക്കൂ... പെങ്ങളെ നല്ല നിലയിലെത്തിക്കാനൊക്കൂ. ...ആഗ്രഹങ്ങൾക്കു നീളം കൂടി വന്നുകൊണ്ടിരിക്കുന്നു.

കാലത്തെ ചായകുടികഴിഞ്ഞു് വീട്ടിലെ ചെറിയ തിണ്ണയിൽ ഇരുന്നു. തെങ്ങോലകൾ ഇളം കാറ്റിൽ തത്തിക്കളിക്കുന്നു. സൂര്യകിരണങ്ങൾ തെങ്ങോലകൾക്കിടയിലൂടെ ഒളിഞ്ഞുനോക്കി. ആകാശം തെളിഞ്ഞുനില്ക്കുന്നു. അവിടവിടെ വെള്ളമേഘങ്ങൾ സൂര്യഭഗവാന്റെ മുൻപിൽ ഓച്ഛാനിച്ചു് നിന്നു.

മനസ്സ് എവിടെയും പിടിച്ചു നില്ക്കുന്നില്ല. തന്നെ സഹായിക്കാനാരുമില്ല. തനിക്കൊരു ജോലി കിട്ടാൻ പട്ടണത്തിൽ പോകണം. പണം വേണം. താനാരോടു ചോദിക്കും. അച്ഛനോടോ...... ഇല്ല താൻ ആ മനുഷ്യന്റെ രക്തം മുഴുവൻ ഊററിക്കുടിച്ചു കഴിഞ്ഞു. ആ ശരീരത്തിൽ തനിക്കു ആവശ്യമുള്ള രക്തം ശേഷിച്ചിട്ടില്ല. എങ്ങനെ അച്ഛനോടു പണം ചോദിക്കും ?

പട്ടണത്തിൽ പോയാൽ ജോലി കിട്ടും. അവിടെ ഫാക്ടറികളും പല ഓഫീസുകളും ഉണ്ട്. അതിലേതിലെങ്കിലും ഒരാളെ ആവശ്യമുണ്ടാകും. മെട്രിക്കുലേഷൻകാരെയാണ് ആവശ്യമെങ്കിൽ താനവിടെ ചെല്ലും. അവിടെ എന്തായാലും ജോലി കിട്ടാതിരിക്കയില്ല.

ജോലി കിട്ടിയാൽ ഒന്നാമതായി ഒരെഴുത്തെഴുതും. അമ്മയും അച്ഛനും പെങ്ങളുമറിയുവാൻ, ജോലി കിട്ടി......പിന്നെ എന്തെഴുതും. മനസ്സു സന്തോഷംകൊണ്ടു വീർപ്പുമുട്ടുമ്പോൾ വാക്കുകൾ വിരളമാണ്. രൂപാ അയക്കും. മാതാപിതാക്കൾ ആനന്ദാശ്രുക്കൾ പൊഴിക്കും. അനുജത്തിക്കു ഒരു സാരി അയക്കും പട്ടണത്തിലെ സാരി. അവൾ അതിൽ നോക്കി നോക്കിയിരിക്കും. അവളുടെക്കും അമ്മ പറയും നന്നായിട്ടുണ്ടെന്ന്. കൂട്ടുകാരികൾ ചോദിക്കും ഇത്ര നല്ല സാരി എവിടുന്നു വാങ്ങിയെന്ന്.

രാജന്റെ വർണ്ണ ആഗ്രഹങ്ങൾ പറന്നുയർന്നു, ഇതെല്ലാം കണ്ടു ആനന്ദിക്കാൻ അവനു് കഴിഞ്ഞെങ്കിൽ......അവൻ ഉന്മത്തനായി.

താൻ ഈ ഗ്രാമം വിട്ടാലേ ഇതെല്ലാം നടക്കൂ. അമ്മയേയും അച്ഛനേയും പെങ്ങളേയും കൺകുളിർക്കെ ഒരു നോക്കു കണ്ടു വീട്ടു വിട്ടിറങ്ങി. എവിടെ പോകുന്നെന്നോ എന്തിനു പോകുന്നെന്നോ അവൻ പറഞ്ഞില്ല.

റെയിൽവേ സ്റ്റേഷൻ വരെ നടന്നു. പ്ലാററുഫോമിൽ വന്നിരുന്നു. നടന്ന ക്ഷീണമെല്ലാം തീർക്കണം. അടുത്ത ട്രെയിനിനു പോകണം. എങ്ങോട്ടു ? എങ്ങോട്ടെങ്കിലും ട്രെയിനിൽപോകാൻ ടിക്കറ്റെടുക്കേണ്ടേ...? വേണം അതിനു പണമെവിടെ ......? പണമില്ല. അപ്പോൾ കള്ളവണ്ടി കയറണം. കള്ളവണ്ടി കയറി പരിചയമില്ല. കഥകളിൽ വായിച്ചിട്ടുണ്ടു് കള്ളവണ്ടി കയറുകയെന്നു്.

പുകകൊണ്ടു അന്തരീക്ഷം മലിനമായി. ട്രെയിൻ ഒരു ചെറിയ ശബ്ദത്തോടെ നിന്നു. ഇടവും വലവും നോക്കിയില്ല, ഒരു മുറിയിൽ കയറി നിന്നു. ചെക്കർ വരുന്നെങ്കിൽ വരട്ടെ. തന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ. തന്റെ കഥ അയാളോടു പറയാം. അയാൾ തന്നെ രക്ഷിക്കമെങ്കിൽ താൻ നന്ദിയുള്ളവനായിരിക്കും. ഈ ട്രെയിൻ ഏതു പട്ടണത്തിലേക്കാണ് ? അടുത്തു നില്ക്കുന്ന ആളോടു ചോദിച്ചാലോ ? വേണ്ട അയാൾ സംശയിക്കും.

കമ്പിയഴിയിട്ട ജനാലിലൂടെ പുറത്തെ ലോകത്തേക്കു നോക്കിനിന്നു. ട്രെയിൻ ചൂളം വിളിച്ചുകൊണ്ടു പായുകയാണ്. പച്ചച്ഛായങ്ങൾ വന്നും പൊയ്ക്കൊണ്ടുമിരുന്നു.

പല സ്ഥലത്തും ട്രെയിൻനിന്നു. പിന്നെയും ട്രെയിൻ പാഞ്ഞു. യാത്രക്കാർ പല സ്ഥലത്തും ഇറങ്ങി. കുറേപേർ കയറി. വിശക്കുന്നുണ്ടായിരുന്നു. ആരോടും പറഞ്ഞില്ല. അവസാനം ട്രെയിൻനിന്നു. ആളുകളെല്ലാം പെട്ടിയും കിടക്കയുമായി ഇറങ്ങി. എല്ലാവരും ഇറങ്ങിപ്പോയി. പട്ടണമായിരിക്കാം. എല്ലാവരും ജോലിക്കു വേണ്ടി വന്നവരാണോ ? ട്രെയിൻ രാജനും ഇറങ്ങി തിക്കും തിരക്കും. അകന്നുപോയി. തിരക്കു കുറഞ്ഞു. പ്ലാററുഫോമിൽ നിന്നും പാളത്തിലേക്കിറങ്ങി പാളത്തിലൂടെ നടന്നു.

വിശക്കുന്നു ക്ഷീണമുണ്ട്. ഒന്നുറങ്ങിയാൽ കൊള്ളാം. നടന്നു നടന്നു ഒരു മാവിൻ ചുവട്ടിലെത്തി തളർന്നു വീണു. പിന്നീടെന്തുണ്ടായി എന്നറിയില്ല. ഉണർന്നപ്പോൾ അകലെ വെളിച്ചം കണ്ടു. പട്ടണത്തിലെ വെളിച്ചം. വെളിച്ചംലക്ഷ്യമാക്കി നടന്നു.

വലിയ ഒരു ഹോട്ടലിൽ ചെന്നു. വിശപ്പു മാറാൻ വേണ്ടുവോളം കഴിച്ചു. ബില്ല്കൊണ്ടുവന്നു. അപ്പോഴാണ് താൻ ചെയ്ത തെറ്റു മനസ്സിലായതു്. വയറിന്റെ വിളി അവസാനിച്ചപ്പോൾ തെററാണു ചെയ്തതെന്നു മനസ്സിലായി. താനെന്തു ചെയ്യണം. തനിക്കു പരിചയമുള്ളവരാരും അവിടെയില്ല. അതു പട്ടണമാണ്. ഇവിടത്തെ മുഖങ്ങൾ തനിക്കു അപരിചിതമാണ്. താൻ പരിഭ്രമിച്ചിരിക്കുന്നതു കണ്ടു വെയിററർ അടുത്തുവന്നു. തന്റെ മുഖഭാവം കണ്ടപ്പോൾ വെയിററിനു കാര്യം മനസ്സിലായി. അയാൾ രാജനെ ഉന്തിത്തള്ളി മാനേജരുടെ മുറിയിലേക്കു കൊണ്ടുപോയി. തനിക്കറിയാൻ പാടില്ലാത്ത ഭാഷയിൽ വെയിററർ മാനേജരോടു എന്തോ പറഞ്ഞു. നെഞ്ചിടിക്കുകയായിരുന്നു.

മാനേജരുടെ മുഖത്തു് നോക്കി പെട്ടെന്നു ശ്വാസം നിന്നതുപോലെ തോന്നി. മാനേജരുടെ തടിച്ച ഫ്രെയിമിട്ട കണ്ണടയിലൂടെ രണ്ടു കൺമണികൾ രാജനെ അടി മുതൽ മുടിവരെ തഴുകി. മാനേജരുടെ മുഖത്തു് അപ്പോൾ സ്പഷ്ടമായി കാണാമായിരുന്നതെന്താണ്. പുച്ഛമാണോ ? ദേഷ്യമാണോ? രണ്ടുമല്ല സന്തോഷം. അതിനു കാരണം ? മാനേജർക്കു രാജനെ പരിചയമുണ്ട്. രാജനു മാനേജരെ പരിചയമുണ്ട്. വർഷങ്ങൾക്കു മുമ്പു പിരിഞ്ഞ രണ്ടു കൂട്ടുകാർ വീണ്ടും കണ്ടുമുട്ടിയിരിക്കുന്നു.

രാജൻ തന്റെ സകല സ്ഥിതിഗതികളും തന്റെ കൂട്ടുകാരനു മനസ്സിലാക്കിക്കൊടുത്തു. അന്നവിടെ താമസിച്ചു വിശപ്പുമാറി സുഖമായി ഉറങ്ങി. ക്ഷീണം തീർന്നപ്പോൾ ജോലി വേണം. തന്റെ കൂട്ടുകാരൻ വിചാരിച്ചാൽ ഈ പട്ടണത്തിൽ ഒരു ജോലി വാങ്ങിത്തരാൻ സാധിക്കുന്നവനാം. പെട്ടെന്നാണ് വീട്ടിനെപ്പററി ഓർമ്മിച്ചതു്. തന്റെ അച്ഛനും അമ്മയും പെങ്ങളും തന്നെക്കാണാഞ്ഞിട്ടു അവിടം മുഴുവൻ അന്വേഷിക്കുന്നുണ്ടാകും. ചിന്തകൾ കാടുകയറി. കട്ടിലിൽ ചെന്നു കിടന്നു.

വാതിലിൽ ഒരു മുട്ട് കേട്ടു. രാജൻ കണ്ണു തിരുമ്മി എഴുന്നേറ്റപ്പോൾ കണ്ടതു തന്റെ കൂട്ടുകാരനെയാണ്. കൂട്ടുകാരനെ കട്ടിലിൽ ഇരുത്തി. അവൻ എന്തോ കാര്യഗൗരവമായ സംഗതി പറയാനാണ് വന്നിരിക്കുന്നതെന്നു രാജനു തോന്നി. 'താൻ രണ്ടു ദിവസമായി ഹോട്ടലിൽ താമസിക്കുന്നു. ഇനിയും താമസിക്കാൻ വേറെയെതെങ്കിലും സ്ഥലം നോക്കണം' എന്നു പറയാൻ അവൻ അത്രത്തോളം ക്രൂരനല്ല. രാജന്റെ തോളിൽ തട്ടിക്കൊണ്ടു കൂട്ടുകാരൻ പറഞ്ഞു. "എടാ ഇന്നു ഇവിടത്തെ ടി. ബി. യിൽ എയർ ഫോഴ്സിന്റെ റിക്രൂട്ടുമെന്റുണ്ട്. നീ അതിനൊന്നു ശ്രമിക്കു. നീ നല്ല ആരോഗ്യമുള്ളവനാണ്. ഒരു ഡിഗ്രിയുള്ളവനുമാണ്. പ്രായവും കൂടുതലില്ല.

രാജൻ എയർഫോഴ്സിൽ ചേർന്നു. വീട്ടിലേക്കു ഉടനെ ഒരു കത്ത് അയച്ചു. മറുപടി കാത്തു അക്ഷമനായിരിക്കുകയായിരുന്നു. മറുപടി വന്നു അമ്മ സുഖമില്ലാതെ കിടപ്പിലാണ് മകനേ. നീ പോയിട്ട് ഒരു വിവരവുമില്ലാതായപ്പോൾ കട്ടിലിൽ വീണതാണ്. ഇതുവരെ എഴുന്നേറ്റിട്ടില്ല. കൈകൾ വിറക്കുന്നു. എഴുത്തു താഴെ വീണു. ഇതുവരെ കരഞ്ഞിട്ടില്ലാത്ത രാജൻ ആദ്യമായി കരഞ്ഞു.

ദിവസങ്ങൾ നീണ്ടുപൊയ്ക്കൊണ്ടിരുന്നു. ദിവസവും വീട്ടിലേക്കു എഴുതയച്ചുകൊണ്ടിരുന്നു. അമ്മയുടെ രോഗം എങ്ങിനെയുണ്ടെന്ന് എല്ലാ എഴുത്തിലും എഴുതി ചോദിച്ചു. രോഗം ഭേദമായിക്കൊണ്ടിരിക്കുന്നു എന്ന ആശ്വാസകരമായ മറുപടി കിട്ടിക്കൊണ്ടിരുന്നു.

ഒരു ദിവസം ബാരക്കിലിരുന്നു ഒരു മാസിക വായിക്കുകയായിരുന്നു. ആരോ വാതിലിൽ മുട്ടി വാതിൽ തുറന്നു. മഞ്ഞളിച്ച മുഖവുമായി ബലബീർസിങ്ങ് വാതില്ക്കൽ നില്ക്കുന്നു. അയാളുടെ കയ്യിൽ ഒരു ചുവന്ന കടലാസ്സിരുന്നു വിറക്കുന്നു. രാജനു മനസ്സിലായി അതു ഒരു ടെലഗ്രാം ആണെന്ന്. രാജൻ അതു വാങ്ങി നോക്കി. "മദർ എക്സ്പയേർഡ്", പിന്നീടൊന്നും ഓർമ്മയില്ല.

ബോധം തെളിഞ്ഞു നോക്കുമ്പോൾ ആളുകൾ ചുറ്റുമുണ്ട്. മുകളിൽ ഫാൻ കറങ്ങുന്നു. താനെവിടെയാണ്. ഒന്നും തലയിൽ കയറുന്നില്ല. തലച്ചോറിൽ ആകെ ഇരുട്ടു കട്ട പിടിച്ചു കിടക്കുന്നു. കണ്ണടച്ചു. വീണ്ടും കണ്ണു തുറന്നു. ബലബീർസിങ്ങിന്റെ മുഖം കണ്ടു. എല്ലാവരെയും ഒന്നു നോക്കി. എല്ലാ കണ്ണുകളും തന്റെ കണ്ണിലേക്കാണ് ഉറ്റുനോക്കുന്നതെന്നു മനസ്സിലായി.

രണ്ടുമാസമായി രാജൻ ബോധഹീനനായി കിടക്കുകയാണ്. ഡോക്ടർമാർ അയാളുടെ കണ്ണു തുറപ്പിച്ചു. മാസങ്ങൾ വേണ്ടി വന്നു ആ കണ്ണിലേക്കു പ്രകാശധാര കടക്കാൻ.

മൂന്നുമാസം കൂടി കഴിഞ്ഞപ്പോൾ രാജൻ പൂർണ്ണ ആരോഗ്യവാനായി. അയാൾ നാട്ടിലേക്കു പുറപ്പെട്ടു.

ഇടുങ്ങിയ പാതയിലൂടെ തന്റെ ചെറ്റയിലേക്കു നടന്നടുത്തപ്പോൾ വഴിയിൽ കണ്ടവരാരും അയാളെ തിരിച്ചറിഞ്ഞില്ല. വീട്ടിലേക്കു കയറിച്ചെന്നു.

അവിടവിടെ പൊട്ടിപ്പോയ മൺകട്ടകൾ. ഈർക്കിൽ മാത്രം അവശേഷിച്ച മേൽക്കൂര. അയാൾ പെട്ടിയും കിടക്കയും ഇറയത്തുവച്ചു. അകത്തു ആരോ ഞരങ്ങുന്നതും മൂളുന്നതും കേട്ടു. ഒരു കട്ടിയുടെ കരച്ചിൽ അതിനെ അനുഗമിച്ചു. രാജൻ അകത്തേക്കു ചാടിക്കയറി. രണ്ടു പൂച്ചകൾ ഓടിപ്പോയി. ഇറയവും അകവും കാഷ്ഠം കുത്തിക്കിടക്കുന്നു. വീടിനകത്തു പായോ പാത്രങ്ങളോ വസ്ത്രങ്ങളോ ഒന്നും കണ്ടില്ല. തന്റെ യാതൊരു വിവരവും ഇല്ലാതായപ്പോൾ അച്ഛനും പെങ്ങളും തന്നെ അന്വേഷിച്ചു പട്ടണത്തിലേക്കു പോയതായിരിക്കുമെന്നു രാജൻ തീർച്ചപ്പെടുത്തി. അയൽപക്കത്തെ കല്യാണിയമ്മയോടു ചോദിച്ചാൽ സകല വിവരവും അറിയാമെന്നു വിചാരിച്ച് അയാൾ അങ്ങോട്ടു നടന്നു.

തന്നെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു കല്യാണിയമ്മയെന്നു രാജനു മനസ്സിലായി. രാജൻ അവരുടെ പടിക്കന്ന് പറമ്പിൽ കാൽവെച്ചു. കല്യാണിയമ്മ ഒരു ദീർഘശ്വാസം വിട്ടു. അവർ അകത്തേക്കു കയറിപ്പോയി. ഒരു പായെടുത്തു ഇറയത്തിട്ടു. അതിന്റെ ഒരു തലയ്ക്കൽ മുറുക്കാൻ ചെല്ലം തുറന്നുവെച്ചു അവരിരുന്നു. രാജൻ മുറ്റത്തു എത്തിക്കഴിഞ്ഞു.

"രാജൻ ഇരിക്കു".

"ഞാൻ നിന്നോളാം".

"നീ വല്യ ഉദ്യോഗസ്ഥനൊക്കെ ആയിപ്പോയല്ലോ അല്ലേ? ഞങ്ങളുടെ ഈ കുടിലിന്റെ ഇറയത്തിരിക്കുന്നതു അപമാനമാണ് അല്ലേ?"

"കല്യാണിയമ്മേ, എന്റെ അച്ഛനും പെങ്ങളുമെവിടെ പോയെന്നു അറിയാമോ?" രാജൻ പായുടെ ഒരു അറ്റത്തിരുന്നു.

"അച്ഛൻ സ്വർഗ്ഗത്തിൽ, പെങ്ങള് പെങ്ങള്.........ഞാനതു പറയണോ?" രാജന്റെ മുഖം വിളറിപ്പോയി.

"എന്താണ് നിങ്ങളീ പറയുന്നത്, എന്റെ അച്ഛൻ.........എന്റെ അച്ഛൻ മരിച്ചുപോയെന്നോ?"

"അതേടാ കുടുംബത്തോടു കുറച്ചു സ്നേഹം വേണം. നിനക്കു സ്നേഹമെന്നതു തൊട്ടുതെറിച്ചിട്ടുണ്ടോടാ? അമ്മ മരിച്ചെന്നുകമ്പിയടിച്ചിട്ടു നീ അറിഞ്ഞ ഭാവം നടിച്ചോ? നിനക്കു പത്തു പൈസ കൊടുത്തു ഒരു കാർഡ് മേടിച്ച് അതിലെഴുതായിരുന്നില്ലേ"

"കല്യാണിയമ്മേ......!!!" ഒരു ഗർജ്ജനമായിരുന്നു. കല്യാണിയമ്മ കേട്ട ഭാവം നടിച്ചില്ല "നീ തള്ളയെയും തന്തയെയും കൊന്ന മഹാ പാപിയാണെടാ. തള്ള മരിച്ചിട്ടു വന്നില്ല തന്ത മരിച്ചിട്ടു വന്നില്ല. ഒരു പത്തുരൂപാ അയച്ചു കൊടുക്കായിരുന്നില്ലേടാ കൊണ്ടുപോയ് തിന്നെന്നും പറഞ്ഞു. ആ തന്ത വയസ്സുകാലത്തു പാടത്തു നട്ടുച്ചവെയിലത്തു ഉഴുതോണ്ടിരിക്കുമ്പഴടാ ചത്തു വീണതു. നീ മനുഷ്യനാണോടാ." അവർ കിതക്കുന്നുണ്ടായിരുന്നു. ആവേശംകൊണ്ടു വാക്കുകൾ അവരുടെ തൊണ്ടയിൽ കുരുങ്ങി.

"കല്യാണിയമ്മേ നിർത്തു. ഇനി ഞാൻ പറയാം".

"നീയൊന്നും പറയണ്ടാ. എടാ തന്തയും തള്ളയും ചത്തന്നറിഞ്ഞപ്പോ നിന്റെ പെങ്ങളെവിടെയെന്നു നീ അന്വേഷിച്ചോ?"

"എന്റെ പെങ്ങളെവിടെ കല്യാണിയമ്മേ?"

"ഇപ്പോ ചോദിച്ചിട്ടെന്താ കാര്യം? അവൾക്ക് അയലൊക്കത്തുകാര് എത്ര ദിവസാന്നിച്ചാ ചോറ് കൊടുക്കാ. നീ നിന്റെ ആങ്ങളേടെടുത്ത് പോടീന്ന് അവൾടെ മൊഖത്തു നോക്കി ആൾക്കാര് പറയില്ലേ?"

"അവളെവിടെ കല്യാണിയമ്മേ?"

"അവള് പള്ളികെടന്നല്ലോ ജീവിക്കാൻ മാർഗ്ഗം നോക്കി. മനുഷ്യനല്ലേ. ജീവിക്കണോന്ന് ആശേണ്ടാവില്ലേ? കൊളുക്കോ ഈച്ചയോ ആണച്ചാ തിരുമ്മിച്ചാവാന്. ഇതള് പറ്റോ. അവള് ആരടെയോ കൂടെ പോയി. അവളിപ്പഴെവിടുണ്ടെന്നോ ആരടെ ക്യോന്നോ ആർക്കും അറിഞ്ഞൂടാ."

"കല്യാണിയമ്മേ.........." നിർത്തു എന്റെ പെങ്ങൾ അതേ അവൾ പോയെന്നോ.........ആരുടെയോ കൂടെപ്പോയെന്നോ......ഇനി ഞാൻ ആർക്കുവേണ്ടി ജീവിക്കണം.........തന്തയെയും തള്ളയെയും കൊന്നു......പെങ്ങളെ പെരുവഴി തെണ്ടിച്ചു......ആഹാ ഹാ ഹാ ഹാ ഹാ......" ആ അട്ടഹാസം ദിഗന്തങ്ങളോളം മുഴങ്ങി കേട്ടു.

# സ്വപ്നങ്ങളും മനസ്സും

കെ. ഗോപാലകൃഷ്ണമേനോൻ, ക്ലാസ്സ് 1 സൈക്കോളജി

ദേഹവും ദേഹിയും രണ്ടാണെന്നും, ദേഹി ദേഹത്തിൽനിന്നു സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള ആദിമവിശ്വാസത്തിന്റെ അടിസ്ഥാനം 'സ്വപ്ന'മാണെന്നു ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു.

'സ്വപ്നങ്ങൾ'—ആദിമമനുഷ്യന്റെ ചിന്തയേയും ഭാവനയേയും ഉദ്ദീപിപ്പിക്കുകയും, ആത്മാവിന്റെ അപ്രമേയതയെപ്പററിയുള്ള, അസ്പഷ്ടമെങ്കിലും അഗാധമായൊരു ബോധം അവനിൽ അങ്കുരിപ്പിക്കുകയും ചെയ്തുവെന്നതിൽ സംശയമില്ല. ആത്മാവിലുള്ള വിശ്വാസമാണല്ലോ സകല ആത്മീയചിന്തകളുടേയും അസ്ഥിവാരം. ഈ വിശ്വാസം മനുഷ്യനിൽ ഉണ്ടാക്കുന്നതിൽ 'സ്വപ്ന'ങ്ങൾക്കു് അതിപ്രധാനമായൊരു പങ്കാണുള്ളതു്.

## "സ്വപ്നവും വിശ്വാസവും"

അനാദികാലംമുതൽക്കു തന്നെ 'സ്വപ്ന'ത്തെപ്പററിയുള്ള പര്യവേക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സ്വപ്നം ഭാവിയെ സൂചിപ്പിക്കുമെന്നു പ്രാചീനർ വിശ്വസിച്ചിരുന്നു. നവീനരിൽ പലരും വിശ്വസിക്കുകയും ചെയ്യുന്നു. എല്ലാ നാട്ടുകാരുടേയും പുരാണകഥകളിൽ സ്വപ്നങ്ങളേയും, അവയുടെ ഭാവിസൂചനകളേയും പററിയുള്ള കഥകൾ കാണാവുന്നതാണു്. സ്വപ്നങ്ങളിലെ അതിനിഗൂഢമായ സൂചനകൾ വ്യാഖ്യാനിക്കുന്നതിനു പ്രത്യേക പ്രാവീണ്യമുള്ള പണ്ഡിതന്മാരും അന്നുണ്ടായിരുന്നു. പുരാതന ഈജിപ്ററിലെ ഒരു രാജാവു് ഏഴു് തടിച്ച പശുക്കളെ സ്വപ്നം കണ്ടു; ഈ പശുക്കൾക്കു പിൻപിൽ ഏഴു മെലിഞ്ഞ പശുക്കൾ ഉണ്ടായിരുന്നു. മെലിഞ്ഞ ഗോക്കൾ തടിച്ചവയെ ഭക്ഷിച്ചുകളഞ്ഞതായിട്ടായിരുന്നു സ്വപ്നം. ഈ സ്വപ്നത്തിന്റെ അർത്ഥം ജോസഫ് എന്ന ഭക്തനായ കഥാനായകൻ ഇങ്ങനെയാണു് വ്യാഖ്യാനിച്ചതു് "ഏഴു തടിച്ച പശുക്കൾ സമൃദ്ധിയുള്ള ഏഴു സംവത്സരങ്ങളാണു്. ഏഴു മെലിഞ്ഞ പശുക്കൾ അതിനു ശേഷമുണ്ടാകുന്ന ഏഴു കൊല്ലത്തെ ക്ഷാമത്തെ സൂചിപ്പിക്കുന്നു. സമൃദ്ധികാലത്തെ സകല സമ്പാദ്യങ്ങളും ഈക്ഷാമം തിന്നുതീർക്കുകയും. സ്വപ്നങ്ങളുടെ സൂചനകളെ വ്യക്തമാക്കുന്ന ഗ്രന്ഥങ്ങൾ പ്രാചീനകാലത്തു ധാരാളമുണ്ടായിരുന്നു. അന്നുണ്ടായിരുന്നവർ അവയിൽ വിശ്വസിക്കുകയും ചെയ്തിരുന്നു.

## ശാസ്ത്രവും സ്വപ്നവും

ഇന്നത്തെ ശാസ്ത്രീയ യുഗത്തിൽ സ്വപ്നങ്ങളും ശാസ്ത്രജ്ഞന്മാരുടെ പരിശോധനക്കു വിധേയമായിട്ടുണ്ടു്. സ്വപ്നങ്ങളുടെ ഭാവിഫലസൂചനം സംബന്ധിച്ചല്ല, അവയുടെ മനഃശാസ്ത്രപരമായ ഉൽപത്തിയേയും സ്വഭാവത്തേയും പററിയാണു് ഇന്നവർ അന്വേഷണങ്ങൾ നടത്തുന്നതു്. മറെറതു വസ്തുതയും പോലെ സ്വപ്നവും ശാസ്ത്രജ്ഞന്റെ തികച്ചും വസ്തുനിഷ്ഠമായ പരിശോധനക്കു വിധേയമായിക്കൊണ്ടിരിക്കുന്നു.

നവീന സ്വപ്നഗവേഷണങ്ങളെ മൊത്തത്തിൽ രണ്ടു കാലഘട്ടങ്ങളായി വേർതിരിക്കാം. ഒന്നാമത്തേതു് "ഫ്രോയ്ഡി"നു മുമ്പുള്ള കാലഘട്ടം. രണ്ടാമത്തേതു് ഫ്രോയ്ഡിന്റെ കാലഘട്ടം.

ശാരീരികമായ താല്ക്കാലികാസ്വസ്ഥതകൾ കൂടാതെ സ്വപ്നങ്ങൾക്കു് മാനസികമായ ഒരു ഉൽപത്തിസ്ഥാനമുണ്ടു്. ജീവിതത്തിലെ ഉൽക്കടാനുഭവങ്ങളും മനസ്സിൽ തിങ്ങിനില്ക്കുന്നതോ, ഉറങ്ങിക്കിടക്കുന്നതോ, ആയ ആശകളും അഭിലാഷങ്ങളും സ്വപ്നങ്ങൾക്കു് കാരണങ്ങളാണു്.

സ്വപ്നത്തിന്റെ മാനസികമായ പ്രത്യേകതകൾ രസാവഹമാണു്. സ്വപ്നം വാസ്തവത്തിൽ ഉറക്കത്തെ തടസ്സപ്പെടുത്തുകയല്ല ചെയ്യുന്നതു്. ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ഉറക്കത്തിന്റെ ആഗമനത്തിൽ നില്ക്കുന്നു. അതിനുശേഷം ബോധത്തോടുകൂടിയല്ലാത്ത പ്രവർത്തനങ്ങൾക്കു മനസ്സ് സ്വയം വിധേയമാകുന്നു. ഇത്തരം മാനസികപ്രവർത്തനങ്ങൾ ഉടനെ പോകുന്നതിനു് ഉറക്കം ഒരു സഹായമാണു്. അവ ഉറക്കത്തെ നീട്ടിക്കൊണ്ടു പോകുന്നതിനു സഹായിക്കുന്നു.

എന്നാൽ, സ്വപ്നത്തിൽ നാം നമ്മുടെ സ്വഭാവത്തിനെതിരായി യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നു "ഷോപ്പൻ ഹൊവർ"ടെ അഭിപ്രായം ശ്രദ്ധാർഹമാണു്. ഗുണവാനായ ഒരുവൻ തന്റെ സ്വപ്നത്തിലും ഗുണവാനായിരിക്കും. ഒരുവന്റെ സ്വപ്നങ്ങൾ അറിഞ്ഞാൽ, അയാൾ ഏതു തരക്കാരനാണെന്നു തീർച്ചയാക്കാമെന്നും ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അതെ, സ്വപ്നം ഒരു ആഗ്രഹപൂരണമാണു്.

## മറെറാരു പ്രത്യേകത

സ്വപ്നത്തെ സംബന്ധിച്ച മാനസികമായ മറെറാരു പ്രത്യേകതകൂടിപ്പറഞ്ഞുകൊള്ളട്ടെ. അതു നാം ഉണർന്നതിനുശേഷം സ്വപ്നത്തെപ്പററി ഓർക്കുമ്പോൾ, അതിനു സംഭവിക്കുന്ന മാററമാണു്. സ്വപ്നം അങ്ങിനെതന്നെ നമുക്കു് ഓർമ്മിക്കുവാൻ സാധിക്കുകയില്ല. നാം ഓർക്കുന്നതിൽനിന്നും എത്രയോ കൂടുതൽ ആയിരുന്നു 'സ്വപ്നം,'—എന്നു് നമുക്കു തോന്നിപ്പോകും. ഓർക്കുന്ന ഭാഗങ്ങളിൽ തന്നെ ചിലതു് അസ്പഷ്ടങ്ങളും, കലുഷങ്ങളുമായിരിക്കും. എന്താണിങ്ങനെ സംഭവിക്കുന്നതു്? ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ സബോധമനസ്സിലേക്കുള്ള പ്രവേശനത്തിൽ ഏററവും ശക്തിയോടുകൂടി എതിർക്കപ്പെടുന്ന വിചാരങ്ങളാണു് അസ്പഷ്ടങ്ങളും കലുഷിതങ്ങളുമായിത്തീരുന്നതും, ഏററവും വേഗത്തിൽ വിസ്മരിക്കപ്പെടുന്നതും.

അബോധമനസ്സിന്റെ പടിയ്ക്കൽ നില്ക്കുന്ന പാറാവുകാരൻ അറിയാതെ സ്വപ്നത്തിൽ ചില വിചാരങ്ങൾ പ്രവേശിക്കുന്നു. എന്നാൽ ഉണർന്നിരിക്കുമ്പോൾ ആ പാറാവുകാരൻ വളരെ ശ്രദ്ധാലുവാണു്. അത്തരം വിചാരങ്ങളെ അവൻ സബോധമനസ്സിലേക്കു് കടത്തിവിടുകയില്ല. ഈ തടസ്സംകൊണ്ടാണു് സ്വപ്നത്തിൽ കണ്ട പല ഭാഗങ്ങളും നമുക്കു് ഓർമ്മിക്കുവാൻ കഴിയാതെ വരുന്നതു്.

സ്വപ്നങ്ങൾ മനുഷ്യന്റെ ആദ്ധ്യാത്മിക സംസ്കാരത്തിന്റെ അടിത്തറ പണിതതാണു്. ആദിമമനുഷ്യന്റെ ഭാവനയെ തട്ടിയുണർത്തി അതിനെ പാരത്രികചിന്തകളിലേക്കു് നയിച്ചതു് സ്വപ്നങ്ങളാണു്. ദേഹത്തിൽനിന്നും ഭിന്നമായി പ്രവർത്തിക്കുന്ന ഒരാത്മാവുണ്ടെന്നുള്ള വിശ്വാസത്തിനാസ്പദം സ്വപ്നങ്ങളാണെന്നുള്ളതിൽ തർക്കമില്ല. ശരീരം, നിദ്രാധീനമായി, നിശ്ചേഷ്ടമായി കിടക്കുമ്പോൾ ആത്മാവു് [illegible] സ്വതന്ത്രസഞ്ചാരം ചെയ്യുന്നതാണു് സ്വപ്നങ്ങളെന്നു് വളരെയധികം പേർ ഇന്നും വിശ്വസിക്കുന്നു. സ്വപ്നങ്ങൾ വരാൻപോകുന്ന സംഗതികളുടെ സൂചനകൾ നൽകുന്നുവെന്നുള്ള വിശ്വാസം സർവ്വത്ര പ്രചാരത്തിലുണ്ടു്. അതുകൊണ്ടു് അവയെ ഭയസമ്മിശ്രമായ അത്ഭുതത്തോടുകൂടിയാണു് സാധാരണക്കാർ കരുതുന്നതു്. സ്വപ്നങ്ങളുടെ അജ്ഞേയജനകതവും; ദുർഗ്രഹതവും മനുഷ്യന്റെ ആത്മാവിലുള്ള വിശ്വാസത്തെ അചഞ്ചലമായി ഉറപ്പിക്കയാണു് ചെയ്തിട്ടുള്ളതു്. സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങൾക്കു് ഉപരിയായ ഒരു യാഥാർത്ഥ്യമായി കരുതപ്പെട്ടുപോരുന്നു.

ഫ്രോയ്ഡിന്റെ ആഗമനത്തോടുകൂടി സ്വപ്നങ്ങളെപ്പററിയുള്ള സാമാന്യ വിശ്വാസങ്ങൾക്കു് വലിയൊരിളക്കം തട്ടി. അദ്ദേഹം തന്റെ, "സ്വപ്നങ്ങളുടെ വ്യാഖ്യാനം" "( Interpretation of Dreams ) എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ സ്വപ്നങ്ങളെ അപഗ്രഥിച്ചു് പഠിക്കുകയും അവയുടെ ഉത്ഭവകാരണങ്ങളെ വ്യക്തമാക്കുകയും ചെയ്യുന്നു. മാനസികാപഗ്രഥനശാസ്ത്രത്തിന്റെ ചരിത്രത്തിൽ ഏററവും പ്രധാനമായ ഒരു

ഘട്ടത്തിന്റെ ആവിർഭാവമാണ് ആഗ്ര നാം കരിക്കുന്നതു്.

നമ്മുടെ മനസ്സിൽ അനുനിമിഷം ആഗ്രഹങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയിൽ ഒട്ടുമുക്കാലും പുറത്തു പ്രകടിപ്പിക്കുവാൻ പാടാത്തവയാണ്. അവയെ നാം അടക്കിക്കളയുന്നു. ഇങ്ങനെ അടക്കുന്ന ആഗ്രഹങ്ങൾ മനസ്സിന്റെ അബോധതലത്തിൽ ചെന്നു പാറുന്നു. അടക്കിനിറുത്തിയിരിക്കുന്ന പ്രാകൃതമായ ആഗ്രഹങ്ങളേയും അഭിലാഷങ്ങളേയും പുറത്തുവിടാതെ കാത്തുകൊണ്ട് മനസ്സിൽ ഒരു പാറാവുകാരനുണ്ട്. ഫ്രോയ്ഡ് അതിനെ 'സെൻസർ' എന്നു വിളിക്കുന്നു. ചില അവസരങ്ങളിൽ ആഗ്രഹങ്ങളും സെൻസറും തമ്മിൽ സംഘട്ടനമുണ്ടാകുന്നു. സംഘട്ടനം മൂർദ്ധന്യദശയിൽ എത്തി, സെൻസർ പരാജയപ്പെട്ടപ്പോൾ, ആഗ്രഹങ്ങൾ പല രൂപത്തിലും പുറത്തേയ്ക്കു തള്ളിക്കടക്കുന്നു. ഇങ്ങനെയാണത്രെ ഞരമ്പുരോഗങ്ങളും ഉന്മാദവും മറ്റുമുണ്ടാകുന്നതു്. എന്നാൽ പ്രായേണ നിരുപദ്രവമായ രീതിയിലും ആഗ്രഹങ്ങൾക്കു പുറത്തുകടക്കുവാൻ സന്ദർഭം ലഭിക്കുന്നുണ്ട്. അതു സ്വപ്നങ്ങളിൽക്കൂടിയാണ്.

ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ സ്വപ്നങ്ങൾ ആഗ്രഹനിവൃത്തിയാണ്. അവ ഒരു അനുഗ്രഹവുമത്രെ! മനസ്സിൽ സംഘട്ടനങ്ങളും വിഷമങ്ങളുമുണ്ടാക്കി മനോരോഗങ്ങൾക്കു വഴിവയ്ക്കുന്ന ഉൽക്കടമായ ആഗ്രഹങ്ങളേയും അഭിലാഷങ്ങളേയും നിരുപദ്രവമായ രീതിയിൽ നിവൃത്തിവരുത്തുകയാണല്ലോ സ്വപ്നങ്ങൾ ചെയ്യുന്നതു്. അബോധമനസ്സ് സ്വന്തം സൃഷ്ടിയായ മനോഹരലോകത്തിൽ സഞ്ചരിച്ച് സ്വയം സംതൃപ്തിയടയുന്നു.

സ്വപ്നങ്ങൾ മനസ്സിന്റെ ഘടനയെ വെളിപ്പെടുത്തുന്നു. മനസ്സിലെ പ്രബലമായ ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ, ആശങ്കകൾ, വാസനകൾ, വികാരപരമായ അസ്വസ്ഥതകൾ—ഇവയെല്ലാം സ്വപ്നങ്ങളിൽക്കൂടി പുറത്തുവരുന്നു. ഇക്കാര്യത്തിൽ ജാഗ്രദവസ്ഥയിലെ പെരുമാററത്തേക്കാൾ കൂടുതൽ യാഥാർത്ഥ്യമായിട്ടുള്ളതു് സ്വപ്നങ്ങളാണ്. അവ നമ്മുടെ ആന്തരമായ ആത്മകഥ പറയുന്നു. വ്യക്തിത്വത്തിന്റെ ദുർഗ്രഹമായ മുക്കിലും മൂലയിലും അവ വെളിച്ചം വീശുകയും ചെയ്യുന്നു.

യക്ഷിക്കഥകൾ, പഴങ്കഥകൾ, പുരാണങ്ങൾ തുടങ്ങിയവ മനുഷ്യവർഗ്ഗത്തിന്റെ ആദിമകാലസ്വപ്നങ്ങളത്രെ.

സ്വപ്നങ്ങളും, ജാഗ്രദവസ്ഥയിലെ മനോഹരഭാവനകളും, സ്വപ്നാടനങ്ങളും സജാതീയങ്ങളാണ്. സ്വപ്നങ്ങൾക്കെന്നപോലെ തന്നെ അവയ്ക്കും പ്രചോദനം നൽകുന്നതു് ആന്തരമായ അഭിലാഷങ്ങളാണ്. മനുഷ്യൻ ജന്മനാ സ്വപ്നാടനക്കാരനാണ്. യഥാർത്ഥാനുഭവങ്ങളിൽനിന്ന് സിദ്ധിക്കുവാൻ കഴിവില്ലാത്ത ആനന്ദാനുഭൂതികൾ അവൻ സ്വപ്നങ്ങളിൽ—യഥാർത്ഥ സ്വപ്നങ്ങളിലും, ദിവാസ്വപ്നങ്ങളിലും—കൂടി അനുഭവിക്കുന്നു. ബാഹ്യബന്ധങ്ങളിൽനിന്നു മുക്തമായ മനസ്സ് മനോഹരമായ ഭാവനകളിൽ സഞ്ചാരംകൊള്ളുന്നു. മനോരാജ്യങ്ങൾ, മധുരസങ്കല്പങ്ങൾ, വിചിത്ര ചിന്തകൾ, വിനോദഭാവനകൾ.

ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ മനസ്സിനു മൂന്നു ഘട്ടങ്ങളാണുള്ളതു്. അവയെ അദ്ദേഹം " ഈഡ്; ഈഗോ, സൂപ്പർ ഈഗോ "—എന്നു നാമകരണം ചെയ്തിരിക്കുന്നു.

'ഈഡി'-ന്റെ സർവ്വപ്രധാനമായ സ്വഭാവം സ്വച്ഛേച്ഛയാണ്.

" സൂപ്പർ ഈഗോ "-മനസ്സാക്ഷിയാണ്. മനസ്സാക്ഷിയുടെ വിമർശനംകൊണ്ട് 'ഈഗോ'വിൽ ഒരു അപരാധ ബോധമുണ്ടായിത്തീരുന്നു. സദാചാരപരമായ ചിന്തകളും ആദർശങ്ങളും; ആശയങ്ങളും; "സൂപ്പർ ഈഗോവി"ന്റെ സന്താനങ്ങളാണ്.

**" മനസ്സ് "— ഫ്രോയ്ഡിന്റെ ദൃഷ്ടിയിൽ:-** 'മനസ്സ്'—ഉണ്ടോ ഇല്ലയോ എന്ന വാദംതന്നെ ഇന്നും ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അവസാനിച്ചിട്ടില്ല. എന്നു ശാസ്ത്രത്തിന്റെ അസ്ഥിവാരംപോലും ഉറച്ചിട്ടില്ലാത്ത ഒരു സ്ഥിതിയാണിന്നുള്ളതു്. മനുഷ്യനു് മനസ്സു തന്നെയല്ല, ജീവനും, പ്രാണനും, ആത്മാവും, പരമാത്മാവുമൊക്കെയുണ്ടെന്നാണ് നമ്മുടെ അചഞ്ചലമായ



വിശ്വാസം. ഇങ്ങനെയിരിക്കെ, മനസ്സുപോലും ഇല്ലെന്നു വരുന്നതു് വളരെ ആശ്ചര്യജനകവും, ഒരുപക്ഷെ അസ്വാസ്ഥ്യകരവുമായിരിക്കും. സാധാരണക്കാർക്കു തന്നെയല്ല, അസാധാരണമായ പ്രതിഭാശക്തിയുള്ളവർക്കും കൂടി മനസ്സുണ്ടെന്നുള്ള വിശ്വാസം അചഞ്ചലവും അനിഷേധ്യവുമാണ്. മനസ്സിന്റെ ഘടനയേയും, മനസ്സിനെ ഭരിക്കുന്ന പ്രബല വികാരങ്ങളേയും മറ്റും പറ്റിയുള്ള ഫ്രോയ്ഡിന്റെ കണ്ടുപിടുത്തങ്ങൾ, മനഃശാസ്ത്രലോകത്തിൽ തന്നെയല്ല, മനുഷ്യചിന്തയുടെ മറ്റു മണ്ഡലങ്ങളിലും ഒരു വലിയ കോളിളക്കമുണ്ടാക്കി. അതു് ഇന്നും അടങ്ങിയിട്ടുമില്ല. ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങൾക്കു ലഭിച്ചിട്ടുള്ള വിപുലവും വ്യാമിശ്രവുമായ ഒരു സ്വീകരണം മറ്റൊരു ശാസ്ത്രസിദ്ധാന്തത്തിനും ലഭിച്ചിട്ടില്ല.

ഫ്രോയ്ഡ് 'വിയന്ന'—യിലെ ഒരു ഭിഷഗ്വരനായിട്ടാണ് ജീവിതമാരംഭിച്ചതു്.

അടിച്ചമർത്തപ്പെട്ട ആഗ്രഹങ്ങൾ, ഭയങ്ങൾ, ആശങ്കകൾ, ചെറുപ്പകാലങ്ങളിൽ അനുഭവപ്പെട്ട മാനസികമായ ആഘാതങ്ങൾ ഇവയാണ് ഉന്മാദരോഗത്തിനു കാരണമായ മാനസിക വിക്ഷോഭങ്ങളുണ്ടാക്കുന്നതെന്നു ഫ്രോയിഡ് വാദിച്ചു. അത്തരം ആഗ്രഹങ്ങളുംമറ്റും ലൈംഗിക വാസനയുമായി ഗാഢമായി ബന്ധപ്പെട്ടവയും, അത്യന്തം വികാരപരവുമായിരിക്കും. അവ മനസ്സിന്റെ അബോധതലത്തിൽ പാറിക്കൂടി കിടക്കുകയും, തക്കസന്ദർഭം വരുമ്പോൾ ഉന്മാദവും മറ്റു ഞരമ്പുരോഗങ്ങളുമായി ബഹിർഗ്ഗമിക്കുകയും ചെയ്യും. 'മയക്ക' വിദ്യ പ്രയോഗിച്ചോ, അല്ലാതെയോ, രോഗിക്ക് തന്റെ മനസ്സ് വെളിപ്പെടുത്തുവാൻ സന്ദർഭം കൊടുക്കുകയാണെങ്കിൽ രോഗിയുടെ വാക്കുകളിൽനിന്നുതന്നെ അയാളുടെ മനസ്സിൽ ഒളിഞ്ഞുകിടക്കുന്ന പ്രബലമായ ആഗ്രഹവും വികാരവും എന്തെന്നു കണ്ടുപിടിക്കുവാൻ കഴിയും. ഈ മാർഗ്ഗമവലംബിച്ച് വളരെ വൈദഗ്ദ്ധ്യത്തോടും, നിഷ്കർഷയോടും, അനുഭവത്തോടുംകൂടി ഫ്രോയിഡിനു തന്റെ രോഗികളുടെ മാനസിക വിഷയങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനും, മാനസികമായ കെട്ടുകളും പിണക്കുകളും അഴിക്കുവാനും, അങ്ങിനെ അവർക്കു സുഖവും സ്വസ്ഥതയും നൽകുവാനും കഴിഞ്ഞു. മാത്രമല്ല, മനഃശാസ്ത്രപരമായി പല വിലപ്പെട്ട തത്വങ്ങളും അദ്ദേഹം കണ്ടുപിടിക്കുകയും ചെയ്തു.

അകാരണമായ ഭയങ്ങൾ, പരിഭ്രമങ്ങൾ, ശങ്കകൾ, വിഭ്രാന്തികൾ, പെരുമാററവൈചിത്ര്യങ്ങൾ—ഇവയിലേതെങ്കിലും ഒന്നിനു വിധേയരാകാത്ത മനുഷ്യരുണ്ടാവില്ലല്ലോ!

# ലവ് ഇൻ കേരള

Thresia Jacob Class II Psychology

1141 തുലാം 1-ാം തീയതി ചൊവ്വാഴ്ച രാത്രി 9 മണി സമയം. കഥാനായകൻ ത്രിബാലച്ചെട്ടിയാർ തന്റെ ശയനമുറിയിൽ ചിന്താധീനനായി ലാത്തുകയാണ്. ഇടയ്ക്കിടെ തികച്ചും അസാധാരണമായ ചില അപശബ്ദങ്ങളും ആംഗ്യവിശേഷങ്ങളും അന്തരീക്ഷത്തിന്റെ നിശ്ശബ്ദതയെ ഭേദിക്കുന്നു.

അസാധാരണം എന്നുവച്ചാൽ എന്തെന്നു വിശദീകരിക്കാം. മൂന്നു കാലിൽ ബലഹീനമായി നിർമ്മിച്ചിട്ടുള്ള ഒരു വട്ടമേശയിൽ തിടുക്കത്തിൽ കയറിയിരിക്കും. ഉടനെ എഴുന്നേറ്റു ചെന്ന് തന്റെ എസ്. എസ്. എൽ. സി. ക്ലാസ്സിൽ വച്ചെടുത്ത ഗ്രൂപ്പ് ഫോട്ടോ ആണിയിൽനിന്നും പറിച്ചെടുക്കും. ഒരു ശാസ്ത്രജ്ഞന്റെ ശ്രദ്ധയോടെ സ്വന്തം പടംനോക്കി ആസ്വദിക്കും. പിന്നെ കുറച്ചു നേരം ലാത്തും.

ഉറക്കത്തിനായി അടുത്ത മുറിയെ അഭയം പ്രാപിച്ച പാർവ്വതി അമ്മ—ത്രിബാലച്ചെട്ടിയാരുടെ പ്രിയമാതാവ്—മകന്റെ മുറിയിൽ നിന്നും പുറപ്പെടുന്ന അനുചിതമായ ശബ്ദം കേട്ട് ജനലിൽക്കൂടി നോക്കി " നാരായണ എന്റെ കുഞ്ഞിന് എന്തു പിണഞ്ഞു " എന്ന് അപലപിച്ചുകൊണ്ട് കുറച്ചു പ്രസാദം കൊണ്ടുവന്ന് മകനെ തൊടുവിച്ചു.

ത്രിബാലൻ ഒന്നു പതുങ്ങിയെങ്കിലും കാര്യം അമ്മയ്ക്ക് സന്തോഷമേയുളവാക്കൂ എന്നറിയാമായിരുന്നതുകൊണ്ട് വാസ്തവം വെളിപ്പെടുത്തുവാൻതന്നെ തീരുമാനിച്ചു. നെട്ടം പാമ്പിനെപ്പോലെ പുളഞ്ഞ് ഒറ്റ ഓട്ടം. ഉടനെ അടുക്കളയിൽനിന്നും രണ്ടു ചിരട്ടയുമായി തിരിച്ചുവന്നു. പരിഭ്രമിച്ചുവശായ അമ്മയെ ഒരു വശത്തേക്ക് ചരിച്ചുനിർത്തി.

" അമ്മ നാരായണസ്വാമിയെ ധ്യാനിച്ചോണ്ട് നിന്നോളണം " അമ്മ അതുപടി ചെയ്യാമെന്ന് ആംഗ്യം കാണിച്ചു. അനന്തരം അമ്മയുടെ പുറകുഭാഗത്ത് കുറെ മാറിയിരുന്ന് രണ്ടു കയ്യിലും ഓരോ ചിരട്ടയെടുത്ത് നിലത്ത് അടിച്ച് " ടപ് ടപ് " എന്ന് ശബ്ദമുണ്ടാക്കി. ഉടനെ അമ്മ ഞെട്ടിത്തിരിഞ്ഞ് നോക്കി. ത്രിബാലന് സന്തോഷമായി സംഭവം വിവരിക്കാൻ തുടങ്ങി.

" അമ്മേ, ഇനി നാം കാര്യത്തിലോട്ടു കടക്കണം... ഇന്നലെ ഞാനുണ്ടല്ലോ......അമ്മ അളമ്പായിൽ ആരോമാന്ന് കേട്ടിട്ടുണ്ടോ " " ഇല്ല " യെന്ന് അമ്മയുടെ മറുപടി.

" അതൊരു വല്യ കെട്ടിടാ...അതിന്റെ പടിക്കല്" ഞാൻ നാരാണസ്വാമിയെ ധ്യാനിച്ചോണ്ടു നിക്കണ..... പെട്ടെന്ന് പുറകില് " ടപ്...ടപ് " ന്നൊരു ശബ്ദം"

" എന്നിട്ട് " അമ്മയുടെ ചോദ്യം ഇടയ്ക്കു പ്രവേശിച്ചു.

"തിരിഞ്ഞുനോക്കിപ്പറഞ്ഞു...... അയ്യോ എനിക്ക നാണംവരണു ...........' ത്രിബാലൻ കൈവിരൽ കടിച്ച് ഉടുതുണിയുടെ തുമ്പുകൊണ്ട് മുഖം മറയ്ക്കാൻ ശ്രമിച്ചു.

" സാരമില്ല്യ...പറഞ്ഞോളൂ കുട്ടീ...രണ്ടു പെണ്ണുങ്ങളായിരിക്കും "

"ശരി തന്നെയാ....രണ്ടു പെണ്ണുങ്ങള്. അതിലൊരെണ്ണം നമുക്കിട്ടൊരു നോട്ടം... ഞാൻ നോക്കാൻ കൊടുക്കുമോ? ഞാനും തിരിഞ്ഞൊരു നിപ്പ് ... "

"ഒന്നു വേഗം പറയ്യന്റെ കുട്ടീ " പാർവ്വതിയമ്മയ്ക്ക് തിടുക്കമായി. ഏറെ നാളായി നാരായണസ്വാമിയോടു പ്രാർത്ഥിക്കുന്ന കാര്യമാണ്. മകനു പെണ്ണുങ്ങളോടൊരു ഇഷ്ടം തോന്നാനും അങ്ങനെ ഒരു കല്യാണം കഴി





Miss Meera K. John
Captain of the University Shuttle Team

UNIVERSITY TENNIS PLAYERS



Miss Krishna Ranganath (Captain),
Miss Roshni John

## UNIVERSITY HOCKEY PLAYERS



Shyla Mathai, Ambujam K., Mariamma M. C., K. C. Susamma, Susan Jacob

## VOLLEY BALL TEAM



## VOLLEY BALL TEAM

*Sitting (L to R)*: Miss Aleyamma Itty (Jr. Lecturer in Physical Education), Mr. C. G. Varghese (Lecturer in Physical Education), Mr. C. T. Benjamin (Principal), Mr. Joyce Mathew (President), K. J. Raphael (Captain).

*Standing*: Mohammed (games boy), Augustine, Venogapat, Koshy Alexander, P. A. Wimson, Paul, Mathew Sebastine, George Varghese (absent)

ജന്മനിന്നുള്ള ആഗ്രഹമുണ്ടാകാനും ... ... സ്വാമി അല്പം കനിവൊളുപോലൊരു തോന്നൽ....

"അങ്ങനെ തിരിഞ്ഞു നിന്നപ്പോൾ 'ടപ്' ശബ്ദം അടുത്ത് അടുത്ത് വരുന്നു.....നാഗങ്ങള് മേലേക്കൊട്ട് ആക്രമായില്ലെന്നോർത്ത് ഒന്ന് തിരിഞ്ഞുനോക്കി.......അയ്യോ... നോക്കിത് കണ്ണിലായി...എന്തൊരു ശോഭയോതാനി്...കണ്ണുണ്ടല്ലോ ശെമ്മിൻ പുളിടെ കണക്ക നീണ്ടു നീണ്ടു നിക്കണ.........."

"എന്നിട്ട് കട്ടിള്ള് പിടിച്ചോന്നോ എനിക്കേണ്ടു..." അമ്മയുടെ കഥയാറുതുടങ്ങി.

ത്രിബാലൻ ആകെയൊന്നു കഴങ്ങി. ഇന്നലെവരെ സന്യാസിയെപ്പോലെ സ്ത്രീവിദ്വേഷിയായി നടന്ന തന്നോടാണ് ഈ ചോദ്യം.......

"കുട്ടി എന്നിട്ട് നിങ്ങൾ തമ്മിൽ മിണ്ടാൻ കൊടുത്തോ?"

ത്രിബാലൻ അല്പം ധൈര്യം വീണ്ടെടുത്തു. അതോടൊപ്പം കൂടപ്പിറപ്പായ നാണം കുറച്ചൊന്നു മാണ്ട് പിന്മാറി... ...

"നമ്മൾ നാള് ശോധിച്ചു..... നല്ല നാള്......നാള് തമ്മിൽ ശേരും........ജാതി തമ്മിൽ ശേരും...പേരു ശോധിക്കാൻ വിട്ടു. എന്നോട് കൊറേ നേരം വർത്താനിച്ചു..... അവക്ക് എന്തൊരു നാണാ...... നാറായണാ..... "

"നീ വെറുതേ കേറിയങ്ങു നാള് ശോധിച്ചോ......"

"അയ്യോ... അതു ശുദ്ധ അബദ്ധമല്ലേ... നമ്മളോട് അവള് ആദ്യമങ്ങു പറഞ്ഞു... എന്നെ കല്യാണം കഴിക്കാൻ കൊടുക്കണോന്ന്......"

"കുട്ടി ഞാനൊരു കാര്യം പറയാം...... ഉളാം 14 നല്ല ദിവസാ. അന്ന് നമുക്ക് കല്യാണോങ്ങു നടത്തണം"

ത്രിബാലൻ സന്തോഷംകൊണ്ടു പുളഞ്ഞു. അമ്മയെ തല്ക്കാലം പിരിച്ചുവിടണം. ഭാവിയെക്കുറിച്ചു പലതും പ്ലാനിടാനുണ്ട്.

"അമ്മ, നാളെ ഞങ്ങൾ ഒരുമിച്ച് ഒരു സിനിമാക്കു പോണുണ്ട്. മടക്കം ഇതിലേ വരാം. അപ്പോ അമ്മയ്ക്കും അവളെക്കാണാല്ലോ......"

പാർവ്വതിയമ്മയ്ക്ക് ആ പ്ലാൻ നന്നേ പിടിച്ചു.......

"അപ്പോള് ഒരു ഊണ് കൊടുക്കണ്ടെ കുട്ടീ......"

"അമ്മേടെ മകന്റെ ഭാര്യ അമ്മേടെ മകളാ......അതൊക്കെ അമ്മേടെ ഇഷ്ടംപോലെ ചെയ്യോളൂ ...എനിക്ക് ഉറക്കം വരണു. അമ്മ പോയി കെടക്ക......"

അമ്മയും യാത്ര പറയാൻ തിടുക്കത്തിലായിരുന്നു. ഉറങ്ങാനല്ല, ഭാവി കാര്യങ്ങളെക്കുറിച്ച് നിശ്ചയിക്കാൻ.

* * *

പിറ്റേദിവസം നാലുമണിക്ക് പത്തു മിനിറ്റുള്ളപ്പോൾ ത്രിബാലൻ തന്റെ ക്ലാർക്ക് കസേരയിൽനിന്നെണീറ്റു. ആലുവായിൽ വിലാസ സ്വാമിയുടെ വക ഒരു പ്രൈവറ്റ് ബാങ്കിലാണ് ത്രിബാലനു ജോലി.

ബാങ്കുവക ബാത്ത്റൂമിൽ പ്രവേശിച്ച് ഒരു സ്നാനമങ്ങു നടത്തി 'ഫ്രഷായി'. അരയടിയുള്ള തന്നെക്കാൾ ഉയരത്തിൽ വച്ചിരിക്കുന്ന കണ്ണാടി കയ്യിലെടുത്തു. മുടിമുതൽ ഒരു ഗവേഷണം നടത്തി. നെറുകവരെ നേരെ വകഞ്ഞ് പുറകുഭാഗത്തു കുറച്ചു മുടി വളർത്തി കുടുമ കെട്ടി പാരമ്പര്യ ആചാരതാല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്. അവിടെ അപാകതയില്ല. പുരികത്തിന് അല്പം കറുപ്പ് കുറവ്...നിർജ്ജീവമായിക്കിടന്ന ഒരു തീപ്പെട്ടിക്കോലിന്റെ അഗ്രഭാഗം അവിടെ പ്രവർത്തിച്ചു. നെല്ലിക്കാവട്ടത്തിൽ തള്ളിനിൽക്കുന്ന ചുവന്ന കണ്ണുകൾ തലേദിവസം ഉറങ്ങാത്തതിന്റെ ക്ഷീണം വെളിപ്പെടുത്തുന്നുണ്ട്. പെണ്ണിന്റേതായോ ആണിന്റേയോ എന്നു് ഓർമ്മയില്ല. ഒരു വരിയിന്ന ത്രിബാലൻ ഓർത്തു. എള്ളിൻപൂ പോലത്തെ മൂക്ക്...... ചെന്താമരപ്പൂപോലെയുള്ള ചുണ്ടുകൾ, കൊച്ചരിപ്പല്ലുകൾ– എല്ലാം കണ്ടിട്ടുണ്ട്. മീശയില്ല.... അതൊന്നു കുറവാണോയെന്ന് കുറേനേരം ആലോചിച്ചു. കലാനിലയം നാടകക്കമ്പനി നടത്തുന്ന ചില പ്രേമകോമാളികളായ കോളേജുകുമാരന്മാരുടെ മുഖങ്ങളെ ഒന്നു പരിശോധിച്ചു. വ

ഗ്ലീസിനു് മീശയുണ്ടു്. വേണുവിനും ജോസിനും മീശയില്ല. അപ്പോൾ അതൊരു പ്രശ്നമല്ല. ശരീരത്തെക്കുറിച്ചു് പൊതുവെ 'സ്ലിം ബ്യൂട്ടി'യെന്നേ പറയാവൂ... ഏതായാലും 'Be content with what you have' എന്ന തത്വത്തിൽ ത്രിബാലൻ ശരണം പ്രാപിച്ചു.

അനന്തരം പൌഡറിട്ടു് അവസാന മോടിയും വരുത്തി. കാലിനെ ഒരു ജോടി പുത്തൻചെരുപ്പിലേയ്ക്കു തിരുകിക്കയറ്റി ത്രിബാലൻ 'അരോമ'യെ ലക്ഷ്യമാക്കി നടന്നു. അലവൻസും ബോണസും ശമ്പളവുമായി കിട്ടിയ നാനൂറ്റിപ്പത്തു രൂപാ ആ സഫലിച്ച കീസയിലിരുന്നു് അന്ത്യശ്വാസം വലിച്ചു.

അഞ്ചുമണിയ്ക്കു ത്രിബാലൻ പറഞ്ഞ 'പോയിന്റി'ൽ എത്തി. ഇനി മുപ്പതു മിനിറ്റുകൾകൂടി പിന്നിടേണ്ടിയിരിക്കുന്നു. അങ്ങനെ വിഷമിച്ചുനില്ക്കുമ്പോൾ പുറകിൽ ഒരു 'ടപ്' ശബ്ദം...... ഉള്ളിലൊരു കിടുകിടുപ്പു്......ശരീരത്തെ ഒരു ഭംഗിയായ പോസിൽ പിടിച്ചു് അല്പം സ്റ്റൈലിഷ് ആയിട്ടൊന്നു തിരിഞ്ഞുനോക്കി. ഹാ...എന്തൊരു ദുഃഖകരം......ഒരു പട്ടുകിളവൻ വടികുത്തി നടന്നു വരുന്നു......

"എന്നെ മനസ്സിലായില്ലെ ത്രിബാല" വയസ്സൻ നേരെ വന്നു നിന്നു.

പ്രായത്തിനു ചേരാത്ത ആ യുവശബ്ദം ത്രിബാലൻ പെട്ടെന്നു തിരിച്ചറിഞ്ഞു.

"ഇതെന്താ വേണു ഈ വേഷത്തില്......" ത്രിബാലൻ ആശ്ചര്യത്തോടെ ചോദിച്ചു.

"ഇന്നു് കലാനിലയം നാടകക്കമ്പനിയുടെ പ്രഥമനാടകത്തിന്റെ റിഹേഴ്സലാ....എനിയ്ക്കു് ഈ വേഷമാ നാടകത്തില്... ഒരു തമാശിനു് ഈ വേഷത്തിൽ തന്നെ വീട്ടിലേയ്ക്കു പോകാനു വച്ചു......"

വേണു യാത്ര പറഞ്ഞു നടന്നുനീങ്ങിയപ്പോൾ ഒരു കലശലായ ഭയം ത്രിബാലനെ പിടികൂടി......വേണുവിന്റെ കൂട്ടുകാരായ വർഗ്ഗീസും ജോസും മറ്റും അതിലെ വരാനിടയായാൽ കാര്യം കുഴപ്പത്തിലാകും...... പെണ്ണുങ്ങളെ കണ്ടാൽ അക്കൂട്ടർ മഹാ അശ്ലീലങ്ങളാ......അവർ തന്റെ പ്രിയപ്പെട്ടവളെ കാണാനിടയാകല്ലേ...എന്നു ത്രിബാലൻ മനസ്സുരുകി പ്രാർത്ഥിച്ചു......

തന്നെയുമല്ല അക്കൂട്ടർ തലേആഴ്ചയിൽ നാടകക്കമ്പനിയുടെ ധനശേഖരണാർത്ഥം തന്റെ വീട്ടിൽ പിരിവിനു വന്നതും ത്രിബാലൻ ഓർത്തു...ഒരു പൈസപോലും കിട്ടാതെ ഇറങ്ങിപ്പോയപ്പോൾ "പിന്നെ കണ്ടോളാം" എന്ന മട്ടിലായിരുന്നു ഓരോരുത്തരുടെയും ഭാവം.

"വന്നിട്ടു് അധികം നേരമായോ........" ഒരു കിളിശബ്ദം കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ തന്റെ പ്രിയപ്പെട്ടവളെയും കൂട്ടുകാരിയേയും ത്രിബാലൻ തൊട്ടരികിൽ കണ്ടു...

അറിയാതെതന്നെ ത്രിബാലൻ അവളുടെ കാലിലേയ്ക്കു് നോക്കി...ചെരുപ്പിട്ടിട്ടില്ല...

"ചെരുപ്പിടാത്ത കാരണം, വന്നതറിഞ്ഞില്ലാട്ടോ..." കൂട്ടുകാരികൾ മുഖത്തോടു മുഖം നോക്കി ചിരിച്ചു.

"ചെരുപ്പിന്റെ വാറു പൊട്ടി...ഇന്നൊരെണ്ണം വാങ്ങണം" പ്രിയപ്പെട്ടവൾ മൊഴിഞ്ഞു.

"ഒരു തടസോല്യ...എന്തുവേണേലും വാങ്ങാം..."തുടർന്നു് ഒരു ലഘുഭക്ഷണം കഴിക്കാൻ ത്രിബാലൻ രണ്ടുപേരെയും അരോമയിലേയ്ക്കു ക്ഷണിച്ചു. 'എയർകണ്ടീഷൻഡ്' റൂമിൽക്കയറി ഇരുപ്പു് ഉറപ്പിക്കുന്നതിനുമുമ്പുതന്നെ "ഞാനിപ്പോൾ വരാം ശാന്തേ" യെന്നു പറഞ്ഞു് കൂട്ടുകാരി പുറത്തേയ്ക്കു പോയി.

മുറിയിൽ ത്രിബാലനും തന്റെ പ്രിയപ്പെട്ടവളും മാത്രം......ത്രിബാലനു മേലാകെ കുളിരു കോരുന്നതു പോലെ തോന്നി. ചില്ലിൻ കൂട്ടിൽ അലഞ്ഞു നടക്കുന്ന മത്സ്യത്തിനെ അശ്രദ്ധമായി നോക്കിയിരുന്നു...

"എനിക്ക പിന്നെ രണ്ടു സാരിയും വേണം—" പിന്നെയും പ്രിയപ്പെട്ടവളുടെ കിളി ശബ്ദം......

"ആകാല്ലോ"........."പതിനാലു ദിവസം കഴിഞ്ഞെ കല്യാണോംഗ് നടത്തണോന്നാ അമ്മ പറഞ്ഞേക്കണെ...... പിന്നെ ഇതൊക്കെ ഞാൻ തന്നെ അല്ലെ വാങ്ങിത്തരേണ്ടെ......" "ത്രിബാലൻ തന്റെ മനസ്സിൽ തിങ്ങി നില്ക്കുന്ന ആ വാചകവും പുറത്തുവിട്ടു....

നാണിച്ചുവശായ തന്റെ പ്രിയപ്പെട്ടവളെ രക്ഷിക്കാൻ വേറൊരു ചോദ്യം എറിഞ്ഞു.

"എന്താ നിങ്ങടെ പേര്......"

"ശാന്തന്ന്..."

"ആവൂ...നല്ല പേര്. എനിക്ക നല്ല ഇഷ്ടായിട്ടോ......"

"നിങ്ങടെ പേരെന്താ" പ്രിയപ്പെട്ടവൾ തിരിച്ചു ചോദിച്ചു.

'ത്രിബാലൻ' എന്ന പേരു് സ്വതവേ തനിയ്ക്കു് ഇഷ്ടമല്ല... മൂന്നു കുട്ടികളുടെ ഗുണം ഒന്നിച്ചു ചേർന്നവൻ എന്ന അർത്ഥത്തിലാണു് തനിയ്ക്കു് ആ പേരിട്ടതു്......ഏതായാലും പേരൊന്നു മാറ്റാൻതന്നെ തീരുമാനിച്ചു.

"എന്റെ പേരു് സാബുന്നാ"......

"ആഹാ ശാന്താ–സാബു......നല്ല ചേർച്ചയുള്ള പേരു്" എന്നുപറഞ്ഞു കൂട്ടുകാരി തിരിച്ചുവന്നു.......കൂട്ടുകാരികൾ നാണം കൂടാതെ കഴിച്ചോട്ടെ എന്നു വിചാരിച്ചു ത്രിബാലൻ പുറത്തുകടന്നു....അര മണിക്കൂറിനുശേഷം വെയിറ്റർ ബില്ലുകൊണ്ടുപോകുന്നതു കണ്ടപ്പോൾ പുറകെ ചെന്നു.......18 രൂപ 75 പൈസയുടെ ഒരു ബിൽ.

തുടർന്നു് ഒരുജോടി ചെരിപ്പു്, രണ്ടു കാഞ്ചീപുരം സാരി (വിത്തു് ബ്ലൗസ്)......പൗഡർ തുടങ്ങി ചില മേക്കപ്പു് സാധനങ്ങൾ......അച്ഛനു കൊടുക്കാൻ നാലു പാക്കറ്റു സിഗററ്റു് തുടങ്ങി ചില ചില്ലറ സാധനങ്ങൾ ഇവയുടെയും ബില്ലു് 'പേ' ചെയ്തു് ത്രിബാലനും കൂട്ടരും പഴയ സ്ഥാനത്തുതന്നെ തിരിച്ചെത്തി........

അടുത്ത പരിപാടി സിനിമയ്ക്കു പോകലാണു്.........തൊട്ടുനേരെ ഒരു ബോർഡു കണ്ടു...... "ആലുവാ കാസിനോയിൽ ലവ് ഇൻ കേരള......." അതൊരു ശുഭലക്ഷണമായി ത്രിബാലൻ വിചാരിച്ചു.........ഓട്ടിപ്പിടിച്ചു് കാസിനോയിൽ എത്തി........... 'ബോക്സിനു്' ഇരുന്നാൽ മതിയെന്നു പ്രിയപ്പെട്ടവളുടെ ആഗ്രഹം......കൂട്ടുകാരിയെന്ന പ്രശ്നത്തെ പത്തു രൂപ കൊടുത്തു് പ്രിയപ്പെട്ടവളുടെ അഭിപ്രായപ്രകാരം പിരിച്ചുവിട്ടു........

പാവാടപ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പോൾ......എന്നു തുടങ്ങുന്ന പാട്ടിന്റെ നാനാർത്ഥം ശാന്താ–സാബുവിനെ വിവിധ വികാരങ്ങളിൽ നീരാടിച്ചു......സിനിമാ തുടങ്ങി......സ്ക്രീനിൽ വലിയ അക്ഷരത്തിൽ " Love in kerala "......എന്നു കണ്ടു.

"ഏതായാലും നമ്മുടെ ലൗവിനെക്കാൾ രസകരമായിരിക്കയില്ല ഈ കാണാൻ പോണ ലൗവ്......" ശാന്തയുടെ അഭിപ്രായം.

അതു ശരിയാ നമ്മുടെതന്നെ സാക്ഷാൽ 'ലവ്' ഇൻ കേരള' ......സംശയല്യ ....ത്രിബാലനും തട്ടിവിട്ടു.

രണ്ടുപേരും ഒരു ചിരി പാസ്സാക്കി...... ഇതിനിടയിൽ സിനിമയിലെ ഒരു പൊട്ടിച്ചിരി കേട്ടു് 'ബോക്സ്' നിവാസികൾ സ്ക്രീനിലേക്ക നോക്കി......ഒരു പെണ്ണും ആണും കൈകോർത്തു പിടിച്ചു് 'സ്റ്റെപ്സ്' ഇറങ്ങിവരുന്നു......"ശുദ്ധ അശ്ലീലം..." ത്രിബാലൻ പെട്ടെന്നങ്ങു കാച്ചുമെക്ക പറഞ്ഞുപോയി......

"ആ പെണ്ണേതാ..." ശാന്തയുടെ സംശയം....ആകെ രണ്ടു സിനിമയേ ത്രിബാലൻ കണ്ടിട്ടുള്ളു...അതും സ്കൂളിൽ പഠിക്കുന്ന കാലത്തു്....സിനിമ പൊതുവെ അശ്ലീലമാണു്....അതുകൊണ്ടു ത്രിബാലന്റെ വൈരികളായ അതിലെ അഭിനേതാക്കളുടെ പുറകെ നടന്നിട്ടുമില്ല....എന്നാൽ സോപ്പിന്റെ പരസ്യത്തിൽ കണ്ട ചില നടികളുടെ പേരു് ഓർമ്മയിൽവന്നു."അതു വൈജയന്തിമാലയാ'

"ആണേതാ...? " വീണ്ടും കുഴങ്ങി...... ഏതോ ഒരു പ്രധാന നടന്റെ പേരറിയാം. അതുതന്നെ തട്ടിവിട്ടു......

" കാമരാജ്......"

ആവൂ......സാബുവിനു സിനിമയെക്കുറിച്ചു നല്ല പിടിയാ...

എനിക്കു് ഒരു കമ്പോമില്ല...ആദ്യായിട്ടാ ഈ വരവ്......സിനിമാ കാണാൻ അച്ഛൻ വിടില്ല......

ഏതായാലും തല്ക്കാലം രക്ഷപെട്ടുവെന്നു ത്രിബാലൻ വിചാരിച്ചു. പിന്നീടുള്ള ചോ

ദൃങ്ങൾക്ക് ഒറ്റ വാക്കിൽതന്നെ ഉത്തരം കൊടുത്തു.

സമയം പോയതറിഞ്ഞില്ല ''ജനഗണമന'' പാടി ആളുകൾ ഒഴിയുന്നതുവരെ ബോക്സിൽതന്നെയിരുന്നു. ശാന്തയുടെ കൈപിടിച്ച് 'സ്റ്റെപ്സ്' ഇറങ്ങിയപ്പോൾ പ്രേമത്തിൻെറ ''പ്രിലിമിനറി സ്റ്റെപ്സ്'' കയറുകയായിരുന്നു. ത്രിബാലൻ... മദ്ധ്യത്തിലെത്തിയപ്പോൾ "ഹലോ!! ശാന്താ-സാമ്പു" വെന്നൊരു ആർപ്പുവിളി കേട്ട ത്രിബാലൻ കീഴോട്ട് നോക്കിയപ്പോൾ വറ്റ്ഗീസൊഴികെ ബാക്കി ആ സെററിലുള്ളവരെല്ലാം അട്ടുഹസിച്ച് അട്ടഹാസിച്ച തന്നെ സ്വീകരിക്കാൻ നിക്കണു...

ത്രിബാലൻ ആകെ അന്ധാളിച്ചു...താഴോട്ട് പോണോ മോളിലോട്ട കേറണോ എന്ന സംശയിച്ച നിന്നപ്പോൾ വീണ്ടും ഒരു അട്ടഹാസം......

''എന്തിനാടാ വറ്റ്ഗീസെ ഇനിയും ആ പാവത്തിനെ ചതിക്കണെ ഇങ്ങോട്ട് ഇറങ്ങിവാടാ......''

ഉടനെ തൻെറ കൈപിടുത്തം വിട്ടുവിച്ച പ്രിയപ്പെട്ടവൾ കല്ലണിച്ചിരിച്ച നടയിറങ്ങി പോയപ്പോൾ നീണ്ടുകിടക്കുന്ന കന്തളഭാരം തലയുടെ ആകൃതിയടക്കം താഴെവീണു......ത്രിബാലനു നട്ടുച്ചയിൽനിന്നും ക്ലാരിത്തിലേയ്ക്കു കടന്നതുപോലൊരു തോന്നൽ... തൻെറ പ്രിയപ്പെട്ട ശാന്ത ആരാണെന്നു വെളിപ്പെട്ടപ്പോൾ ത്രിബാലൻ മരവിച്ചു നിൽക്കാതെ ജീവനുംകൊണ്ട് ഒരോട്ടം... ടെലഫോൺപോസ്റ്റിൽ തട്ടി വീണപ്പോൾ ശേഷിച്ച ചില്ലറ പൈസയും രക്ഷപ്രാപിച്ചു...തിരിഞ്ഞുനിൽക്കാതെ വീണ്ടും ഓടി. ''ഇതാണ സാക്ഷാൽ ലൗവ് ഇൻ കേരള'' യെന്ന് വറ്റ്ഗീസും കൂട്ടരും വിളിച്ചുകൂവുന്നതുപോലൊരു തോന്നൽ...ശക്തിയോടെ വീണ്ടും ഓടി.......



# സ്വപ്നം

ജോജി തോമസ് ചിറ്റനാൽ, എം. എ.

കേഴുവാൻ മാത്രമായ് വന്നു ഞാൻ മന്നിതിൽ

കേഴുമാൻ കണ്ണിനിയെന്തിനിയെന്നിതിയിൽ
സുന്ദരസ്വപ്നമായ് നീ പുഞ്ചിരിയ്ക്കവേ
നൊന്തെഴുമന്തനമാനന്ദമഗ്നമായ്
ആയിരം രാഗസ്വരങ്ങൾ പൊഴിച്ചിട്ട-
മായതാക്ഷങ്ങളിൽ ചുംബനമേകി ഞാൻ
മന്ദാക്ഷനമ്രമാം ആനനപങ്കജം
മന്ദേതരം നിയുയത്താൻ മടിക്കവേ
മുഗ്ദ്ധനാണെങ്കിലും മാറുവാനൊത്തു ഞാൻ
മുട്ടപടംതെല്ലു തല്ലി നീ കൺകളാൽ
പാടലവല്ലിയാം പുങ്കവിൾക്കുമ്പിലും
പാടിമപങ്കമാം നെററിത്തടത്തിലും
എന്തിഴി വണ്ടുകൾ മണ്ടിക്കളിയ്ക്കവേ
മാന്മിഴി! ലജ്ജ നീ കൈവിട്ടതെന്തിനായ്
കള്ളച്ചിരിയുമായ് ചാരത്തു നിന്നനീ-
നാളത്തിലൊട്ടുമേ കാരുണ്യമില്ലയോ ?
വേദനയോട ഞാൻ യാത്രചോദിക്കവേ
ഖേദകണങ്ങളൊലോതിയതെന്തു നീ
ആയിരം ചുംബനപാനമഹോത്സവ-
മായിക സ്വപ്നങ്ങൾതാൻ കഴിയുമോ ?

# വർഷങ്ങൾക്കുശേഷം ......?

മോഹൻ ചന്ദ്രൻ M. Sc. (Previous) Physics

കറുത്ത ബോർഡിൽ വെളുത്ത അക്ഷരങ്ങളിൽ എഴുതി വച്ചിരിക്കുന്നതു ഒരിക്കൽക്കൂടി നോക്കി. ഇതു തന്നെയാണ് അക്കൌണ്ടന്റ് ജനാൽ താമസിക്കുന്ന വീട്. ചുററും റോസാ ചെടികളുള്ള മണൽ വിരിച്ച മുററത്തുകൂടി നടന്നു. മനോഹാരിത വഴിഞ്ഞൊഴുകുന്ന ഒരു രണ്ടുനിലകെട്ടിടം. മഞ്ഞ ഡാലിയായുടെ ചുവട്ടിൽ വെള്ളം ഒഴിച്ചു കൊണ്ടിരിക്കുന്ന തോട്ടക്കാരൻ കണ്ട ഭാവം പോലും നടിക്കുന്നില്ല. വാതിൽ പടിയുടെ അടുത്തു കണ്ട കോളിംഗ് ബെല്ലിൽ വിരലമർത്തി. അകത്തെവിടെയോ മണിശബ്ദം മുഴങ്ങുന്നതു് കേൾക്കാം.

“അകത്തു കയറിയിരിക്കാം” ഒരു സ്ത്രീശബ്ദം കേട്ടു. മടിക്കാതെ തന്നെ അകത്തു കയറി ഇരിക്കാൻ തോന്നിയില്ല. ഒരു പക്ഷെ വന്ന കാര്യം പറഞ്ഞു കഴിയുമ്പോൾ എഴുന്നേററു പോകാൻ പറഞ്ഞാലോ? വേണ്ട ഇരിക്കണ്ട. ഒരു അഭയാർത്ഥിയായിട്ടാണ് വന്നിരിക്കുന്നതു്. അതും ഒരു ശുപാർശ കത്തുമായി.

“എന്താ ഇരിക്കാത്തതു? ഇരിക്കൂ:” ശബ്ദം കേട്ടാണ് തലയുയർത്തി നോക്കിയതു്... കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല... രമണി മാത്യു... . ഞാനങ്ങ് വരണ്ടുപോയതു പോലെ ...... സംസാരിക്കാനശക്തനായതു പോലെ തോന്നി.

“രമണിയിവിടെയാണെന്നു ഞാനറിഞ്ഞിരുന്നില്ല. ഇതറിഞ്ഞിരുന്നുവെങ്കിൽ ഞാൻ വരില്ലായിരുന്നു.” ഒററ ശ്വാസത്തിൽ ഇത്രയും പറയാനെനിക്കു സാധിച്ചു.

“പ്രതീക്ഷിക്കാത്തതാണല്ലോ ബാബു പലപ്പോഴും സംഭവിക്കുന്നതു്” “എന്നോടുള്ള വിരോധം ഇനിയും തീർന്നില്ലേ? ഇരിക്കു ബാബു......ഇരിക്കുന്നേ... പെട്ടെന്നായിരുന്നു വിവാഹം. അതുകൊണ്ടു അറിയിക്കാൻ കഴിഞ്ഞില്ല...രാജൻ അര മണിക്കൂറിനകം ആഫീസിൽനിന്നു വരും.”

അവൾ പണ്ടത്തെ വാചാലയായ രമണിയായി മാറി. അവളുടെ ഓരോ വാക്കുകളും ഓരോ കാരമുള്ളുപോലെ എന്റെ തകർന്ന ഹൃദയത്തിൽ തറഞ്ഞു കയറുകയാണ്. അവൾ കാപ്പിയെടുക്കാൻ അകത്തേയ്ക്കു പോയി.

പാടില്ല. . ഈ ജോലി കിട്ടിയില്ലെങ്കിലും വേണ്ട ഇവളുടെ—അല്ലെങ്കിൽ ഇവളുടെ പ്രിയതമന്റെ—മുൻപിൽ ശുപാർശ കത്തുമായി ചെല്ലാൻ! . ഹൊ! അതാലോചിക്കാൻ പോലും വയ്യ......വരാന്തയിൽനിന്നും മുററത്തേക്കുള്ള മൊസേക് പടവുകൾ ഇറങ്ങുമ്പോഴാണ് പിന്നിൽ നിന്നും അവളുടെ ശബ്ദം കേട്ടതു്. “ബാബു പോവുകയാണോ? എന്താ ബാബുവിതു്. ബാബു ഇത്ര സെന്റിമെന്റലാണെന്നു് ഞാനറിഞ്ഞില്ല. അന്നത്തെ ആ ബാബുവാണോ ഇതു്”

ആ വാക്കുകൾ എന്നെ വീർപ്പുമുട്ടിക്കുകയാണ്. രമണി എത്ര ഭംഗിയായി സംസാരിക്കുന്നു. ചിരിച്ചുകൊണ്ടു എന്നോടു സംസാരിക്കുവാൻ എങ്ങനെ സാധിക്കുന്നു.

“അകത്തു കയറ് ബാബു. ഞാൻ ജോലി കാര്യം എല്ലാം രാജനോടു പറഞ്ഞിട്ടുണ്ട്. Mr. Menon sir ഫോൺ ചെയ്തിരുന്നു. എന്താ ബാബു മിണ്ടാത്തതു്? ... ദേഷ്യമാണോ...... അകത്തു കയറി ഇരിക്കുന്നോ...”

അവളുടെ നിർബന്ധത്തിനു മുൻപിൽ ഞാൻ തളർന്നു പോയി formica പതിച്ച



ററീപ്പോയിൽ ബിസ്കററും കാപ്പിയും പൂവൻപഴവും കൊണ്ടുവച്ചു. രുചി തോന്നിയില്ലെങ്കിലും അതു കഴിക്കാതിരിക്കാൻ സാധിച്ചില്ല. രമണി വാതോരാതെ സംസാരിക്കുകയാണ്. പഴയ പഴയ കാര്യങ്ങളെപ്പററി... ആഹ്ളാദത്തോടെ അവൾ കഴിഞ്ഞ കാലകഥകൾ അയവിറക്കുകയാണ്......... അവൾക്കെല്ലാം അറിയണം....ഞങ്ങളുടെ കമ്പനിയിലെ നന്നായി പാടുമായിരുന്ന മുരളിയെപ്പററി എപ്പോഴും നുണ കഥകളുമായി നടക്കുന്ന ജനാർദ്ദനനെപ്പററി...... അങ്ങനെ പലതും........

അവളുടെ നിഷ്കളങ്കമായ ആ പെരുമാററം കണ്ടിട്ടു ഞാൻ അത്ഭുതപ്പെടുകയാണ്. ഒരു പക്ഷെ അവൾ അഭിനയിക്കുകയായിരിക്കാം. “പിണങ്ങിയാൽ സ്ത്രീ പിശാചാണ്” പാമ്പിനെ പോലെ പ്രതികാര ദാഹമുള്ളവളാണ് സ്ത്രീ...... ആനയെപ്പോലെ ഓർമ്മശക്തിയുള്ളവളാണ് സ്ത്രീ. ഒരു പക്ഷെ ഭർത്താവു വരുവാൻവേണ്ടി, അതുവരെ എന്നെ അവിടെ ഇരുത്താൻവേണ്ടി, വന്നുകഴിഞ്ഞാൽ അവളുടെ പ്രതികാരാഗ്നിയിൽ എന്നെ ദഹിപ്പിക്കുവാൻവേണ്ടി അവൾ അഭിനയിക്കുകയായിരിക്കും. അവിടെ നിന്നെഴുന്നേററു പോകാൻ ഞാനശക്തനാണ്. രമണിയുടെ മുൻപിൽ ഒരു ഭീരുവായി മാറുകയായിരുന്നു ഞാൻ.

അകത്തു മോൻ കരയുന്ന ശബ്ദം കേട്ടാണ് അവൾ സംസാരം നിറുത്തിയതു്. “മോനെ ഉറക്കിയേച്ചു ഇപ്പംവരാം. നേരത്തെപോലെ പൊയ്ക്കളയരുതു്. രാജൻ ഇപ്പോൾ വരും.” എന്നു പറഞ്ഞുകൊണ്ടു അവൾ അകത്തേക്കുപോയി. എഴുന്നേററു പോകുവാൻ എനിക്കു കഴിവില്ലായിരുന്നു. ഒരു ഐ. എ. എസ്സ് ഓഫീസറുടെ പ്രൌഢിയുള്ള ആ ഡ്രോയിംഗ് റൂമിൽ ഞാനൊററയ്ക്കിരിക്കുകയാണ്. രമണി തയിച്ച പൂമ്പാററയുടെ പടമുള്ള സെററികവറിൽ ചാരിയിരുന്നപ്പോൾ ഓർമ്മയുടെ ചുരുളുകൾ നിവിരുകയായിരുന്നു.......

......................വർഷങ്ങൾക്കു മുൻപ് കൃത്യമായി പറഞ്ഞാൽ ഏഴ വർഷങ്ങൾക്കു മുൻപ് അന്നാണ് രമണിയെ ആദ്യമായി കാണുന്നതു്. ട്രാൻസ്പോർട്ട ബസ്സ് സ്റ്റാൻഡിനു മുൻപിൽ ഒരു സ്യൂട്ടുകേസുമായി അവൾ തനിയെ നില്ക്കുകയാണ്. കണ്ടാൽ ഒരു കോളജ് കുമാരിയാണെന്നു് തോന്നും. ഒററ നോട്ടത്തിൽ തന്നെ ആളു് ഒരു തന്റേടിയാണെന്നു തോന്നി. ഞാനും ഒരു James bond സ്യൂട്ടുകേസും പിടിച്ചു കോളജിലേക്കു പോകാൻ നില്ക്കുകയാണ്. ട്രാൻസ്പോർട്ട് പണിമുടക്കു കാരണം ബസ്സ് തീരെ കുറവാണ്. ഇടയ്ക്കു ഒന്നു രണ്ടു ബസ്സ് (സമരക്കാരുടെ ഭാഷയിൽ പറഞ്ഞാൽ കരിങ്കാലി ബസ്സ്) ഓട്ടുന്നതിൽ നില്ക്കാനിടമില്ലാത്തവിധം ആളുകൾ കയറിയിട്ടുണ്ട്. അപ്പോഴാണ് ഒരു ടാക്സി “കോളജ്” എന്നു വിളിച്ചുംകൊണ്ടു വന്നതു് ഒരു കാരണവരും രണ്ടുമൂന്നു സ്ത്രീകളും ഉണ്ട്. “കോളജിലേക്കാണെങ്കിൽ ഇതിൽ പോകാം” ഞാനാ കോളജ് കുമാരിയോടു ധൈര്യമായി പറഞ്ഞു. അവൾ ഒട്ടും കൂസലില്ലാതെ വന്ന് ടാക്സിയിൽ കയറി. കോളജിന്റെ അടുത്തുള്ള കവലയിൽ വച്ചു കാരണവരും സ്ത്രീകളും ഇറങ്ങിപ്പോയി. ഞാനും അവളും മാത്രമായി ആ ടാക്സിയിൽ. കോളജ് ഗേററിൽ പൂവാലന്മാർ നോക്കിനിൽക്കെ ഞാനും അവളും ടാക്സിയിൽ വന്നിറങ്ങി. ഞാൻ തന്നെയാണ് പെട്ടിയും ബഡ്ഡിംഗും ടാക്സിയിൽ നിന്നെടുത്തതും Women's Hostelലേക്കുള്ള വഴി പറഞ്ഞുകൊടുത്തതും.

“എന്താ അളിയാ ചരക്ക്” ” തിരിഞ്ഞു നോക്കിയപ്പോൾ “Menon& Krishnan” സെപ്പ്ംബറിനെഴുതിയതിൽ എന്റെകൂടെ കൊട്ടാരക്കരക്കാരൻ തോമസും സഖാവ്യായും ഒക്കെയാണ്. കോട്ടയത്തുനിന്നും കിട്ടിയതാ', ഞാനും ഒരു ഗമയ്ക്കുവേണ്ടി പറഞ്ഞു.

ക്ലാസ്സുകൾ തുടങ്ങി. ഞാൻ ബികോം ക്ലാസ്സിലായിരുന്നു. മററൊന്നിനും അഡ്മിഷൻ കിട്ടാത്തവർക്കുള്ള വിഷയങ്ങളാണല്ലോ കോമേഴ്സും, ലിറററേച്ചറും, എക്കണോമിക്സും, ഹിസ്റ്ററിയുമൊക്കെ. സ്വാഭാവികമായും ഉഴപ്പന്മാർ. പോരാത്തതിനു ഞങ്ങളുടെ ക്ലാസ്സിൽ മേമ്പൊടിക്കുപോലും ഒരു പെൺകുട്ടി ഇല്ല. അതിന്റെ ക്ഷീണം ഞങ്ങൾ ഇന്റർവെൽ സമയങ്ങളിൽ തീർത്തു. പെൺകുട്ടികളെ കമന്റടിക്കുന്നതിൽ ഞങ്ങളായിരുന്നു മുൻപന്തിയിൽ. അതിനിടയ്ക്കു ഒന്നുരണ്ടു പ്രാവശ്യം അന്നു ഞാൻ ടാക്സിയിൽകൊണ്ടുവിട്ടപെൺകുട്ടിയെ കണ്ടിരുന്നു. കാണ

പോഴൊക്കെ ചിരിക്കാൻ ശ്രമിച്ചിരുന്നു. തന്റെ പേരിനോട് ചേർത്തു ഒരു പെൺകുട്ടിയുടെ പേരു കൂടി പറയുക എന്നതു ഏതു ആൺകുട്ടിയുടെയും ഒരാഗ്രഹമാണ്. എന്റെയും രമണിയുടെയും പേരുകൾ ചേർത്തു ബികോം ക്ലാസ്സിൽ ചിലർ സംസാരിക്കാൻ തുടങ്ങി. പരസ്യമായിട്ട് ഞാനതിനെ എതിർത്തുവെങ്കിലും ഉള്ളിൽ സന്തോഷമായിരുന്നു. രമണിയും കൂട്ടുകാരും ഒന്നിച്ചുകൂടി പോകുമ്പോൾ ഞങ്ങളുടെ ക്ലാസ്സിലെ വില്ലന്മാർ ചില അർത്ഥഗർഭങ്ങളായ കമന്റുകൾ അടിക്കാറുണ്ട്. ചിലപ്പോഴൊക്കെ അതു സഭ്യതയുടെ അതിർവരമ്പുകളെ ഭേദിച്ചിരുന്നു. അതുകൊണ്ടൊക്കെയാവാം ഞങ്ങളോട് അവർക്കെല്ലാം വലിയ ദേഷ്യമായിരുന്നു. രമണിയും, ലിറ്ററേച്ചറിലെ നീണ്ട തലമുടിയുള്ള ചാന്ദ്നിയുംകൂടി കോളജിലെ പൂവാലന്മാരോട് മണിക്കൂറുകളോളം ലാത്തിയടിക്കാറുണ്ടായിരുന്നു. പക്ഷെ ബികോം വിദ്യാർത്ഥികളെ കാണുമ്പോൾ വലിയ ഗൗരവമാണ്.

സുന്ദരങ്ങളായ ദിവസങ്ങളും മാധുര്യം നിറഞ്ഞ മാസങ്ങളും വേഗത്തിൽ കടന്നുപോയി. ഒടുവിൽ College Electionനും വന്നു. ഞങ്ങളുടെ കോളജിൽ വർഷാവസാനമാണ് തെരഞ്ഞെടുപ്പ്. ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ കഴിവുള്ളവരെ തെരഞ്ഞെടുക്കുന്ന ഒരു നല്ല സമ്പ്രദായം ..... ബികോം വിദ്യാർത്ഥികളുടെ ഏകകണ്ഠമായ അഭ്യർത്ഥനയനുസരിച്ച് ഞാനും ഒരു സ്ഥാനാർത്ഥിയായി. ഞങ്ങളുടെ ക്ലാസ്സിൽ പെൺകുട്ടികളില്ലാതിരുന്നതു മൂലം പെൺകുട്ടികളുടെ ഇടയിലെ ഞങ്ങളുടെ പ്രവർത്തനം മോശമായിരുന്നു. ഏതായാലും രമണിയോടും മറ്റും ഒന്നു പറഞ്ഞു കളയാം. ഒരിക്കൽ ഒരു സഹായമൊക്കെ ചെയ്തതല്ലേ. എം. എ. ഹിസ്റ്ററിക്ലാസ്സിന്റെ അടുത്തുള്ള നടകയറുമ്പോഴാണ് രമണിയെ കണ്ടത്.

"ഞാൻ തെരഞ്ഞെടുപ്പിനു നിൽക്കുന്ന കാര്യം രമണിയൊക്കെ അറിഞ്ഞു കാണുമല്ലോ? രമണിയോടും മറ്റും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രമണി എനിക്കുവേണ്ടി കാര്യമായിട്ടൊന്നു വർക്ക് ചെയ്യണം. ഹോസ്റ്റലിലെ വോട്ടെങ്കിലും രമണി വാങ്ങിച്ചു തരണം."

അവൾ മറുപടിയൊന്നും പറഞ്ഞില്ല. ചിരിക്കുക മാത്രം ചെയ്തു. പതിവുള്ള ആചാരം. അധികം നിൽക്കാതെ തിരിഞ്ഞു നടന്നു. അപ്പോൾ പുറകിൽനിന്നും ഒരു കൂട്ടച്ചിരി കേട്ടു. തിരിഞ്ഞു നോക്കിയില്ല. ലിറ്ററേച്ചറിലെ ഒരു പ്രസാദ് ആണ് സ്ഥാനാർത്ഥി. അവനുവേണ്ടി രമണിയും ചാന്ദ്നിയുമാണ് ലേഡീസിന്റെ ഇടയിൽ പ്രവർത്തിക്കുന്നത് എന്നു രണ്ടു ദിവസം കഴിഞ്ഞപ്പോഴറിഞ്ഞു. മനസ്സിൽ ഒരു കടന്നൽ കുത്തിയതുപോലെ വേദന തോന്നി. രാഷ്ട്രീയ ബോധം ഇല്ലാത്ത എന്റെ സഹപ്രവർത്തകർ അവളെയും കൂട്ടുകാരെയും പരസ്യമായി ആക്ഷേപിച്ചു തുടങ്ങി. അതിനനുസരിച്ച് അവരുടെ പ്രവർത്തനവും കൂടിക്കൂടി വന്നു. ഏതായാലും തെരഞ്ഞെടുപ്പിൽ ഞാൻ ദയനീയമായി പരാജയപ്പെട്ടു. എന്റെ വ്യക്തിത്വത്തിനു നേരിട്ട ആദ്യത്തെ അടിയായിരുന്നു അത്. എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. മനസ്സിനാകെ വേദനയായിരുന്നു. കാന്റീനിൽ ഇരുന്നു പ്രസാദും ചാന്ദ്നിയും, രമണിയുംകൂടി ആഹ്ലാദത്തോടുകൂടി കാപ്പി കുടിക്കുന്നതു കണ്ടപ്പോൾ എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. മനസ്സിന്റെ സമനില ആകെ തെറ്റുകയായിരുന്നു. രമണിയാണ് എന്റെ പരാജയത്തിനുത്തരവാദി എന്നു ഞാൻ കരുതി. അവളോട് പകരം വീട്ടുകയാണ് എന്റെ ജീവിത ലക്ഷ്യം എന്ന് ഞാൻ വിശ്വസിച്ചു. പ്രതികാരത്തിനുവേണ്ടി ഞാൻ ദാഹിക്കുകയായിരുന്നു......

അടുത്ത ദിവസംമുതൽ രമണിയെ പറ്റിയുള്ള കള്ളക്കഥകൾ കോളജിലെങ്ങും പരന്നു. ബോർഡിലെല്ലാം ആഭാസചിത്രങ്ങൾ നിറഞ്ഞു. പുറത്തിറങ്ങി നടക്കാൻ വയ്യാത്ത വിധത്തിൽ അവളെപ്പറ്റിയുള്ള കഥകൾ പ്രചരിച്ചു. ഇത്തരം കഥകൾക്ക് പ്രചരണം തന്നെ ലഭിക്കുമല്ലോ. അതുകൊണ്ടും തീർന്നില്ല ഞങ്ങളുടെ വാശി. പുതിയ യൂണിയന്റെ പരിപാടികളെ പരാജയപ്പെടുത്തുകയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. യൂണിയൻ നടത്തുന്ന കലോത്സവത്തിൽ നിസ്സഹകരിച്ചു. നാടകത്തിനുണ്ടായിരുന്നവരെ അവസാനനിമിഷത്തിൽ പിൻവലിപ്പിച്ചു. രമണിയുടെയും മറ്റും ഡാൻസിനെ കൂവി പരാജയപ്പെടുത്തുമെന്നും പറഞ്ഞു ഭീഷണിപ്പെടുത്തി. രാത്രിയിൽ പെൺകുട്ടികളുടെ ഇടയിൽ പടക്കം എറിയാൻ പരിപാടിയിട്ടു... ...അങ്ങനെ എന്തൊക്കെ കാര്യങ്ങൾ... ..

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും വളരെ വേഗത്തിൽ കൊഴിഞ്ഞു വീണു. നിറങ്ങ അനുഭവങ്ങൾ വളരെ വേഗത്തിൽ കഴിഞ്ഞുപോകുന്നതായി തോന്നി. പരീക്ഷയുടെ സമയമായി. ഓട്ടോഗ്രാഫുകളുടെ സമയം. "അർത്ഥമില്ലാത്ത വാചകങ്ങളിലൂടെ ആത്മാർത്ഥതയില്ലാത്ത ആശംസകൾ" കൈമാറുന്ന അവസരം. രമണിയുടെ ഓട്ടോഗ്രാഫും എന്റെ അടുത്തു വന്നു. [illegible] കൂടി എനിക്കതിൽ ഒന്നും എഴുതാൻ കഴിഞ്ഞില്ല. ആയിടയ്ക്കാണറിഞ്ഞത് രമണിയുടെ വിവാഹാലോചന നടക്കുന്നു. പ്രതികാരത്തിനു പറ്റിയ അവസരം. മിക്കവാറും നടക്കുമെന്നു വിചാരിച്ചിരുന്ന ഒരു നല്ല വിവാഹം ആയിരുന്നു അത്. അമേരിക്കയിലേക്ക് പോകാൻ തയ്യാറായി നില്ക്കുന്ന ഒരു ഡോക്ടറായിരുന്നു വരൻ. പക്ഷെ ആ വിവാഹം നടന്നില്ല. രമണിയുടെ കോളജിലെ 'കാമുകത്വ' ജീവിതത്തെപ്പറ്റിയുള്ള ഞങ്ങളുടെ ഊമക്കത്തായിരുന്നു അതിനു കാരണം.

അടുത്തദിവസം കരഞ്ഞു വീർത്ത കണ്ണുകളുമായി രമണി കോളജിൽവന്നു. ഞാൻ ഏറ്റവും സന്തോഷിച്ച ഒരു ദിവസമായിരുന്നു അന്ന്. ഏതായാലും കാലം ആർക്കുവേണ്ടിയും കാത്തുനിന്നില്ല. പരീക്ഷ കഴിഞ്ഞു പലരും പലവഴിക്കു പിരിഞ്ഞു. പഠിത്തത്തെക്കാൾ മറ്റു പലതിലും കൂടുതൽ ശ്രദ്ധിച്ചിരുന്നതുകൊണ്ട് റിസൾട്ട് പ്രതീക്ഷിച്ചതുപോലെയായിരുന്നു. ഒരു പാർട്ടുപോലും കിട്ടിയില്ല. മനോഹാരിതയും സൗന്ദര്യവും നിറഞ്ഞുനിന്ന സ്വപ്നങ്ങളുടെ ലോകത്തുനിന്നും പരുപരുത്ത വേദനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളുടെ ലോകത്തിലേക്ക് വന്ന ഞാൻ പകച്ചുനിന്നുപോയി. മാസങ്ങളും വർഷങ്ങളും പലതും അറിയാതെ കഴിഞ്ഞുപോയി. സ്വന്തം ജീവിതം കെട്ടിപ്പടുക്കുവാൻ കഴിയാതിരുന്ന എനിക്ക് രമണിയെപ്പറ്റി ചിന്തിക്കുവാനോ ആലോചിക്കുവാനോ അവസരം ലഭിച്ചില്ല. ഒടുവിൽ തിരുവനന്തപുരത്തുള്ള Sankar's College-ലെ പ്രിൻസിപ്പലിന്റെ മിടുക്കുകൊണ്ടു ഞാൻ ബികോം പാസ്സായി. പിന്നീട് ഒരു ജോലിക്കുവേണ്ടിയുള്ള തീർത്ഥയാത്രയായിരുന്നു. ബിരുദധാരികളെ ഒരു കച്ചവടച്ചരക്കായി അധഃപതിപ്പിച്ച കേരളത്തിൽ ഒരു ജോലി എന്നത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു മരീചിക ആയിരുന്നു. അങ്ങനെ ഇരിക്കേയാണ് AG's ഓഫീസിലെ മേനോൻ സാറിനെ കണ്ടതും പരിചയപ്പെട്ടതും. Accountant Generalന്റെ അടുത്ത് എനിക്കുവേണ്ടി ഒരു ശുപാർശ കത്തും അദ്ദേഹം തന്നു. ഇവിടേക്കുള്ള വഴിയും പറഞ്ഞു തന്നതദ്ദേഹമാണ്.

"Hallo ബാബു .... സ്വപ്നം കാണുകയാണോ" രാജന്റെ ശബ്ദം ആണ് എന്നെ മരിച്ചുപോയ 'ഇന്നലെ'കളിൽ നിന്നും 'ഇന്ന്'കളിലേക്ക് കൊണ്ടുവന്നത്.

"ഞാനൊരു മണിക്കൂർ വൈകിപ്പോയി, ക്ഷമിക്കണം, രമണി എല്ലാം എന്നോട് പറഞ്ഞു. കോളജിൽവച്ചു രണ്ടുപേരും വഴക്കാളികളായിരുന്നു അല്ലേ"......"വരൂ കാപ്പി കുടിക്കാം" രാജൻ വീണ്ടും ക്ഷണിക്കുകയാണ്. ഞാനൊന്നും മിണ്ടാതെ നിശബ്ദനായി ഇരിക്കുകയാണ്.

"പിന്നെ ജോലിയുടെ കാര്യമൊക്കെ ശരിയാക്കി. Posting order മേനോൻ സാറിന്റെ കെയർ ഓഫിലാണ് അയച്ചിരിക്കുന്നത്. നാളെത്തന്നെ വന്നു join ചെയ്തോളൂ..."

ഞാൻ സ്തബ്ധനായിരുന്നുപോയി. ഒന്നും പറയാൻ കഴിയുന്നില്ല. കുട്ടീ! നിന്റെ സ്നേഹം എന്നെ പരാജയപ്പെടുത്തി. ഉടനെ തന്നെ യാത്രയും പറഞ്ഞു ഞാൻ പുറത്തിറങ്ങി. പടവുകളിറങ്ങുമ്പോൾ "ഇനിയും ഇടയ്ക്കൊക്കെ ഇതിലെ കയറണം കേട്ടോ" അവൾ പറഞ്ഞു.

മനസ്സിലാകെ ഒരു ശൂന്യതയായിരുന്നു. ഞാൻ നേരെ പോയത് ബസ്സ് സ്റ്റാൻഡിലേക്കായിരുന്നു. രമണിയുടെ മുന്നിൽ ഇനി ഞാൻ തോറ്റവനായിരുന്നു. എന്റെ യാത്ര ചെല്ലാൻ ഞാനശക്തനായിരുന്നു. ഹോസ്റ്റൽ പാസ്സിലേക്കുള്ള പാലക്കാട് ബസ്സിൽ ഇരുന്ന എന്റെ മുൻപിലൂടെ രമണിയുടെ സ്നേഹത്തിന്റെ വൈവിധ്യങ്ങളെപ്പറ്റി ആലോചിക്കുകയായിരുന്നു......

# വഴിത്തിരിവ്

അമ്മു. റ്റി. എസ്സ്., ബി.എസ്സ്. I., സൈക്കോളജി

പോർട്ടിക്കോയുടെ ഭിത്തിയിലൂടെ ഇഴഞ്ഞുകയറിപ്പോയിരുന്ന മണിപ്ലാന്റിനടുത്തു കാർപ്പെററു വിരിച്ച നിലത്തേക്ക് കണ്ണും നട്ട് നില്ക്കുന്ന അവളെ കണ്ടപ്പോൾ ഞെട്ടിപ്പോയി. പിടിക്കപ്പെട്ട കള്ളനെപ്പോലെ മനസ്സ് പരിഭ്രമിച്ചുപോയി.

തളർന്നു പോകാതിരിക്കാൻ പണിപ്പെട്ടുകൊണ്ട് അയാൾ ഒന്നു മന്ദഹസിച്ചു. പേശികൾ മുറുകിപ്പോയ ഒരു മന്ദഹാസം. ഉണങ്ങിപ്പോയ തൊണ്ട ഉമിനീർ ഇറക്കി നനച്ചിട്ട് പ്രയാസപ്പെട്ട് അയാൾ പറഞ്ഞു:

" ഇരിക്കൂ......"

എന്നിട്ട് എതിരെയുള്ള സോഫായിൽ കൈത്തലങ്ങളിൽ തലയുംതാങ്ങി നിമിഷങ്ങളോളം കണ്ണുകളടച്ച് അയാൾ ഇരുന്നു. അപ്പോൾ മനസ്സിന്റെ വെള്ളതേച്ച ഭിത്തിയിൽ വിസ്മൃതിയുടെ ആഴിയിൽ അടിഞ്ഞുകിടന്നിരുന്ന ചില ചിത്രങ്ങൾ രൂപമെടുക്കുകയായിരുന്നു.

" പ്രിയപ്പെട്ട രമേ എന്നോടു ക്ഷമിക്കൂ .."

അപരാധത്തിന്റെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട മനസ്സ് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

അയാൾ തല ഉയർത്തി നോക്കിയപ്പോൾ അവൾ പഴയപടിതന്നെ നില്ക്കുന്നതാണു കണ്ടതു്. കുഴിഞ്ഞുതാണ അവളുടെ കണ്ണുകൾ അയാളുടെമേൽ പതിഞ്ഞിരുന്നു. അയാൾ നോക്കിയപ്പോൾ ആ മിഴികൾ കാർപ്പെററിലേക്കുതന്നെ താണു.

" ഇരിക്കൂ രമേ.........."

"വേണ്ട—ഞാൻ നിന്നുകൊള്ളാം......"

" എങ്കിൽ ഞാനും നില്ക്കാം........." അയാൾ സോഫായിൽനിന്നും എഴുന്നേററു.

"അയ്യോ വേണ്ട—ഞാനിരുന്നുകൊള്ളാം" അവൾ സോഫായുടെ അരികേ ചെന്നിരുന്നു. അർഹതയില്ലാത്ത ഒരിടത്തു് ഇരിക്കുന്നതുപോലെ.

മനസ്സിൽ നിറഞ്ഞു നിന്നിരുന്ന അപരാധബോധം ഉറുമ്പുംകൂട്ടത്തെപ്പോലെ അരിച്ചുകൊണ്ടിരുന്നു. പിന്നിട്ടുപോന്ന കാലടിപ്പാടുകളിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ ജീവിതം തന്നെ നോക്കി ക്രൂരമായി മന്ദഹസിക്കുന്നതാണു കണ്ടതു്.

ഒട്ടു മുന്നിൽ മെലിഞ്ഞ ശരീരവും ഒട്ടിയ കവിളുമായി ഇരിക്കുന്ന രമയെ നോക്കുമ്പോൾ അപരാധഭാരത്താൽ ശിരസ്സു കനം തൂങ്ങി താഴുകയാണ്. അപ്പോഴും മനസ്സു ഉരുവിട്ടുകൊണ്ടിരുന്നു.

"പ്രിയപ്പെട്ടവളേ, എന്നോടു ക്ഷമിക്കൂ..."

വർഷങ്ങളുടെ അസ്ഥിത്തറയിൽ കത്തിച്ചുവെച്ച അന്തിത്തിരികളുടെ വെളിച്ചത്തിൽ ഓർമ്മകളുടെ കൽച്ചുവരിൽ കൊത്തിവെച്ച എഴുത്തുകളെല്ലാം വ്യക്തമാവുകയാണ്.

നീണ്ട പന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ്—

അവസാനമായി യാത്രപറഞ്ഞ ആ മാവിൻചുവട്ടിൽവച്ച് രമയുടെ കൈകൾ പിടിച്ചു സത്യം ചെയ്തു. "എന്റെ ജീവിതത്തിൽ ഒരു പങ്കാളിയുണ്ടാകുന്നവെങ്കിൽ, രമേ, അതു നീ മാത്രമായിരിക്കും. നീ മാത്രം."

"ഞാൻ വിശ്വസിക്കുന്നു രവി. ഞാനെന്നും രവിക്കായി കാത്തിരിക്കും............"



അവൾ കാത്തിരുന്നു. ഫലമില്ലെന്നു് മനസ്സിലാക്കിയിട്ടും അവനിക്കായി മാത്രം കാത്തിരുന്നു. ഇറുത്തെടുക്കപ്പെട്ട പൂക്കൾ വാടിപ്പോകാതെന്നാശിക്കുന്നതുപോലെ.

അന്ന് യാത്രപറഞ്ഞു ബസ്സിൽ കയറിയപ്പോൾ ജീവിതത്തിന്റെ ഒരുഭാഗം ഇടിഞ്ഞു തകർന്നതായിട്ടാണു തോന്നിയതു്. തന്റെ പ്രിയപ്പെട്ടവനേയും വഹിച്ചുകൊണ്ടു പോകുന്ന ബസ്സ് കണ്ണിൽനിന്നു മറയുന്നതുവരെയും അവൾ നോക്കിനില്ക്കുന്നതു് ബസ്സിന്റെ പുറകിലത്തെ ചില്ലിൽക്കൂടി അയാൾ നോക്കിക്കണ്ടു.

എല്ലാം നിശ്ചയിച്ചുറച്ചുകൊണ്ടാണ് പുറപ്പെട്ടതു്. വീട്ടിൽ ചെന്നാലുടനെ അച്ഛനോട് എല്ലാം തുറന്നു പറഞ്ഞ് രമയെത്തന്നെ വിവാഹം കഴിക്കുക. തീർച്ചയായും അച്ഛനും അമ്മയും തനിക്കെതിരു പറയുകയില്ല. ഏതായാലും ജീവിതത്തിൽ ഒരു പങ്കാളിയെ ആവശ്യമാണല്ലോ. അതു് രമതന്നെ ആയാലെന്തു്?

പക്ഷെ അങ്ങനെയൊന്നുമല്ല സംഭവിച്ചതു്. കടമകളുടെ കന്മതിക്കല്ലിൽ എല്ലാ നിശ്ചയങ്ങളും നിഷ്കരുണം ബലിയർപ്പിക്കേണ്ടിവന്നു

വൃദ്ധരായ മാതാപിതാക്കളും വിവാഹപ്രായം കഴിഞ്ഞു നില്ക്കുന്ന സഹോദരിമാരും. എല്ലാവരുടേയും ആശാകേന്ദ്രം അയാൾ ഒന്നുമാത്രമായിരുന്നു. കുറച്ചു കടമല്ലാതെ മിച്ചംവയ്ക്കാൻ ഒന്നും ആ പിതാവിനു കഴിഞ്ഞിരുന്നില്ല. എല്ലാം അയാൾക്കുവേണ്ടി-പഠനത്തിനായി വാങ്ങിയ കടം.

മോനേ, നീ പഠിച്ചവനാണ്, അറിവുള്ളവനാണ്. കഴിവുണ്ടായിട്ടല്ല നിന്നെ പഠിപ്പിച്ചതെന്നു നിനക്കറിയാമല്ലോ. ഞങ്ങളുടെ ഏക ആശാകേന്ദ്രം നീ മാത്രമാണ്. സ്ത്രീധനം തരാൻ കഴിവുള്ളവളെ നീ വിവാഹം കഴിച്ചാൽ ഇന്നുള്ള എല്ലാ കടങ്ങളും തീരും. നിന്റെ സഹോദരിമാരുടെ വിവാഹം നടത്തുകയും ചെയ്യാം. നിന്റെ അറിവിലേക്കായി ഞാനിത്രയും പറഞ്ഞു. എനിക്കെന്റെ എല്ലാ ചുമതലകളും ഏല്പിക്കാൻ നീ ഒരുത്തനേയുള്ളൂ. അതു് ഞാനിപ്പോഴേ നിന്നെ ഏല്പിക്കുകയാണ്. ഇനിയും നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ........"

പിതാവിന്റെ സ്നേഹപൂർണ്ണമായ ഉപദേശമാണതു്. ചുമതലകളുടെ വിഴുപ്പു നിറഞ്ഞ ഭാണ്ഡം തന്നെ ഏല്പിച്ചിട്ട് പിതാവു കയ്യൊഴിഞ്ഞു.

പ്രിയപ്പെട്ട രമേ, നിനക്കു തരുവാൻ പണമില്ല. ആത്മാർത്ഥത നിറഞ്ഞ ഒരു ഹൃദയം മാത്രമേയുള്ളൂ. പക്ഷെ അതിനു് ഈ ലോകത്തിൽ വിലയില്ല. പണത്തിനാണു വില, സ്ഥാനം.

നിശ്ശബ്ദയായി നിന്നു കേഴുന്ന രമേ, നിന്നെയോർത്തു രാവും പകലും ഹൃദയം വേദനയുടെ സങ്കീർത്തനങ്ങൾ വായിക്കുകയായിരുന്നു.

നിറവേററാൻ കഴിയാത്ത വാഗ്ദാനങ്ങളുടെ തീച്ചൂളയിൽ കിടന്ന് ആത്മാവു വേവുമ്പോൾ നീലിമ നിറഞ്ഞ ആകാശത്തിലേക്കു കണ്ണുകളുയർത്തി പീഡകളനുഭവിക്കുന്ന മനുഷ്യപുത്രനെപ്പോലെ പ്രാർത്ഥിച്ചു.

"പിതാവേ, കയ്പുനിറഞ്ഞ ഈ പാനപാത്രം കഴിയുമെങ്കിൽ എന്നിൽനിന്നു നീക്കേണമേ...... ..."

സ്ത്രീധനമായി ലഭിച്ച തുകയും കുറച്ചു വസ്തുക്കളും കൂടി വിററ് സഹോദരിമാരുടെ വിവാഹം നടത്തി.

പിച്ചവച്ചു നടന്നിരുന്ന കാലങ്ങൾ ഓടിമറഞ്ഞപ്പോൾ പണക്കാരിയായ ഭാര്യയുടെയും കുട്ടികളുടെയും മുന്നിൽനിന്നും വർഷങ്ങളുടെ ഏകാന്തതയിലേക്ക് രമയുടെ രൂപം മങ്ങിമറഞ്ഞു.

തിരക്കു പിടിച്ച ജീവിതത്തിനിടയിൽ അവിചാരിതമായിട്ടെങ്കിലും ഒരിക്കൽ രമയെ കണ്ടുമുട്ടും എന്നതിനെപ്പററി ചിന്തിച്ചിരുന്നില്ല.

ഓഫീസിൽനിന്നും വന്നതേയുള്ളൂ. അപ്പോഴാണ് ഒരു സ്ത്രീ തന്നെ കാണുവാനായി വളരെ നേരമായി ഇരിക്കുന്ന എന്ന് വേലക്കാരൻ പറഞ്ഞതു്. പേരു കേട്ടപ്പോൾ തന്നെ ദേഹത്തുകൂടി എന്തോ ഒന്ന് ഇഴഞ്ഞു കയറുന്നതുപോലെ തോന്നി.

അറച്ചറച്ചാണു മുറിയിലേക്കു വന്നതു്. കുഴിഞ്ഞുതാണ കണ്ണുകളും മെലിഞ്ഞ ശരീരവുമുള്ള രമയെ കണ്ടപ്പോൾ ഞെട്ടിപ്പോയി. കണ്ണുകൾ അവളുടെ നഗ്നമായ പാദങ്ങളിൽ പതിഞ്ഞു.

ങ്ങി നിന്നിരുന്ന സാരിയുടെ കീറിപ്പോയ ഇഴകൾ ഉന്നിച്ചേർത്തിരുന്നു സൂചിയിൽപെട്ട്. അപ്പോൾ കോളേജിൽവെച്ച് രമയെ തന്നിലേക്കടുപ്പിച്ച സംഭവമാണ് ഓർമ്മവന്നതു്.

കോളജ്ഹോസ്റ്റലിന്റെ വടക്കേ അററത്തുള്ള പ്രിയോതമാവിൽ പഴുക്കാറായ മാങ്ങകൾ കുലകുത്തി കിടക്കുകയാണ്. അതു് പറിക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. എങ്കിലും അതു കണ്ടുകൊണ്ട് അവിടെ കഴിയാൻ പലർക്കും പ്രയാസമുണ്ടായിരുന്നു.

രാവിലെയും വൈകിട്ടും വാർഡൻ റൂമിലുണ്ടായിരിക്കും. അപ്പോഴൊന്നും മാവിലെറിയാൻ തരപ്പെടുകയില്ല. പിന്നെ ഉച്ചയ്ക്ക് അദ്ദേഹം ഊണുകഴിക്കാൻ പോയിരിക്കുമ്പോഴാണ് പററിയ സമയം. ഈ തക്കം നോക്കി ആരോ ഒരുത്തൻ എറിഞ്ഞ ഒരു കല്ല് വന്നുകൊണ്ടതു് മറുവശത്തുകൂടി പോയിരുന്ന തന്റെ തലയിൽ. നെററിയിലൂടെ ഒഴുകുന്ന ചോരകണ്ട് കൂടെയുണ്ടായിരുന്നവർ അന്തംവിട്ടുനിന്നു.

രമ കുറച്ചു പിൻപിലായി നടന്നു വന്നിരുന്നു. ഓടിവന്ന അവൾ ഉടൻതന്നെ സാരിയുടെ അററം ഒരു മടിയുംകൂടാതെ വലിച്ചുകീറി അയാളുടെ മുറിവിൽ വച്ചുകെട്ടി.

രണ്ടാഴ്ചയോളം കഴിഞ്ഞപ്പോഴാണ് ആ മുറിവു കരിഞ്ഞതു്. അപ്പോഴേക്കും ഉണങ്ങാനാവാത്ത ഒരു മുറിവു് അയാളുടെ ഹൃദയത്തിൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

കോളജ് റീഡിംഗ് റൂമിന്റെ വരാന്തയിലെ അരമതിലിലിരുന്നാൽ മെയിൻ ഗെയിററിലൂടെ വരികയും പോവുകയും ചെയ്യുന്നവരെ വ്യക്തമായി കാണാമായിരുന്നു. എന്നും രാവിലെ അവൾ വരുമ്പോൾ അയാൾ അവിടെ ഇരിപ്പുണ്ടാകും. രണ്ടുപേരുടേയും കണ്ണുകൾ തമ്മിലിടയും, ഒന്നുമറിയാത്ത മട്ടിൽ രണ്ടുപേരും പുഞ്ചിരിക്കും.

ചെപ്പാട്ടുകൾ ഒന്നും കൂടാതെ അവർ തമ്മിൽ വളരെ പെട്ടെന്ന് ഹൃദയങ്ങൾ കൈമാറി. മൌനസാന്ദ്രമായ നോട്ടങ്ങളിലൂടെ മാത്രം. അവയിൽ സ്വപ്നങ്ങളും വികാരങ്ങളും എല്ലാം മുററിനിന്നിരുന്നു.

കോളജ്ജീവിതത്തിന്റെ വിരാമമിടേണ്ടിവന്ന അവസാനദിവസത്തിൽ പ്രശാന്തത മുററിനില്ക്കുന്ന അന്തരീക്ഷത്തിൽവെച്ച് രമയുടെ കൈപിടിച്ച് തുടിക്കുന്ന ഹൃദയത്തോടെ വിളിച്ചു.

"എന്റെ ജീവിതസഖി........."

പക്ഷെ നിറവേറാൻ കഴിയാത്ത ഒരു വാഗ്ദാനമായി അതു മാറിപ്പോയി. തിരിഞ്ഞുനോക്കി പല്ലിളിക്കുന്ന ജീവിതത്തിന്റെ വഴിത്താരയിലൂടെ അപരാധത്തിന്റെ കുരിശുമേന്തി മന്ദം മന്ദം നടന്നു നീങ്ങി ക്രൂരമായ വേദന സഹിച്ചു.

ഓർമ്മകളാൽ എണ്ണപ്പെടാത്ത വർഷങ്ങളുടെ കൈത്തിരിവിൽ വച്ച് ഇന്നു രമയെ കണ്ടുമുട്ടി.

മേശപ്പുറത്തിരുന്ന മാസികയുടെ പുറംചട്ടയിലൂടെ കണ്ണോടിച്ചുകൊണ്ട് രമ പറഞ്ഞു.

"ഒരിക്കലും രവിയെ ഉപദ്രവിക്കണമെന്നു കരുതിയിരുന്നില്ല........."

"ഉപദ്രവമായി ഞാനൊരിക്കലും കരുതുകയില്ല രമേ........."

"എന്നു ഞാൻ വിശ്വസിച്ചിരുന്നു രവി. പക്ഷെ ഇന്നു വേറെ നിവൃത്തിയില്ലാതെ വന്നുപോയി.........ഞാനെല്ലാം തുറന്നു പറയുകയാണ് രവി. രണ്ടു വർഷം മുമ്പ് അച്ഛൻ മരിച്ചു. അമ്മ മാത്രമേയുള്ളൂ. അമ്മ കിടപ്പിലുമാണ്. ഒരു ജോലിക്കായി പലയിടത്തും നടന്നു. പലടത്തും ഇന്റർവ്യൂവിനു പോയി. എല്ലായിടത്തും ക്യാഷ് സെക്യൂരിററി ആവശ്യമാണ്. എന്റെ കുടുംബസ്ഥിതിയെല്ലാം രവിക്കറിയാമല്ലോ. പ്രയാസപ്പെട്ട് ജീവിതച്ചിലവുകൾ നിർവ്വഹിക്കുന്ന എന്റെ കയ്യിൽ കെട്ടിവെക്കാൻ പണമില്ല. രവിക്കിപ്പോൾ സ്വന്തമായി കമ്പനികളുണ്ടല്ലോ. വിഷമമില്ലെങ്കിൽ...........ഇഷ്ടമുള്ളതു തന്നാൽ മതി.......ഞാനപേക്ഷിക്കുന്നു......" അവൾ സാരിയുടെ തുമ്പുയർത്തി കണ്ണുകൾ തുടച്ചു.

വലിഞ്ഞുനിന്നിരുന്ന നിയന്ത്രണത്തിന്റെ കമ്പികൾ ഓരോന്നായി ചിലന്തിവലകൾ പോലെ പൊട്ടിപ്പോയി. വിതുമ്പിപ്പോയ ചുണ്ടുകൾ കടിച്ചമർത്തിയിട്ട് ഇത്രമാത്രം പറഞ്ഞു.



"രമ നാളെമുതൽ ജോലിയിൽ പ്രവേശിച്ചുകൊള്ളൂ."

അവളുടെ മുഖം അതു കേട്ടപ്പോൾ ആനന്ദാതിരേകത്താൽ തുടുത്തു കാണാം. മിഴികളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞുകാണാം. അയാൾ അങ്ങോട്ടു നോക്കിയില്ല. ശിരസ്സു കുമ്പിട്ടപടിതന്നെ ഇരുന്നു.

"ഇത്രയും വലിയ സഹായം ചെയ്തതിനു് എങ്ങനെയാണു നന്ദിപറയുക എന്നുകൂടി എനിക്കറിഞ്ഞുകൂടാ രവി." അവൾ എഴുന്നേററു.

അയാൾ മറുപടിയൊന്നും പറയാതെ അവളോടൊപ്പം എഴുന്നേററു.

"ഇറങ്ങട്ടെ രവീ......" അവൾ നടന്നു നീങ്ങി. തുറന്നുകിടന്നിരുന്ന വാതിൽപാളിയിൽ ചാരി അയാൾ നോക്കിനിന്നു. റോഡിലൂടെ അവൾ നീങ്ങുകയാണ്.

നടന്നു നടന്നു് റോഡിലെ തിരക്കിനുള്ളിൽ അവൾ മറഞ്ഞപ്പോൾ ഈറനായ കണ്ണുകൾ അമർത്തി തുടച്ചുകൊണ്ടു ചാരിതാർത്ഥ്യം കൈവന്ന ഹൃദയത്തോടെ അയാൾ മുറിക്കുള്ളിലേക്ക് മടങ്ങി.

# ഞാൻ പാപിയാണ്

ടി. എസ്സ്. രാജു. Old student

(പാതിരാത്രി. ഒരു കാറ് ഇരമ്പി വരുന്ന ശബ്ദം. കുറച്ചു ദൂരെയായി കാറിന്റെ പ്രകാശത്തിൽ ഒരു സ്ത്രീ നില്ക്കുന്നതായി കണ്ട് സ്പീഡു കുറയുന്നു.)

ഗോപി:— (സ്വയം) ഒരു സ്ത്രീയല്ലേ ആ നില്ക്കുന്നത്? ഈ പാതിരാത്രിയിൽ ഇവരിവിടെ എന്തിന് ഒറ്റയ്ക്ക് വന്നു നില്ക്കുന്നു? അതും ഒരു സ്ത്രീ തനിച്ച്! അവർ ആ റോഡിന്റെ നടുവിൽനിന്നു മാറുന്നപോലുമില്ലല്ലോ!

(ഹോറൺ അടിക്കുന്നു. കാർ ബ്രേക്കിട്ടു നിറുത്തുന്നു)

(ഗോപി ഉറക്കെ ചോദിക്കുന്നു:-) ഹേയ്! എന്തുവേണം നിങ്ങൾക്ക്? ഈ പാതിരാത്രിക്ക് നിങ്ങളെന്തിനാണിവിടെ ഒറ്റയ്ക്ക് നില്ക്കുന്നത്?

സ്ത്രീ:—എനിക്ക് അടുത്ത പട്ടണം വരെ ഒരു ലിഫ്റ്റു തരുമോ ?

ഗോപി:—അടുത്ത ടൗൺ വരെയോ ?

സ്ത്രീ:—എനിക്കു ചെയ്യുന്ന ഏററവും വലിയ ഉപകാരമായിരിക്കും.

ഗോപി:—ശരി കയറിക്കോളൂ.

(ഡോർ തുറന്നടയുന്ന ശബ്ദം. കാർ സ്റ്റാർട്ടു ചെയ്തു നീങ്ങുന്നു.)

സ്ത്രീ:—അങ്ങും പട്ടണത്തിലേക്കായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഗോപി:—അതെ. പട്ടണത്തിൽ എവിടേക്കാണു നിങ്ങൾക്കു പോകേണ്ടത് ?

സ്ത്രീ:—അങ്ങു പോകുന്ന വഴിക്കുതന്നെ. ഞാൻ കാണിച്ചുതരാം.

ഗോപി:—ഈ രാത്രിയിൽ നിങ്ങൾ ഒറ്റയ്ക്കിറങ്ങിയതെന്താണ്?

സ്ത്രീ:—എനിക്കശേഷംപോലും ഭയം തോന്നിയില്ല. തന്നെയുമല്ല എനിക്കൊരു ലിഫ്റ്റു കിട്ടുമെന്ന കാര്യം തീർച്ചയുമായിരുന്നു.

ഗോപി:—അതെങ്ങനെ?

സ്ത്രീ:—അങ്ങ് ഇതുവഴി ഈ സമയത്തു വരുമെന്നെനിക്കറിയാമായിരുന്നു.

ഗോപി:— നിങ്ങൾക്കെന്നെ പരിചയമുണ്ടോ ?

സ്ത്രീ:— നല്ലതുപോലെ.

ഗോപി:— എനിക്കും നിങ്ങളെ എവിടെയോവച്ച് കണ്ടിട്ടുള്ളതുപോലെ തോന്നുന്നുണ്ട്. പക്ഷെ എവിടെവച്ചാണെന്നു പിടികിട്ടുന്നില്ല.

സ്ത്രീ:— (ചിരിക്കുന്നു) എന്നാൽ നമ്മൾ തമ്മിൽ എന്ന്, എങ്ങനെ, എവിടെവച്ചു പരിചയപ്പെട്ടു എന്ന് എനിക്കു നല്ല ഓർമ്മയുണ്ട്.

ഗോപി:— നമ്മൾ തമ്മിൽ പരിചയപ്പെട്ടിട്ടുണ്ടെന്നോ ?

സ്ത്രീ:— അതെ. എനിക്കതു വളരെ വിദൂരമായി തോന്നുന്നില്ല.

ഗോപി:— എവിടെയോവച്ചു കണ്ട മുഖപരിചയത്തിൽ കൂടുതലൊന്നും എനിക്കു തോന്നുന്നില്ല.

സ്ത്രീ:— ഒരുപക്ഷെ അഴിഞ്ഞുലഞ്ഞു കിടക്കുന്ന മുടി എന്റെ മുഖത്തെ മറയ്ക്കുന്നതുകൊണ്ടാകാം.

ഗോപി:—നിങ്ങളുടെ ശബ്ദവും എനിക്കു പരിചയമുള്ളതുപോലെ തോന്നുന്നു.

സ്ത്രീ:—വളരെക്കാലമായി അങ്ങയുടെ ഓർമ്മയുടെ മണ്ഡലത്തിലെങ്ങും ഞാൻ ഇല്ല; അതുകൊണ്ടാണ് ഇന്നു ഞാൻ അങ്ങേക്ക് പൂർണ്ണമായും പരിചിതയായി തോന്നാത്തത്.



ഗോപി:— ശരിതന്നെ നിങ്ങൾ പറയുന്നതു ശരിയായിരിക്കാം.

സ്ത്രീ:—അതെ മി. ഗോപി. ശരിതന്നെയാണ്.

ഗോപി:—നിങ്ങൾക്ക് എന്റെ പേരുകൂടി നിശ്ചയമാണല്ലോ !!

സ്ത്രീ:—എനിക്കെല്ലാം നല്ല പരിചയമാണ്. അങ്ങയുടെ ഭാര്യ യമുനയെക്കൂടിയും.

ഗോപി:—എന്റെ ഭാര്യയേയും നിങ്ങൾക്ക് പരിചയമുണ്ടെന്നോ ? നിങ്ങൾ അവളുടെ സഹപാഠികളിൽ ആരെങ്കിലുമാണോ ? അല്ലെങ്കിൽ എന്റെ സഹപാഠികളിൽ ഒരാൾ ?

സ്ത്രീ:—ഇതു രണ്ടുമല്ല. എനിക്ക് അങ്ങയിൽകൂടി മാത്രമേ യമുനയെ പരിചയമുള്ളൂ.

ഗോപി:—ക്ഷമിക്കണം. എനിക്കിതിലും അശേഷംപോലും ഓർമ്മ കിട്ടുന്നില്ല. എന്റെ അയൽപക്കക്കാരിൽ ആരുടെയെങ്കിലും ബന്ധുവായിരിക്കാം നിങ്ങൾ.

സ്ത്രീ:—എനിക്കിവിടെ ബന്ധുക്കളാരുമില്ല. വളരെ നാളുകൾക്കുശേഷം ഇന്നാണ് ഞാൻ ഈ പട്ടണത്തിലേക്ക് വരുന്നത്. പക്ഷെ ഇതിന്റെ മുക്കും മൂലയും എനിക്ക് സുപരിചിതമാണ്.

ഗോപി:—ഇവിടെ ബന്ധുക്കളാരുമില്ലെങ്കിൽ പിന്നെ നിങ്ങൾ എങ്ങോട്ട് പോകുന്നു ? ഏതെങ്കിലും സ്നേഹിതകളുടെ വീട്ടിലേക്കോ ?

സ്ത്രീ:—(പുച്ഛമായി) സ്നേഹിതരോ ? എനിക്കങ്ങനെ ആരുമില്ല. സ്നേഹിതരെന്ന് പറഞ്ഞ് അടുക്കുന്നവരോടെല്ലാം എനിക്ക് പുച്ഛവുമാണ്.

ഗോപി:—ഈ സമയത്തു ചെന്നാൽ നിങ്ങൾക്ക് എവിടെയെങ്കിലും താമസിക്കാൻ സൗകര്യം കിട്ടുന്ന കാര്യംകൂടി സംശയമാണ്.

സ്ത്രീ:—അതേപ്പററി നിങ്ങൾ ഒട്ടും പ്രയാസപ്പെടേണ്ട മി. ഗോപി.

ഗോപി:—ഇതാ പട്ടണത്തിലേക്കിനി നാലോ അഞ്ചോ മൈൽ കഷ്ടിച്ചേ ഉള്ളൂ. നിങ്ങൾക്ക് ഏതു തെരുവിലാണിറങ്ങേണ്ടത് ?

സ്ത്രീ:—സ്ഥലം വരുമ്പോൾ ഞാൻ പറയാം. അങ്ങ് അവിടെ നിറുത്തിയാൽ ധാരാളം മതിയാകും.

ഗോപി:—നിങ്ങൾക്ക് ആരെയാണ് കാണേണ്ടത് എന്ന് പറഞ്ഞാൽ എനിക്ക് പരിചയമുള്ളവർ ആരെങ്കിലുമാണെങ്കിൽ ഞാൻ അവരുടെ സമീപം നിങ്ങളെ എത്തിക്കാൻ ശ്രമിക്കാം. പാതിരാത്രിയിൽ ആരുമാരും വഴിനടക്കാൻപോലും ഇല്ലാത്ത ഈ സമയത്ത് ഒരു സ്ത്രീ ഒറ്റയ്ക്ക് പോകുന്നത് അത്ര ഉചിതമായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

സ്ത്രീ:—ഞാൻ കാണാൻ ആഗ്രഹിച്ചുവന്ന ആളിനോടൊപ്പം തന്നെയാണ് ഇരിക്കുന്നത്.

ഗോപി:—(പരിഭ്രമിച്ച്) ആര്? ആരോടൊപ്പം ? നിങ്ങൾ……എന്നെ കാണാൻ വേണ്ടിയാണ് വന്നതെന്നോ ?

സ്ത്രീ:—അതെ. അങ്ങയെ കാണാൻവേണ്ടിത്തന്നെ. നീണ്ട പത്തു വർഷങ്ങൾക്കു മുൻപ് അവസാനിച്ച ഓർമ്മകൾ പുതുക്കുന്നതിനാവേണ്ടി.

ഗോപി:—(പരിഭ്രമത്തോടെ) പത്തു വർഷങ്ങൾക്കു മുൻപോ !!! നിങ്ങൾ………നിങ്ങൾ………

സ്ത്രീ:—അങ്ങേക്കിപ്പോൾ ഏറെക്കുറെ പിടികിട്ടിയെന്നെനിക്കറിയാം.

ഗോപി:—നിങ്ങൾ……. നിങ്ങൾ … .. ഹേമ !!! ഹേമയാണോ……???

സ്ത്രീ:—അതെ ഹേമതന്നെ. ഇതാ പട്ടണം ആകാറായിക്കഴിഞ്ഞു. ഇവിടെ ഈ ഇരുട്ടുള്ള ഭാഗത്തുതന്നെ കാർ നിറുത്തിയേക്കൂ. ഞാൻ ഇറങ്ങിയേക്കാം.

(ബ്രേക്ക് ആഞ്ഞു ചവിട്ടുന്നു. ഡോർ തുറന്നടയുന്നു. ഒരു പട്ടിയുടെ ഓരിയിടൽ ശബ്ദം കേൾക്കുന്നു.)

സ്ത്രീ:—താങ്ക്യൂ ഗോപി. നമ്മൾക്ക് ഇനിയും കാണാം.

(കാർ ഇരച്ചു മുൻപോട്ടു നീങ്ങുന്നു.)

ഗോപി:—(സ്വയം) ഈശ്വരാ !! ഞാൻ തീർച്ചയായും സ്വപ്നം കാണുകയാണ്. ഹേമ !!! ഇല്ല……അതു സാദ്ധ്യമല്ല. ഒരിക്കലും തീർച്ചയായും സംഭവിക്കാവുന്ന കാര്യമല്ലത്.

സ്വപ്നംതന്നെയാണ്……അല്ല ഹേമതന്നെയാണതു്……അതു സ്വപ്നമല്ല.

## II (രണ്ട്)

(ഗോപിയുടെ വീട്. സമയം പാതിരാത്രിതന്നെ.)

മുത്തശ്ശി:—(അടുത്ത മുറിയിൽനിന്നും) യമുനേ……യമുനേ……നീ ഇനിം ഉറങ്ങിട്ടില്ലേടി ?

യമുന:—ഇല്ല മുത്തശ്ശി.

മുത്തശ്ശി:—ന്താതു് ? ഗോപി ഇനീം എത്തിട്ടില്ലേ ?

യമുന:—ഇന്ന് ഇത്തിരി വൈകിയേ എത്തുള്ളൂ എന്നു പറഞ്ഞിട്ടാ പോയിരിക്കുന്നതു്.

മുത്തശ്ശി:—ന്താതു് ?

യമുന;—എവിടെയോ പോവാനുണ്ടത്രെ.

മുത്തശ്ശി:—ഉം……ം……ം…രായും പാതിരായുമെന്നില്ലാത്ത നടപ്പും ജോലീം………നീ ഇങ്ങോട്ടൊന്നു വന്നേ. ഇത്തിരി പുകലയാ ചെപ്പിൽനിന്നെടുത്തിങ്ങു താ. എന്റെ നടുനു വല്ലാത്ത ഒരു വേദന.

(യമുന വാതിൽ തുറന്ന് അടുത്ത മുറിയിലേക്ക് കടന്ന് ചെപ്പിൽനിന്നും പുകലയെടുത്തു കൊടുക്കുന്നു.)

യമുന:—ഇതാ മുത്തശ്ശി പുകയില.

മുത്തശ്ശി:—നീ ഒന്നും കഴിച്ചില്ലേ ?

യമുന:—വന്നിട്ടേ കഴിക്കുന്നുള്ളൂ.

മുത്തശ്ശി.—അതാ വേണ്ടതു്. പെങ്കൊച്ചുങ്ങളായാൽ അങ്ങനെ ചെയ്യാവൂ. അവനു പലേടത്തുനിന്നും ആലോചന വന്നതായിരുന്നു. എന്റെ ആങ്ങളേടെ മകന്റെ ബന്ധുവീട്ടിലൊന്നാന്തരം പെങ്കൊച്ചിനെയാ ആദ്യം ആലോചിച്ചതു്. അവനു് അവളെ അത്ര പിടിച്ചില്ലാത്രെ. ഇപ്പോഴത്തെ പിള്ളാർക്കു് അവരുടെ ഇഷ്ടാണല്ലോ.

യമുന:—എന്തോ ഇന്നദ്ദേഹം പോയപ്പോൾമുതൽ എന്റെ മനസ്സിനു വലിയ വിഷമം.

മുത്തശ്ശി:—ആമ്പിള്ളേർക്കു് എവിടേം പോകാം. വീട്ടിലിരിക്കുന്നോരു് തീ തിന്നുന്ന വിവരമുണ്ടോ അവരറിയുന്നു.

യമുന:—അദ്ദേഹത്തിനു് ഒരാപത്തും വരല്ലേന്നു ഗുരുവായൂരപ്പനോടു് ഞാൻ പ്രാർത്ഥിച്ചു.

മുത്തശ്ശി:—ഗുരുവായൂരപ്പനോടു പ്രാർത്ഥിച്ചാൽ തീർച്ചയായും ഏതു വിഷമത്തിനും ശാന്തിയുണ്ടാകുന്നു. നീ ഇനി പോയിക്കിടന്നു് ഉറങ്ങ്. (നല്ലം കഴിഞ്ഞു്) നേരം എത്രയായിട്ടുണ്ട് ?

യമുന:—ഒരുമണിയോളമായി.

മുത്തശ്ശി:—എന്നാലിനി അവൻ വരില്ലായിരിക്കും. നീ ഉറങ്ങ്.

(പുറത്തു കാറ്റിന്റെ സീൽക്കാരത്തെ മഴയുടെ ശബ്ദം അകമ്പടിസേവിക്കുന്നു. ഇടന്ന് ഇടി കുടുങ്ങുന്ന ശബ്ദം. ആരോ മുട്ടുന്നതുപോലെ ജനൽപ്പാളി കാറ്റിൽ അടയുകയും തുറക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. യമുന ഇപ്പോൾ ആദ്യത്തെ മുറിയിലാണ്.)

യമുന:—മുത്തശ്ശി ആരോ കതകിൽ മുട്ടിയെന്നു തോന്നുന്നല്ലോ.

മുത്തശ്ശി:—നിന്റെ തോന്നലാകും. കാറ്റും മഴയും ആരംഭിച്ചിട്ടുണ്ട്.

യമുന:—അദ്ദേഹം എവിടെയാണാവോ? …ഗുരുവായൂരപ്പൻതന്നെ തുണ.

മുത്തശ്ശി:—ഹാവൂ! എന്തൊരു തണുപ്പ്! നീയാ ജനാലയൊന്നടച്ചിടു.

(കാറ്റും മഴയും ശക്തിപ്പെടുന്നു. ഒരു പട്ടിയുടെ നീട്ടി നീട്ടിയുള്ള ഓരിയിടൽ കേൾക്കുന്നു. തുടർന്ന് കൂട്ടമായി നായ്ക്കളുടെ ഓരിയിടൽ)

യമുന:—(ഭയന്ന് സ്വയം) ഇന്നദ്ദേഹം പോകണ്ടായിരുന്നു. എനിക്കു വല്ലാത്ത ഭയം തോന്നുന്നു. നായ് ഇങ്ങനെ മോങ്ങിയാൽ ചീത്തയാണ്. അതു ദുഃസൂചനയാണ്… എന്തോ മനസ്സിനു യാതൊരു സ്വസ്ഥതയുമില്ല… മുത്തശ്ശി ഉറങ്ങിയോ ? മുത്തശ്ശി…മുത്തശ്ശി…ഈശ്വരാ മുത്തശ്ശിയും ഉറങ്ങി. അദ്ദേഹം ഇനിയും വരാൻ താമസിക്കുമോ ? ആവോ?

(കതകിൽ ആരോ മുട്ടുന്ന ശബ്ദം)

ആരാതു് ?

ഗോപി:—യമുനേ കതക തുറക്കു.

യമുന:—ഇതാ തുറന്നുകഴിഞ്ഞു.

(കതക് തുറക്കുന്ന ശബ്ദം)

ഓ! എത്തിയോ! എന്താണിത്ര വൈകിയതു് ? ഞാൻ ഭയന്നിരിക്കയായിരുന്നു.

ഗോപി:—മഴ ഭയങ്കരമായിരിക്കുന്നു. റോഡ് കാണാൻ വയ്യാത്തവണ്ണം ഉഗ്രമായി പെയ്യുന്നു.

SHUTTLE TEAM (Winners of the University Championship and District Winners)

*Sitting (L to R)*: Sherly Abraham (Captain), Mr. C. T. Benjamin (Principal), Meera John.
*Standing*: Mohammed (games boy), Mr. C. G. Varghese (Lecturer in Physical Education), Miss Aleyamma Itty (Jr. Lecturer in Physical Education).

TENNIS CLUB



SHUTTLE TEAM
(Winners of the University Championship and District Winners)



FOOT BALL TEAM



WOMEN'S HOCKEY TAEM
(Runners in University Championship and Zone Winners)



FOOT BALL TEAM

*Sitting : 1st row :* Koshy Jacob, Mathen Varghese.

*Sitting 2nd row :* Miss Aleyamma Itty (Lect. in Physical Education), Mr. Abdul Kareem (President), Mr. C. T. Benjamin (Principal), Mr. C. G. Varghese (Lecturer in Physical Education), K. I. Musthafa (Captain).

*Standing 1st row :* Mohammed (games boy), K. M. Varghese, Kurian Mathew, George Mathew, Jacob C. Job, Devasan, Supran (games boy).

*Standing 2nd row :* Alex P. Kuruvilla, Raphael, Iype Mathew, T. L. Kuriakose, Jacob Varghese, P. C. Cherri.

WOMEN'S HOCKEY TEAM
(Runners in University Championship & Zone Winners)

*Sitting (L to R) :* Sumathy Abraham, Miss Aleyamma Itty (Jr. Lect. in Physical Edn.) Mr. C. T. Benjamin (Principal), Mr. C. G. Varghese (Lect. in Physical Edn.), M. C. Mariamma (Captain).

*Standing 1st row :* Mohammed (games boy), Mary Thomas, Gracy K. Jacob, Ambujam, Shyla Mathai, Rebecca Thomas.

*Standing 2nd row :* Sugra Varghese, Molly Anu Abraham, Cissy Babu, Susan Jacob, Mary Joseph K. C. Susamma (absent).

യമുന:—അല്ലാ! ഷർട്ടും മററും നനഞ്ഞതെങ്ങനെയാണ്? വേഗം മാറണം. വഴിക്കു കാററിനെന്തെങ്കിലും കേട്ട പററിയോ?

ഗോപി:—കേടോ? പററിയെങ്കിലും എനിക്കേ എന്തെങ്കിലും ഉണ്ടാകൂ.

യമുന:—ഞാൻ പോയി ഭക്ഷണം എടുത്തുവയ്ക്കാം.

ഗോപി:—വേണ്ട. നീ ഈ ഷർട്ടങ്ങിട്ടേക്കൂ. എന്നിട്ട് വന്നു കിടക്കൂ.

യമുന:—ആഹാരം കഴിച്ചതാണോ?

ഗോപി:—അതെ.

യമുന:—എവിടെനിന്ന്? എന്നോട് പറഞ്ഞതു് ഇവിടെ വന്നിട്ടേ കഴിക്കൂ എന്നല്ലേ?

ഗോപി:—എവിടെനിന്നോ കഴിച്ചു. എവിടെനിന്നാണെങ്കിലെന്ത്? കഴിച്ചില്ലെങ്കിൽത്തന്നെ ഒന്നുമില്ല.

യമുന:—എന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്?

ഗോപി:—നീ കിടക്കൂ.

യമുന:—ഞാനാ ജനാലയുടെ കൊളുത്ത് ഒന്നുകൂടി നോക്കിയിട്ടു വരട്ടെ. കാററടിച്ച് ഉറന്നുപോയാൽ വെള്ളം ചിലപ്പോൾ അകത്തു വീണേക്കും.

(അല്പനേരത്തെ നിശ്ശബ്ദത)

ഗോപി:—(സ്വയം) അതു സ്വപ്നമായിരുന്നോ?

യമുന:—(ദൂരെ നിന്ന്) എന്താ പറഞ്ഞതു്?

ഗോപി:—ഒന്നുമില്ല. നീ വേഗം വരൂ.

(നിശ്ശബ്ദത)

(യമുന തിരിച്ചു വരുന്നു)

യമുന:—എന്തൊരു കാററും മഴയുമാണിപ്പോഴും. ഒന്നു ശമിച്ചതായിരുന്നു. വീണ്ടും തുടങ്ങിയിരിക്കുന്നു.... എന്താ ഒന്നും മിണ്ടാത്തതു്? ഏയ്?

ഗോപി:—ഏ! ഒന്നുമില്ല.... നീ പറഞ്ഞതു് ഞാൻ ശ്രദ്ധിച്ചില്ല.

യമുന:—ഈയിടെയായിട്ട് കാററിനും മഴക്കും ശക്തി കൂടുതലുള്ളതുപോലെ.

(നിശ്ശബ്ദത)

ഗോപി:—നീ ഉറങ്ങിയോ?

യമുന:—ഇല്ല. എന്താ ഉറങ്ങാത്തതു്?

ഗോപി:—ഉറക്കം വരുന്നില്ല.

യമുന:—പിന്നെ കിടക്കാൻ നിർബ്ബന്ധിച്ചതു്?

ഗോപി:—ഓ, അതോ...... അതു്—... എന്തുകൊണ്ടോ അങ്ങനെ പറഞ്ഞു.

യമുന:—മഴ കൂടുതൽ നനഞ്ഞായിരുന്നോ?

ഗോപി:—ആര്? ഞാനോ? ഞാൻ നനഞ്ഞില്ലല്ലോ.

യമുന:—(ചിരിക്കുന്നു.) എന്താ ഇത്ര ഓർമ്മക്കേടോടുകൂടി സംസാരിക്കുന്നതു്? ജലദോഷവും പനിയും പിടിക്കാതിരുന്നാൽ ഭാഗ്യം.

ഗോപി:—ഓ, നനഞ്ഞാൽത്തന്നെയും പനി പിടിക്കില്ല.

യമുന:—അതെന്താ?

ഗോപി:—പണ്ട് എത്ര മാത്രം നനഞ്ഞിട്ടുണ്ട്.

യമുന:—പണ്ട് നനഞ്ഞിട്ടുണ്ടെന്നു കരുതി ഇപ്പോൾ പനി പിടിക്കാതെന്നുണ്ടോ?

(നിശ്ശബ്ദത)

ഗോപി:—മണി എത്രയായിക്കാണും?

യമുന:—രണ്ടായോ മൂന്നോ ആയിട്ടുണ്ട്.

(നിമിഷങ്ങൾക്കു ശേഷം)

ഗോപി:—യമുനേ......

യമുന:—എന്തോ......

ഗോപി:—നിനക്കു പ്രേതങ്ങളിൽ വിശ്വാസമുണ്ടോ?

യമുന:—ഇപ്പോൾ ചോദിക്കാൻ കാരണം?

ഗോപി:—പറയൂ, വിശ്വാസമുണ്ടോ?

യമുന:—എനിക്കിതുവരെ വിശ്വാസം തോന്നിയിട്ടില്ല.

ഗോപി:—അപ്പോൾ പ്രേതങ്ങൾ ഇല്ല, അല്ലേ?

യമുന:—എനിക്കു വിശ്വാസമില്ലെന്നു കരുതി ഇല്ലാതിരിക്കണമെന്നുണ്ടോ? അങ്ങയുടെ വിശ്വാസമോ?

ഗോപി:—എനിക്കോ...... എനിക്ക്... എന്റെ വിശ്വാസം ഇന്നുവരെ......അല്ല എന്റെ തോന്നൽ...ഇന്നു വരെ ഇല്ലെന്നായിരുന്നു.

യമുന:—ഇപ്പോഴോ?

ഗോപി:...ഇപ്പോൾ...... ഇപ്പോൾ...... ഉണ്ടെന്നു തോന്നുകയാണ്.

യമുന :—കാരണം ?

ഗോപി :—കാരണം……പ്രത്യേകിച്ചൊന്നുമില്ല.

(ദൂരെ ഒരു പട്ടി ഭയാനകമായ വിധത്തിൽ ഓലിയിടുന്നു.)

പട്ടി ഓലിയിടുന്നതല്ലേ അത് ?

യമുന :—അതെ.

ഗോപി:— പട്ടി ഓരിയിടുന്നത്……പ്രേതങ്ങളെ കാണുമ്പോഴാണെന്ന് പറച്ചിലുണ്ട്.

യമുന :— ഇപ്പോഴെന്തിനാ ഇതേപ്പററിയൊക്കെ സംസാരിക്കുന്നത് ? നേരം വളരെയായി. ഇനിയും ഉറങ്ങാൻ നോക്കിയില്ലെങ്കിൽ രാവിലെ ഓഫീസിൽ പോകാനുള്ളതല്ലേ.

ഗോപി :—ആര്ക്ക് ?

യമുന :—ഇതെന്തു ചോദ്യം ? അങ്ങേക്ക് അല്ലാതെ പിന്നെ എനിക്കാണോ ?

ഗോപി :— ഞാൻ വിചാരിച്ചു……

യമുന :—എന്തു ?

ഗോപി :—(മൗനം)

യമുന :—എന്തിനെപ്പററിയാണ് പറയാൻ തുടങ്ങിയത് ? ങേ ?

ഗോപി :—ഇല്ല…… ഇനിയും…… പാടില്ല……

യമുന :— (പരിഭ്രാന്തയായി) ഈശ്വരാ ! എന്താണിങ്ങനെ ഓർമ്മയില്ലാത്തവണ്ണം സംസാരിക്കുന്നത് ? ഞാൻ ലൈററിടട്ടെ ?

ഗോപി :—വേണ്ട ലൈററിടണ്ടാ

യമുന :—എന്തോ അസുഖമുള്ളതുപോലെ തോന്നുന്നല്ലോ.

ഗോപി :—വെളിച്ചത്തെ ഞാൻ ഭയപ്പെടുന്നു.

യമുന :—മഴ നല്ലപോലെ നനഞ്ഞതായിരിക്കും ? അല്ല, നല്ല ചൂടുണ്ടല്ലോ ശരീരത്തിന് ! ഇതാ ഈ കമ്പിളി പുതച്ചോളൂ.

ഗോപി : —ഞാൻ കണ്ടതു……?

യമുന :—എന്താണ് കണ്ടത് ? എനിക്കൊന്നും മനസ്സിലാകുന്നില്ല.

ഗോപി :—ഒരിക്കലും……ഇല്ല… അസാദ്ധ്യമാണത്……

യമുന :—ഞാൻ മുത്തശ്ശിയെ വിളിക്കട്ടെ? ഈശ്വരാ ! ഞാൻ എന്താണു ചെയ്യേണ്ടത് ?

ഗോപി :—യമുനേ……എനിക്കു ദാഹിക്കുന്നു……

യമുന :—ഞാനല്പം ചൂടു കാപ്പി തരട്ടെ ?

ഗോപി :—വേണ്ട. വെള്ളം മതി. വെള്ളം കുടിച്ചാലേ ദാഹം തീരൂ.

യമുന :—ഇപ്പോൾ കൊണ്ടുവരാം.

(കൂജയിൽനിന്നും വെള്ളം ഗ്ലാസ്സിൽ ഒഴിക്കുന്ന ശബ്ദം.)

ഇതാ കുടിക്കൂ.

(ഗോപി വെള്ളം ഇറക്കുന്നു.)

ഗോപി :—മതി.

യമുന !—അങ്ങേക്കെന്താണസുഖം ?

ഗോപി :—ഇപ്പോൾ പട്ടി ഓരിയിടുന്നുണ്ടോ ?

യമുന :—ഇല്ല. അങ്ങേക്കെന്താ പേടിയാകുന്നുണ്ടോ ?

ഗോപി :—പേടിയോ ? ഇല്ല……എനിക്ക പേടിയൊന്നും ഇല്ല.

യമുന :—എന്തു കാര്യമാണ് അങ്ങു നേരത്തേ പറഞ്ഞത് ?

ഗോപി :—ഞാനോ, ഞാനൊന്നും പറഞ്ഞില്ലല്ലോ.

യമുന :— എന്തിനേയോ കണ്ടെന്ന് ?

ഗോപി :—ഞാൻ…… ഞാൻ …… ഇല്ല ഞാനൊന്നും കണ്ടില്ല…

യമുന :—എന്താ അങ്ങു സമനില തെററിയവരെപ്പോലെ സംസാരിക്കുന്നത് ?

ഗോപി :—എനിക്കു വല്ലാതെ തണുക്കുന്നു. നീ ഒരു കമ്പിളികൂടി എന്നെ പുതപ്പിക്കൂ.

യമുന :—(കമ്പിളി പുതപ്പിക്കുന്നു.)

ഗോപി :—നീ ഇനി കിടന്നോളൂ.

യമുന :—അങ്ങു കൂടുതൽ സംസാരിക്കാതെ ഉറങ്ങാൻ ശ്രമിക്കൂ. അങ്ങേയ്ക്ക് നല്ലപോലെ തണുപ്പേററിട്ടുണ്ട്.

ഗോപി:—(പെട്ടെന്ന് ഞെട്ടി) അതെന്താ ഒരു പ്രകാശംപോലെ കണ്ടത് ?

യമുന:— പ്രകാശമോ? മിന്നലായിരിക്കും.

ഗോപി :—(അണച്ചുകൊണ്ടു) ആ പ്രകാശത്തിൽകൂടി എന്തോ ഈ മുറിക്കുള്ളിലേക്ക് പ്രവേശിച്ചതുപോലെ.

യമുന :— അങ്ങയുടെ തോന്നലാണത്.

(അടുത്ത മുറിയിൽനിന്നും ഒരു പാത്രം താഴെക്കു വീഴുന്ന ശബ്ദം.)

ഗോപി :—അതാ അവിടെ എന്താണാ കേട്ടത് ? ഞാൻ പറഞ്ഞില്ലേ എന്തോ ഈ വീടിനകത്തു പ്രവേശിച്ചിട്ടുണ്ടെന്ന്.



യമുന :—പൂച്ച പാത്രം തള്ളിയിട്ടതായിരിക്കും. ഞാൻ പോയി നോക്കിയിട്ടു വരാം.

ഗോപി :— വേണ്ട. നീ പോയി നോക്കണ്ട. ചിലപ്പോൾ………

യമുന :—ചിലപ്പോൾ?

ഗോപി :— ഒന്നുമില്ല. നീ പോയി നോക്കണ്ട.

യമുന :—അങ്ങേക്കെന്താണിത്ര ഭയം ?

ഗോപി :— എനിക്കു ഭയമില്ല. വേണ്ട നീ എന്റെ അടുത്തുനിന്നും ഇപ്പോഴെങ്ങും പോകണ്ട.

യമുന :—ശരി. എന്നാൽ നോക്കുന്നില്ല.

ഗോപി :—രാമുവും ഇന്ദുവും എന്ത്യേ?

യമുന : — ഇതു നല്ല ചോദ്യം. ഈ പാതിരാത്രി അവർ ഉണർന്നിരിക്കയാണോ ? അവരടുത്ത മുറിയിൽ കിടന്നു ഉറങ്ങുകയാണ്.

ഗോപി:—ഉറങ്ങുകയാണല്ലേ ?… നീയും ഉറങ്ങിക്കോളൂ.

യമുന :—ഇനി നമുക്കു രാവിലെ സംസാരിക്കാം. അങ്ങും ഉറങ്ങാൻ ശ്രമിക്കൂ.

ഗോപി : —എനിക്കുറക്കം വരുന്നില്ല. എനിക്കിനി ഉറങ്ങാൻ സാധിക്കുമെന്നും തോന്നുന്നില്ല.

യമുന :—എന്തൊക്കെയാണ് ഈ സംസാരിക്കുന്നത് ? ഇന്നത്തെ അങ്ങയുടെ പെരുമാററം വളരെ വിചിത്രമായി തോന്നുന്നു.

ഗോപി :—എല്ലാം വളരെ വിചിത്രമായിരിക്കുന്നു.

യമുന :—പോരുന്ന വഴി എന്തെങ്കിലും കണ്ടു ഭയപ്പെട്ടോ ? രാവിലെ ഇറങ്ങിയിട്ടു തിരിച്ചു കയറിയപ്പോഴേ ഞാൻ വിചാരിച്ചതാ എന്തോ ദുശ്ശകുനമാണെന്ന്.

(ഒട്ടു നേരത്തെ നിശ്ശബ്ദത.)

എന്താ മിണ്ടാത്തത് ? എന്തെങ്കിലും കണ്ടു ഭയപ്പെട്ടോ ?

ഗോപി :—ഇല്ല……അതൊന്നും സംഭവ്യമല്ല ……ഇനിയും……

യമുന :—അയ്യോ ! എനിക്കു വയ്യ ! ഇതെന്തോ ചീത്ത ലക്ഷണമാണെന്നു തോന്നുന്നു. മുത്തശ്ശീ……മുത്തശ്ശീ……

ഗോപി :—ങേ ! യമുനേ, യമുനേ നീ എന്താണൊച്ച വയ്ക്കുന്നത് ? ആരെയാ നീ വിളിക്കുന്നത് ?

യമുന :— എനിക്കു ഭയമാകുന്നു. അങ്ങേക്ക് എന്തെല്ലാമോ പററിയിട്ടുണ്ട്. ഞാനൊന്നു ഡോക്ടറെ വിളിക്കാൻ പറയട്ടെ ?

ഗോപി :—ഡോക്ടറോ ?…… വേണ്ട… വേണ്ട……ആരെയും വിളിക്കണ്ട.

യമുന :—തീർച്ചയായും അങ്ങേക്കെന്തോ പററിയിട്ടുണ്ട്.

(പട്ടി ഓരിയിടുന്ന ശബ്ദം.)

ഗോപി :—വീണ്ടുമതാ പട്ടി ഓരിയിടുന്നു. ഇന്നു വെള്ളിയാഴ്ചയല്ലേ ?

യമുന :— അതെ ഈശ്വരാ ! ഞാൻ എന്തു ചെയ്യട്ടെ.

ഗോപി :—(ഭയന്നു ഉറക്കെ) യമുനേ വേഗം ആ ലൈററിടൂ.

യമുന :—എന്താണ് ? ?

ഗോപി :—വേഗം ലൈററിടൂ. (കിതക്കുന്നു.)

(യമുന ലൈററിടുന്നു.)

യമുന :—ഇതാ ലൈററിട്ടു.

ഗോപി :—ആരോ ഇവിടെനിന്നും ഓടിപ്പോയില്ലേ ?

യമുന :—ഇവിടെ നിന്നോ ? ഇവിടെനിന്ന് ആര് ഓടിപ്പോകാൻ? ഇവിടെ നമ്മൾ രണ്ടു പേരല്ലേയുള്ളൂ.

ഗോപി :—ഞാൻ പറഞ്ഞില്ലേ ആ മിന്നലിൽക്കൂടി ആരോ ഇവിടെ പ്രവേശിച്ചുവെന്ന്. നിനക്കു വിശ്വാസം വരുന്നില്ലേ?

യമുന :—എന്താണീ ഭ്രാന്തു പറയുന്നത്? വാതിലെല്ലാം അടച്ചിട്ടിരിക്കുകയല്ലേ.

ഗോപി :—വാതിൽ ബന്ധിച്ചിരുന്നാലും ഭൂതങ്ങൾക്കും പ്രേതങ്ങൾക്കും ഏതു മുറിക്കുള്ളിലും കയറാം.

യമുന : ഇവിടെ എന്തോ ഭൂതമോ പ്രേതമോ പ്രവേശിച്ചിട്ടുണ്ടെന്നാണോ അങ്ങു പറയുന്നത് ?

ഗോപി :—ഇടം അവർക്കൊരു പ്രശ്നമല്ല.

യമുന :—കഴിഞ്ഞയാഴ്ച മററയിൽപ്പിള്ള തന്ന ആ ഭൂതപ്രേതാദികളെക്കുറിച്ചുള്ള നോവൽ അങ്ങു വായിക്കേണ്ടിയില്ലായിരുന്നു.

ഗോപി :—കഥ വായിച്ചു വിശ്വസിക്കാൻ മാത്രം മണ്ടനാണു ഞാനെന്നു നിനക്കു തോന്നുന്നുണ്ടോ ?

യമുന :—വിശ്വസിച്ചാലും ഇല്ലെങ്കിലും അതൊക്കെ ചില സമയങ്ങളിൽ മനസ്സിനു ആഘാതം സൃഷ്ടിക്കും.

ഗോപി :— ആ കഥകളൊക്കെ പറഞ്ഞിരിക്കുന്നതുപോലെ മരിച്ചുപോയവർ വീണ്ടും വരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.......

(ഓർമ്മയിൽ നിന്നെന്നപോലെ)

......എങ്ങനെ വിശ്വസിക്കാതിരിക്കും...

യമുന :—ദയവായി അങ്ങു സംസാരം നിർത്തി ഉറങ്ങാൻ ശ്രമിക്കൂ.

ഗോപി :—നീ ലൈററു കെടുത്തണ്ട. ഇരുട്ടിനെ ഞാൻ ഭയപ്പെടുന്നു. അല്ല വെളിച്ചത്തേയും ഞാൻ ഭയപ്പെടുന്നു. ഇരുട്ടിനേയും വെളിച്ചത്തേയും.

യമുന: —തീർച്ചയായും അങ്ങയുടെ സമനില തെററിയിട്ടുണ്ട്. അതു കൊണ്ടാണിങ്ങനെയൊക്കെ സംസാരിക്കുന്നത്.

ഗോപി:—(നെടുവീർപ്പോടെ) ഈശ്വരാ......

(നിശ്ശബ്ദമായ ചില നിമിഷങ്ങൾ കടന്നു പോകുന്നു. അടുത്ത മുറിയിൽനിന്നും മുത്തശ്ശിയുടെ ശബ്ദം കേൾക്കുന്നു.)

മുത്തശ്ശി :—യമുനേ......യമുനേ .....

യമുന :—എന്താ മുത്തശ്ശി ?

മുത്തശ്ശി :—ഗോപി ഇതുവരെ എത്തീല്ലേ ?

യമുന :—എത്തി.

മുത്തശ്ശി :—ഉറക്കായോ ?

യമുന :—ഇപ്പോ ഒന്നു മയങ്ങാൻ തുടങ്ങിയേ ഉള്ളൂ.

മുത്തശ്ശി :— എന്നിട്ടെന്തേ നീ കിടക്കാത്തത് ?

യമുന :—ഒന്നൂല്ല. ഇപ്പോ കിടക്കാം.

മുത്തശ്ശി :—ലൈററിങ്ങനെ കത്തിക്കൊണ്ടിരുന്നാ അവനുറങ്ങാൻ പററ്വോ ? രാവിലെ ആഫീസീ പോകാനുള്ളതല്ലേ ?

യമുന :—നനഞ്ഞാണ് കയറി വന്നത്. അതുകൊണ്ടു അല്പം പനിയുടെ മട്ടുണ്ട്. രാവിലെ ഡോക്ടറെ വിളിച്ചൊന്നു കാണിക്കണോന്നു വിചാരിക്കയാ. മുത്തശ്ശി ഉറങ്ങിക്കോളൂ.

(കുറച്ചു സമയംകൂടി നിശ്ശബ്ദമായി കടന്നു പോയി. ക്ലോക്കിൽ സമയം രണ്ടു എന്നു സൂചിപ്പിക്കുന്ന മണി മുഴങ്ങി. പുറത്തു ഇരമ്പലോടെ ഒരു കാററു എത്തി.)

(ഹേമയുടെ മൃദുലമായ ശബ്ദം കേൾക്കുന്നു.)

ഹേമ :—ഗോപി......ഗോപി......കണ്ണു തുറക്കൂ......

ഗോപി :—(ഞെട്ടി ഉണർന്ന്) ങേ !!

ഹേമ :—ഞാനാണ് ഹേമ...... സൂക്ഷിച്ചു നോക്കൂ.

ഗോപി :—(ഭയന്ന്) നീ......നീ......ഇവിടെ.......വീണ്ടും......

ഹേമ :....പേടിക്കേണ്ട. ഞാൻ ഉപദ്രവിക്കില്ല.

ഗോപി :—നിനക്കെന്താണ് വേണ്ടത് ? യമുന ഉണർന്ന് നിന്നെ കണ്ടാൽ... ... ? ?

ഹേമ :—അങ്ങേക്ക് മാത്രമേ എന്നെ കാണാവൂ. എൻെറ ശബ്ദം കേൾക്കാവൂ.

ഗോപി :—നീ എങ്ങനെ ഇതിനകത്തു വന്നു? യമുന വാതിലെല്ലാം ബന്ധിച്ചില്ലേ?

ഹേമ :—അല്പം മുൻപ് ഞങ്ങളെപ്പോലുള്ളവർക്ക എവിടെയും പ്രവേശിക്കുവാൻ സാധിക്കുമെന്നു പറയുന്നതു കേട്ടില്ലേ.

ഗോപി :—അപ്പോൾ അതു ശരിയായിരുന്നോ ? ആ മിന്നലിൽ നീയുണ്ടായിരുന്നോ ?

ഹേമ :—ഉവ്വ്.

ഗോപി :—നീയൊരു....... നീയൊരു... പ്രേതമാണ്.

ഹേമ :—അതിനെന്താവാദി ? (ചിരിക്കുന്നു.)

ഗോപി :— എനിക്ക നിന്നെ ഭയമാണ്.

ഹേമ :—ഞാനൊരു സ്ത്രീയല്ലേ ? അങ്ങൊരു പുരുഷനും.

ഗോപി :—ഞാൻ..... നിന്നെ......

ഹേമ :—കൊല്ലുമെന്നായിരിക്കും. (ചിരിക്കുന്നു.)

ഗോപി :—പോകൂ. എനിക്ക നിന്നെ കാണണ്ട.

ഹേമ :—എനിക്ക കാണണം. ഇതാ നോക്കൂ. എൻെറ ഹൃദയത്തിലേക്ക. അവിടെ ആരുടെ രൂപമാണ് അങ്ങു കാണുന്നത് ?

ഗോപി :—(അത്ഭുതത്തോടെ) അതെൻെറ രൂപമാണ്.

ഹേമ :— ആര് വിചാരിച്ചാലും ഈ രൂപം അവിടുന്നു കളയാനാവില്ല. എനിക്കിനി ആദ്യമില്ല, അവസാനമില്ല. ഈ രൂപവും എന്നെന്നും എന്നോടൊപ്പം ഉണ്ടായിരിക്കും.



ഗോപി :—ഇതു ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

ഹേമ :—ഞാനും.

ഗോപി :—എന്ത് ?

ഹേമ :—എനിക്കീ വിധത്തിലേ അങ്ങയെ പൂജിക്കാൻ സാധിക്കൂ എന്ന്. വർഷങ്ങൾക്ക മുൻപ് ശരീരിയായി നടന്നപ്പോൾ പല മോഹങ്ങളും എൻെറ ഹൃദയം കാത്തു സൂക്ഷിച്ചു......

ഗോപി :—എന്നെ ഓർപ്പിക്കാതിരിക്കൂ. അതൊന്നും എനിക്ക കേൾക്കണ്ട......ഒരിക്കലും കേൾക്കണ്ട......

ഹേമ :—ജീവിതത്തിലെ ഓരോ നിമിഷത്തെക്കുറിച്ചും അവിടുന്നിനിയും ചിന്തിക്കേണ്ടി വരും.

ഗോപി :—ഇല്ല ഞാനൊരിക്കലും ചിന്തിക്കില്ല... എനിക്കതിനൊരിക്കലും ആഗ്രഹമുണ്ടാവില്ല......

ഹേമ :—മനുഷ്യഹിതം മാത്രം നടന്നാൽ പോരല്ലോ. അല്പംകൂടി ഇരിക്കുന്നതേയുള്ളൂ. എന്നോടൊത്തു വരൂ. ഞാൻ കാണിച്ചു തരാം.

ഗോപി :—നിന്നോടൊത്തു ഞാൻ വരാനോ ? എങ്ങനെ ? നീ ഒരു പ്രേതമാണ്.

ഹേമ :—അങ്ങയുടെ ശരീരം അല്പനേരത്തേക്ക ഉപേക്ഷിച്ചിട്ടു വരൂ.

ഗോപി :—നീ എന്നെ കൊല്ലാൻ തുടങ്ങുകയാണോ? (ഉറക്കെ) യമുനേ...യമുനേ... എന്നെ രക്ഷിക്കൂ......എന്നെ രക്ഷിക്കൂ, യമുനേ......

ഹേമ :—അങ്ങിത്ര ഭീരുവാണോ ? എത്ര ഉറക്കെ വിളിച്ചാലും അവൾ കേൾക്കില്ല. ഞാൻ പറയുന്ന സമയംവരെ അവൾ ഉറങ്ങും.

ഗോപി —നീ......നീ പ്രതികാരം ചെയ്യാൻ വേണ്ടി വന്നതാണല്ലേ ?

ഹേമ :—എൻെറ പ്രതികാരം തീർന്നിരിക്കുന്നു. ഇതാ ഞാൻ അങ്ങയുടെ കയ്യിൽ പിടിക്കുവാൻ പോകയാണ്. ഇപ്പോൾ അങ്ങയുടെ ആത്മാവു ശരീരത്തിൽനിന്നും വേർപെട്ടു.

ഗോപി :—അതു് !! നീ എന്നെ തൊട്ടതു്... ...അതു്.......ഹാ ! എന്തൊരു

തണുപ്പ് നിൻെറ കൈകൾക്ക്......മഞ്ഞുകട്ടപോലെ..... പ്രേതത്തിൻെറ തണുപ്പ്....

(കാററിൻെറ ഇരമ്പൽ മാറിയിട്ട് താഴുന്നു)

......ങേ! ഞാനല്ലേ ആ കിടക്കുന്നത് ?

ഹേമ :—അങ്ങയുടെ ശരീരം

ഗോപി :—ഇപ്പോൾ എനിക്ക ശരീരമില്ലേ ?

ഹേമ :—വെറും ആത്മാവു മാത്രം.

ഗോപി :—ഞാൻ എവിടേക്കാണ് ഉയർന്നു പോകുന്നത്. ?

ഹേമ :—മരണശേഷം മനുഷ്യൻ ചെല്ലേണ്ടയിടത്തേക്ക്

ഗോപി :—അപ്പോൾ..... ഞാൻ മരിച്ചു കഴിഞ്ഞോ ??.... നീ എന്നെ കൊന്നു.... ദ്രോഹീ !! എൻെറ യമുനക്കിനി ആരാണുള്ളത് ? എൻെറ കുഞ്ഞുങ്ങൾ ...... ? ?

ഹേമ :—(ചിരിക്കുന്നു.)

ഗോപി :—എനിക്ക നിൻെറ ചിരി കാണണ്ട. പ്രേതത്തിൻെറ ചിരി.

ഹേമ :—(വീണ്ടും ചിരിക്കുന്നു.) നമുക്കിവിടെ നില്ക്കാം.

ഗോപി :—ങേ !......ഈ സ്ഥലം ഏതാണ് ?.. ...എന്തൊരു വാസന ! എന്തൊരു......ഹോ !! പറയാൻ വയ്യ...... അത്ഭുതന്താണവിടെ ദിവ്യമായ ഒരു പ്രകാശം ?

ഹേമ :—പരമോന്നതനായ സ്രഷ്ടാവിൻെറ ഇരിപ്പിടമാണത്.

ഗോപി:—എന്താണവിടെ ഇത്രയധികം ആളുകൾ ? എല്ലാവരും നിശ്ചലരായി നിരന്നിരിക്കുന്നു. ഇവിടെയും ആളുകളോ ?

ഹേമ :—മരിച്ചു കഴിഞ്ഞ മനുഷ്യരുടെ ആത്മാക്കളാണതെല്ലാം.

ഗോപി :—മുൻപോട്ട് നീങ്ങുന്നവരിൽ ചിലർ പ്രകാശമായി മാറുന്നു !! ചിലർ കരിഞ്ഞ ശിലയായി ഇരുട്ടിലേക്ക മറയുന്നു. ഇതെല്ലാം എന്താണ് നടക്കുന്നതു !!

ഹേമ :—അന്ത്യവിധി പ്രഖ്യാപിക്കുന്നത് കാണുന്നത്. പ്രകാശമായി മാറുന്ന ആയിരത്തിൽ ഒന്നോ രണ്ടോ പേർ ജീവിതത്തിൽ പുണ്യകർമ്മങ്ങൾ ചെയ്തു സ്ഥലമാണവിടുന്നു. ഈശ്വരേച്ഛയനുസരിച്ചു ജീവിച്ചവരാണ്

ണു്. ഇരുട്ടിലൂടെ നീങ്ങുന്നവർ തങ്ങളുടെ പാപത്തിന്റെ ഫലം അനുഭവിക്കാൻവേണ്ടി പോവുകയാണു്.

ഗോപി :—എന്താണവിടെ കാണുന്ന ആ വലിയ പുസ്തകം ? അതൊരു പുസ്തകമാണോ? അതിന്റെ വലിപ്പം അളക്കാൻ വയ്യാത്ത വിധമുണ്ടല്ലോ ! എന്റെ പേരല്ലേ അതിൽ മുഴപ്പിൽ എഴുതിയിരിക്കുന്നതു് ?

ഹേമ :—അതു അങ്ങേയ്ക്കു വേണ്ടിയുള്ളതാണു്. നിമിഷപുസ്തകം എന്നാണതിന്റെ പേരു്. അതിൽ അങ്ങയുടെ ജീവിതത്തിലെ ഓരോ നിമിഷവും കുറിച്ചിട്ടുണ്ടു്.

ഗോപി :—അതിനടുത്തു കാണുന്ന ആ ചെറിയ പുസ്തകമോ?

ഹേമ :—അതു അങ്ങയുടെ ജീവിതത്തിൽ ചെയ്യുന്ന നല്ല കാര്യങ്ങളുടെ കുറിപ്പുകളാണു്

ഗോപി :—ഇത്രയും ചെറിയ പുസ്തകത്തിലോ?

ഹേമ :—ങും....!! അങ്ങു ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ ആ ചെറിയ പുസ്തകത്തിന്റെ ഒരു പേജിൽ എഴുതാൻ പോലുമില്ല.

ഗോപി :—അപ്പോൾ എനിക്കു കിട്ടുന്ന ശിക്ഷ ?

ഹേമ :—രണ്ടിൽ ഒന്നു്. ചിലപ്പോൾ കുനിഞ്ഞ ശിരസ്സുമായി ഇരുട്ടിലൂടെ പോകുന്നവരുടെ കൂടെ അങ്ങും പോകേണ്ടതായി വരും.

ഗോപി :—വേണ്ട....... വേണ്ട...... എനിക്കതു വേണ്ട.

(ഹേമ ഉറക്കെ ചിരിക്കുന്നു.)

ഹേമ :—കളങ്കമെന്തെന്നറിയാത്ത ഒരു സ്ത്രീയെ വഞ്ചിച്ചു കൊന്നവനാണങ്ങു്. അങ്ങേക്കു് തീർച്ചയായും ആ ശിക്ഷ കിട്ടിയേ തീരൂ.

ഗോപി :—ഹേമേ....ക്ഷമിക്കൂ ഹേമേ... ഞാൻ നിന്നെ കൊല്ലണമെന്നാഗ്രഹിച്ചിരുന്നില്ല......പക്ഷേ...... പക്ഷേ ..... അങ്ങനെ സംഭവിച്ചു പോയി.

ഹേമ :—എങ്ങനെ സംഭവിച്ചു പോയെന്നു് ?

ഗോപി :—എന്റെ മാനസിക നില നിതകരാറിലാകതതു് ഹേമേ.

ഹേമ :—എന്റേതയോ? അതു കേന്ദു് തലിപ്പുണമായാലും അങ്ങേക്കൊന്നും വരാനില്ല അല്ലേ ? അങ്ങു ഓർക്കുന്നോ പണ്ടു വർഷങ്ങൾക്കു മുൻപ്......ഇതുപോലൊരു രാത്രിയിൽ അപരിചിതയായിരുന്ന എനിക്കൊരു ലിഫ്റ്റു തന്നു പട്ടണത്തിൽ കൊണ്ടു വിട്ടതു് ? അതിനുശേഷം........

(ഫ്ളാഷ് ബാക്കു്)

ഗോപി:—ഹേമേ...

ഹേമ:—ഉം...

ഗോപി:—ഈ വസന്തം എത്ര ഭംഗിയായിരിക്കുന്നു. വസന്തത്തിനു് ഇത്രയും ഭംഗിയുള്ളതായി എനിക്കു് ഒരിക്കലും തോന്നിയിട്ടില്ല.

ഹേമ:—അതാ, നേരം പുലരാറായെന്നു തോന്നുന്നതു്.

ഗോപി:—ഈ രാത്രി അവസാനിക്കാതിരുന്നെങ്കിൽ...

ഹേമ:—അങ്ങു് എന്നെന്നും എന്റേതായിരുന്നെങ്കിൽ...

ഗോപി:—എന്നെ വിശ്വസിക്കൂ ഹേമേ.

ഹേമ:—ഞാൻ വിശ്വസിക്കുന്നു. മറ്റൊന്നിലും ഇല്ലാത്ത വിശ്വാസം ഞാൻ അങ്ങയിൽ അർപ്പിക്കുന്നു. എന്റെ എല്ലാം അവിടുന്നാണു്.

ഗോപി:—എന്റെ ഹേമേ...

ഹേമ:—ഗോ...പി...

(ഫ്ളാഷ്ബാക്കു് തീരുന്നു)

ഹേമ:—സുന്ദരമായ അങ്ങയുടെ രൂപത്തിനുള്ളിൽ ഇത്ര നിഷ്ഠൂരമായ ഒരു ഹൃദയം ഉണ്ടായിരുന്നെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല. വിവാഹം കഴിക്കാതെ അങ്ങു് ഒരു കുഞ്ഞിന്റെ പിതാവാകാൻ പോകുന്നു എന്നറിഞ്ഞതിനുശേഷം...

(ഫ്ളാഷ് ബാക്കു്)

ഹേമ:—എന്താണങ്ങയുടെ മുഖം വല്ലാതിരിക്കുന്നതു്?

ഗോപി:—ഓ, ഒന്നുമില്ല.

ഹേമ:—പറയൂ, ഇനി എന്നാണു നമ്മുടെ വിവാഹമെന്നു്. അങ്ങു് എന്റെ കഴുത്തിൽ താലി കെട്ടുന്നതു് നമ്മുടെ കൊച്ചുമോൻകൂടി കണ്ടുകൊണ്ടിരിക്കട്ടെ.

ഗോപി:—(വിക്കി വിക്കി) ഞാ...ഞാ... കാണട്ടെ...അവൻ കാണണം...

ഹേമ:—എന്താണു വിയർക്കുന്നതു്?



ഗോപി:—എന്തോ എനിക്കിന്നു തീരെ സുഖം തോന്നുന്നില്ല. വരൂ നമുക്കു കിടക്കാം.

ഹേമ:—ശരി വരൂ.

(ഫ്ളാഷ്ബാക്കു് തീരുന്നു)

ഹേമ:—നമ്മൾ രണ്ടുപേരും ഉറങ്ങാൻ കിടന്നു. ഞാൻ നല്ല ഉറക്കമായപ്പോൾ അങ്ങു് എന്നെ മരുന്നു മണപ്പിച്ചു് ബോധം കെടുത്തി. എന്നിട്ടു്...

(ഫ്ളാഷ്ബാക്കു്)

(ഹാ...എന്ന ശബ്ദത്തോടെയുള്ള ഹേമയുടെ ഞരക്കം.)

ഗോപി:—ഇനി....ഇനി... ഒരിക്കലും നീ ഉണരില്ല സുഖമായിട്ടുറങ്ങു്. ആത്മാഭിമാനമില്ലാത്ത ഗർഭിണിയായ നിന്നെ വിവാഹം കഴിച്ചു് ഞാനെന്റെ മാനം കെടുത്തണോ? ...ങും ..

(ഫ്ളാഷ്ബാക്കു് തീരുന്നു.

ഹേമ:—അന്നു് അങ്ങെന്റെ തലയിൽ അടിച്ചുകയററിയ ഇരുമ്പാണി കാണണോ? ഇതാ നോക്കൂ.

(ആണി താഴേക്കു വീഴുന്ന ശബ്ദം)

ഗോപി:—ക്ഷമിക്കൂ—ക്ഷമിക്കൂ ഹേമേ...

ഹേമ:—അങ്ങു ചെയ്തിട്ടുള്ള പാപങ്ങളുടെ ഒരംശമല്ലേ ഞാൻ പറഞ്ഞുള്ളൂ. മാന്യനായ അങ്ങയെപ്പററി ഇങ്ങനെ എത്ര പേർക്കു പറയാനുണ്ടാകും? അതിന്റെയെല്ലാം ആകെത്തുകയാണു് ആ കാണുന്ന വലിയ പുസ്തകം. ഇതിനെല്ലാം അങ്ങേക്കു കിട്ടുന്ന ശിക്ഷ...അതിനുള്ള സമയമായിട്ടില്ല. സമയമാകുമ്പോൾ വന്നനുഭവിച്ചോളൂ.

ഗോപി:— ചെറുപ്പം എന്നെ പല തെററിലും വഴിച്ചു. അന്നെനിക്കു് അശേഷം പോലും വീണ്ടുവിചാരമുണ്ടായിരുന്നില്ല. എന്നോടു നീ ക്ഷമിക്കൂ ഹേമേ...

ഹേമ:—ഞാൻ ക്ഷമിക്കുന്നതോ ക്ഷമിക്കാതിരിക്കുന്നതോ കാര്യമല്ല. എന്റെ സമയം അവസാനിച്ചിരിക്കുന്നു. അതാ അങ്ങു താഴേക്കു നോക്കൂ. അങ്ങയുടെ ശരീരം അവിടെ കിടക്കുന്നതു കാണാമല്ലോ. ആ ശരീരത്തിലേക്കു മടങ്ങി പൊയ്ക്കോളൂ. പാവം യമുന. അവൾ എത്ര നിഷ്കളങ്കയാണു്. അങ്ങയുടെ കാൽക്കൽ തല ചായ്ച്ചു് മയങ്ങിക്കിടക്കുകയാണു്. അവൾ ക്ഷീണിതയാണു്. അങ്ങു് അവളുടെ അടുത്തേക്കു ചെല്ലൂ. ഇനി ഒരിക്കൽ എന്നേക്കുമായി അങ്ങിവിടെ എത്തേണ്ടിവരും. അന്നു നമുക്കു വീണ്ടും കാണാം.

(കാററിന്റെ ഇരമ്പൽ ശബ്ദം.ഹേമ മറയുന്നു)

ഗോപി:—(ഉറക്കെ) അരുതു്.. ഹേമേ എന്നെയിവിടെ തനിയെ ഉപേക്ഷിച്ചിട്ടു പോകരുതു്...പോകരുതു് ഹേമേ...

(കാററിന്റെ ഇരമ്പൽ കൂടുകയും കുറയുകയും ചെയ്യുന്നു.)

എന്തു്? ഞാൻ നില്ക്കുന്നിടം ഇളകുകയാണോ ?—അതെ ഇളകുന്നു...ഞാൻ താഴെ വീഴും...അങ്ങു് ഭൂമിയിലേക്കു്.. (ഉറക്കെ) അയ്യോ...!—

യമുന:—(ഞെട്ടിയുണർന്നു്) അയ്യോ ! അങ്ങു കട്ടിലിൽനിന്നും താഴെപ്പോയോ ?

പിടിച്ചെഴുന്നേല്പിക്കാൻ ശ്രമിച്ചു.)

എന്തെങ്കിലും പററിയോ ? ഞാനറിയാതെ ഒന്നു മയങ്ങിപ്പോയി

ഗോപി:— ഞാനങ്ങു് ആകാശത്തിൽനിന്നും താഴെ വീണു!! എന്റെ എല്ലെല്ലാം നുറുങ്ങിപ്പോയി !!

യമുന:— അങ്ങു കട്ടിലിൽനിന്നാണു താഴെ വീണതു്. എഴുന്നേല്ക്കൂ. ഞാൻ പിടിച്ചിട്ടുണ്ടു്. കട്ടിലിൽ കയറിക്കിടക്കൂ.

ഗോപി:— ങേ ! അല്ല ഞാൻ കട്ടിലിൽനിന്നല്ല വീണതു്. അവൾ...അവൾ...എന്നെ മനഃപൂർവ്വം വീഴിച്ചതാണു്. എന്നെ കൊല്ലാൻ വേണ്ടി.

യമുന:— അങ്ങു ശാന്തനാകൂ.

ഗോപി:— ഞാനവളെ കൊന്നതിനു പകരം വീട്ടാൻ ശ്രമിച്ചതാണവൾ.

യമുന:— കൊന്നോ?? ആരെ കൊന്നു ??

ഗോപി:— കൊന്നു യമുനേ. ഞാനവളെ കൊന്നതാണു്... ഹേമയെ ഞാൻ കൊന്നതാണു്.

യമുന:— ഹേമയെ ആരും കൊന്നതല്ല. അവളൊരു ഹൃദ്രോഗിയായിരുന്നു. പെട്ടെന്നൊരു ദിവസം ഹൃദയസ്തംഭനം മൂലം അവൾ മരിക്കുകയാണു ചെയ്തതു്.

ഗോപി:— നീ... നീ അവളെ അറിയുമോ ?

യമുന:— അറിയും. അതിൽ അവിടുന്നിത്ര പരിഭ്രമിക്കാനെന്തിരിക്കുന്നു ? അങ്ങും ഹേ

മയും ചെറുപ്പകാലത്തു് പ്രേമബദ്ധരായിരുന്നു എന്നും അറിയാം.

ഗോപി:— നീ എങ്ങനെ ഇതെല്ലാം അറിഞ്ഞു.

യമുന:— ഹേമയുടെ ഒരു കൂട്ടുകാരി ഈ വിവരം എന്നോടു പറഞ്ഞിരുന്നു. നമ്മൾ ഭാര്യാഭർത്താക്കന്മാരാണെന്നുള്ളതു് അറിയാതെയാണു് അവൾ ഇതെല്ലാം എന്നോടു പറഞ്ഞതു്.

ഗോപി: —എല്ലാം മനസ്സിലാക്കിക്കൊണ്ടു് നീ എന്നെ വഞ്ചിക്കുകയായിരുന്നു അല്ലേ ?

യമുന:— അങ്ങു് ഈ വിധത്തിൽ സംസാരിക്കാതിരിക്കൂ. എന്തർത്ഥത്തിലാണു് ഞാൻ അങ്ങയെ വഞ്ചിച്ചു എന്നു പറയുന്നതു്? ചെറുപ്പകാലത്തിലെ വിഡ്ഢിത്തങ്ങൾ വിളിച്ചുകൂകി കുടുംബകലഹം സൃഷ്ടിക്കുന്നതു് ഞാൻ ചെയ്യുന്ന ഒരു നല്ല കാര്യമായി അവിടുന്നു കരുതുന്നോ ?

ഗോപി:— ഇല്ല യമുനേ...നീ എന്നെ വഞ്ചിച്ചില്ല...ഞാനാണു നിന്നെ വഞ്ചിച്ചതു്. നിങ്ങളെല്ലാം മനസ്സിലാക്കിയതുപോലെ അവൾ ഹൃദയസ്തംഭനംകൊണ്ടു മരിച്ചതല്ല യമുനേ. ഞാൻ അവളെ കൊന്നതാണു് ..തലയിൽ ഇരുമ്പാണി അടിച്ചുകയറ്റി. എന്നിട്ടു ഹൃദയസ്തംഭനം മൂലം അവൾ മരിച്ചതായി ഞാൻ പ്രചരണം നടത്തി. ഞാൻ തെറ്റു ചെയ്തു യമുനേ...ഞാൻ തെറ്റു് ചെയ്തു..... എനിക്കതിനുള്ള ശിക്ഷ കിട്ടണം... ഞാൻ പോവുകയാണു് യമുനേ.........ന്യായപീഠത്തിന്റെ മുൻപിൽ പാപം നിറഞ്ഞ എന്റെ ശിരസ്സു് എനിക്ക കുനിക്കണം.

യമുന:— അങ്ങു് യഥാർത്ഥ ബോധത്തോടെ സംസാരിക്കയാണോ ?? അവളെ കൊന്നതാണെങ്കിൽ...!??!

ഗോപി:— എനിക്കതിനുള്ള ശിക്ഷ കിട്ടും. എന്നെ വിടൂ യമുനേ.

യമുന:— (എല്ലാം നിയന്ത്രിച്ചു്. നിർവ്വികാരയായി) നിൽക്കൂ...അങ്ങിപ്പോൾ എന്റെ അപേക്ഷ സ്വീകരിക്കുമോ ?

ഗോപി:— പറയൂ...

യമുന:— പുലരാൻ കുറച്ചുകൂടിയേ ഉള്ളൂ.

ഗോപി: - (ദീർഘമായ നിശ്വാസത്തോടെ) . ശരി...

യമുന:— ഈ തലയിണകൂടി അരികിൽ വച്ചുകൊള്ളൂ.

ഗോപി·— (ശ്വാസത്തിൽക്കൂടി) ഞാൻ പാപിയാണു്... ഞാൻ പാപിയാണു്...എന്നെപ്പോലെ ആരും പാപം ചെയ്യാതിരിക്കട്ടെ..

(ദൂരെ നിന്നും ഒരു പട്ടിയുടെ നീട്ടി നീട്ടിയുള്ള ഓരിയിടൽ ശബ്ദം ഉയർന്നു് ക്രമേണ താണു.)

Printed at The C. M. S. Press, Kottayam—1969

# माँ क्यों रोती है?

V. Gopinath Pai, Class II, Chemistry.

आज क्यों माता रोती है,
क्यों पलकों में अश्रुमोती है?
माँ, किसकी अतीत व्यथा है,
किस दुःख की पीडा तू भोगती है?

क्या तेरे बाल-बच्चे भूखे मरते हैं,
औं सरितायें जलप्रलय से भरती हैं?
किसानों के श्रम अकाल हरते हैं;
पानी के लिए जन आह भरते हैं।

भवनों को मिट्टी में करता भूचाल
आज करुणामय कहाँ गया गोपाल?
आँसू भरे आनन का ही दर्शन
मासूम बच्चों का ही सुनता रोदन।

आज तेरे पुत्र भिक्षुक जैसे
घर घर मारा फिरते हैं?
एक काल था जब वे कैसे
सुखी जीवन में डूबा करते थे।

तेरे बालक आज आपस में लडते हैं
और अपने आप अफसोस में पडते हैं।
भूखे, नंगे, ये सब रोग भरे हैं
निज हृदय में भारी दर्द भरा है।

माँ अब सीखा है अंगारों पर चलना,
अब काम मेरा तेरेलिए जलना।
देख मुझे सिर ऊँचाकर, यह प्यारा पुत्र है
नहीं रखना व्यथा जब तक यह मित्र है।

हाँ, इन सबसे मैं कहलाऊँगा
तेरी दुर्दशा का हाल सुनाऊँगा।
हम सब मिलकर काम करेंगे
भावियुग का निर्माण करेंगे

नहीं रोना माँ, रात भागने तरसती है
प्राची के पलकों में उषा विहँस रही है।
उमंग भरी किशोरी किरणें जगती हैं
भारी निद्रा से विश्वकर्मा जागता है।

# वह कौन थी?

कल बुधवार है। रिकार्ड (Record) के बिना प्रयोगशाला में काम करना असंभव है लेकिन मुझे तो दो रिकार्ड—एक रसतंत्र और एक ऊर्जतंत्र—को लिखना है। लेकिन मैं कैसे लिखूं? मैं तो बहुत क्षीणित हुआ हूँ। एन. सी. सी. (N. C. C.) के बाद घर के आते ही समय सात बजे हो गये थे। उसके बाद स्नान, भक्षण आदि भी कर चुका हूँ। समय अब करीब ग्यारह बजे हो गये हैं।

मैंने रिकार्ड को लिखना शुरू किया। लेकिन नींद मुझे तकलीफ देने लगी। कभी-कभी अपना सिर रिकार्ड बुक से टकरा भी करते थे। फिर भी मैं अपना काम करता ही रहा। लाल और काले स्याही से, मैं विविध प्रकार के चित्र खींचे और बहुत और काम करते रहा।

सारी निशा अंधकारपूर्ण हो गयी थी। चन्द्रोदय अभी तक नहीं हुआ हो गया था। मेज पर रखे घटी "टक,टक – टक, टक – टक, टक" करते रहते थे मानो उसको किसी भी प्रकार की तकलीफ न हो? सारी निशा में सन्नाटा छा गयी थी। फिर भी मैं अपना काम करता ही रहा।....

"क्लीं .......क्लीं........क्लीं........क्लीं ..."

यह क्या?

"क्लीं....... क्लीं........क्लीं.... ....क्लीं... "

वह दुहरा करता है। मैं झट ही कुरसी से उठा। दरवाजा खोल रहा था। मैंने दरवाजे के समीप जाकर नीचे देखा।

"हाय, हाय" मैं अपनी आँखों को विश्वास नहीं कर सका। एक युवती मेरे घर की ओर आ रही है!

मैंने एक बार भी वहाँ देखा। हाँ...हाँ... हाँ... वह एक युवती है! ठीक वह मेरे कमरे की ओर ही आ रही है।.............. ... ...............

"तुम"....? दरवाजे के आते ही मैंने पूछा।

S. Vasudevan Nampoothiri
Class II, Physics

उसने कुछ कहने का प्रयास किया। लेकिन कह नहीं सकी। वह बहुत घबराती थी।

"आओ, मत घबराओ... तुम यहाँ सुरक्षित हो... बैठो....यहाँ बैठो.... मैंने एक कुरसी देकर कहा।

मैंने एक बार भी उसे देखा। वह एक नयी और शुभ्र साडी पहनती थी। उसकी आँखें प्रकाशपूर्ण थीं। ललाट में पसीने की दो-तीन बूंदें बिजली के प्रकाश पर चमक रही थीं।



वह बहुत घबराती थी। उसकी छाती बडी शीघ्रता से 'टक...टक' कर रही थी।

"अब कहो, तुम कौन हो? कहाँ से आयी हो? तुम क्यों बहुत घबराती हो?" मैंने हँसी से पूछा। "उस दरवाजे को बंद करो। वह मुझे डराता है।" उस का स्वर बहुत मीठा था।

मैंने दरवाजा बंद किया। रात्री के दूसरे याम में आनेवाली, अकेली सुन्दरी युवती से मैं क्या कहूँ या क्या न कहूँ—यह मुझे न मालूम था। अब उसने मुझसे कहता है कि उस दरवाजे को बंद करो। मैंने अपने को संभाला। अपने शरीर और रक्त दोनों गरम हो गये। मैं उसकी ओर ही देखता रहा।.... ......... ...... ............ ........

"तुम क्यों चिंतित करते रहते हो?" उसके मीठे स्वर ने मुझे स्वप्न से जगाया।

"मैं एक साधारण युवती हूँ। वह कहने लगी। "मैं अब अपने पति के घर से आती हूँ। मेरा नाम – मेरा नाम अब तुम न जानो। क्या तुम याद कर सकते हो कि एक राधा के बारे में, जो दो वर्ष पहले तक तुम्हारी पडोसिन थी? क्या तुम याद करते हो कि एक स्त्री के बारे में, जो एक दिन तुम्हारे यहाँ आकर एक चिट्ठी लिखने केलिए तुमसे कलम माँगती थी? शायद तुम उन बातों को जानता नहीं होगा। तुम्हारे जैसे कालेज में पढनेवाले पुरुषों को इतनी निस्सार बातों के बारे में चिंता करने का समय कभी मिलता नहीं होगा।"

उसने कुछ समय केलिए खतम किया। अपने दोस्त राजन की बातें अब मुझ को अपने मन में याद आयी। एक दिन उसने मुझसे कहा "तुम कैसे आदमी हो? एक मिक्सड (mixed) कालेज में पढ़ रहे हो? फिर भी स्त्रियों के फिलोसफियों (philosophy) के बारे में कुछ नहीं जानते। तुम वहाँ क्या पढ़ रहे हो? तुम्हारी पडोसिन राधा कितनी सुन्दरी स्त्री है। उसके घर में राधा के अलावा केवल उसकी माता ही है। शायद, एक वर्ष हुआ होगा कि वह तुम्हारी पडोसिन होकर। लेकिन फिर भी तुमने एक बार उसके घर जाना और उनसे बोलना, नहीं किया है।" लेकिन इतने बोलने पर भी, मुझ को अपने पडोसिन के घर जाने की इच्छा नहीं थी।

"सुनो," वह बोली मेरे बारे में तुम से बहुत मालूम नहीं होगा। मैं तुम्हारी पडोसिन थी। मेरे पति अशोक के बारे में भी तुम नहीं जानता होगा। मैंने कभी-कभी तुम्हारे घर के इस कमरे में, बैठनेवाले तुमको देखा हूँ। एक बिजली के नीचे बैठकर लिखते हुए तुम्हारे मुख मैं भूल नहीं सकती। मैंने हमेशा तुमसे बातचीत करना चाहा था; लेकिन न सका था। अब उसका समय हो गया है। मुझे बोलने दो।

"लेकिन" मैंने पूछा "इस अंधेरी रात में अकेली होकर इस कमरे में आने का धैर्य तुमको कहाँ से मिला? तुमको मालूम था कि मैं यहाँ अकेला हूँ। तुमको भय कुछ भी नहीं है?

"हाँ, मुझे भय कुछ भी नहीं" वह कहने लगी। अपनी शादी के बाद मैं अपने पति के साथ रहने केलिए यहाँ से मद्रास गयी। लेकिन वह तुम्हारे जैसे एक आदमी नहीं था। तीन वर्ष तक हम दोनों सुख और संतोष से जीवन बीते रहे। लेकिन—हाय........विधि के निष्करुण हाथोंने एक दिन उसके जीवन को ले लिया और ...

"अशोक की मृत्यु हुई?" मैंने उसके बीच में पूछा।

"मुझे बोलने दो" वह कहने लगी। "अशोक की मृत्यु के बाद, अपनी मदद के लिए यहाँ कोई नहीं था। अतः मैंने यहाँ आने का निश्चय किया। मुझे विश्वास था कि मैं तुम्हारे यहाँ सुरक्षित हूँ। तुम शायद मुझे न जानता होगा, लेकिन मैं तुम्हें अच्छी तरह जानता हूँ। अतः मैं यहाँ आयी हूँ; रात्रि के दूसरे याम में। "अशोक की मृत्यु हुई।" मैंने कहा "मैं विश्वास नही कर सकता। राजन ने मुझसे कहा है कि तुम्हारी कहानी के बारे में। उसकी राय में तुम एक अच्छी स्त्री ........नहीं, नहीं, एक स्त्री से मैं यह कह नहीं सकता। राजन ने कहा है कि तुमपर अशोक को विश्वास नही था। अतः उसने एक दिन तुम्हारी ... तुम्हारी हत्या की थी।"

"टप" खिडकी एक बडे शब्द के साथ खोला। मुझे बहुत अत्भुत हुआ। खिडकी से ठंडी आँधी अतिवेगता से प्रहार कर रही थी। बाहर पानी बरसा ही रहा था। मेघों का गर्जन वातवायू को भीकर कर रहा था।

मैंने उसकी ओर देखा। उसकी आँखें, जो अगाध सागर के समान नीलिम और हिरण की आँखों के समान डरपोक और चंचल थीं, अब रक्तयक्षी के समान लाल बन गयीं। इतने बडे पानी के बरसने पर भी उसकी साडी पसीने से तर हो गयी थी। उसकी आँखें कोपाकुल बन गयीं। उसके चेहरे पर लालिमा ही लालिमा थी। उसने कुरसी से उठा।

मैं अपने सर्वशक्ति के साथ चिल्लाना चाहा। लेकिन शब्द बाहर न आया। मैं....मैं...मैं... य.... ।

'टक....टक....टक... कोई दरवाजे पर टकरा करता है। मैं जागा। यह क्या? यहाँ कोई देवी न थी: न कोई देव। ....ओ....मैं सोया हुआ था। अपने रिकार्ड लाल स्याही से भीगी हुई थी। मैं अपने घटी में देखा। समय दो बजे हो गये हैं। मैं अब सभी याद कर सका। बिजली वैसी ही चमक रही थी। बाहर पानी नहीं बरसता था।

"टक-टक-टक,—यह खोलो" अपने भाई दूसरे सिनेमा (second show) के बाद घर लौटा है। मैंने दरवाजा खोला। पडोसिन के घर में मैंने कुछ नहीं देखा। आकाश चन्द्रमा के प्रकाश से उज्वल बन गया था। उसकी किरणें पडोसिन के घर के ऊपर छा पडी थीं।

"सिनेमा कैसी थी, भैया" मैं ने पूछा। "ओ...बडी भयानक—'यक्षी'" उसने जवाब दिया। मैंने अपने मन से पूछा "वह कौन थी?"

---

## WOMEN TENNIS TEAM

Winners of the University Singles and Doubles Tournament in Tennis

*Sitting (L to R)* :—Krishna Ranganathan (Captain), Shri C. T. Benjamin (Principal), Roshini John.

*Standing* : Mohammed, Mr. C. G. Varghese M. P. E. (Lecturer in Physical Education) Dr. A. K. Baby (President), Miss Aleyamma Itty (Jr. Lect. in Physical Edn.)

## BASKET BALL TEAM—Runners in District Tournament

*Sitting (L to R)* : Miss Aleyamma Itty (Jr. Lect. in Physical Education), Mr. C. G. Varghese (Lecturer in Physical Education), Mr. C. T. Benjamin (Principal). K. Ambujam (Captain).

*Standing* : Rachel Mathew, Valsamma Thomas, Roshini John, Mary Varkey, Mercy Philip, Shyla Mathai.

WOMEN TENNIS TEAM

Winners of the University Singles and Doubles Tournament in Tennis



BASKET BALL TEAM

Runners in District Tournament





Senior Pre-Degree Group III

कहानी

# " धोका "

Ammu T. S. Class I, Psychology.

रात का समय था। बारह बज चुके थे। सभी लोग निद्रा में पड गये। लेकिन निद्रादेवीने राजू को आलिंगन नहीं किया। आँखें बंद करते समय मंजू की रूप उसकी आँखों के सामने आता रहता था। उसकी सुन्दर कलेवर मुसकुराहट सब। आँखों के सामने नाचनेवाली उसकी रूप देखते समय वह विश्वास न कर सका कि मंजू मर चुकी है। उसकी चिंता पांच वर्ष पीछे की ओर चली गयी।

राजू के माँ बाप बचपन में ही परलोक सिधार गये थे। पडोसी बाबा के स्नेह ने ही उसे इतना बडा किया था। बाबा की बेटी थी मंजू। वह मंजू और राजू की जोडी देखकर खुश हो उठते थे। राजू जब बडा हुआ तो वह भी गाँव के अन्य लोगों के साथ काम की तालाश में चला गया। कुछ दिनों तक उसे शहर का चक्कर लगाते ही बीते। परन्तु एक दिन उसे एक नगर सेठ के यहाँ नौकरी मिल गयी। तीन वर्ष बीत गये। राजू तीन वर्ष में एक बार भी अपना गाँव जा न सका।

एक दिन अचानक मंजू की याद ने उसे घर दबाया। उसने सेठजी से एक मास का अवकाश घर जाने केलिए मांगा। पहले तो सेठजीने उसे अनेक प्रलोभन से रोकना चाहा। अंत में जल्दी लौट आने का वादा देकर उसे छुट्टी दे दी।

गाँव में पहूँचते समय उस को पता लग गया कि बाबा मर गया और मंजु अकेली रहती है। उसके मन में मंजू के प्रति बडी सहानुभूति आ गयी। उसने ऐसा सोचा कि वह विहल पडोसी कली को किस प्रकार चुप कर सकेगा।

वह घर के द्वार पर आकर पुकारा। दरवाजा खोलने केलिए आयी हुई सुन्दर वनिता को देखकर उसके मन में यही सन्देह आ गया कि क्या वह मंजू ही हो। पहले तो मंजू की आँखों को विश्वास न हुआ कि शहर में रम जानेवाले उसके बचपन का साथी राजू ही उसके सामने खडा है। लेकिन निःसंकोच उसके सिर पर हाथ फेरने से वह पहचानने में भूल न कर सकी।

राजू के आगमन ने मंजू को एक नवजीवन प्रदान कर दिया। वह सन्तुष्ट दिखाई पडी। दिन बीत जाने के अनुसार राजू के मन में उसके प्रति स्नेह बढाने लगी। बाबा के स्नेह से सिंचित होकर पहाडी वातावरण में खिल उठी उसकी रूपलावण्य देखने में ऐसा लगता था मानों विधाताने प्रकृति में अद्वितीय कली खिला रखी हो। इस सुन्दर कली को देखने में राजू के मन में उसको पत्नी बनाने की आशा भी बढती रहती थी।

एक महीना बीत गयी। मंजू को अकेली छोडकर वापस जाने में उसको मन नहीं लगा। वह भी गाँव के एक छोटा सा घर में रहने लगा। दिन बीतते बीतते राजू के मन में मंजू के प्रति स्नेह बढता रहता था। एक दिन वह सारी बातें मंजू से कहकर उसको शादी करने का निश्चय किया।

लेकिन मंजू के मुँह से बाहर आयी हुई एक बात ने उसकी सभी प्रतीक्षाओं को तोड दिया। राजू का मन जिसको पाना चाहता था और जिसकी याद से भरा था, वह उसके प्यार स्वीकार करने केलिए तैयार न था क्योंकि वह अपनी दिल किसी और को दे चुकी थी। गाँव का एक प्रधान व्यापारी मि. लाल का एक ही बेटा था कुमार। वह बी. ए. पास होकर घर में रहता था। माँ बाप उसकी शादी मि. कपूर की बेटी संध्या के साथ करवाने का निश्चय किया। लेकिन यह बात सुनते समय कुमार ने कहा—

"........मैं मंजू के अलावा किसी और को शादी नहीं करूँगा.......''

"मंजू! मैं उस पहाडी छोकरी को बहू बनाने केलिए सहमत नहीं........'' उसकी माँ क्रोध के साथ चिल्लाया।

माँ बाप की अनुमति न मिलने के कारण कुमारने घर छोड दिया। मंजू की दुःख देखने की शक्ती राजू को नहीं थी। इसलिए वह कुमार को अपने घर में रहने की अनुमति दी और उन दोनों की शादी केलिए वह जो कुछ कर सकता था वे सब करने का निश्चय किया।

शादी केलिए चार दिन बाकी थे। एक दिन सबेरे कुमारके पिता उनकी कोठी में आ गया। बाप को देखकर कुमार घबडा गया। पिताजी बडा सन्तुष्ट दिखाई पडता था। उसने प्रसन्नता के साथ कहा—

"बेटा मैं तुम्हारी शादी केलिए विरोधी नहीं हूँ। बल्कि सन्तुष्ट हूँ।......'' उसने मंजू को भी बुलाकर एक सुन्दर हार उपहार में दिया और कहा कि मैंने बेटे की शादी बडी धूम धाम से अपने घर में ही करवाने का निश्चय किया है।

इस समय कुमार ईश्वर को धन्यवाद दे रहा था क्योंकि उसने पिताजी के विचारों को परिवर्तित कर दिया।

अंत में उन्होंने इतना ही कहा—

"...... कुमार तुम कल मेरे साथ कलकत्ता चलो। शादी केलिए सामान उधर से ले आयेंगे।"

कुमार कलकत्ता जाने को तैयार हो गया। उसने जाने की बात को कोई महत्व नहीं दिया। उसको क्या पता था कि वह आज के बाद मंजू से फिर न मिल सकेगा।

दो महीने बीत गये। कुमार की कोई चिट्ठी नहीं मिली। मंजू रोज़ चिट्ठी की प्रतीक्षा करने लगी। कुछ दिनों के बाद एक दिन राजू कुमार के बारे में पूछने केलिए उसके घर गया। तब एक नौकर ने कहा—

"......कुमार की शादी है कल। कपूर की बेटी संध्या उसकी वधु होनेवाली है।"

इस घटना के बाद मंजू परेशान हो गयी। वह बीमारी में पड गयी। उसकी तन्दुरुस्ती रोज़ बिगडी जा रही थी। उसकी बीमारी से बचाने में दवा भी अशक्त थी।

कुमार की यात्रा के एक वर्ष बाद एक रात में उसकी बीमारी बढ गयी। डाक्टरने भी उसके जीवन की आशा छोड दी। कुमार की प्रतीक्षा में जो दीपक जला रहता था वह दीपक बुझ जाने की तैयारी में था। उसने क्षीणित स्वर में राजू को बुलाकर इतना कहा—

"राजू, मैं तुम्हारे स्नेह को पहचान न सकी। मुझे माफ कर दो......" यह उसका अंतिम शब्द था। वह सुन्दर फूल हमेशा केलिए इस दुनिया से चली गयी।

---



Licence No. 331 dated 15th October 1935.

Statement about ownership and other Particulars about newspaper
(THE UNION CHRISTIAN COLLEGE MAGAZINE)
to be published in the first issue every year after last day of February.

FORM IV
(See Rule (8)

| | | |
|---|---|---|
| 1. | Place of publication | Union Christian College, Alwaye, Kerala State |
| 2. | Periodicity of publication | Once in a year—in March—April |
| 3. | Printer's Name<br>Nationality<br>Address | Shri C. T. Benjamin<br>Indian<br>Union Christian College |
| 4. | Publisher's Name<br>Nationality<br>Address | Shri C. T. Benjamin<br>Indian<br>Union Chrisuian College |
| 5. | Editor's Name<br>Nationality<br>Address | Shri G. D. Gabriel<br>Indian<br>Union Christian College |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | Shri C. T. Benjamin<br>Dr. A. M. Chacko<br>Dr. A. K. Baby |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

(*Sd.*)
C. T. Benjamin.

Date: 27-5-1969.

Printed and Published by C. T. BENJAMIN, M. A. at the C. M. S. Press, Kottayam.




# ഒരു പുതിയ ആശയം ജനിക്കുന്നു

കൃഷി എങ്ങിനെ ആദായകരമാക്കാമെന്നതിനെക്കുറിച്ച് തിരുവനന്തപുരം ജില്ലയിൽ, ആണ്ടൂർക്കോണം ഗ്രാമത്തിലെ ചെറുകിട കൃഷിക്കാർ ഈയിടെ ഗൗരവമായി ചിന്തിക്കുകയുണ്ടായി. വളം ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും മാത്രമല്ല, അതുപയോഗിച്ച് പരമാവധി ആദായമുണ്ടാക്കാൻ [illegible] കരെ സഹായിക്കുകകൂടി ചെയ്യുന്ന എഫ്. എ. സി. ടി. അവരുടെ [illegible] സഹായത്തിനെത്തി. കർഷകരും ഫാക്ടും കൂട്ടായി കൂടി ആലോചിച്ചു.

അങ്ങിനെ എഫ്. എ. സി. ടി. യുടെ നേതൃത്വത്തിൽ 400–ഓളം ചെറുകിട കർഷകർ സഹകരിച്ചുകൊണ്ട് തങ്ങളുടെ തുണ്ടുതുണ്ടായി കിടന്ന കൃഷിനിലങ്ങളും ഒരു നൂറേക്കർ പാടശേഖരമായി ഒന്നിച്ചുകൂട്ടി കൃഷിയിറക്കാൻ തയ്യാറായപ്പോഴും ഒരു പുതിയ ആശയം രൂപംകൊണ്ടു സഹകരണത്തിലൂടെ കൃഷി

FACT *foremost name in fertilisers*

THE FERTILISERS AND CHEMIC..LS TRAVANCORE LIMIT
UDYOGAMANDAL KERALA

THIRUMENI 20/68